# മംഗല്ല്യധാരണം

## Mangallyadharanam | Author : Nishinoya | www.kkstories.com

---

നിർത്തട ഇനിയും തല്ലിയാൽ അവൻ ചത്തുപോകും. കാർത്തിയുടെ വാക്കുകൾ ആണ് എന്നെ സ്വബോധത്തിലേക്ക് കൊണ്ട് വന്നത്. നോക്കിയപ്പോ എന്റെ ഇടിയും കൊണ്ട് ബോധം പോയ അവസ്ഥയിൽ കിടക്കാണ് അരുൺ.

"...ആദിദേവ് come to my office..." ദേഷ്യത്തോടെ അതും പറഞ്ഞത് പ്രിൻസി പോയി.

ഞാൻ ചുറ്റിലും കണ്ണടിച്ചു. ക്യാമ്പസ് മുഴുവൻ എന്നെ നോക്കി നിൽക്കാണ്. ആ കൂട്ടത്തിൽ കരയുന്ന രണ്ട് കണ്ണുകൾ ഞാൻ കണ്ടു. എന്റെ മുഖം തനിയെ താഴ്ന്നു. പയ്യെ ഞാൻ പ്രിൻസിയുടെ ഓഫീസിലേക്ക് പോയി. അവിടെ എല്ലാം ടീച്ചർമാരും എനിക്ക് വേണ്ടി കാത്തിരിക്കായിരുന്നു.

"... താൻ ഇന്ന് എന്താ കാണിച്ചു കൂട്ടിയത്..." പ്രിൻസി അലറി ഞാൻ ഒന്നും മിണ്ടാതെ നിന്നു.

"... എന്റെ കോളേജിൽ ഇങ്ങനെ ഒരു സംഭവം ഇത് ആദ്യ..." സ്ഥിരം ക്ലിഷേ ഡയലോഗ് ഇത് എന്താ പറയാത്തത് എന്ന് ഞാൻ അലിച്ചിച്ചതാ.

www.kkstories.com

"... വന്നിട്ട് അധിക കാലം ഒന്നും ആയില്ലല്ലോ അപ്പോഴേക്കും തുടങ്ങിയോ..."

"... ഇവനെ ഒക്കെ TC കൊടുത്ത് പറഞ്ഞു വിടുവാ വേണ്ടേ..."

ടീച്ചർമാരുടെ അഭിപ്രായങ്ങളും കുറ്റപ്പെടുത്തലുകളും ഒഴുകികൊണ്ടിരുന്നു.

"... തന്റെ ഇടി കൊണ്ട് അവൻ എങ്ങാനും ചത്തു പോയങ്കിൽ ആര് സമാധാനം പറയും..." ഞാൻ ഒന്നും മിണ്ടിയില്ല.

"...എന്തായാലും മോൻ കുറച്ചു നാൾ വീട്ടിൽ പോയി ഇരിക്ക് എന്നാലേ പഠിക്കൂ..." അതും പറഞ്ഞ് ചൂടോടെ സസ്പെൻഷൻ അടിച്ചു തന്നു.

സമാധാനമായി എന്തായാലും അധികം സംസാരിച്ച് കൊല്ലാതെ ഇങ്ങു തന്നല്ലോ. ഇരുകൈയും നീട്ടി സാധനം വാങ്ങി പുറത്തേക്ക് ഇറങ്ങി. അപ്പൊഴിതാ മൂക്കിൽ പഞ്ഞി ഒക്കെ വച്ച് ഓഫീസിലേക്ക് ഞാൻ ഇടിച്ചവനെ കൊണ്ട് പോവുന്നു.

ദൈവമേ ഇവൻ ചത്തു. ഒരു നിമിഷം ഞാൻ ചിന്തിക്കാതിരുന്നില്ല. ഞാൻ അവനെ ഒന്ന് നോക്കി പേടിപ്പിച്ചു. അപ്പോഴേക്കും കാർത്തി എന്റെ അടുത്തെത്തി.

"... എന്താടാ ഇതൊക്കെ. ഞാൻ ഒന്ന് പുറത്ത് പോയി വന്നപ്പോഴേക്കും എന്താ സംഭവിച്ചത്..." അവൻ ആശങ്കയോടെ തിരക്കി.

"...വാ പറയാം. ദിയ എവടെ..." അവളെ കാണാത്തത് കൊണ്ട് ഞാൻ തിരക്കി.

"... അവൾ ക്ലാസ്സിൽ ഇരുന്ന കരയുന്നുണ്ട്..." അത് കേട്ടതും ഞാൻ ക്ലാസ്സിലേക്ക് നീങ്ങി കൂടെ അവനും വന്നു.

ക്ലാസ്സിൽ എത്തിയതും ഏതോ ഭീകര ജീവിയെ കണ്ട പോലെ എല്ലാരും എന്നെ നോക്കി ഇരിക്കാണ്. ഞാൻ തേടി വന്നവൾ രണ്ടാമത്തെ ബെഞ്ചിൽ തലയും വച്ച് കിടക്ക. അത് കണ്ടപ്പോ മനസിലായി പുള്ളിക്കാരിയുടെ കരച്ചിൽ ഇതുവരെ മാറിയിട്ടില്ല. ഞാൻ നേരെ എന്റെ ബഞ്ചിൽ പോയി ബാഗും എടുത്ത് അവളെയും കൊണ്ട് ഗ്രൗണ്ടിൽ പോയി. കൂടെ ബാഗുമായി കാർത്തിയും കൂടി.

"... ഇനിയെങ്കിലും കാര്യം പറയ്. എന്തിനാ അവനെ ഇടിച്ചേ. പിന്നെ ഇവൾ എന്താ ഇങ്ങനെ കരഞ്ഞോണ്ട് ഇരിക്കണേ..." ക്ഷമ നശിച്ച കാർത്തി ചോദിച്ചു.

"... നീ ബുക്ക് വാങ്ങാൻ പോയില്ലേ. അപ്പൊ ഞാൻ ടോയ്ലറ്റിൽ പോയതാ തിരിച്ച് വരുമ്പോൾ ആ അരുൺ ഇവളുടെ കൈയിൽ കേറി പിടിച്ചു. ഇവൾ ആണെങ്കിൽ കരഞ്ഞോണ്ട് നിക്കുന്നു എനിക്ക് അങ്ങോട്ട് പൊളിഞ്ഞു വന്നു. പിന്നെ ഒക്കെ നീ കണ്ടത് അല്ലെ..." ദേഷ്യം നിയന്ത്രിക്കാൻ കഴിയാതെ ഞാൻ പറഞ്ഞു.

"... ആ നായിന്റെമോന്റെ കടി തീർന്നില്ലേ..." കാർത്തിക്കും നല്ല വേവ് ആയി.

"... എന്തായാലും അവനു നല്ലപോലെ കൊടുത്തിട്ടുണ്ട് 2,3 മാസം കോളേജിൽ വരില്ല..." ലേശം അഹങ്കാരത്തോടെ ഞാൻ പറഞ്ഞു.

"... അതൊക്കെ പോട്ടെ സസ്പെൻഷൻ എത്ര കിട്ടി..."

"... ഒരു മാസത്തേക്ക് ഉള്ളത് കിട്ടി..." ചിരിച്ചോണ്ട് ഞാൻ പറഞ്ഞു.

"... ഞാൻ കാരണം അല്ലെ ഇതൊക്കെ..." എന്നെ നോക്കി ദിയ ഏങ്ങലോടെ പറഞ്ഞു.

"... ദേ ഇവൾ പിന്നെയും. നീ ഒന്നും അല്ല കാരണം ഇതൊക്കെ നടക്കാൻ ഉള്ളതാ അതോണ്ട് നടന്നു. പിന്നെ ഇത് നന്നായി എനിക്ക് അടുത്ത് തന്നെ ഒരു ബന്ധുവിന്റെ കല്യാണം ഉണ്ട് അതിലേക്കുള്ള ലീവ് ആയി..." വായിൽ വന്നത് അങ്ങ് തള്ളി വിട്ടു. അവൾ ചെറുതായി ചിരിച്ചു.

"... ഇനി ക്ലാസ്സിൽ പോയി ഇരുന്നു മോങ്ങിയാൽ എന്റെന്ന് ഇടി കിട്ടാൻ പോണത് നിനക്കാ..." അത് പറഞ്ഞ് അവളെ തല്ലാൻ എന്നോളം കൈ ഓങ്ങി

"... പോടാ അവിടന്നു..." ആ മുഖത്ത് പുഞ്ചിരി വിരിഞ്ഞു.

"... എന്തായാലും ഞാനും ക്ലാസ്സിലേക്ക് ഇല്ല നീ പൊയ്ക്കോ..." കാർത്തി അവളെ ക്ലാസ്സിലേക്ക് അയച്ചു. ഞാനും അവനും പാർക്കിങ്ങിലേക്ക് നടന്നു.

www.kkstories.com

"... അത് ഏത് ബന്ധുവിന്റെ കല്യാണത്തിന മോൻ 1 മാസം ലീവ് എടുത്തേ..." എന്നെ നോക്കി ചിരിച്ചോണ്ട് അവൻ ചോദിച്ചു.

"...എടാ അത്. നിനക്ക് അവളെ അറിയാലോ. എനിക്ക് സസ്പെൻഷൻ കിട്ടിയതിൽ നല്ല വിഷമം ഉണ്ട്. അവളെ ഒന്ന് ഒക്കെ ആക്കാൻ വേണ്ടി തള്ളി വിട്ടത് അല്ലേ..."

"... മ്.. മനസിലായി. ശേ ഞാൻ കൂടി വേണമായിരുന്നു എങ്കിൽ ഒന്ന് കൊഴുപ്പിക്കായിരുന്നു..." സ്വയം കൈയിൽ ഇടിച്ചു അവന്റെ നിരാശ പ്രകടിപ്പിച്ചു.

"...നീ ഇല്ലാത്തത് നന്നായി ഇല്ലങ്കിൽ അവന് ശവപ്പെട്ടിയിൽ വീട്ടിൽ പോവേണ്ടി വന്നേനെ..." അതും പറഞ്ഞ് ചിരിച്ച് ചിരിച്ച് പാർക്കിങ്ങിൽ എത്തി. നമ്മളെയും കാത്തു ഹിമാലയൻ അവിടെ വെയ്റ്റിംഗ് ആയിരുന്നു. പിന്നെ നേരെ അവന്റെ വീട്ടിലേക്ക് പറപ്പിച്ചു.

"... അപ്പൊ ശെരിയടാ. വൈകിട്ട് ജിമ്മിൽ വരില്ലേ നീ...?"

"...ഇന്ന് നടക്കും എന്ന് തോന്നുന്നില്ലടാ .ഈ കേസ് എങ്ങനെ എങ്കിലും വീട്ടിൽ പറഞ്ഞു സെറ്റ് ആക്കണം. നാളെ ഇറങ്ങാം..." അതും പറഞ്ഞ് വീട്ടിലേക്കു വിട്ടു.

ബൈക്ക് ഗേറ്റ് കടന്നതും ഉമ്മറത്തേക് ഒരു തല പ്രത്യക്ഷപെട്ടു. ദേഷ്യത്തോടെ തിരിച്ചും പോയി.

അമ്മ മഹാറാണി എല്ലാം അറിഞ്ഞിരിക്കണം. ആ മൊണ്ണ പ്രിൻസി എല്ലാം പറഞ്ഞന്ന തോന്നുന്നേ. എങ്ങനെ എങ്കിലും ഇതിൽ നിന്നും തലയൂരണം ബൈക്ക് വച്ച് പയ്യെ വീട്ടിലേക് കേറി.

www.kkstories.com

"... ഡാ... നീ കോളേജിൽ പഠിക്കാനാണോ പോണേ അതോ തല്ലുണ്ടാക്കാനോ😡..." അമ്മ നിന്നും കത്തുകയാണ്

"... അമ്മേ അത്. അവൻ ആണ് ആദ്യം പ്രശ്നം ഉണ്ടാക്കിയത്..." ഞാൻ നിന്നും മെഴുകി

"... അയ്യോ എനിക്ക് നിന്നെ കുറിച് അറിയാത്തത് ഒന്നും അല്ലല്ലോ. ഒരു നന്മ പുത്രൻ വന്നിരിക്കുന്നു. ഞാൻ നിന്റെ അച്ഛനോട് എല്ലാം പറഞ്ഞിട്ടുണ്ട്. നീ അദ്ദേഹത്തോട് പറഞ്ഞാൽ മതി എല്ലാം..." അമ്മ അതും പറഞ്ഞു കേറി പോയി.

തത്കാലം രക്ഷപ്പെട്ടു. ഇനി വൈകിട്ട് അച്ഛനെ എങ്ങനെ എങ്കിലും ചാക്കിൽ ആക്കിയാൽ രക്ഷപ്പെട്ടു. അതും വിചാരിച്ചു റൂമിൽ പോയി ബെഡിലേക്ക് ചാടി. വൈകിട്ട് അമ്മു വിളിച്ചപ്പോഴാ ഞാൻ എഴുന്നേറ്റത്.

"... നീ സ്കൂളിൽ നിന്നും എപ്പോ വന്നു. അച്ഛൻ വന്നോ..." അത് പറഞ്ഞു അവളെ നോക്കി

"... അച്ഛൻ ഒക്കെ വന്നു. അമ്മ ചേട്ടനെ വിളിക്കുന്നു താഴേക്ക് വരാൻ..." ഞാൻ എഴുന്നേറ്റു സമയം നോക്കി

ഈശോര സമയം 7.00 pm ആയോ ഇത്രം സമയം ഉറങ്ങിയോ. പയ്യെ താഴെ ഹാളിലേക്ക് ചലിച്ചു. അമ്മ സീരിയൽ കാണുന്നു അമ്മു പഠിക്കാൻ പോയി. അച്ഛൻ ഉമ്മറത്ത് ഇരുന്നു ഫോണിൽ കുത്തുന്നു. ഞാൻ ചെന്ന് ചാടിയത് അമ്മക് മുന്നിൽ ആയിരുന്നു.

"... ദേ വന്നു നിങ്ങളുടെ പുന്നാര ഉണ്ട..." അത് പറഞ്ഞ് അമ്മ തിരിച്ചു സീരിയലിൽ മുഴുകി

ഈ അമ്മ മനുഷ്യനെ കൊലക്കുകൊടുക്കും. ഞാൻ അച്ഛന്റെ അടുക്കലേക്കു ചെന്ന്.

"... ഇന്ന് എന്തായിരുന്നു കോളേജിൽ പ്രശ്നം..."

"... അത് അച്ഛാ. ഒരുത്തൻ എന്റെ ഒരു കൂട്ടുകാരിയോട് പ്രശ്നം ഉണ്ടാക്കി അതാ..."

"... എന്ന് പറഞ്ഞു നീ അവനെ ഇടിക്കോ..." കസേരയിൽ നിന്നും എഴുന്നേറ്റ് ലേശം ദേഷ്യത്തോടെ അച്ഛൻ ചോദിച്ചു

"... അവൾ എനിക്ക് അമ്മുവിനെ പോലെയാ അച്ഛാ. അതാ ഞാൻ അവനെ ഇടിച്ചേ..." അത് കേട്ടതും പിന്നെ ഒന്നും മിണ്ടാതെ അകത്തേക്കു പോയി

"... ആ കുട്ടിക്ക് വല്ലതും പറ്റിയോ..." പോണ പോക്കിൽ അച്ഛൻ തിരക്കി.

"... ഇല്ല അച്ഛാ..." അതിന് ഒരു മൂളൽ നൽകി അച്ഛൻ പോയി

ഭാഗ്യം അച്ഛൻ സീൻ ആക്കിയില്ല. പിന്നെ അമ്മയുടെ അടുത്ത് പോയി. അമ്മക്കുട്ടിയുടെ മടിയിൽ പോയി കിടന്നു. പുള്ളികാരിയുടെ ദേഷ്യം മാറ്റിയിട്ടാണ് അവിടെ നിന്നും എഴുന്നേറ്റെ. കുറച്ചു കഴിഞ്ഞു എല്ലാരും ചോർ കഴിക്കാൻ വട്ടം കൂടി.

www.kkstories.com

"... എത്ര മാസം ഉണ്ട് സസ്പെൻഷൻ..." അച്ഛൻ തിരക്കി

"... 1മാസം 🫣..."

"... എന്താ അത് വരെ പരിപാടി..."

"... പ്രതേകിച്ചു ഒന്നും ഇല്ല ജിമ്മിൽ പോണം അത് മാത്രമേ ഉള്ളൂ..."

"... അവിടെ പോയി ഓരോന്ന് പഠിച്ചു അത് പയറ്റുന്നത് പിള്ളേരുടെ നെഞ്ചത്ത്..." അമ്മ ചെറുതായി എന്നെ കുത്തി പറഞ്ഞതാ.

ഫുഡ് കഴിച്ച് നേരെ റൂമിൽ പോയി. ഉച്ചക്ക് ഉറങ്ങിയത് കൊണ്ട് ഉറക്കവും വരുന്നില്ല. എന്നാ പിന്നെ ഞാൻ എന്നെകുറിച് നിങ്ങളോട് പറയാം.

എന്റെ പേര് നിങ്ങൾക് മനസിലായി കാണുമല്ലോ ആദിദേവ്. അത്യാവശ്യം നല്ലൊരു സാമ്പത്തികം ഉള്ള വീടാണ് എന്റെ . അച്ഛനും അമ്മയും പിന്നെ അനിയത്തി അമൃത എന്ന അമ്മു. അച്ഛൻ ബിസിനസ്സ് ആണ് അമ്മ വീട്ടിൽ തന്നെ. അമ്മു +2 പഠിക്കുന്നു. ചെറിയൊരു പഠിപ്പിസ്റ്റ് എന്നുവേണം പറയാൻ.

ഞാൻ +1 പഠിക്കുന്ന സമയത്ത് ആണ് സീനിയർ ഒരു ചേട്ടൻ റാഗിംഗ് എന്ന പേരിൽ എന്നെ പിടിച്ച് ഇടിച്ച. പക്ഷെ എനിക്ക് ഒന്നും ചെയ്യാൻ പറ്റിയില്ല. നല്ല രീതിയിൽ ഇടിയും കിട്ടി മാനവും പോയി. എങ്ങനെ എങ്കിലും ഈ അപമാനത്തിന് പകരം ചോദിക്കണം. അപ്പൊ എന്റെ മുന്നിൽ തെളിഞ്ഞ വഴിയാണ് ജിം 😁. പിന്നെ വൈകാതെ അങ്ങോട്ട് ചേക്കേറി. അവിടത്തെ ആശാന്റെ മോൻ ആണ് കാർത്തി ഞാൻ അവനോട് പെട്ടെന്ന് അടുത്തു എന്റെ വിഷമം എല്ലാം പറഞ്ഞു. എല്ലാം കേട്ട അവൻ എന്നെ ബോക്സിങ് എന്ന കലാരൂപത്തിലേക്ക സ്വാഗതം ചെയ്തു. അവൻ കൊച്ചിലെ ബോക്സിങ് പഠിക്കുന്നുണ്ട്. പയ്യെ പയ്യെ ഞാനും ബോക്സിങ്ങിലേക്ക് ചുവടു വച്ചു . ഒരു വർഷത്തിന് ശേഷം +2 എക്സാം കഴിഞ്ഞ് ഇറങ്ങിയ ആ സീനിയർ തെണ്ടിയെ സ്കൂളിൽ ഇട്ടു തല്ലി. എന്റെ 1 വർഷത്തെ പ്രതികാരം അന്നത്തോടെ അവസാനിപ്പിച്ചു. അന്ന് മുതൽ സ്കൂളിൽ ഞാൻ സ്റ്റാർ ആയി. +2 പിന്നെ ഒരേ പൊളി മൂഡ്. പോരാത്തതിന് ബോക്സിങ് വഴി ഡിസ്ട്രിക്റ്റ് ലെവലിൽ മത്സരിക്കാൻ പറ്റി. ആ സംഭവത്തിന് ശേഷം എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് ജിമ്മും ബോക്സിങ്ങും ആയി കൂടെ കാർത്തി എന്റെ ബെസ്റ്റ് ഫ്രണ്ട് ആയി. അവനും എന്റെ അതേ പ്രായം ആയിരുന്നു. +2 നല്ല മാർക്കോടെ പാസ്സ് ആയപ്പോ അച്ഛൻ ഹിമാലയൻ വാങ്ങി തന്നു. പിന്നെ അതിലാണ് കറക്കം. എനിക്കും കാർത്തിക്കും ഒരേ കോളേജിൽ തന്നെ അഡ്മിഷൻ കിട്ടി അതും സെയിം ക്ലാസ്സ്. പിന്നെ പറയണോ.

കോളേജിൽ എത്തി 1,2 ദിവസം കൊണ്ട് തന്നെ എല്ലാരുമായി നല്ല കൂട്ടായി. ഒരു ദിവസം ഉച്ചക്ക് lunch break സമയത്ത് കാർത്തി തമാശയ്ക്ക് ഇടിച്ചിട്ട് ക്ലാസിനു പുറത്തേക്ക് ഓടി. അവന്റെ പിന്നാലെ ഞാനും കഴിക്കാൻ ഉള്ള ചോറുമായി എഴുന്നേറ്റ ഒരു പെങ്കൊച്ചിനെയും തട്ടി മറിച്ചോണ്ട് ഞാൻ വീണു.

മൈര് മൂഞ്ചി. നോക്കിയപ്പോ നിലത്തു മുഴുവൻ ചോർ. ഒരു വെള്ള അനാർക്കലിയും കഴുത്തിൽ ഒരു ചെറിയ ചെയിനും കാതിൽ കുഞ്ഞി കമ്മലും ഇട്ട സുന്ദരി. അവളുടെ കണ്ണുകൾ നിറയുന്നുണ്ട്. ആദ്യം ഞാൻ ഒന്ന് പേടിച്ച ആദ്യമായിട്ടാണ് ആ കൊച്ചിനെ കാണുന്നെ. പിന്നെ ഞാൻ നിലത്തു കിടന്ന ചോർ എല്ലാം വരി പാത്രത്തിൽ ഇട്ടു അവളും നിറകണ്ണുകളോടെ ചോർ എല്ലാം വാരി.

www.kkstories.com

"... സോറി ഞാൻ കണ്ടില്ലായിരുന്നു..." ജാളിയതയോടെ ഞാൻ പറഞ്ഞു. മറുപടി ഒന്നും പറയാതെ അവൾ പുറത്തേക്ക് പോയി. അതിനു പിന്നാലെ എന്റെ കണ്ണുകളും. എന്റെ കണ്ണുകൾ പോയി നിന്നത് പുറത്തേക്ക് പോവുന്ന അവളെ നോക്കി നിൽക്കുന്ന കാർത്തിയെ ആയിരുന്നു.

"...സമാധാനം ആയല്ലോടാ ചെറ്റേ..."അവന്റെ തലക്ക് ഇട്ടു ഒരു കൊട്ട് കൊടുത്ത് ഞാൻ ചോദിച്ചു.

"... അതിനു ഞാൻ എന്ത് ചെയ്തു. നിനക്ക് നോക്കി ഒക്കെ നടന്നൂടെ..."

"...എന്നെ കൊണ്ട് ഒന്നും പറയിപ്പിക്കണ്ട. എടാ അവൾ ഒന്നും പറയാതെയ പോയെ..."

"... അതിനു..." എന്നെ നോക്കി കാർത്തി ചോദിച്ചു.

"...എടാ ഞാൻ കാരണം ഒരാളുടെ ഫുഡ് വേസ്റ്റ് ആയില്ലേടാ. ചിലപ്പോ അവൾ ഇന്ന് ഒന്നും കഴിച്ചില്ലങ്കിലോ..."

"... അവൾ കാന്റീൻ നിന്നും കഴിച്ചോളും. നീ എന്തായാലും സോറി പറഞ്ഞില്ലേ അത് മതി..."

"... അങ്ങനെ അല്ലടാ ഞാൻ കാരണം അല്ലെ ഇതൊക്കെ സംഭവിച്ചേ എനിക്ക് അവളോട് സംസാരിക്കണം..."

"... അവൾ അവിടെ പൈപ്പിന്റെ അടുത്തൊട്ട പോയെ നീ പോയിട്ട വാ..." വല്യ താല്പര്യം ഇല്ലാതെ കാർത്തി പറഞ്ഞു.

"... അതിനു നീ എവിട പോണ. എല്ലാത്തിനും നീയാണ് കാരണം വാടാ ഇങ്ങോട്ട്..."

അവനെയും കൊണ്ട് നേരെ പൈപ്പിന്റെ അടുത്തേക്ക് പോയി. അവൾ അവിടെ നിന്നും പാത്രം കഴിക്കുകയാ. നേരെ അവൾക് അടുത്തേക്ക് പോയി.

"... അതെ സോറി. നേരുത്തേ അറിയാതെ പറ്റിയതാ ക്ഷമിക്കണം..." വിനയത്തോടെ ഞാൻ പറഞ്ഞു.

"... അത് സാരമില്ല..." അത് പറഞ്ഞു അവൾ പോവാൻ ഒരുങ്ങി.

"... ഒന്നും കഴിച്ചില്ലല്ലോ. ക്യാന്റീനിൽ വരാവോ. ഫുഡ് ഞാൻ വാങ്ങി തരാം..."

"... ഫുഡ് വാങ്ങി കൊടുക്കാൻ നീ ആര് അവളെ അപ്പനോ..." കാർത്തി എന്റെ ചെവിയിൽ അടക്കം പറഞ്ഞു.

"... അത് വേണ്ട..." അവൾ തീർത്തു പറഞ്ഞു.

"... അത് പറഞ്ഞാൽ പറ്റില്ല എന്റെ ഒരു മനസമാധാനത്തിന് വരണം പ്ലീസ്..."

അവസാനം അവൾ വരാം എന്ന് സമ്മതിച്ചു. ക്ലാസ്സിൽ പോയി പത്രവും വച്ചു അവളെയും കൂട്ടി നേരെ ക്യാന്റീനിൽ പോയി 3 ബിരിയാണി വാങ്ങി ടേബിളിൽ ഇരുന്നു.

www.kkstories.com

"... തന്റെ പേര് എന്താ..." കഴിക്കുന്നതിനു ഇടയിൽ ഞാൻ തിരക്കി.

"...സ്വന്തം ക്ലാസ്സിൽ പഠിക്കുന്നവരുടെ പേര് അറിയില്ലേ..." അവൾ എന്നെ കളിയാക്കി.

ഞാൻ ഒന്ന് ചമ്മി. അവൾ ഇച്ചിരി കംഫർട് ആയെന്നു തോന്നി.

"...ദിയ 🥰..." പുഞ്ചിരിച്ചോണ്ട് മറുപടി കിട്ടി.

കാർത്തി ഇതൊന്നും ശ്രദ്ധിക്കാതെ ബിരിയാണിയെ കടന്നാക്രമിക്കായിരുന്നു. ഞാനും ദിയയും നല്ലതുപോലെ പരിചയപ്പെട്ടു. ആൾ ഒരു പാവം തൊട്ടാവാടിയ. കഴിച്ചു കഴിഞ്ഞു ക്ലാസ്സിൽ പോയി. ഇപ്പോഴാ ഒരു ആശ്വാസം ആയെ.

"... ചിക്കൻ കുറച്ചൂടി വേവാൻ ഉണ്ട് അല്ലെ..." എന്തോ ആലോചിച്ചു കാർത്തി പറഞ്ഞു.

"... മിണ്ടി പോകരുത്. മനുഷ്യന്റെ കൈയിലെ പൈസയും കളഞ്ഞു..."

"... ഞാൻ പറഞ്ഞോ അവൾക് ബിരിയാണി വാങ്ങി കൊടുക്കാൻ..." അതും പറഞ്ഞു അവൻ കയർത്തു.

"...അവൾക്ക് അല്ല നിനക്കാണ് ബിരിയാണി വാങ്ങി തരാൻ പാടില്ലാതെ..."

"... ഓ ഇപ്പൊ നിങ്ങൾ അച്ഛനും മോനും ഞാൻ നായിന്റെ മോനു അല്ലെ..."

"... അതെ അത് അങ്ങനെ തന്നെ..." അത് പറഞ്ഞു ഞാൻ അവനെ ഒന്ന് മൂപ്പിക്കാൻ നോക്കി അപ്പോഴേക്കും ടീച്ചർ വന്നു. ഇല്ലങ്കിൽ ഇവനെ വെറുപ്പിക്കായിരുന്നു.

പോകെ പോകെ ദിയയും എന്റെ നല്ലൊരു ഫ്രണ്ട് ആയി. എനിക്ക് അമ്മുവിനെ പോലെയാ ഇപ്പൊ ദിയ.

ഞാൻ ഇന്ന് ഒരു തെണ്ടിയെ ഇടിച്ചില്ലേ അവനും സെയിം ഇയർ തന്നെ. വേറെ ബ്രാഞ്ച് ആണെന്ന് ഉള്ളു. ആൾ ഒരു നരമ്പൻ ആണ്. കോളേജ് തുടങ്ങി 1 ആഴ്ച കഴിയും മുമ്പ് ദിയയോടു അവനു പ്രണയം. അവൻ പ്രപ്പോസും ചെയ്തു സന്തോഷപൂർവ്വം അവൾ നിരസിച്ചു 😁. പക്ഷെ അവൻ വിടാൻ ഉദ്ദേശം ഇല്ല. തരം കിട്ടുമ്പോൾ എല്ലാം അവളോട് കൊഞ്ചിക്കൊഴയാൻ വരും. ദിയക് അവനെ ഒട്ടും ഇഷ്ടല്ല. ഇന്ന് പിന്നെ എന്റെ കൈയിൽ നിന്നും പോയി. എന്തായാലും ഇനി അവൻ ശല്യം ചെയ്യാൻ വരില്ല.

രാവിലെ അമ്മയുടെ കലപില ശബ്ദം കേട്ടാണ് ഞാൻ ഉറക്കം എഴുന്നേറ്റത്.

"...മനുഷ്യനെ രാവിലെ ഉറങ്ങാനും സമ്മതിക്കില്ല..."

ഉറക്കം നഷ്ടപ്പെട്ട ദേഷ്യത്തിൽ താഴെ അമ്മയുടെ അടുത്തേക്ക് പോയി.

www.kkstories.com

"... എന്താ അമ്മേ രാവിലെ തന്നെ ബഹളം ഉണ്ടാക്കുന്നെ മനുഷ്യനെ ഉറങ്ങാനും സമ്മതിക്കില്ലേ..." എന്റെ നീരസം പ്രകടിപ്പിച്ചു.

"... ഓ നീ മലമറിക്കുന്ന ജോലി ചെയ്തിട്ട് ഉറങ്ങുവല്ലേ..." ഒരുലോഡ് പുച്ഛം വിതറി അമ്മയും ഫോം ആയി.

"... ഇതാരാ..."അമ്മയുടെ മുന്നിൽ ഇരിക്കുന്ന പെങ്കൊച്ചിനെ നോക്കി ഞാൻ ചോദിച്ചു.

അവൾ എന്നെ നോക്കി ഒരു ചിരി. കാര്യം എന്താന്ന് എനിക്ക് മനസിലായില്ല അപ്പോഴാ ഞാൻ സ്വയം ഒന്ന് നോക്കിയേ ഒരു ചെറിയ ഷോർട്സ് മാത്രമായിരുന്നു എന്റെ വേഷം. എന്റെ ഭാഗ്യത്തിന് ഫോൺ റിങ് കെട്ടു. അവളെ നോക്കി ഒന്ന് വെളുക്കനേ ചിരിച്ച് റൂമിലേക്കു പോയി.

"... എന്താടാ രാവിലെ തന്നെ..."ഫോൺ എടുത്തപാടെ അമ്മയോടുള്ള നീരസം കാർത്തിയോട് തീർത്തു.

"...എന്താ മോനെ രാവിലെ തന്നെ ചൂടിൽ ആണല്ലോ..."

"...നീ നിന്നു കൊഞ്ചതെ കാര്യം പറയട മൈരേ..."

"... വീട്ടിൽ അവസ്ഥ എന്താന്ന് അറിയാൻ വിളിച്ചതാടായ്..."

"... ആഹ് ഇപ്പൊ എല്ലാം സെറ്റ് ആണ്. നീ കോളേജിൽ പോണില്ലേ..."

"...ഞാൻ നിന്നെപ്പോലെ അല്ല പഠിക്കണ ചെക്കന..."

"... നീ രാവിലെ ആളെ ആസ് ആക്കാൻ വിളിച്ചതാണോടാ..."

"... അത് ആക്കാൻ ഒന്നും ഇല്ല അങ്ങനെ തന്നെ അല്ലെ..."

"... ഇതിനുള്ള മറുപടി നേരിട്ട് കാണുമ്പോൾ ഞാൻ പറയാം..."

"... എന്നാ മോൻ വീട്ടിൽ അട ഇരിക്ക്. ചേട്ടൻ കോളേജിൽ പോയിട്ട് വരാം..."

"... ഇവനെ കൊണ്ട്..." അതും പറഞ്ഞ് ഫോൺ വച്ചു.

അപ്പോഴാ എനിക്ക് ബോധം വന്നേ. അയ്യേ നാണം ഉണ്ടോടാ മൈരേ ഒരു കൊച്ചു നിക്കറും ഇട്ട് പെണ്ണിന്റെ മുന്നിൽ പോയി നിന്നെക്കുവാ. സ്വയം പഴിച്ചു. അല്ല ഞാൻ അറിഞ്ഞോ താഴെ പെൺകൊച്ച് ഉണ്ടന്ന്. ജിമ്മിൽ പോയി ബോഡി ഒക്കെ സെറ്റ് ആക്കിയൊണ്ട് വല്യ കുഴപ്പം ഇല്ല. പിന്നെ ഒന്നും ആലോചിച്ചില്ല നേരെ പോയി പല്ലും തേച് കുളിച് താഴേക്ക് ചെന്ന്. അവിടെ അമ്മയും അമ്മുവും ആ കൊച്ചിനെ കത്തിവച്ചു കൊല്ലുവാ.

"... ഇത് ആരാ അമ്മേ🫠..." വിനയ കുലീതനായി ചോദിച്ചു.

"... ഇത് നിന്റെ വകയിൽ ഒരു അമ്മായിയുടെ മോള ശരണ്യ..."

www.kkstories.com

ഏത് അമ്മായിയുടെ മോൾ ഞാൻ കണ്ടിട്ടില്ലല്ലോ. ഞാൻ ആലോചിച്ചു.

"... ഇവര് ഇടുക്കിയിൽ ആണ്. ഇവൾക്ക് നമ്മുടെ നാട്ടിൽ പഠിക്കാൻ മോഹം അതോണ്ട് നാട്ടിലേക്ക് വന്നു..."

"...അതിനു അഡ്മിഷൻ ഒക്കെ കിട്ടിയോ..." ഞാൻ സംശയം പ്രകടമാക്കി

"... ഈ ചേച്ചിക്ക് ഏട്ടന്റെ കോളേജിൽ ആണ് അഡ്മിഷൻ കിട്ടിയേ..."

"... ഹേ എന്റെ കോളേജിലോ 😲..." ഞെട്ടലോടെയാണ് ഞാൻ കേട്ടത്. അപ്പോഴേക്കും അടുത്ത ഷോക്കുമായി അമ്മയും വന്നു.

"...ഇവൾ ഇവിടെ നിന്നു പഠിക്കാൻ പോണേ..."

"... നമ്മുടെ വീട്ടിലോ..." വിശ്വസിക്കാൻ ആകാതെ ഞാൻ ചോദിച്ചു.

അമ്മ ഒന്ന് മൂളി. കൂടെ അവളുടെ ഒരു പുഞ്ചിരിയും.

"... ആദി ഇന്ന് ക്ലാസിനു പോയില്ലേ..." ഇവൾക്ക് എങ്ങനെ എന്റെ പേര് അറിയാം എന്ന് ആലോചിച്ചപ്പോഴേക്കും ഉത്തരവുമായി അമ്മ എത്തി.

"...ഓ അത് മോളെ എന്റെ മോന്റെ നല്ല നടപ്പ് കാരണം കോളേജുകാർ കുറച്ച് നാൾ വീട്ടിൽ ഇരിക്കാൻ പറഞ്ഞേക്ക ..." ഈ തള്ള മനുഷ്യനെ നാറ്റിക്കും.

"...സസ്പെൻഷൻ ആണോ..?" ചോദ്യരൂപേണ അവൾ തിരക്കി. ഇവൾക്ക് എന്തൊക്കെ അറിയണം ഞാൻ ഒന്ന് ഇളിച്ച് കാണിച്ചു

ഇനി ഇവിടെ നിന്നാൽ ശരിയാവില്ല എന്ന് മനസ്സിലാക്കി പയ്യെ കാപ്പിയും കുടിച് റൂമിലേക്ക് വലിഞ്ഞു. ഗെയിം ഒക്കെ കളിച്ച് സമയം കളഞ്ഞു. അപ്പോഴിതാ വാതിലിൽ ഒരു മുട്ട് കേൾക്കുന്നത്.

"... ഡാ നീ ഒന്ന് വന്നേ..." കതക് തുറന്നപാടെ അമ്മ എന്നെയും കൂട്ടി അടുത്തുള്ള റൂമിലേക്ക പോയി.

"...ആ ബൾബ് കത്തുന്നില്ല നീ ഒന്ന് നോക്കിക്കേ..."

ഒരു മേശ അവിടെ ഉണ്ടായിരുന്നു. അതിൽ ചവിട്ടി മുകളിൽ കേറി നോക്കി.

"... അമ്മേ ഈ ബൾബ് അടിച്ച് പോയി എന്നാ തോന്നുന്നേ..."

"... അയ്യോ അത് പോയോ. എന്നാ ഈ ബൾബ് ഇട്ടോ..." അതും പറഞ്ഞ് മറ്റൊരു ബൾബ് തന്നു

"... ഇപ്പൊ എന്തിനാ ഇതൊക്കെ ചെയ്യുന്നേ..." ബൾബ് മാറ്റികൊണ്ട് ഞാൻ ചോദിച്ചു.

"... എടാ ഈ കൊച്ച് ഈ റൂമിൽ ആണ് താമസിക്കാൻ പോണേ. നിന്റെ ജിമ്മിലെ സാധനങ്ങൾ ഒക്കെ എടുത്ത് മാറ്റിക്കോ..."

www.kkstories.com

അപ്പൊ അതിന്റെ കാര്യത്തിൽ ഒരു തീരുമാനം ആയി. ഞങ്ങടെ വീട്ടിൽ താഴെ 3 മുറിയും മുകളിൽ 2 മുറിയുമാണ് ഉള്ളത്. അമ്മയ്ക്കും അച്ഛനും അമ്മുവിനും താഴെയാണ് റൂം. മുകളിലത്തെ നില മുത്തുപാണ്ടി കോട്ടയാണ് അത് വേറെ ആരുമല്ല ഞാൻ തന്നെ 😁. ഇന്നത്തോടെ അതിനു ഇടിവ് സംഭവിച്ചു. ഞാൻ ഈ മുറി ചെറിയ ഒരു ഹോം ജിം ആക്കികൊണ്ട് ഇരിക്കയിരുന്നു🥲.

എന്റെ ജിം എക്യുപ്മെന്റ്സ് എല്ലാം മാറ്റി. അവളുടെ സാധനങ്ങൾ റൂമിൽ സെറ്റ് ചെയ്തു. ഞാൻ അമ്മയുടെ അടുക്കലേക്ക് പോയി.

"... ഇത് എവിടാ നിന്ന പെട്ടെന്നൊരു ബന്ധു അമ്മക്ക് പൊട്ടി മുളച്ചത്..."

"...എടാ ഇത് എന്റെ ഏട്ടന്റെ മോൾ ആട. അവൾക്ക് ഇവിടയ അഡ്മിഷൻ കിട്ടിയത് എന്ന് അറിഞ്ഞപ്പോ ഞാനാ നമ്മുടെ വീട്ടിൽ നിൽക്കാം എന്ന് പറഞ്ഞെ..."

"... ഇത്രയും നാൾ നമ്മുടെ കാര്യം നോക്കാൻ ഒരു ബന്ധുവും വന്നിട്ടില്ലല്ലോ. ഇപ്പൊ അവർക്ക് ഒരു ആവശ്യം വന്നപ്പോ നമ്മൾ വേണം അല്ലെ..?" പുച്ഛത്തോടെ ഞാൻ ചോദിച്ചു

"... ചാരുന്റെ അമ്മക്ക് നമ്മളോട് ദേഷ്യം ഒന്നും ഇല്ല. ഇടക് എന്നെ വിളിക്കാറുണ്ട്..."

"... അപ്പൊ അമ്മയുടെ ആങ്ങളക്കോ..."

"...ഏട്ടന്റെ ദേഷ്യം മാറി വരുന്നുണ്ട്. പിന്നെ എന്റെ അമ്മയ്ക്കും എന്നെ കാണണം എന്നുണ്ട്..." അമ്മ ഒരു വിഷമത്തോടെ പറഞ്ഞു.

"... അച്ഛൻ എന്ത് പറഞ്ഞു..?"

"... അച്ഛൻ എതിർപ്പ് ഒന്നും പറഞ്ഞില്ലാ..."

"... എന്താന്ന് വച്ച കാണിക്ക്..." അതും പറഞ്ഞ് ഞാൻ കേറി പോയി.

ഇപ്പൊ നിങ്ങൾ ചോദിക്കും എന്തിനാ നീ ഷോഓഫ് കാണിച്ചത് എന്ന്. അമ്മയും അച്ഛനും പ്രണയ വിവാഹം ആയിരുന്നു. രണ്ടുപേരുടെയും വീട്ടിൽ കട്ട കലിപ്പ്. എല്ലാം പ്രണയബന്ധങ്ങൾ പോലെ ഇവരും ഒളിച്ചോടി ഇവിടെ വന്നു സെറ്റിൽ ആയി. പിന്നെ അമ്മ സ്വന്തം വീട്ടിൽ പോയിട്ടില്ല. കയറ്റിയില്ല എന്ന് പറയുന്നതാവും ശെരി. ഈ ഇടക്ക് അമ്മയുടെ വീട്ടുകാർക്കു ഒരു അയവുവന്നു എന്നാണ് അമ്മുവഴി അറിയാൻ പറ്റിയത്. പിന്നെ അമ്മയ്ക്കും കാണില്ലേ അമ്മുമ്മയെ കാണണം എന്ന്. എനിക്ക് പിന്നെ അമ്മയുടെ ബന്ധുക്കരെ ഇഷ്ട്ടമല്ല. അപ്പോഴാ പുതിയ ഒരു മാരണം എഴുന്നള്ളിയേക്കുന്നെ. രാത്രി ആഹാരം കഴിക്കുന്ന സമയം അച്ഛൻ അവളോട് ഓരോന്ന് ചോദിക്കുന്നത് കേട്ടു ഞാൻ മൈൻഡ് ചെയ്യാൻ പോയില്ല. ആഹാരം കഴിഞ്ഞ് സ്പീക്കറിൽ പാട്ടും വച്ച് ബാൽകണിയിൽ ഇരിക്കയിരുന്നു.

"... Helo എനിക്ക് അങ്ങോട്ടു വരാമോ..." പിന്നിലായി സൗണ്ട് കേട്ടു നോക്കിയപ്പോ ചിരിച്ചോണ്ട് അവൾ. വരാൻ പറഞ്ഞ് ഞാൻ എഴുനേറ്റു.

www.kkstories.com

"...ഉറങ്ങറായില്ലേ..." അവൾ കുശലം ചോദിച്ചു.

"...ഇല്ല ഉറക്കം വന്നില്ല..."

"...ഞാൻ വന്നത് കൊണ്ടാണോ ഉറക്കം പോയത്..." അവൾ തിരക്കി.

"...ഏയ് അങ്ങനെ ഒന്നും അല്ല..." ഒഴുക്കൻ മട്ടിൽ ഞാൻ പറഞ്ഞു.

"... ആദി ഏത് ബ്രാഞ്ച് ആണ്..."

ഞാൻ എന്റെ ബ്രാഞ്ച് പറഞ്ഞു. അവൾ അവളുടെയും

"... ആദി എന്ന് വിളിക്കാലോ അല്ലെ..?"

"...ആഹ് വിളിച്ചോ..." ഒരു ചിരിയോടെ പറഞ്ഞു.

"... അമ്മ പറഞ്ഞു തനിക് നല്ല മാർക്ക് ഉണ്ട് എന്ന് പിന്നെ എന്തിനാ ഈ നാട്ടിലോട്ട് അഡ്മിഷൻ എടുത്തത്..?" എന്റെ ഉള്ളിലെ സംശയം ഡയറക്റ്റ് ആയി തന്നെ ചോദിച്ചു.

"... സത്യം പറഞ്ഞാൽ എനിക്ക് ഇങ്ങോട്ട് വരാൻ താല്പര്യം ഇല്ലായിരുന്നു..."

"... പിന്നെ..?"

"...ആദിയുടെ അമ്മ പോയെ പിന്നെ അമ്മൂമ്മ വല്യ വിഷമത്തിൽ ആണ്. അമ്മൂമ്മ ആന്റിയെ കാണണം എന്ന് ഒരുപാട്ട പറഞ്ഞു. പക്ഷെ അച്ഛൻ കൂട്ടാക്കിയില്ല. പയ്യെ പയ്യെ അമ്മൂമ്മ ഈ കാര്യം ചോദിക്കുന്നത് നിർത്തി. അമ്മ ആന്റിയെ ഇടക്ക് വിളിക്കും..."

"... ആഹ് അമ്മു പറഞ്ഞിട്ടുണ്ട്..."

"... അമ്മൂമ്മക്ക് നിങ്ങളെ കാണണം എന്നുണ്ട്. അപ്പൊ ഞാൻ കരുതി നിങ്ങളുടെ അടുത്തേക്ക് വന്നാ എല്ലാ പിണക്കവും മാറ്റം എന്ന്..." ചിരിച്ചോണ്ട് അവൾ പറഞ്ഞു

"...ഓ അപ്പോ ഒരു കാര്യസ്ഥൻ റോളിൽ ആണ് വരവ്..."

"... അതെ..."

"...ശരണ്യയുടെ അച്ഛന്റെ പിണക്കം മാറിയോ..."

"... എന്റെ ഒരു അറിവ് വച്ച അതൊക്കെ മാറി പക്ഷെ നിങ്ങളെ ഫേസ് ചെയ്യാൻ ഒരു മടി. ഇല്ലങ്കിൽ നിങ്ങളുടെ വീട്ടിൽ നിൽക്കാൻ അച്ഛൻ സമ്മതിക്കോ..."

www.kkstories.com

ആലോചിച്ചപ്പോ എനിക്കും ശെരിയായി തോന്നി.

"... എന്തിനാ സസ്പെൻഷൻ കിട്ടിയേ..?" അറിയാൻ ഉള്ള ആകാംശയിൽ അവൾ ചോദിച്ച.

"... അത് ഒന്നും ഇല്ല ചെറിയൊരു തല്ല് കേസ്..."

"... തല്ല് കിട്ടിയോ കൊടുത്തോ..."

"... കിട്ടിയങ്കിൽ വീട്ടിൽ അല്ലല്ലോ ഹോസ്പിറ്റലിൽ അല്ലെ ഞാൻ നിൽക്കേണ്ടേ..." ചിരിയോടെ ഞാൻ മറുപടി പറഞ്ഞു.

"... അപ്പൊ ശെരി ആദി ഞാൻ കിടക്കാൻ പോവാ..."

"... എന്നാ താൻ വിട്ടോ. ഗുഡ് നൈറ്റ്..."

"...അതെ ആദി എനിക്ക് ഒരു help ചെയ്യാമോ...?"

"... എന്ത് help..?"

"... നാളെ ആദ്യമായി കോളേജിൽ പോവയല്ലേ അപ്പൊ അമ്പലത്തിൽ പോയാൽ കൊള്ളാം എന്നുണ്ട്. ഇവിടെ എനിക്ക് വല്യ പരിചയം ഇല്ല. ആദി ഒന്ന് കൂടെ വരാമോ..?"

"... അതിനെന്താ നമുക്ക് രാവിലെ പോവാം..."

"... Thanks. പിന്നെ എന്നെ ചാരു എന്ന് വിളിച്ചാൽ മതി കേട്ടോ. എനിക്ക് അതാണ് ഇഷ്ട്ടം.🫣..." അതും പറഞ്ഞ് അവളുടെ റൂമിലേക്ക പോയി.

തുടരും...

**____________**________________**_____________**

എന്റെ ആദ്യ കഥ നിങ്ങൾക് ഇഷ്ടമായി എന്ന് അറിഞ്ഞതിൽ വളരെ സന്തോഷം. ഈ കഥയും നിങ്ങൾക് ഇഷ്ട്ടമാകും എന്ന് വിശ്വസിക്കുന്നു.

അഭിപ്രായങ്ങളും സപ്പോർട്ടും പ്രതീക്ഷിക്കുന്നു.
നിർത്താതെയുള്ള അലാറം കേട്ടാണ് രാവിലെ ഉണർന്നത്. അപ്പോഴാണ് ചാരുവിനോടൊപ്പം അമ്പലത്തിൽ ചെല്ലാം എന്ന് ഏറ്റത് ഓർമവന്നത് പിന്നെ ഒന്നും നോക്കിയില്ല നേരെപോയി കുളിച് റെഡി ആയി ഡാർക്ക് ഗ്രീൻ കളർ ഷർട്ടും അതിന്റെ അതെ കരയുള്ള മുണ്ടും ഉടുത്തു ചരുവിനെ വിളിക്കാനായി അവളുടെ മുറിയിൽ പോയെങ്കിലും അത് ലോക്ക് ആണ്.

www.kkstories.com

"... ചാരു സമയം ആയി പോണ്ടേ നമുക്ക്..."

"... നീ റെഡി ആയോ..? ഒരു പത്തു മിനിറ്റ് ഞാൻ ഇപ്പൊ വരാം..."

"... ഞാൻ താഴെ കാണും നീ അങ്ങോട്ട് എത്തിയാൽ മതി..."അതും പറഞ്ഞ് നേരെ ഹാളിലേക്ക് പോയി.

"... അല്ല എന്താ ഞാൻ ഈ കാണുന്നെ. ഇത്ര നേരത്തേ കുളിച് ഒരുങ്ങി തമ്പുരാൻ എങ്ങോട്ടാവോ..." രാവിലെ തന്നെ വെറുപ്പിക്കാനായി അമ്മ എത്തിയിട്ടുണ്ട്.

"... ഒന്ന് അമ്പലം വരെ പോണം..."ഇച്ചിരി ജാടയിട്ട് അങ്ങ് പറഞ്ഞു.

"... ഈശ്വരാ കാക്ക ഇന്ന് മലന്നു പറക്കുമല്ലോ. എന്റെ മോനു നല്ല ബുദ്ധി വന്നോ..."

"... എനിക്ക് അല്ല അമ്മയുടെ ഗസ്റ്റിന് ആണ് അമ്പലത്തിൽ പോവേണ്ടത്. എപ്പോ എന്നോട് ഒന്ന് കൂടെ ചെല്ലാവോ എന്ന് ചോദിച്ചു..." അരിശത്തോടെ ഞാൻ പറഞ്ഞു.

"... ഓ അങ്ങനെ. ഡ്രൈവർ പണിക്കു പോവണല്ലേ..." വീണ്ടും പുച്ഛം മാത്രം.

"... അമ്മക് രാവിലെ അടുക്കളയിൽ പണി ഒന്നും ഇല്ലേ പോ ചെല്ല്..."

ഇനി അമ്മയെ ഇവിടെ നിർത്തിയാൽ ശരിയാവില്ല.അതോണ്ട് നൈസിനു ഒഴുവാക്കിയത. ഇനി അമ്മ പറഞ്ഞത് പോലെ അവൾ ഡ്രൈവർ പണിക് ആണോ എന്നെ വിളിച്ചേ.ഏയ്യ് അങ്ങനെ ആയിരിക്കില്ല. ഇതൊക്കെ ചിന്തിച്ചോണ്ട് നിന്നപ്പോഴാണ് സ്റ്റെയർ ഇറങ്ങി വരുന്ന ചരുവിനെ കാണുന്നത്.

ഏകദേശം എന്റെ ഷർട്ടിനു മാച്ച് ആവുന്ന പച്ച പാട്ടുപാവാട. വെള്ള പാവാടയുടെ ബോർഡറിൽ അലിലയും ഓടകുഴലും പ്രിന്റ് ചെയ്തിട്ടുണ്ട്. ആ ഡ്രെസ്സിൽ അവളുടെ ആകാരവടിവ് എടുത്ത് അറിയിക്കുന്നുണ്ട്.

പിന്നിലേക്ക് വിടർത്തി ഇട്ട കർകൂന്തൽ കാതിൽ കുഞ്ഞികമ്മൽ. അധികം മേക്കപ്പ് ഒന്നും മുഖത്ത് കാണുന്നില്ല. വാലിച്ചെഴുതിയ കണ്ണുകൾ ഒരു കുഞ്ഞി പൊട്ടു. ഇതിനെ എല്ലാം വെല്ലാൻ കഴിവുള്ള അവളുടെ പുഞ്ചിരി എന്നെ വേറേതോ ലോകത്തെത്തിച്ചു.

"... വാ അടക്കട തേൻ ഒലിക്കുന്നു ..."കാതിൽ മുഴങ്ങിയ അമ്മയുടെ സ്വരം എന്നെ റിയാലിറ്റിയിലേക്ക് എത്തിച്ചു.

അമ്മ പോയില്ലേ പിന്നെയും നാറി. എന്നെ കുറ്റം പറഞ്ഞിട്ട് കാര്യം ഇല്ല ഇങ്ങനെ ഒക്കെ ഒരുങ്ങി വന്നാൽ ആരായാലും നോക്കും. സ്വയം പറഞ്ഞു അശ്വസിച്ചു

"... ആഹാ സുന്ദരിയായിട്ടുണ്ടല്ലോ മോൾ..."

അതും പറഞ്ഞ് കുറച്ചു നേരം അമ്മയുടെ സ്നേഹപ്രേകടനം ആയിരുന്നു. നമ്മൾ പിന്നെ ഹൃതിക്ക് റോഷനെ പോലെ വന്നാലും ആർക്കും ഒരു വില ഇല്ലല്ലോ 🥲.

"... എടാ മോളെ സൂക്ഷിച്ചു കൊണ്ട് പോണം. അധികം സ്പീഡ് ഒന്നും വേണ്ട കേട്ടല്ലോ..."

www.kkstories.com

"... ഉത്തരവ് രാജമാതാ..."

അല്ല പിന്നെ ദേഷ്യം വരില്ലേ. കാർ എടുത്താൽ ചിലപ്പോ അമ്മ പറഞ്ഞ പോലെ ഡ്രൈവർ പണി ആവും. ഹിമാലൻ കുട്ടാ വാടാ മുത്തേ. നേരെ മുണ്ടും ഒതുക്കി അവന്റെ നെഞ്ചത്തേക് കേറി അവളും കൂടെ കേറി എന്റെ തോളിലായി കൈ വച്ചു. എന്താന്ന് അറിയില്ല അടിവയറ്റിൽ മഞ്ഞു വീഴുന്നപോലെ ഒരു സുഖം. പയ്യെ അമ്പലത്തിലേക്ക് നീങ്ങി. അവൾ കൗതുകത്തോടെ എന്റെ നാട് നോക്കി കാണുകയാ ഞാൻ മിറർ വഴി അവളെയും 🥰. പെട്ടെന്ന് അമ്പലത്തിൽ എത്തിയത് പോലെ തോന്നി. ഹിമാലയൻ കുട്ടനെ ഒഴിഞ്ഞ ഇടത്ത് തളച്ചു അവൾക്കൊപ്പം നീങ്ങി. രാവിലെ ആയോണ്ട് കുറച്ചു തരുണിമണികൾ ഉണ്ടായിരുന്നു. അവരൊന്നും ചരുവിനെ വെല്ലുമെന്നു തോന്നുന്നില്ല. പിന്നെ ഒന്നും നോക്കിയില്ല ഷർട്ട് ഊരി എന്റെ ബോഡി ഷോ ആയിരുന്നു. കുറച്ചു പെൺകുട്ടികൾ എന്റെ ബോഡി നോക്കുന്നുണ്ട് അതിൽ എനിക്ക് അഭിമാനം തോന്നി. അമ്പലത്തിൽ വലം വച്ച് പുറത്തേക്ക് ഇറങ്ങി.

"... താൻ എന്നും അമ്പലത്തിൽ പോവാറുണ്ടോ..." എന്തെങ്കിലും ഒക്കെ ചോദിക്കണം അല്ലോ

"...ഏയ്യ് അങ്ങനെ പോവാറില്ല. ആദി ഒരുപാടു വർഷായിട്ട് ജിമ്മിൽ പോവാറുണ്ടോ..."

"...+1 തൊട്ട് പോയി തുടങ്ങിയതാ..."

"...ആദിക്ക് നല്ല ബോഡി ആണ്. ഇത് മെയ്ന്റെയ്ൻ ചെയ്യണേ..."

സത്യം പറഞ്ഞാൽ അത് എനിക്ക് അങ്ങ് സുഗിച്ചു. അവളെയും ഒന്ന് പൊക്കി കളയാം.

"...ഈ ഡ്രെസ്സിൽ തന്നെ കാണാൻ നല്ല രസമുണ്ട്..."

"... വരവ് വച്ചിരിക്കുന്നു..." അത് പറഞ്ഞവൾ പുഞ്ചിരിച്ചു

അത് എന്താ അവൾ അങ്ങനെ പറഞ്ഞെ. ഒരാൾ നല്ലത് പറയുമ്പോൾ ഇങ്ങനെ ഒക്കെ ചെയ്യാവോ. അപ്പോഴേക്കും ആ എരണം കേട്ട ചെക്കൻ വിളിച്ചു

"... നീ എന്താടാ ഇന്നലെ ജിമ്മിൽ വരാത്തെ..."

"... രാവിലെ തന്നെ അറ്റെൻഡൻസ് എടുക്കാൻ വിളിച്ചതാണോടാ..."

"... ചുമ്മാ വിളിച്ചന്നെ ഉള്ളു. നീ ഇല്ലാത്തോണ്ട് കോളേജിൽ ഒരു രസമില്ല..."

"... അയ്യോ നമ്മൾ തല്ലിപൊളികൾ വന്നാലും ഇല്ലങ്കിലും എന്താ നിങ്ങൾ പഠിക്കുന്ന പിള്ളേർ അല്ലെ. അപ്പൊ ഒറ്റക് അങ്ങ് ഉണ്ടാക്കിയാൽ മതി. ഇന്നലെ നീ പറഞ്ഞത് ഒന്നും ഞാൻ മറന്നിട്ടില്ല..."

"...നീ അതും ആലോചിച്ചോണ്ട് ഇരിക്കണോ. കളയളിയാ..."

"... Hmm ഞാൻ വൈകിട്ട് അങ്ങോട്ട് ഇറങ്ങാം..."അതും പറഞ്ഞ് ഫോൺ വച്ചു.

www.kkstories.com

"...ആരാ ആദി വിളിച്ചേ..."

"... എന്റെ ഒരു ഫ്രണ്ട് ആണ്..."

"... ഗേൾ ഫ്രണ്ട് ആണോ..?" അറിയാൻ ഉള്ള ആകാംഷയോടെ അവൾ തിരക്കി.

"...ഏയ്യ്. അങ്ങനെ ആരും ഇല്ല. എന്നാ നമുക്ക് പോയാലോ..." നമ്മൾ വീട്ടിലേക് തിരിച്ചു. പോകുന്ന വഴിക് അതായിരുന്നു എന്റെ ചിന്ത ഗേൾ ഫ്രണ്ട് ഉണ്ടോ എന്ന് ചോദിച്ചത് കംഫർമേഷൻ വേണ്ടിയാണോ. എയ്യേ അങ്ങനെ ആയിരിക്കില്ല.

"... കോളേജിൽ എങ്ങനെയാ പോവുന്നെ..." വീട്ടിൽ എത്തി കാപ്പി കുടിക്കുന്നതിന്റെ ഇടക് ഞാൻ ചോദിച്ചു.

"... ബസിൽ..."അവളുടെ മറുപടി എത്തി.

"... എന്നാ ഇവളുടെ വിട്ടോ ഇവളും അതു വഴിയാ..." പുട്ടിന്റെ കഴുത്ത് ഞെരിക്കുന്ന അമ്മുവിനെ നോക്കി പറഞ്ഞു.

കാപ്പികുടി കഴിഞ്ഞ് ചാരുവും അമ്മുവും ഇറങ്ങി. നേരുത്തേ ഉറക്കവും എഴുന്നേറ്റു ഒന്നും ചെയ്യാനും ഇല്ല. വല്ലാത്തെ ഒരു അവസ്ഥയിൽ ആയി. എന്നാപ്പിന്നെ വർഷത്തിൽ ഒന്നോ രണ്ടോ തവണ ചെയ്യുന്ന കലാപരിപാടി അങ്ങ് ചെയ്യാം എന്ന് വിചാരിച്ചു റൂം ക്ലീനിങ് 🥵. എല്ലാം അടുക്കി പെറുക്കി റൂം സെറ്റ് ചെയ്തപ്പോൾ ഒരു സമയം ആയി.

വൈകുന്നേരം ജിമ്മിലേക് വിട്ടു. ഇന്ന് അത്യാവശ്യം നല്ല രീതിയിൽ വർക്ഔട് ചെയ്തു. രാത്രി ഡിന്നറും കഴിഞ്ഞു ഇന്നലത്തെ പോലെ ബാൽകണിയിൽ ഇരുന്നു. ഇന്ന് കൂട്ടിനു ചാരുവും ഉണ്ട്.

"... കോളേജ് എങ്ങനെ ഉണ്ട്..."

"... അടിപൊളി എനിക്ക് ഒരുപാട് ഇഷ്ട്ടായി..."

"...ഫസ്റ്റ് ഡേ ആയിട്ടു റാഗിങ് ഒന്നും കിട്ടിയില്ലേ..."

"... കോളേജ് തുറന്നിട്ട് 1 മാസം ആയില്ലേ അതോണ്ട് റാഗ് ചെയ്യാൻ ഒന്നും ആരും വന്നില്ല..."

"... ആരും വരാത്തതിന്റെ നല്ല വിഷമം ഉണ്ടല്ലോ മുഖത്തു..."

"... പോടാ. ആരും വരാത്തത് നന്നായി എന്ന് അശ്വസിച്ചിരിക്ക. നോട്ട് ഒരുപാട് എഴുതാൻ ഉണ്ട് അത് ആലോചിക്കുമ്പോഴാ വിഷമം..."

"... ഞാൻ എഴുതിയാൽ മതിയോ. ഇവിടെ വെറുതെ ഇരുന്നു മടുത്തു. നോട്ട് എങ്കിലും എഴുതി സമയം കളയാലോ..."

"... സത്യം. എനിക്ക് നോട്ട് എഴുതി തരോ..?" അത്ഭുതത്തോടെ അവൾ തിരക്കി

"... ഹ എഴുതി തരാടോ..."

www.kkstories.com

"... Thanks ആദി..."

അവളെ ഇമ്പ്രെസ്സ് ചെയ്യാൻ ഒന്നും അല്ല കേട്ടോ നോട്ട് എഴുതി കൊടുക്കാം എന്ന് പറഞ്ഞത് 🫣.പിന്നെ പിന്നെ ഇതൊരു പതിവായി രാത്രി കുറച്ചു സമയം അവളുമായി ഇവിടെ വന്നിരുന്നു സമയം സ്പെൻഡ് ചെയ്യും.

"... എഴുനേക്ക് ഏട്ടാ..."രാവിലെ തന്നെ ഉറങ്ങാൻ സമ്മതിക്കാതെ അമ്മു എന്നെ ശല്യം ചെയ്യാ

"...എന്താടി നിനക്ക് വേണ്ടേ മനുഷ്യന്റെ ഉറക്കം കളയാനായിട്ട്..."

"... ഏട്ടൻ അല്ലെ പറഞ്ഞെ ഇന്ന് എന്നെ പുറത്ത് കൊണ്ട് പോവാം എന്ന്..."

"... ഞാൻ അത് ചുമ്മാ പറഞ്ഞതാടി മണ്ടി..."അതും പറഞ്ഞു പുതപ്പ് മൂടി ഞാൻ പിന്നയും കിടന്നു.

"... ദേ ഏട്ടാ കളിക്കല്ല് കേട്ടോ. എഴുന്നേൽക്ക്..." അതും പറഞ്ഞ് എന്നെ പിച്ചാനും മാന്തനും തുടങ്ങി

ഈ പെണ്ണ് ഇനി സ്വര്യം തരില്ല. അവസാനം എന്റെ പള്ളിയുറക്കം മതിയാക്കേണ്ടി വന്നു.

"... ശെരി നീ പോയി റെഡി ആവ്വും. അപ്പോഴേക്കും ഞാൻ വരാം. പിന്നെ ചരുവിനെയും വിളിച്ചോ..."

"... ചാരു ചേച്ചി ഒക്കെ എപ്പോഴേ റെഡി ആയി ഇനി ഏട്ടൻ വന്നാൽ മതി..."

"... എന്നാ മോൾ ചെല്ല്..."

ഇനി ഇവിടെ കിടന്നാൽ ശരിയാവില്ല. റെഡി ആയി താഴേക്ക ചെന്നപ്പോ അവർ രണ്ടും ഒരുങ്ങി എനിക്ക് വേണ്ടി കാത്തിരിക്കാണ.

"... അമ്മൂസേ എങ്ങോട്ടാ പോണ്ടേ..."കാർ ചാവി എടുത്തോണ്ട് ഞാൻ തിരക്കി.

"... പൊന്മുടിക് വിട്ടാലോ ഏട്ടാ..." ആകാംഷയോടെ അവൾ തിരക്കി.

"...ഇന്ന് സൺഡേ അല്ലെ ഒരുപാട് ആൾക്കാർ വരും. വല്യ ബ്ലോക്ക് ആയിരിക്കും ചിലപ്പോ പൊന്മുടി ക്ലോസ് ചെയ്യും. കഴിഞ്ഞ സൺഡേ അങ്ങനെ ആയിരുന്നു..."

"... പിന്നെ എവിടാ പോവാ..." താടിക്ക് കൈയ്യും കൊടുത്ത് അമ്മു ചിന്തയിൽ ആഴ്ന്ന.

"... ബീച്ചിൽ പോയാലോ..." ചെറിയ പരിഭ്രമത്തോടെ ചാരു ചോദിച്ചു.

"... എന്നാ അങ്ങനെ ആവട്ടെ.any objection ammu..."അമ്മൂനോട് ചോദിച്ചു.

"... എനിക്ക് കുഴപ്പം ഒന്നും ഇല്ല..."ചിരിയോടെ അമ്മു പറഞ്ഞു.

www.kkstories.com

അങ്ങനെ അമ്മയോട് പറഞ്ഞിട്ട് അച്ഛന്റെ കാറുമായി ഇറങ്ങി. നേരെ വർക്കലയിലേക്കാണ് പോയത്. ഹെലിപാടിൽ വണ്ടിയും ഒതുക്കി ക്ലിഫിലേക്ക് നടന്നു.കൂടെയുള്ള രണ്ടുപേരും നല്ല എൻജോയ് ചെയ്താണ് നടക്കുന്നെ. ഞാനും അവരോട് കൂടി. കടലിലേക്ക് ഇറങ്ങിയതും അമ്മുവും ചാരുവും കൊച്ചുകുട്ടികളെപോലെ തിരമാലകൾക്ക് ഒപ്പം ഓടി ചാടി നടക്കാൻ തുടങ്ങി. ഞാൻ ചെറുതായി കാൽ ഒന്ന് നനച്ചു. അതുവഴിപോയ മാതാമ്മയെ വായിനോക്കി നിന്നും🫣.

"... സൂക്ഷിച് ഒക്കെ നോക്കിയില്ല എങ്കിൽ പോലീസ് കൊണ്ട് പോവും മോനെ..." ചരുവായിരുന്നു അത്

"... ഞാൻ അത് അല്ല നോക്കിയേ..." നന്നായി ചമ്മിനാറി.

എന്തോ ഭാഗ്യത്തിന് ആ സമയത്തിൽ അവിടെ പാരമോറ്ററിങ് ഉണ്ടായിരുന്നു. അത് ഒരു പ്രേത്യേക എക്സ്പീരിയൻസ് ആയിരുന്നു. ആകാശത്തു നിന്നും കടൽ കാണാൻ ഒരു പ്രേത്യേക ഭംഗി ആയിരുന്നു. ഞാൻ അത്യമായിട്ട എക്സ്പീരിയൻസ് ചെയ്യുന്നേ. അമ്മൂനും ചാരുനും പേടി ഉണ്ടങ്കിലും ഞാൻ നിർബന്ധിച്ചു അതിൽ കേറ്റി. അവരും നന്നായി എൻജോയ് ചെയ്തു. ഉച്ച ആയപ്പോഴേക്കും തറവാട് ഷാപ്പിൽ പോയി. ഞാൻ ഇടക് ഇടക് അടിക്കും എങ്കിലും വീട്ടുകാരുടെ മുന്നിൽ അംബി ആണ്.കപ്പയും തലക്കറിയും അങ്ങനെ കണ്ണിൽ കണ്ട എല്ലാം കഴിച്ച് തിരിച്ചു വീട്ടിലേക് ഇറങ്ങി. ഇത്തവണ ചാരു മുന്നിലും അമ്മു പിന്നിലും കയറി. ക്ഷീണം കാരണം അമ്മു ഉറക്കമായി.

"... Thanks ആദി..."

"... എന്തിനു..." മനസ്സിലാവാതെ ഞാൻ ചോദിച്ചു

"... എത്രയും നല്ലൊരു ദിവസം എനിക്ക് തന്നതിന്..."

"... അതിനു ഞാൻ ഒന്നും ചെയ്തില്ലല്ലോ..." സംശയത്തോടെ അവളെ നോക്കി

"...ആദിക്ക് അറിയോ ഞാൻ അങ്ങനെ ബീച്ചിൽ ഒന്നും പോയിട്ടില്ല. എന്നിട്ടും ഞാൻ ഒരു ആഗ്രഹം പറഞ്ഞപ്പോ വേറൊന്നും ചിന്തിക്കാതെ വന്നില്ലേ..."

ആ വാക്കുകളിൽ നിന്നും എനിക്ക് മനസിലായി അവൾ എന്തുമാത്രം happy ആണെന്ന്.

"...ഇതിലൊക്കെ എന്തിരിക്കുന്നു..." എന്നുപറഞ്ഞ് ഞാൻ ചിരിച്ചു തള്ളി

രാത്രി കട്ടിലിൽ കിടക്കുമ്പോൾ ഇൻസ്റ്റയിൽ ഒരു നോട്ടിഫിക്കേഷൻ വന്നു. ചാരുവും നമ്മൾ മൂന്നും ഉള്ള ഒരു story. ചാരു ഇട്ടതാ ക്യാപ്ഷൻ കണ്ടപ്പോ അറിയാതെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

"... such a memorable day with favorite person ..."

അപ്പോഴേ ഒരു ലൈക്കും കൊടുത്ത് നേരെ ഞാൻ story ആക്കി. അത് കാണേണ്ട താമസം അപ്പൊ വന്നു call

"... ആരാടാ മൈരേ കൂടെയുള്ള പെണ്ണ്..." കാർത്തിയായിരുന്നു

www.kkstories.com

"... നിനക്ക് രാത്രി ഉറക്കം ഒന്നും ഇല്ലാതെ എന്റെ അക്കൗണ്ടിൽ പെറുകിടക്കണോടാ..."

"... ചോദിച്ചതിന് മറുപടി കിട്ടിയില്ല..."

"...നാളെ പറയാം അളിയാ ഇപ്പൊ ഞാൻ വേറൊരു മൂഡിൽ ആണ്..." അതും പറഞ്ഞത് ഫോൺ കട്ടാക്കി.

എന്റെ മനസിലൂടെ ചരുവിന്റെ മുഖം പാഞ്ഞു പോയി. എനിക്ക് അവളോട് പ്രേമം ആണോ. അതോ മറ്റെന്തെങ്കിലും ആണോ. ഇതുവരെ അനുഭവിക്കാത്ത അനുഭൂതി. അവളുടെ കുറുമ്പും എന്നോടുള്ള പെരുമാറ്റവും എല്ലാം ആലോചിച്ചു നിദ്രയിലേക്ക് വഴുതി വീണു.

പിറ്റേന്ന് വൈകിട്ട് ബോക്സിങ് ബാഗിൽ പഞ്ച് ചെയ്തോണ്ട് ഇരിക്കയിരുന്നു.

"... എന്താടാ നിനക്ക് കുറച്ചു ദിവസമായിട്ടു ഒരു ഇളക്കം..." കാർത്തിയുടെ അർത്ഥം വച്ചൊരു ചോദ്യം

"... ഏയ്യ് അങ്ങനെ ഒന്നും ഇല്ല..."ഞാൻ ഒഴിഞ്ഞു മാറാൻ നോക്കി.

"... ഏതാടാ ഇന്നലെ story ഇട്ട ആ പെണ്ണ്..."മുഖവര ഇല്ലാതെ അവൻ ചോദിച്ചു.

"... അത് എന്റെ ഒരു ബന്ധുവാണ്..."

"... ബന്ധു എന്ന് പറയുമ്പോൾ..?"

"... എന്റെ മാമന്റെ മോൾ ആയിട്ട് വരും..." അത് പറഞ്ഞപ്പോ അറിയാതെ നാണം വന്നു

"... ഓ പറഞ്ഞു വരുമ്പോൾ മുറപ്പെണ്ണ്. അല്ലിയോടാ..."അതെന്നു ഞാൻ തലയാട്ടി.

"... ചുമ്മാതല്ല നിന്റെ പഞ്ച് ഒന്നും പഴയപോലെ ഗും ഇല്ലാതെ. അളിയൻ റൊമാന്റിക് മൂഡ് അല്ലെ..." അവൻ നന്നായി എന്നെ ഒന്ന് വാരി

"... അതെന്താടാ നീ അങ്ങനെ ഒരു വർത്തമാനം..." അവൻ പറഞ്ഞത് ഇഷ്ടപ്പെടാതെ ഞാൻ ചോദിച്ചു.

"...നീ ഒരുത്തനെ ഇടിച്ച് പഞ്ഞിക്കിട്ടില്ലേ അവൻ കോളേജിൽ വന്നിട്ടുണ്ട്..."

"... ഇത്ര പെട്ടെന്നൊ..?" വിശ്വസിക്കാൻ കഴിയാതെ ഞാൻ ചോദിച്ചു

"... അതാ പറഞ്ഞെ പണ്ടത്തെപ്പോലെ നിന്റെ പഞ്ച് പവർ ഇല്ല എന്ന്..."

"... ശേ എന്നാലും. സാരം ഇല്ല അടുത്ത എന്തെങ്കിലും പ്രശ്നത്തിനു വന്നാൽ അപ്പൊ നോക്കാം. പിന്നെ ദിയയെ ഒന്ന് നോക്കികോണ്ടെടാ..."

"... അവൾ കൊച്ച് കുട്ടി ഒന്നും അല്ലല്ലോ അവളുടെ കാര്യം നോക്കാൻ അവൾക്ക് അറിയാം..." ഞാൻ പറഞ്ഞത് കാർത്തിക് അത്ര പിടിച്ചില്ല അതിന്റെയ ഇത്.

"... എന്നാടാ നീ തിരിച്ച് കോളേജിലിലേക്ക്..."

"... അടുത്ത തിങ്കൾ മുതൽ വരും..."അതും പറഞ്ഞ് ബോക്സിങ് ബാഗിൽ പഞ്ചു ചെയ്തു.

എന്നത്തേയും പോലെ ബാൽക്കണിയിൽ പാട്ടും കേട്ടു ഇരിക്കയിരുന്നു ഞാൻ.

എന്നാലും ഇത്ര പെട്ടന്ന് അവൻ കോളേജിൽ വന്നോ ? കാർത്തി പറഞ്ഞത് ശരിയാ പണ്ടത്തെപ്പോലെ പവർ ഒന്നും ഇല്ല.

"... അതെങ്ങനെ വരാനാ ഇപ്പൊ മുഴുവൻ ആ പെണ്ണിനെ ആലോചിച്ചല്ലേ നടപ്പ്..." മനസ് മൈരൻ പറഞ്ഞതാ 😁

അതും ശരിയാണ് ഞാൻ അവളിലേക്ക് ഒതുങ്ങി പോവണോ എന്നൊരു സംശയം.

"... എന്താ മാഷേ എന്തോ വല്യ ആലോചനയിൽ ആണെന്ന് തോന്നുന്നല്ലോ..." ചാരു എന്റെ അടുത്തേക്ക് വന്നു.

"...അങ്ങനെ ഒന്നും ഇല്ല ഞാൻ ചുമ്മാ ഓരോ കാര്യങ്ങൾ ഇങ്ങനെ..."

"... എന്നാ പറയടോ ഞാനും കേൾക്കാം..."

www.kkstories.com

"... സമയം ആവുമ്പോൾ പറയാം..." ഞാൻ ഒന്ന് ചിരിച്ചു.

"... ആദി എനിക്ക് ഒരു ആഗ്രഹം..."

"...നീ പറയ് നമുക്ക് നോക്കാം..."അറിയാൻ ഉള്ള ആകാംശയിൽ ഞാൻ ചോദിച്ചു

"... അതെ ആദി.. എനിക്കെ... എനിക്ക് ഒരു ബിയർ വാങ്ങി തരോ 🫠..."

"... ബിയറോ... 😲" അതെന്നു അവൾ തലയാട്ടി.

"...ഇപ്പൊ എന്താ ഇങ്ങനെ ഒരു പൂതി..."

"... അത് ക്ലാസ്സിൽ ഉള്ള എല്ലാരും ബിയർ കുടിച്ചിട്ടുണ്ട്. ഞാൻ മാത്രം ഇതുവരെ ടേസ്റ്റ് പോലും നോക്കിയിട്ടില്ല. അതിന്റെ പേരിൽ എന്നെ കളിയാക്കുകയാ..."കൊച്ചു കുട്ടികളെപ്പോലെ ചിണുങ്ങാൻ തുടങ്ങി.

"... നമുക്ക് സെറ്റ് ആക്കടോ..."

"... സത്യം..."പറഞ്ഞത് വിശ്വസിക്കാനാകാതെ അവൾ ചോദിച്ചു.

"... സത്യം. പോരെ..."വളരെ സന്തോഷത്തോടെ അവൾ പോയി.

www.kkstories.com

പിറ്റേന്ന് തന്നെ പോയി ബിയർ വാങ്ങി റൂമിൽ സ്റ്റോക്ക് ചെയ്തു. വീട്ടിൽ വേറെ ആരും അറിഞ്ഞില്ല. രാത്രി ഫുഡ് കഴിക്കാൻ ഇരുന്നപ്പോ ചരുവിനോട് കണ്ണുകൊണ്ട് മുകളിലേക്ക് വരാൻ പറഞ്ഞു പോയി.

"... എന്താടാ വരാൻ പറഞ്ഞെ..."

"... സർപ്രൈസ്..." അതും പറഞ്ഞു 2 കൈയ്യിലും ഓരോ ബിയർ എടുത്ത് അവളെ കാണിച്ചു.

ആദി എന്നും വിളിച്ചോണ്ട് ആഹ്ലാതത്തോടെ ഓടി വന്ന് എന്നെ കെട്ടിപിടിച്ചു. അവളുടെ വലിയ മുലകൾ എൻറെ നെഞ്ചിൽ അമർന്നു. ഞാൻ ഒരു നിമിഷം സ്റ്റക്ക് ആയി നിന്നു. എന്റെ കൈയിൽ നിന്നും ബിയർ വാങ്ങി അവൾ ബാൽക്കണിയുടെ ഒരു മൂലയിൽ ഇരുന്നു.

"... എന്താടാ ഇങ്ങനെ നിൽക്കണെ..."

മനുഷനെ ഉടലോടെ സ്വർഗത്തിൽ എത്തിച്ചിട്ടു കുരുപ്പ് ചോദിക്കണത് കേട്ടില്ലേ. അവളുടെ അടുത്ത് പോയി ഇരുന്നു.

"... ഇതൊന്നു പൊട്ടിച്ചു താ ആദി..."അതും പറഞ്ഞത് ബോട്ടിൽ എനിക്ക് നേരെ നീട്ടി.

ഞാൻ ബോട്ടിലിന്റെ അടപ്പ് പല്ലുകൊണ്ട് കടിച് തുറന്നു അവൾക്ക് നീട്ടി. ഞാൻ എന്റേതും തുറന്നു ചേർസ് പറഞ്ഞു കുപ്പി മുട്ടിച്ചു. കുടിക്കാൻ തിടുക്കം കാണിച്ചവൾ ഫസ്റ്റ് സിപ് എടുത്തപ്പോഴേ മുഖം മാറി.

"... അയ്യേ ഇത് എന്താ ഇത്ര കയ്പ്പ്. ഇതാണോ അവളുമാർ സൂപ്പർ ആണെന്ന് പറഞ്ഞെ. എനിക്കൊന്നും വേണ്ട ഇത്..." ചാരു ബിയർ ബോട്ടിൽ എനിക്ക് നേരെ നീട്ടി

"... ആദ്യത്തെ ഒരു കയ്പ്പേ ഉള്ളൂ പിന്നെ സൂപ്പർ ആണ്..."ഞാൻ അവൾക് മോട്ടിവേഷൻ കൊടുത്തു.

മടിച്ചു മടിച്ചു കുടിക്കാൻ തുടങ്ങി. പാതി കുപ്പി കുടിച്ചപ്പോഴേക്കും പുള്ളി ഫോം ആയി.

"... ഇപ്പൊ കൊള്ളാം നല്ല രസം ഉണ്ട്..."ഒരു സിപ് കൂടി കുടിച്ചോണ്ട് പറഞ്ഞു.

"...ഫിറ്റ്‌ ആയി അല്ലെ..."

"... ഏയ്യ് ഞാൻ നോർമൽ ആണ് ദേ കണ്ടില്ലേ..."

അതും പറഞ്ഞ് ചാരു എഴുന്നേറ്റു നടക്കാൻ തുടങ്ങി പക്ഷെ തെക്കോട്ടു നടക്കാൻ നോക്കുമ്പോൾ പുള്ളിക്കാരി പോകുന്നത് വടക്കോട്ട് ആണെന്നെ ഉള്ളു. ഈ കാട്ടികൂട്ടൽ കാണുമ്പോൾ എനിക്ക് ചിരി അടക്കാൻ പറ്റുന്നില്ല.

"... ദേ കണ്ടില്ലേ ആദി ഞാൻ ഓക്കേ ആണ്..."

"... അതെ അതെ നീ നോർമൽ തന്നെ. വന്നു ഇവിടെ ഇരിക്കാൻ നോക്ക് ഇല്ലെങ്കിൽ രാവിലെ വീടിന്റെ മുറ്റത്ത് നിന്ന് നിന്നെ പെറുക്കി എടുക്കേണ്ടി വരും..."

www.kkstories.com

"...നീ പോടാ..."എന്നും പറഞ്ഞ് എന്റെ അടുത്ത് വന്നിരുന്നു

"... ആദി ഇത് തീർന്നെടാ എനിക്ക് ഇനിയും വേണം..."കൊച്ചു പിള്ളേരെപോലെ ശാഠ്യം പിടിക്കാൻ തുടങ്ങി.

"...സാധനം ഒക്കെ തീർന്നു ഇനി ഇല്ല..."

"... എനിക്ക് ഇനിയും വേണം കുയ്..."എന്നും പറഞ്ഞ് കൂകി വിളിച്ചു അലമ്പ് ഉണ്ടാക്കാൻ തുടങ്ങി.

"... ശൂ.... ശൂ...🤫 ആരെങ്കിലും കേൾക്കു..." പേടിയോടെ ഞാൻ പറഞ്ഞു

അവളും എന്നെ പോലെ ചുണ്ടിൽ കൈവച്ചു

".... 🤫ശൂ...ശൂ.... 🗣️ആരാടാ ഇവിടെ ബഹളം ഉണ്ടാക്കുന്നെ..."എന്നും പറഞ്ഞ് അവൾ ഒരു അലർച്ചയായിരുന്നു

"... എടി മിണ്ടാതിരിക്കടി ഇല്ലെങ്കിൽ ഇപ്പൊ അച്ഛനും അമ്മയും കേറി വരും..."എന്നും പറഞ്ഞ് അവളുടെ വാ പൊത്തി പിടിച്ചു.

ദൈവമേ വേലിയിൽ കിടന്ന പാമ്പ് ആയല്ലോ ഇവൾ. മിണ്ടാതിരിക്കാം എന്നുള്ള ഉറപ്പിൽ അവളുടെ വായിൽ നിന്നും കൈ എടുത്തു.

"...നീ എന്ത് പറഞ്ഞാലും ഞാൻ അനുസരിക്കും..."അതും പറഞ്ഞു എന്റെ കൈയിൽ കൂടി കൈ ചുറ്റി എന്റെ തോളിൽ ചാരി ഇരുന്നു .

"... അതെന്താ അങ്ങനെ..."

"... ഞാൻ എന്ത് പറഞ്ഞാലും വാങ്ങി തരും, ഞാൻ പറയുന്ന സ്ഥലത്ത് ഒക്കെ എന്നെ കൊണ്ട് പോവും, എനിക്ക് നോട്ട് എഴുതി തരും, എന്നെ എപ്പോഴും നീ ഹാപ്പി ആക്കി നിർത്തും. എനിക്ക് നിന്നെ ഒരുപാട് ഇഷ്ട്ടായി. I realy like you..."എന്നോട് ഒന്നുകൂടി അവൾ ചേർന്നിരുന്നു.

ആ സമയം എന്റെ മനസ്സിൽ ഉണ്ടായ ഒരു ആനന്ദം എങ്ങനെയാ പറയാ. എനിക്കും അവളോട് എന്റെ ഇഷ്ട്ടം പങ്ക് വയ്ക്കാൻ തോന്നി.

"...എനിക്കും നിന്നെ ഒരുപാട് ഇഷ്ട്ട. എപ്പോ തോന്നി എന്നൊന്നും അറിയില്ല ഇപ്പോ നീ എന്റെ ജീവൻ ആണ് 🥰..." ഇതും പറഞ്ഞ് അവളെ നോക്കിയപ്പോ പുള്ളി എന്റെ തോളിൽ കിടന്ന് ഉറക്കമായി. ഇപ്പൊ വാവിട്ടു അലച്ച ഞാൻ ആരായി.

എത്ര നേരം അങ്ങനെ ഇരുന്നു എന്ന് എനിക്ക് അറിയില്ല. ഇനിയും ഇരുന്നാൽ ശരിയാവില്ല പോരാത്തതിന് നല്ല മഞ്ഞും ഉണ്ട്.

"... ചാരു ടി എഴുനേക്ക്. വാ അകത്തു പോയി കിടക്കാം..."

www.kkstories.com

എവിടെ ആനകുത്തിയാലും എഴുന്നേൽക്കും എന്ന് തോന്നുന്നില്ല. ഇവളെ ഇവിടെ ഇട്ടിട്ടു പോവാനും പറ്റില്ല. എന്താ ഇപ്പൊ ചെയ്യാ. ഇനി ഒന്നും നോക്കാൻ ഇല്ല. രണ്ട് കൈയിലും കോരി എടുത്ത് അവളുടെ റൂമിലേക്ക് നടന്നു. അവളെ ബെഡിൽ കിടത്തി പുതപ്പ് എടുത്ത് മൂടനായി തുടങ്ങി. പെട്ടെന്ന് അവൾ എന്റെ കൈയിൽ പിടിച്ചു.

"...എന്നെ വിട്ടു പോവല്ലെടാ..." അങ്ങനെ എന്തൊക്കെയോ പിച്ചും പേയും പറയുന്നുണ്ട്

കൈ വിടുവിച്ചു അവളുടെ നെറുകയിൽ ഒരു ചുംബനം കൊടുത്തു. എന്റെ പെണ്ണിന് ഞാൻ കൊടുക്കുന്ന ആദ്യ ചുംബനം. ചരുവിന്റെ തലയിൽ തലോടി ലൈറ്റും ഓഫ് ആക്കി എന്റെ റൂമിലേക്ക് പോയി.

പിറ്റേന്ന് രാവിലെ ഹാളിൽ എത്തിയപ്പോ ചൂട് ചായ ഊതി കുടിക്കുന്ന ചാരുവിനെയാ കാണുന്നെ.

"... അമ്മേ ചായ..." അടുക്കളയിൽ നിന്ന അമ്മക് ഓർഡർ നൽകി ചരുവിന്റെ അരികിൽ ഇരുന്നു.

"... ഇന്നലെ രാത്രി നീ വല്ല സൗണ്ടും കെട്ടായിരുന്നോ..." ചായ തന്ന് അമ്മ കാര്യമായി എന്നോട് ചോദിച്ചു.

"... എന്ത് സൗണ്ട് ഞാൻ ഒന്നും കേട്ടില്ല..." ചാരുവിനെ നോക്കി ഞാൻ പറഞ്ഞു പുള്ളി ഒളി കണ്ണിട്ടു എന്നെ നോക്കി.

"... അപ്പൊ എനിക്ക് തോന്നിയത് ആണോ..." അമ്മ പിറുപിറുത്തോണ്ട് അടുക്കളയിലേക്ക് പോയി

"... ഞാൻ പറയട്ടെ ഇന്നലെ എന്ത് സൗണ്ട് ആണ് കേട്ടത് എന്ന്..." ചാരുനെ ഭീഷണിപെടുത്താൻ നോക്കി

"... ഞാൻ ആണോ സൗണ്ട് ഉണ്ടാക്കിയെ..." സംശയരൂപേണ ചാരു എന്നെ നോക്കി

"... ദേ എന്നെകൊണ്ട് ഒന്നും പറയിപ്പിക്കണ്ട. നീ ഇന്നലെ നല്ല അലമ്പായിരുന്നു..."

"... പോടാ ചുമ്മാ കള്ളം പറയാതെ..."

"... അപ്പൊ നിനക്ക് ഒന്നും ഓർമ ഇല്ലേ..."

"... ഇന്നലെ ഞാൻ എഴുന്നേറ്റു നടന്നു നിന്റെ അടുത്ത് വന്നിരുന്നു പിന്നെ എന്താ നടന്നെ..." അതിനു ശേഷം എന്താ ഉണ്ടായത് എന്ന് അവൾ ഓർക്കാൻ ശ്രമിച്ചോണ്ടിരുന്നു

"... നിനക്ക് അത് വരെ ഓർമ ഉള്ളോ 🥲..." ഞാൻ ചോദിച്ചു

"... ആഹ്ഹ് പിന്നെ നീ ഇഷ്ട്ടം എന്നോ ജീവൻ എന്നോ അങ്ങനെ എന്തൊക്കെയോ പറഞ്ഞപോലെ ഒരു ഓർമ ..."

ദൈവമേ പെട്ടു ഇവൾ ഇന്നലെ പറഞ്ഞത് ഒന്നും ഇവൾക്ക് ഓർമ ഇല്ല.ഞാൻ പറഞ്ഞത് മാത്രമേ ഇവൾക്ക് ഓർമ ഉള്ളോ...?

"... പക്ഷെ ഒന്നും വ്യക്തമായി ഓർമ കിട്ടാനില്ല നീ എന്താ അപ്പൊ പറഞ്ഞെ..."

www.kkstories.com

"... ഏയ്യ് ഞാൻ അങ്ങനെ ഒന്നും പറഞ്ഞില്ല..."

ഇന്നലെ ഞാൻ പറഞ്ഞത് ഒന്നും ഇപ്പൊ അവൾ അറിയണ്ട

"... ഞാൻ എങ്ങനെയാ റൂമിൽ എത്തിയെ..."

"...ആ സത്യം എന്നോട് കൂടെ മണ്ണിൽ അലിഞ്ഞു ഇല്ലാതാവും..."അതും പറഞ്ഞ് ഞാൻ റൂമിലേക്കു പോയി.

ഇപ്പോഴും ഇന്നലെ എന്തൊക്കെയാ നടന്നത് എന്ന് ആലോചിക്കയാണ് ചാരു. എന്തായാലും അവൾക് എന്നെ ഇഷ്ട്ടാണ്. നല്ലൊരു സന്ദർഭം കിട്ടുമ്പോൾ എന്റെ ഇഷ്ട്ടം അവളോട് പറയണം.

എന്റെ സസ്പെന്ഷൻ മാറി ഞാൻ കോളേജിൽ പോയി തുടങ്ങി. കാർത്തി ഉള്ളത് കൊണ്ട് അവളെ ഞാൻ ബസിൽ തന്നെ പറഞ്ഞയച്ചു. ബോക്സിനിനോടുള്ള എന്റെ താല്പര്യം ഇപ്പൊ ചെറുതായി കുറഞ്ഞത് പോലെ. കാർത്തി അതും പറഞ്ഞു എന്നെ കുറ്റപ്പെടുത്തുന്നുണ്ട്. ഇപ്പൊ എന്റെ ചിന്ത മുഴുവൻ ചാരുവിനെ കുറിച്ചാണ് അവളോട് സംസാരിക്കുന്ന ഓരോ സമയവും ഞാൻ അവളിലേക്കു കൂടുതൽ അടുക്കാൻ തുടങ്ങി. ഇഷ്ട്ടം തുറന്നു പറയാത്തതിന് കാർത്തി രഹസ്യമായും പരസ്യമായും എന്നെ കളിയാക്കാറുണ്ട്. ഇതിനിടയിൽ ചാരുവിന്റെ അച്ഛൻ എന്റെ അമ്മയെ വിളിച്ചു സംസാരിച്ചു ആ പ്രേശ്നങ്ങൾ എല്ലാം ഒത്തുതീർപ്പ് ആക്കി. ഓണത്തിന് അവിടെ കൂടാൻ ഞങ്ങളെ ക്ഷണിച്ചേക്കുവാ. എല്ലാരും അതിന്റെ സന്തോഷത്തിൽ ആണ് ഞാൻ അതിനേക്കാൾ excited ആണ്. കാരണം ചാരുവിന്റെ വീടും നാടും ഒക്കെ കാണാല്ലോ.

അങ്ങനെ മറ്റൊരു ഓണക്കാലം എത്തി.കോളേജിലെ ഞങ്ങളുടെ ആദ്യ ഓണാഘോഷം ആയോണ്ട് അത് കളർ ആക്കാൻ ആയിരുന്നു നമ്മുടെ പ്ലാൻ. ഡ്രസ്സ് കോഡും കാര്യങ്ങൾ ഒക്കെ സെറ്റ് ചെയ്തു.

രാവിലെ മുണ്ടും ഉടുത്തു ഷർട്ടും ഇട്ടു വന്നപ്പോഴേക്കും ചാരു കോളേജിൽ പോയിരുന്നു. പൂക്കളം ഇടണം എന്നും പറഞ്ഞ നേരുത്തേ പോയി. പുള്ളികാരിയെ രാവിലെ ഒന്ന് കാണാനും പറ്റിയില്ല. കാർത്തിയെയും കൂട്ടി കോളേജിൽ എത്തി. ഓണത്തിന് സാധാരണ ഇടാറുള്ള പാട്ടും അലങ്കാരങ്ങളും എല്ലാം ഉണ്ടായിരുന്നു. മോഡേൺ ഡ്രസ്സ് മാത്രം ഇടുന്ന പെൺപിള്ളേർ പോലും ഇന്ന് നടൻ ലുക്കിൽ അണിനൊരുങ്ങി നടപ്പുണ്ട്. എല്ലാരേയും കാണാൻ തന്നെ പ്രേത്യേക ഐശ്വര്യം ആയിരുന്നു എന്നാ എന്റെ ദേവതയെ മാത്രം അവിടെങ്ങും കണ്ടില്ല.

"... എന്നെ കാണാൻ എങ്ങനെ ഉണ്ടട..." ദാവണി ഉടുത്ത എന്റെ മുന്നിൽ ഒരു റൗണ്ട് കറങ്ങി കാണിച്ച ദിയ ചോദിച്ചു.

"... ആഹ് കൊള്ളാടി കാണാൻ നല്ല ചേലുണ്ട്..." അത് കേട്ടപ്പോ അവൾക്ക് ഒരുപാട് സന്തോഷമായി.

"... അത്രക്ക് ഒന്നും ഇല്ല ഒരു ആവറേജ്..." താല്പര്യം ഇല്ലാതെ കാർത്തി പറഞ്ഞു.

"... പോടാ. നിന്നെ കാണാൻ കണ്ടത്തിൽ കോലം വച്ചത് പോലെ ഉണ്ട്..." കാർത്തിയെ നോക്കി പരിഭവത്തോടെ പറഞ്ഞു അവൾ പോയി.

"... നീ എന്തിനാടാ എപ്പോഴും അവളോട് ഇങ്ങനെ വഴക്കുണ്ടാക്കുന്നെ..."

www.kkstories.com

"...ഇതൊക്കെ ഒരു രസമല്ലേ അളിയാ..."

"...ഉവ്വ് ഉവ്വേ..."

"... ഞാൻ വന്നപ്പോ തൊട്ട് ശ്രെദ്ധിക്കുന്നതാ നീ ആരെയാ ഇ നോക്കുന്നെ..."

"...വേറെ ആരെ നോക്കാനാ ചാരുവിനെ തന്നെ..."

"... വീട്ടിൽ എപ്പോഴും അവളെയും കണ്ടോണ്ട് അല്ലെ ഇരിക്കണേ എന്നിട്ടും കൊതി മാറിയില്ലേ..."

"... ഇന്ന് അവളെ കണ്ടില്ല 😬..."

"... നീ ഇങ്ങനെ അവളുടെ പിറകെ ഒലുപ്പിച്ചോണ്ട് നടക്കത്തെ ഉള്ളു. വേറെ ആൺപിള്ളേർ അവളെയും കൊണ്ട് പോവും..."

"... നീ എന്താടാ അങ്ങനെ പറഞ്ഞത്..."

"... പിന്നെ ഞാൻ എങ്ങനെ പറയണം. 3,4 മാസം ആയല്ലോ എനിക്ക് അവളെ ഇഷ്ട്ടണെ ഇഷ്ട്ടണെ എന്ന് പറഞ്ഞു ഒലുപ്പിച്ചോണ്ട് നടക്കുന്നത്. അവൾക് നിന്നെ ഇഷ്ടമാണോ അല്ലെ എന്ന് നിനക്ക് അറിയോ..?"

"... അത്...അതുപിന്നെ അവൾക്ക് എന്നെ ഇഷ്ട്ടം. നേരിട്ട് പറഞ്ഞില്ല. പക്ഷെ അവളുടെ പെരുമാറ്റത്തിൽ അങ്ങനെ തോന്നിട്ടുണ്ട്..."

"... നീ ഈ തോന്നലും വച്ചോണ്ട് ഇവിടെ നിന്നോ ഞാൻ പോണു..."അതും പറഞ്ഞവൻ പോകാൻ തുടങ്ങി

"... നിനക്ക് ഇപ്പൊ എന്താ വേണ്ടേ ഞാൻ പോയി അവളെ പ്രൊപ്പോസ് ചെയ്യണം അത്രയല്ലേ ഉള്ളു..."

"... എനിക്ക് വേണ്ടി നീ ഒന്നും ചെയ്യണ്ട. നിനക്ക് തോന്നി ചെയ്യുന്നെങ്കിൽ ചെയ്താൽ മതി..."

"...ആദി, കാർത്തി വന്നു വടം വലിക്ക് പേര് കൊടുക്ക്..." ദിയ വന്നു നമ്മളെ വിളിച്ചു.

വടം വലിക്ക് പേരും കൊടുത്ത് ചാരുവിനെ അവിടെ മുഴുവൻ നോക്കി കണ്ടില്ല. ഇതിനിടയിൽ നല്ല രീതിയിൽ ഓണാസദ്യ കഴിക്കാൻ ഇരുന്നു. ഉച്ചകഴിഞ്ഞു വടം വലിക്കാൻ പേര് കൊടുത്തവർ ഗ്രൗണ്ടിൽ വരാൻ അന്നൗൻസ് വന്നു. പിന്നെ അവിടേക്കു പോയി. നല്ല ആവേശം ഉള്ള വടംവലിയാണ് നടന്നത് ഞങ്ങൾക്ക് മൂന്നാമത്തേത് ആയിരുന്നു നമ്മുടെ വലി എതിരാളി ആയി വന്നത് ചരുവിന്റ ക്ലാസ്സിലെ പിള്ളേരും. കൈ അടിക്കുന്ന ആൾക്കൂട്ടത്തിനിടയിൽ ചാരുവും ഉണ്ടായിരുന്നു. ഇന്നത്തെ ദിവസം ഇപ്പോഴാണ് അവളെ കാണുന്നെ. തലയിലെ മുല്ലപ്പൂ വാടിയിട്ടുണ്ട് എന്നാലും അവളുടെ സൗന്ദര്യത്തിന് ഒരു കോട്ടവും തട്ടിയിട്ടില്ല. എന്നെ കണ്ട അവൾ ഡ്രസ്സ് സൂപ്പർ എന്ന് ആംഗ്യം കാണിച്ചു.

"...ഡെയ് ഇത് വടം വലിയാണ് അല്ലാതെ നിന്റെ ആദ്യരാത്രി അല്ല..."എന്റെ കാട്ടിക്കൂട്ടൽ കണ്ട് കാർത്തി എനിക്കിട്ട് ഒന്ന് കൊട്ടി.

www.kkstories.com

"... നിന്റെ പെണ്ണിന്റെ ക്ലാസ്സ് ആണെന്ന് പറഞ്ഞു വടംവലി വിട്ടുകൊടുത്താൽ നിന്റെ തലമണ്ട ഞാൻ അടിച്ചപൊട്ടിക്കും കേട്ടല്ലോ..." കാർത്തിയുടെ ഭീഷണി എത്തി.

"...ഞാൻ അങ്ങനെ ചെയ്യും എന്ന് നിനക്ക് തോന്നുന്നുണ്ടോ അളിയാ 😁..."

"... ആഹ് എനിക്ക് തോന്നുന്നുണ്ട്..."

പിന്നെ ഒന്നും നോക്കിയില്ല ശ്രദ്ധമുഴുവൻ വടംവലിയിൽ ഫോക്കസ് ചെയ്ത് വലിച്ചു. നമ്മൾ ജയിച്ചു.

"... ഇന്നാടാ ഇത് കുടിച്ചോ..." വലിച്ചു ക്ഷീണിച്ച നമ്മുടെ അടുത്തേക്ക് ദിയ വെള്ളം കൊണ്ട് തന്നു.

"... എനിക്ക് എവടെ വെള്ളം..."കാർത്തി അവളോട് ചോദിച്ചു.

"...കൈക്കു കുഴപ്പം ഒന്നും ഇല്ലല്ലോ പോയി എടുത്ത് കുടിച്ചോ..."

"... നിനക്ക് ഞാൻ വച്ചിട്ടുണ്ടടി ഉണ്ടക്കണ്ണി😡..."

"...എന്നാ പെട്ടെന്ന് പോയി എടുത്തോണ്ട് വാ ഞാൻ വെയിറ്റ് ചെയ്യാം..."ദിയയും കട്ടക്ക് നിന്നു.

"... ഇതുങ്ങളെ കൊണ്ട് ഞാൻ തോറ്റല്ലോ ദൈവമേ..."അതും പറഞ്ഞു ഞാൻ കുടിച്ചോണ്ട് ഇരുന്ന വെള്ളം കാർത്തിക്ക് കൊടുത്തു.

പിന്നെ നല്ല രീതിയിൽ കഷ്ട്ടപെട്ടു വടംവലിച്ച് ഞങ്ങളുടെ ക്ലാസ്സ് ഫൈനൽ വരെ എത്തി. ഫസ്റ്റ് വലി തോറ്റപ്പോഴേ ചാരു അവളുടെ ക്ലാസ്സിലെ പിള്ളേരുടെ കൂടെ തിരിച്ചു പോയി.

"... ഇത്രയും നേരം വലിച്ചത് പോലെയല്ല ഇത്. അവർ കുറച്ചു ടൈറ്റ് ടീം ആണ് പക്ഷെ നമുക്ക് ജയിച്ചേ മതിയാവൂ..." ഇജ്ജാതി മോട്ടിവേഷൻ വടംവലി ക്യാപ്റ്റൻ കാർത്തിയുടെ പക്കൽ നിന്നും എങ്ങനെ വരുന്നോ ആവോ.

അവന്റെ മോട്ടിവേഷൻ പവർ കൊണ്ടാണോ അതോ നമ്മുടെ കഷ്ടപ്പാടിന്റെ ഫലം ആണോ എന്ന് അറിയില്ല നമ്മൾ ഫസ്റ്റ് അടിച്ചു 🏆.

ഒരു കുല ഏത്തൻ ആയിരുന്നു സമ്മാനം. അതും വാങ്ങി ക്ലാസ്സിൽ പോയി ആർമാദം ആയിരുന്നു. ക്ലാസ്സിലെ എല്ലാരും ഡാൻസും കൂത്തും ഒക്കെയായി നല്ല പോലെ ആഘോഷിച്ചു. ചാരുനെ കണ്ടിട്ട് വരാം എന്ന് കർത്തോയോട് പറഞ്ഞ് നൈസിനു അവളുടെ ക്ലാസ്സിലേക്ക് നീങ്ങി.

ഇന്ന് ഞാൻ നല്ല സന്തോഷത്തിൽ ആണ്. ഇതാണ് പറ്റിയ സമയം അവളോട് എന്റെ പ്രണയം അറിയിക്കണം. അവളുടെ ക്ലാസ്സിന്റെ അരികിലേക് എത്താറായി വരാന്തയിൽ അവൾ നിൽക്കുന്നുണ്ടായിരുന്നു. എന്റെ മനസ് അവളിലേക്കു കുതിച്ചു. പെട്ടെന്ന് എന്റെ കാലുകൾ നിശ്ചലമായി.

എനിക്ക് പുറം തിരിഞ്ഞു നിന്ന് അരുണിനോട് സംസാരിക്കയാണ് അവൾ. എന്നെ അവൾ കണ്ടിട്ടില്ല പക്ഷെ അരുൺ എന്നെ കണ്ടു. എന്നെ കണ്ടതും ചരുവിന്റെ കൈയിൽ പിടിച്ചോണ്ട് എന്നെ നോക്കി ഒരു ഊമ്പിയ ചിരി ചിരിച്ചു. എനിക്ക് അങ്ങ് പെരുത്ത് വന്നു പിന്നെ നടന്നത് എന്റെ നിയന്ത്രണത്തിൽ അല്ല. പെട്ടെന്ന് ഒരു സൗണ്ടോടു കൂടി തെറിച്ചു വീഴുന്ന അരുണിനെ ആണ് ചാരു കാണുന്നത്. എന്താ സംഭവിച്ചത് എന്ന് തിരിഞ്ഞ് നോക്കിയപ്പോ കാണുന്നത് കത്തുന്ന കോപത്താൽ കൈ മുറുക്കുന്ന എന്നെയാണ്. അവന്റെ നെഞ്ചാകൂട് ചവിട്ടി പൊളിക്കാൻ ആയി നീങ്ങിയ എന്നെ ചാരു തടഞ്ഞു.

"... ആദി എന്താ നീ കാണിക്കുന്നേ..."എന്റെ മുന്നിൽ കേറി നിന്ന് അവൾ ചോദിച്ചു.

"...ഇവൻ നിന്റെ കൈക്കു കേറി പിടിച്ചില്ലെ. ഇന്നിവനെ ഞാൻ കൊല്ലും..." അതും പറഞ്ഞു അവളെ മുന്നിൽ നിന്നും മാറ്റാൻ ശ്രമിച്ചു.

"... അവൻ എന്റെ കൈയിൽ പിടിച്ചതിനും എന്താ കുഴപ്പം. അവൻ എന്റെ ഫ്രണ്ട് ആണ്..." ചാരു എന്നോട് ചൂടായി

"...ഇവൻ ഏത് ഉദ്ദേശത്തോടെയാണ് നിന്റെ കൈയിൽ പിടിച്ചത് എന്ന് നിനക്ക് അറിയില്ല. ഇവന്റെ കടി ഇന്നത്തോടെ ഞാൻ തീർത്തുകൊടുക്കും..."

"...ഏത് ഉദ്ദേശത്തോടെ ആയാലും അവൻ എന്റെ ഫ്രണ്ട് ആണ്. എന്റെ കൈക്കു പിടിച്ചതിൽ എനിക്ക് കുഴപ്പം ഇല്ല. പിന്നെ ആദിക്ക് എന്താ പ്രശ്നം..?" അവൾ എന്നോട് കയർത്തു

ഒരു നിമിഷം ഞാൻ അവൾക് ആരും അല്ല എന്നൊരു തോന്നൽ ഉണ്ടായി.

www.kkstories.com

അവൾ ഓടി പോയി അരുണിനെ പിടിച്ചെഴുന്നേൽപ്പിച്ചു. തിരിച്ച് എന്റെ അരികിലേക്ക് വന്നു.

"...നീ കാണിച്ചത് മോശമായി പോയി ആദി. ഇവനോട് സോറി പറയ്..." ചാരു പറഞ്ഞു.

"... എന്റെ പട്ടി പറയും ഇവനോട് സോറി..." ചാരു പറയുന്നത് ഒട്ടും എനിക്ക് ഉൾക്കൊള്ളാനായില്ല.

"... സാരമില്ല ചാരു സോറി ഒന്നും പറയണ്ട എനിക്ക് കുഴപ്പം ഒന്നും ഇല്ല..." ചവിട്ടു കൊണ്ട നെഞ്ചും തടവി അവന്റെ കോണത്തിലെ അഭിനയം തുടങ്ങി.

"...അത് പറഞ്ഞാൽ പറ്റില്ല അരുൺ. ആദി സോറി പറയാന പറഞ്ഞെ ..." അതും പറഞ്ഞു എനിക്ക് നേരെ അവൾ തിരിഞ്ഞു. ആ സമയം ആ ഊമ്പിയ ചിരി പിന്നെയും അരുണിന്റെ മുഖത്ത് തെളിഞ്ഞു. അത് എന്നിൽ കോപം ഇരട്ടിച്ചു.

"...പറ്റില്ല എന്നല്ലേ പറഞ്ഞെ..." എന്റെ ദേഷ്യം കൂടി കൂടി വന്നു.

"... ഇവനോട് സോറി പറഞ്ഞിട്ട് ഇനി നീ എന്നോട് മിണ്ടിയാൽ മതി 😡..."

ഞാൻ ആകെ സ്തംഭിച്ചു പോയി. ചാരുന്റെ മനസ്സിൽ ഇവനെക്കാളും താഴെയാണോ എന്റെ സ്ഥാനം..? ഞാൻ പറയുന്നതിനേക്കാൾ വിശ്വാസം ഇവനെ ആണോ...?ഞാൻ ആകെ തകർന്ന അവസ്ഥയായി.

"... ഈ നായിന്റെ മോനോട് സോറി പറഞ്ഞാലേ നീ എന്നോട് സംസാരിക്കു എന്നുണ്ടെങ്കിൽ എനിക്ക് ആ ഫ്രണ്ട്ഷിപ് വേണ്ട..."

www.kkstories.com

ചങ്ക് പൊട്ടുന്ന വേദനയോടെ ഞാൻ തിരിഞ്ഞു നടന്നു. ഉള്ളിലെ വേദന കണ്ണീരായി പ്രതിഭലിച്ചു.
എന്നെ തേടി വന്ന കാർത്തി കാണുന്നത് നിറക്കണ്ണുകളോടെ വരുന്ന എന്നെയാണ്.

"... എവിട പോയിരുന്നട മൈരേ. നിന്നെ എവിടെയെല്ലാം നോക്കി..." എന്നെ കാണാത്തതിന്റെ ദേഷ്യത്തിൽ ചോദിച്ചതാ.

"...നിന്റെ കണ്ണ് എന്താടാ നിറഞ്ഞിരിക്കുന്നെ. എന്താ പ്രശ്നം..."

"... ഒന്നും ഇല്ലടാ..." ഞാൻ ഒഴിയാൻ നോക്കി.

"...ഒന്നും ഇല്ലാതെയാണോ ഇങ്ങനെ നിന്ന് മോങ്ങുന്നേ. കാര്യം പറയടാ മൈരേ 😡..." അവനോട് കാര്യങ്ങൾ എല്ലാം പറഞ്ഞു.

"... നീ വന്നേ ആ അരുണിനെ ഇന്ന് ഞാൻ..."കാർത്തി എന്നെയും വിളിച്ചോണ്ട് അവരുടെ അടുത്തേക്ക് പോവാൻ തുടങ്ങി.

"... വേണ്ടടാ വീട്ടേക്ക് നമുക്ക് പോവാം..."

"... നീ എന്നെ വിട്ടേ എനിക്ക് ഇത് ചോദിച്ചേ മതിയാവൂ..."

"...എന്ത് ചോദിക്കാനാടാ. വീണ്ടും അവരുടെ മുന്നിൽ കോമാളി ആവാൻ വയ്യ ..." എന്റെ നിസ്സഹായത കണ്ടിട്ടാവണം പിന്നെ ഒന്നും മിണ്ടാതെ എന്നെയും കൂട്ടി വണ്ടിയുടെ അടുത്തേക്ക് പോയി.

"...വണ്ടി ബാറിലേക്ക് എടുക്ക്..." ബൈക്കിന്റെ പിന്നിൽ കയറിയ ഞാൻ കാർത്തിയോട് പറഞ്ഞു.

"... ടാ അത് വേണോ..?" സംശയരൂപേണ അവൻ എന്നെ നോക്കി.

എന്റെ നോട്ടത്തിൽ നിന്നും അവനു മനസിലായി അത് എന്റെ ഉറച്ച തീരുമാനം ആണെന്ന് പിന്നെ ഒന്നും പറയാതെ നേരെ വണ്ടി ബാറിലേക് വിട്ടു.

ആലോചിക്കുമ്പോൾ എനിക്ക് ദേഷ്യവും സങ്കടവും കൂടി കൂടി വന്നു. അതനുസരിച്ച് പെഗ്ഗിന്റെ എണ്ണവും കൂടികൊണ്ടിരുന്നു.

"... എടാ മതിയാക്കട ഇപ്പൊ തന്നെ ഇത് എത്രമത്തേതാ..." കാർത്തി എന്നെ പിന്തിരിപ്പിക്കാൻ നോക്കി.

"... പറ്റുന്നില്ലടാ മനസ്സിലെ സങ്കടം മാറുന്നില്ല. നിനക്ക് അറിയോ ഞാൻ അവളെ എത്രമാത്രം സ്നേഹിച്ചെന്ന്..." ഒരു പെഗ്ഗ് കൂടി അകത്താക്കി.

"... ആ പന്ന നായിന്റെ മോന്റെ വിലപോലും അവൾ എനിക്ക് തന്നില്ലല്ലോടാ..."

www.kkstories.com

"... എടാ പോട്ടെടാ അതൊക്കെ കഴിഞ്ഞതല്ലേ..."

"... അവൾക്ക് വേണ്ടി ഞാൻ എന്തൊക്കെ ചെയ്തന്നോ എന്നിട്ടും ആ പട്ടികഴുവേറി പറയുന്നതാ അവൾക്ക് വിശ്വാസം. അപ്പൊ ഞാൻ പൊട്ടനാണോ..?" കാർത്തിയോട് ചോദിച്ചു

"... അതെ ഞാൻ പൊട്ടനാ പൊട്ടൻ. നീ അപ്പോഴേ പറഞ്ഞതാ വാ കൊണ്ട് പറഞ്ഞാലേ ഇഷ്ടവും ഇഷ്ടക്കേടും മനസ്സിലാവൂ എന്ന്. അപ്പൊ പുരിയലെ ഇപ്പൊ പുരിയിത്..." കണ്ണീർ തുടച്ചോണ്ട് വീണ്ടും കുടിച്ചു .

"... ആദി പോട്ടെടാ. നീ ഇങ്ങനെ കരയാതെ..."

"...അവളെ ഓർത്തുള്ള എന്റെ അവസാന കണ്ണീരാടാ ഇത് . ഇ ആദി ഇനി അവൾക്ക് വേണ്ടി കരയില്ല..." എന്റെ വിഷമം എല്ലാം അവനോട് പറഞ്ഞപ്പോ ചെറിയ ഒരു ആശ്വാസം.

വീട്ടിൽ എത്തിയപ്പോ രാത്രിയായി. എന്നെ വീട്ടിൽ ഡ്രോപ്പ് ചെയ്ത് കാർത്തി എന്റെ ബൈക്കും കൊണ്ട് പോയി. ബെൽ അടിച്ചു വാതിൽ തുറക്കുന്നതിനായി കാത്തുനിന്നു. അമ്മയാണ് വാതിൽ തുറന്നെ.

"...എന്താടാ ഇത്രയും താമസിച്ചേ..."അമ്മ ചോദിച്ചു

"... ലേറ്റ് ആയി പോയി..."അതും പറഞ്ഞു ഞാൻ റൂമിലേക്കു നടന്നു.

"... ആദി നിന്നെ അവിടെ..."അമ്മ എന്റെ അടുത്തേക്ക് വന്നു.

"... നീ കുടിച്ചിട്ടുണ്ടോ..?" മുന്നിൽ കേറി നിന്ന് അമ്മ ചോദിച്ചു.

അതെ എന്ന് മൂളി. കിട്ടി കരണം പോളക്കെ ഒന്ന്.

"... എന്ന് തുടങ്ങിയടാ ഇ ശീലം..." അമ്മയുടെ ചോദ്യത്തിന് എനിക്ക് മറുപടി ഉണ്ടായിരുന്നില്ല.

"...നിന്നെ കാണാത്തത് കൊണ്ട് ഞാൻ എത്രമാത്രം വിഷമിച്ചെന്നോ. ചാരുമോള പറഞ്ഞെ നീ നേരത്തേ കോളേജിൽ നിന്നും പോയെന്നു..."

ഓഹോ അവൾ ആണ് അമ്മക് മൂട്ടികൊടുത്തത്. ഇതെല്ലാം നോക്കി നിന്നിരുന്ന ശരണ്യയെ ഞാൻ കണ്ടു എന്റെ കണ്ണിൽ അവളോടുള്ള ദേഷ്യം കത്തി ജ്വലിച്ചു.

"... എന്തിനാടാ എന്നെ ഇങ്ങനെ വിഷമിപ്പിക്കുന്നെ..."അമ്മ കരയാൻ തുടങ്ങി.

അമ്മയെ അശ്വസിപ്പിക്കാൻ തക്ക വാക്കുകൾ എന്റെ പക്കൽ ഇല്ലാത്തതിനാൽ ഞാൻ എന്റെ റൂമിലേക്കു പോയി.

ആദ്യമായി അമ്മ എന്നെ അടിച്ചു. ഇതിനെല്ലാം കാരണം അവള. ആലോചിക്കുതോറും എന്റെ ദേഷ്യം ഇരട്ടിച്ചു വന്നു. പയ്യെ ഉറക്കത്തിലേക്ക് വീണു.

www.kkstories.com

രാവിലെ അസഹീനമായ തലവേദന കാരണമാണ് ഉറക്കം എഴുന്നേറ്റത്. ഇന്നലത്തെ കാര്യങ്ങൾ ആലോചിച്ചപ്പോ എന്റെ തല വെട്ടി പൊളിക്കുന്നപോലെ തോന്നി. ഫ്രഷ് ആയി താഴേക്കു ചെന്നു.

"... അമ്മേ ചായ..."ഉളുപ്പില്ലാതെ ഞാൻ ചോദിച്ചു.

"... ഇന്നാ എടുത്ത് കുടിക്ക്..."ദേഷ്യത്തോടെ ഡെയിനിങ് ടേബിളിൽ അതും വച്ച് അമ്മ പോയി.

ഞാൻ പയ്യെ അത് കുടിച്ചു. അപ്പോ ചാരു എനിക്ക് എതിർവശം വന്നിരുന്നു. പക്ഷെ എനിക്ക് അത് ഇഷ്ടപ്പെട്ടില്ല. പാതി ചായ അവിടെ വച്ചു ഞാൻ പുറത്തേക്ക് പോയി.

"... ടാ കാപ്പി കുടിക്കുന്നില്ലേ..."അമ്മ തിരക്കി

"... എനിക്ക് വേണ്ട..." അത്രമാത്രം പറഞ്ഞു ജിമ്മിലേക്ക് നടക്കാൻ തുടങ്ങി.

അത്യാവശ്യം നല്ല ദൂരം ഉണ്ട് ജിമ്മിലേക്ക്. എന്തോ അവളോടുള്ള ദേഷ്യം കൊണ്ട് ആണെന്ന് തോന്നുന്നു നടന്ന ദൂരവും കാലിന്റെ വേദനയും ഒന്നും ഞാൻ അറിഞ്ഞില്ല.

"... നീ എവിടെയാടാ എന്റെ ബൈക്കും കൊണ്ട് പോയത്..."കാർത്തിയെ ഫോൺ വിളിച്ചു ചൂടായി.

"...എന്താടാ മൈരേ രാവിലെ വിളിക്കുന്നെ ഉറങ്ങാനും സമ്മതിക്കില്ലേ..."ഫോൺ എടുത്ത് കാർത്തി കയർത്തു.

"... ഓഹോ ഇത്രയും ദിവസം എന്നെ രാവിലെ ഉറങ്ങാൻ സമ്മതിക്കാതെ വിളിക്കുമ്പോൾ നിനക്ക് നല്ല സുഖം കിട്ടിയില്ലേ ഇനി ഞാനും സുഖിക്കട്ടെടാ..."

"... നീ പക പോക്കുവാണല്ലേ. നിന്റെ ബൈക്ക് ഞാൻ തിന്നിട്ടൊന്നുമില്ല ഇപ്പൊ തന്നെ നിന്റെ വീട്ടിൽ കൊണ്ട് തരാം പോരെ..."

"... വീട്ടിൽ ഒന്നും പോണ്ട ഞാൻ ഇവിടെ ജിമ്മിൽ ഉണ്ട്..."

"... നീ രാവിലെ അവിടെ എന്ത് ചെയ്യാ..."

"... വീട്ടിൽ ഇരുന്നിട്ട് ഒരു മനസമാധാനവും ഇല്ല അപ്പൊ ജിമ്മിൽ വരാന്ന് വച്ചു..."

"...എന്നാ നീ അവിടെ നിൽ ഞാൻ ഇപ്പൊ വരാം..."

ഫോണും വച്ച് ഞാൻ ജിമ്മിൽ കയറി. ബോഡി നോക്കുന്ന കണ്ണാടിക്ക് മുന്നിൽ എത്തി. ഷർട്ട് ഊരി സ്വയം ബോഡി ഒന്ന് മൊത്തം നോക്കി.

2,3 മാസം കൊണ്ട് ശരീരം മുഴുവൻ ഒന്ന് മാറിയിട്ടുണ്ട്. സിസ്പാക്കും മസിലും എല്ലാം പോയി. ഒരു പെണ്ണിന് വേണ്ടി എന്റെ മനസും ശരീരവും എല്ലാം നശിപ്പിച്ചു. എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി.

"... എന്താടാ കണ്ണാടിക്ക് മുന്നിൽ നിന്നും കോപ്രായം കാണിക്കുന്നേ..." കാർത്തിയായിരുന്നു.

www.kkstories.com

"... ഒന്നും ഇല്ലടാ. എന്റെ പഴയ ബോഡി ഒക്കെ പോയി അല്ലെ 🥲..." വിഷമത്തോടെ ഞാൻ ചോദിച്ചു.

"...നമുക്ക് ശരിയാക്കാട ഞാൻ ഇല്ലേ നിന്റെകൂടെ..."ആ വാക്കുകൾ എനിക്ക് നൽകിയ ആത്മവിശ്വാസം ചെറുതൊന്നുമല്ല.

"... നീ വല്ലതും കഴിച്ചോ..."കാർത്തി തിരക്കി.

"... ഇല്ലടാ. വിശക്കുന്നുണ്ട് 😁..."

"...ആഹ് ബെസ്റ്റ്. ഈ പ്രായത്തിലുള്ള പിള്ളേർ വിശന്നിരിക്കാൻ പാടില്ല. വീട്ടിൽ പോയി വല്ലതും കഴിക്കടാ..."

"... നീ വല്ലതും കഴിച്ചോ..?" ഞാൻ കാർത്തിയോട് തിരക്കി.

"...ഇല്ല. നീ സമ്മതിച്ചാൽ അല്ലെ വല്ലതും കഴിക്കാൻ പറ്റു. രാവിലെ തന്നെ ഇങ്ങോട്ട് കെട്ടിയെടുത്തില്ലേ..."

"... അത് നന്നായി. വണ്ടി നിന്റെ വീട്ടിലോട്ട് പോട്ടെ. ഇന്ന് ആഹാരം അവിടെ നിന്നാണ്..."

"... അതൊന്നും പറ്റില്ല എന്റെ വീട്ടിൽ എനിക്ക് കഴിക്കാനുള്ളതേ ഉള്ളൂ..."

"...എന്റെ വീട്ടിൽ പോവാൻ വയ്യട അതോണ്ട് അല്ലെ..."

എന്റെ അവസ്ഥാ അവന് മനസിലായി. കൂടുതൽ ഒന്നും പറയാതെ അവന്റെ വീട്ടിൽ പോയി കഴിച്ചു. അന്നത്തെ ദിവസം മുഴുവൻ അവനോട് ചിലവഴിച്ചു വീട്ടിൽ പോവാൻ തോന്നിയില്ല. ഉച്ചക്കും അവിടന്ന് തന്നെ കഴിച്ചു. അമ്മയും അമ്മുവും എന്നെ കാണാത്തതോണ്ട് വിളിച്ചോണ്ട് ഇരുന്നു. എനിക്ക് ഫോൺ എടുത്തില്ല.

"... നീ വീട്ടിൽ ഒന്നും പോണില്ലേ..."രാത്രി ആയപ്പോഴേക്കും കാർത്തി ചോദിച്ചു.

"... പോണം. നമുക്ക് മന്തി കഴിക്കാൻ പോയാലോ..." ഞാൻ ചോദിച്ചു.

"... ഇപ്പൊ എന്താ അങ്ങനെ ഒരു പൂതി..."

"...മടുത്തട എനിക്ക് പഴയത്പോലെ തിരിച്ചു വരണം . നാളെമുതൽ പ്രോപ്പർ വർക്ഔട് പ്രോപ്പർ ഡയറ്റ്.അതുകൊണ്ട് ഇന്ന് മന്തി കഴിച്ച് എല്ലാം നിർത്താം..." ഞാൻ ചിരിച്ചു കാണിച്ചു.

"... എന്നാ 1 ലിറ്റർ കുടി എടുത്താലോ..."

"... എന്റെ പൊന്നെ വേണ്ട ഇന്നലെ തന്നെ അമ്മേടെ വക കനത്തിന് കിട്ടി..."കവിൾ തടവി ഞാൻ പറഞ്ഞു.

"... അത് നന്നായി. കുപ്പി വേണം എന്നെങ്ങാനും പറഞ്ഞാൽ അപ്പുറത്തെ കവിൾ ഞാൻ നീരാക്കിയേനെ..."

www.kkstories.com

നന്നായി ഒന്ന് ചരിച്ചു കാണിച്ചു മന്തി കഴിക്കാൻ പോയി. മന്തി കൊണ്ട് വച്ചതെ ചെസ്റ്റ് പീസ് അവൻ എടുത്തു. അതിനു വേണ്ടി അടിയുണ്ടാക്കി എങ്കിലും ഫലം ഉണ്ടായില്ല പിന്നെ ഉറുപ്ചീട്ട് എടുത്തു. ഇച്ചിരി സെന്റി അടിച്ചപ്പോ ചെസ്റ്റ് പീസ് എന്റെ പ്ലേറ്റിൽ തന്നെ എത്തി. കഴിച്ച് കഴിഞ്ഞു തിരിച്ചു എന്റെ വീട്ടിലേക് പൊന്നു.

കാർത്തിയോട് സംസാരിച്ചപ്പോ എന്തോ ഒരു മനസമാധാനം തോന്നുന്നു. വീട്ടിൽ എത്തിയപ്പോ രാത്രി 10 മണിയായി ആരും ഉറങ്ങിയിട്ടില്ല.

"... നീ എവിടെയായിരുന്നു..." അമ്മയുടെ ചോദ്യം വന്നു. ചാരു ഉൾപ്പെടെ എല്ലാരും ഹാളിൽ TV കാണുന്നുണ്ടായിരുന്നു.

"... ജിമ്മിൽ..." അമ്മയൊന്നു നീട്ടി മൂളി.

"...കഴിക്കാൻ എടുക്കാം നീ വാ..." അമ്മ അടുക്കളയിലേക്ക് പോകാൻ ഒരുങ്ങി.

"... എനിക്ക് വേണ്ട ഞാൻ കഴിച്ചു..." അത് കേട്ടതും അമ്മയുടെ വിധം മാറി

"...രാവിലെ മുതൽ നീ ഇവിടന്നു പച്ചവെള്ളം കുടിച്ചിട്ടില്ല. ഞാൻ പിന്നെ ആർക്ക് വേണ്ടിയാ ഈ കണ്ടത് മൊത്തവും ഉണ്ടാക്കുന്നെ..."

തലകുനിച്ച നിൽക്കാനേ എനിക്ക് കഴിഞ്ഞോളൂ. ഞാൻ നേരെ റൂമിലേക്ക് പോയി. കുറച്ച നേരം ബെഡിൽ ഇരുന്നു. ബാൽക്കണിയിൽ പോയി ഇരിക്കാം എന്ന് കരുതി അങ്ങോട്ട് പോയി. ചാരു അവിടെ ഇരിക്കുന്നുണ്ടായിരുന്നു. കാൽപെരുമാറ്റം കേട്ടതും അവൾ എന്നെ നോക്കി. എനിക്ക് ഇവളെ കാണുമ്പോ മുഴുവൻ അരുണിനെ ആണ് ഓർമ വരുന്നത്. അവളോട് മിണ്ടാനോ അവളുടെ അടുത്ത് പോകാനോ എന്തിനു അവളുടെ സാമിപ്യം പോലു എന്നിൽ ദേഷ്യം ഉണ്ടാക്കുന്നു. തിരിച്ച എന്റെ റൂമിൽ തന്നെ പോയി.സ്വന്തം വീട്ടിൽ സ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥ. എനിക്ക് സത്യത്തിൽ പ്രാന്ത് പിടിക്കുന്നുണ്ടായിരുന്നു.

ദിവസങ്ങൾ കടന്നു പോയി ചാരുവും ആയുള്ള മുഖ മുഖം ഒഴിവാക്കാനായി ഫുൾടൈം ജിമ്മിൽ തന്നെ. നാളെയാണ് തിരുവോണം. ഇന്ന് കാപ്പി കുടിക്കുന്നതിനു ഇടയിൽ

"... നാളെ അമ്പലത്തിൽ പോണ്ടേ ഏട്ടാ..." അമ്മു ആകാംഷയോടെ തിരക്കി.

"...ഞാൻ ഇല്ല നിങ്ങൾ പോയിട്ടു വാ..."ചാരുവിനെ നോക്കി ഞാൻ പറഞ്ഞു.

"... അതെന്താ ഏട്ടൻ ഇല്ലാത്തെ എല്ലാം ഓണത്തിനും ഏട്ടന് അല്ലേ എന്നെ അമ്പലത്തിൽ കൊണ്ട് പോണേ..." അമ്മു തിരക്കി.

"... ഇത്തവണ ഒരു മാറ്റം ആവാം..."

"... ഒരു മാറ്റവും ഇല്ല ഏട്ടൻ വന്നേ പറ്റൂ..."അമ്മു വാശി പിടിക്കാൻ തുടങ്ങി.

"... നിനക്ക് പറഞ്ഞാൽ മനസ്സിലാവില്ലേ അമ്മു 😡..." പാത്രത്തിൽ ആഞ്ഞൊരു അടിയും അടിച്ച കൈകഴുകി റൂമിലേക്ക് പോയി.

www.kkstories.com

എന്റെ ആ പ്രവർത്തിയിൽ എല്ലാരും ഒന്ന് ഞെട്ടി. റൂമിൽ എത്തിയിട്ടും എന്റെ ദേഷ്യം എനിക്ക് അടക്കാനായില്ല. സ്മൈലി ബോൾ എടുത്ത് ഒരുപാട് നേരം പ്രെസ്സ് ചെയ്തു ഒരുവിധം എന്റെ കോപം അടക്കി. മൈൻഡ് ഒന്ന് ഫ്രഷ് ആവാൻ ബാൽക്കണിയിൽ കുറച്ചുനേരം പോയി ഇരുന്നു. കാൽപെരുമാറ്റം കേട്ടാണ് തിരിഞ്ഞു നോക്കിയത് ചാരു വന്നതാണ്. ഞാൻ റൂമിൽ പോകാൻ എഴുന്നേറ്റു.

"... ഞാൻ കാരണമാണ് നീ അമ്പലത്തിൽ പോകാത്തത് എങ്കിൽ ഞാൻ അമ്പലത്തിലേക്ക് വരുന്നില്ല..." ഇത്രയും പറഞ്ഞ് ചാരു തിരിച്ച പോയി.

ഓ പിന്നെ ഇവളുടെ അനുവാദം കിട്ടിയിട്ട് വേണമല്ലോ എനിക്ക് എവിടേലും പോവാൻ 😡. ബാൽകണിയിൽ തന്നെ ഞാൻ നിലയുറപ്പിച്ചു. സ്മൈലി ബോൾ പിന്നയും പ്രെസ്സ് ചെയ്തോണ്ട് ഇരുന്നു. അമ്മുവിന്റെ കാര്യം ആലോചിച്ചപ്പോ എനിക്ക് വിഷമം തോന്നി. ഇതുവരെ അവളോട് ഞാൻ ഇങ്ങനെ ഒന്നും പെരുമാറിയിട്ടില്ല. എനിക്ക് എന്നോട് തന്നെ വെറുപ്പ് തോന്നി. നേരെ അമ്മുവിന്റെ റൂമിലേക്കു പോയി. പുള്ളി ടെഡിയും കെട്ടിപിടിച് കമന്നു കിടക്കാണ്. കണ്ടപ്പോഴേ എന്റെ ഉള്ളൊന്നു കാളി പാവം കരയായിരിക്കും. ഞാൻ കട്ടിലിൽ ഇരുന്നു അവളുടെ തലമുടിയിൽ ഒന്ന് തലോടി എന്റെ കൈ അവൾ തട്ടിമറ്റി. പിന്നെയും തടവി വീണ്ടും തട്ടിമാറ്റി.

"... എന്നെ ഇഷ്ടല്ലാത്തവർ എന്നെ തൊടണ്ട പോ..." പെണ്ണ് കലിപ്പ് മൂഡ് ആണ്

"... എന്റെ അമ്മുക്കുട്ടിയെ ഇവിടെ ആർക്കാ ഇഷ്ടല്ലാത്തെ..."

"... കൊഞ്ചാൻ ഒന്നും വരണ്ട. പോവനല്ലേ പറഞ്ഞെ..." അത് പറഞ്ഞു അവൾ ഏങ്ങൽ അടിക്കുന്നുണ്ടായിരുന്നു.

"... അമ്മൂസേ എഴീക്കടി നാളെ അമ്പലത്തിൽ പോണ്ടേ..."

"... ഞാൻ എങ്ങോട്ടും ഇല്ല. തനിയെ അങ്ങ് പോയ മതി..." രക്ഷയില്ല പുള്ളിക്കാരി അടുക്കുന്നില്ല.

"... എന്നാ ശെരി. നീ വീട്ടിൽ ഇരുന്നോ നമ്മൾ എല്ലാരും പോയിട്ടു വരാം..." ഇത്രയും പറഞ്ഞു തിരിച്ച് പോവാൻ ഒരുങ്ങി.

"... നമ്മൾ എല്ലാരുമോ..?" മനസ്സിലാവാതെ അമ്മു ചോദിച്ചു.

"... നീ വരുന്നില്ലല്ലോ. അപ്പൊ ഞാനും അമ്മയും അച്ഛനും പോവാന്ന് തീരുമാനിച്ചു..."

"...നിങ്ങൾ എല്ലാരും പോയ ഞാൻ ഇവിടെ ഒറ്റക് ഇരുന്നു എന്ത് ചെയ്യാനാ. ഞാനും വരുന്നു..." കൊച്ചുകുട്ടികളെ പോലെ അവൾ പറഞ്ഞു.

അങ്ങനെ വഴിക്ക് വാടി മോളെ. നിന്നെ എങ്ങനെ മെരുക്കണം എന്ന് എനിക്ക് അറിയാം.

"... രാവിലെ ഞാൻ പറഞ്ഞത് നിനക്ക് നല്ലപോലെ വിഷമയെന്നു എനിക്ക് അറിയാം. ഏട്ടനോട് ക്ഷമിക്കടി..." അവൾ എന്റെ നെഞ്ചിലേക് ചാഞ്ഞു. കുറച്ചു നേരം അവളുടെ ഒപ്പം ഇരുന്നിട്ട് അടുക്കളയിലേക്ക് പോയി.

"... അമ്മേ... എന്നാ ചെയ്യുവാ..." അമ്മയെ പിന്നിൽ നിന്നും കെട്ടിപിടിച് ചോദിച്ചു.

"...അങ്ങോട്ട് മാറ് ചെക്കാ. വായിതോന്നിയത് ഒക്കെ പറഞ്ഞിട്ട് അവൻ കൊഞ്ചാൻ വന്നിരിക്കുന്നു..." അമ്മക്കും ഞാൻ രാവിലെ പറഞ്ഞത് ഒന്നും പിടിച്ചിട്ടില്ല അതിന്റെയ.

"... അതൊക്കെ വിട് അമ്മേ..."

"... നിനക്ക് എന്താടാ പറ്റിയെ. 2,3 ദിവസമായിട്ടു ഞാൻ നിന്നെ ശ്രദ്ധിക്കുന്നു. കുടിച്ചോണ്ട് വീട്ടിൽ വരുന്നു എന്ത് എടുത്താലും ദേഷ്യം..." വിഷമത്തോടെ അമ്മ തിരക്കി.

"... അങ്ങനെ ഒന്നും ഇല്ല അമ്മേ. അന്ന് ഒരു അബദ്ധം പറ്റിയത ഇനി ഞാൻ കുടിക്കില്ല..." അമ്മയുടെ പുറത്ത് കെട്ടിപിടിച്ചു പറഞ്ഞു.

"... എനിക്ക് അറിയാടാ എന്റെ മോൻ ഇനി അങ്ങനെ ഒന്നും ചെയ്യില്ല എന്ന്. എങ്കിലും നിനക്ക് എന്തോ പറ്റിയിട്ടുണ്ട്..." എത്ര മറച്ചാലും മക്കളുടെ മുഖം കാണുമ്പോൾ അമ്മമാർക്ക് മനസ്സിലാവും അല്ലോ.

"... കുറച്ചു പ്രശ്നങ്ങൾ ഉണ്ട് അമ്മേ. അത് ഞാൻ തന്നെ ശരിയാക്കിക്കോളാം..." ചാരുവും ആയിട്ടുള്ള വിഷയം ഈ വീട്ടിൽ ആരും അറിയാൻ പാടില്ല.

www.kkstories.com

"... അമ്മുന് ഇന്ന് ഒരുപാട് സങ്കടം ആയി. നീ അല്ലെ എല്ലാ കൊല്ലവും ഓണത്തിന് അവളെ അമ്പലത്തിൽ കൊണ്ട് പോവുന്നെ..."

"... എന്താണ് അമ്മയും മോനും ഒരു ചർച്ച..." അമ്മു അടുക്കളയിലേക്ക് വന്നതാ.

"...നിന്നെ കെട്ടിച്ചു വിടുന്നതിനെ കുറിച്ച് സംസാരിച്ചതാ..."ഞാൻ അവളെ ഒന്ന് ഇളക്കാൻ നോക്കിയതാ.

"... അതിപ്പോ നിങ്ങൾ എല്ലാരും തീരുമാനം എടുത്ത സ്ഥിതിക്ക് ഞാൻ എതിരൊന്നും നിൽക്കുന്നില്ല 😁..."

"... അടി.. പൊക്കോണം അവിടന്ന്. പെണ്ണിന്റെ മനസിലിരുപ്പ് കേട്ടില്ലേ..." അമ്മ അടിക്കാനായി കൈ ഓങ്ങി.

"... അയ്യോ അമ്മേ ഞാൻ ചുമ്മാ പറഞ്ഞതാ. എനിക്ക് നാളെ അമ്പലത്തിൽ പോവാനുള്ള ഡ്രസ്സ് എടുത്ത് താ..." അമ്മയോട് അവൾ പറഞ്ഞു.

"... നീ ഒറ്റക് ആണോ പോണേ..." അമ്മുവിനോട് ചോദിച്ചു

"... ഏട്ടനും ഉണ്ട്..."

"... അത് കൊള്ളാം അപ്പൊ നിങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ഒക്കെ തീർന്നോ..." അതിശയത്തോടെ അമ്മ ചോദിച്ചു.

www.kkstories.com

"...അതിനു നമ്മൾ തമ്മിൽ എന്താ പ്രശ്നം..." അമ്മുവിന്റെ തോളിൽ കൈയിട്ടു ഞാൻ ചോദിച്ചു.

"...സില്ലി അമ്മ...🤦🏻‍♀️"അമ്മു സ്വന്തം തലക്കടിച്ചു

"... അത് കൊള്ളാം ഇപ്പൊ കുറ്റക്കാരി ഞാൻ ആയോ..."അമ്മ മുറുമുറുത്തു

"...ഞാൻ സഹായിക്കണോ അപ്പച്ചി..." ചാരു ചിരിച്ചോണ്ട് നമുക്ക് അടുത്തേക്ക് വന്നു.

"...വേണ്ട മോളെ ..."അമ്മ അതും പറഞ്ഞു ജോലിയിലേക്ക് തിരിഞ്ഞു.

ചാരു എന്നെ നോക്കുന്നുണ്ട്. ഞാൻ മൈൻഡ് ആക്കാൻ പോയില്ല.

"...മോൾ നാളെ ഏത് ഡ്രസ്സ് അമ്പലത്തിൽ ഇടുന്നെ എടുത്ത് തന്നാൽ ഞാൻ ഇസ്തിരി ഇട്ടു വയ്ക്കാം..." അമ്മ ചാരുനോട് ചോദിച്ചു.

"... ഞാൻ അമ്പലത്തിൽ പോവുന്നില്ല അപ്പച്ചി..." ചരുവിന്റെ മറുപടി എത്തി.

"... അയ്യോ ചേച്ചിയും ചേട്ടനെ പോലെ തുടങ്ങാതെ. ഒരാൾ ഇപ്പൊ സമ്മതിച്ചതെ ഉള്ളു..." അമ്മു എന്നെ നോക്കി.

"... ചേച്ചി ഇല്ലാതെ ഒരു രസവും കാണില്ല. വാ ചേച്ചി..." അമ്മു വാശിപിടിക്കാൻ തുടങ്ങി.

"... വരാൻ പറ്റില്ല മോളു. എനിക്ക് ഡേറ്റ് ആയി..." എന്നെ നോക്കിയാണ് അവൾ അത് പറഞ്ഞത്.

"... അയ്യോ അത് കഷ്ടമായി പോയി ചേച്ചി🥲 ..."

"... മോൾ വിഷമിക്കണ്ട. നാളെ നമുക്ക് ഒരുമിച്ച് സദ്യ ഉണ്ടാക്കാം കേട്ടോ..." അമ്മയുടെ ആശ്വാസ വാക്കുകൾ എത്തി.

അവിടെ അധികനേരം നിൽക്കാൻ തോന്നാത്തത് കൊണ്ട് ഞാൻ നേരെ റൂമിൽ പോയി കിടന്നു.

സത്യത്തിൽ അവൾക്ക് പീരീഡ്സ് ആയോണ്ട് ആണോ അമ്പലത്തിൽ വരാതെ. അതോ ഞാൻ രാവിലെ കാണിച്ച ഷോഓഫ് കണ്ടിട്ടാണോ. എന്ത് കോപ്പ് ആണെങ്കിലും എനിക്ക് ഒരു മൈരും ഇല്ല. വൈകിട്ട് ജിമ്മിൽ പോയി രാത്രി ഇച്ചിരി താമസിച്ചാണ് വന്നത്. ബാൽക്കണിയിൽ വെട്ടം കണ്ട് പോയി നോക്കിയപ്പോ ചാരു അവിടെ ഇരിപ്പുണ്ട്. എന്നെ അവൾ കാണുന്നതിന് മുൻപ് തന്നെ ഞാൻ തിരിച്ച് റൂമിലേക്ക് പോയി.

പതിവുപോലെ അമ്മ എന്നെ കുത്തിപ്പൊക്കി എഴുന്നേൽപ്പിച്ചു. ഓണക്കോടിയും ഉടുത്ത് കണ്ണാടി നോക്കി സ്വയം പൊക്കി പറയുമ്പോൾ കിട്ടുന്ന സുഖം. ആഹ അന്തസ്.അമ്മു പുത്തൻ പാട്ടുപാവാട ഒക്കെ ഇട്ടു സുന്ദരി ആയിട്ടുണ്ട്. മുറ്റത്ത് രാവിലെ തന്നെ പൂക്കളം ഇട്ടു കളർ ആക്കിയിട്ടുണ്ട്.

ചാരു ഇല്ലാത്തത് കൊണ്ട് അമ്മയും അമ്പലത്തിൽ വരുന്നില്ല എന്ന് പറഞ്ഞു. സ്വാഭാവികമായി അമ്മ ഇല്ലാത്തത് കൊണ്ട് അച്ഛനും പിൻവലിഞ്ഞു. അവസാനം ഞാനും അമ്മുവും കൂടി അമ്പലത്തിൽ പോയി. നാട്ടിലെ എല്ലാം പെൺകിടാങ്ങളും എത്തിയിട്ടുണ്ട്. എനിക്ക് ഒന്നിനെയും നോക്കാൻ തോന്നിയില്ല. കാരണം ഒന്നിനെ നോക്കിയതിന്റെ ക്ഷീണം മാറിയിട്ടില്ല പിന്നെയാ അടുത്തത്. തിരിച്ച് വീട്ടിൽ വന്നു കാപ്പികുടിച്ചു. ക്ലബ്ബിന്റെ വക ഓണപരിപാടികൾ ഉണ്ടായിരുന്നു ഞാനും കൂടെ കൂടി ആടിതിമിർത്തു. ഓണസദ്യ കഴിക്കാൻ വീട്ടുകാർ എല്ലാം ഉമ്മറത്തെ തറയിൽ നിരന്നു. അമ്മയും ചാരുവും വിളമ്പൽ ഏറ്റെടുത്തു എല്ലാം വിളമ്പി ഒരുമിച്ചു ഇരുന്നു കഴിക്കാൻ തുടങ്ങി.

"...നാളെയാണ് നമ്മൾ പോകുന്നത് ആരും മറക്കണ്ട..."അമ്മ ഓർമിപ്പിച്ചു.

"... എവിടെ പോണ കാര്യമാ അമ്മ പറയുന്നേ..." മനസ്സിലാവാതെ ഞാൻ ചോദിച്ചു

"...നീ അപ്പോഴേക്കും മറന്നോ ചരുവിന്റെ വീട്ടിൽ പോണ കാര്യമാ പറഞ്ഞെ..."

"... ഓ അതാണോ 😒. ഞാൻ വരണോ അമ്മേ..?" സംശയത്തോടെ ഞാൻ ചോദിച്ചു.

"... നീ എന്തായാലും വരണം. ആദ്യമായിട്ടാ നിങ്ങൾ അവരെ എല്ലാരേയും കാണാൻ പോണേ..."അമ്മയുടെ അന്ത്യശാസനം എത്തി.

"...ആഹ് എന്നാ പോവാം..." വല്യ താല്പര്യം ഇല്ലാതെ പറഞ്ഞു.

വൈകുന്നേരം ആയപ്പോ പെട്ടി എല്ലാം പാക്ക് ചെയ്തു. പായസവും കുടിച്ച് ബാൽക്കണിയിൽ ഇരുന്നു.

"... ആദി... എനിക്ക് കുറച്ചു സംസാരിക്കണം..." ചാരു പിന്നിൽ നിന്നും പറഞ്ഞു.

www.kkstories.com

ഞാൻ അത് കേൾക്കാൻ ഉള്ള മൂഡിൽ അല്ലായിരുന്നു. തിരിഞ്ഞു പോലും നോക്കാതെ ഹെഡ്സെറ്റ് എടുത്ത് വച്ച് ഉച്ചത്തിൽ പാട്ടുവച്ചു. ആദ്യ പാട്ട് കഴിഞ്ഞപ്പോ ഞാൻ മെല്ലെ തിരിഞ്ഞു നോക്കി. ചാരു അവിടെ ഇല്ല. കുറച്ച് നേരം അവിടെ ഇരുന്നു തിരിച്ച് എന്റെ റൂമിൽ പോയി.

രാവിലെ 11.00 മണിയോട് കൂടി ഞങ്ങൾ ഇറങ്ങി. ഞാൻ ആണ് ഡ്രൈവ് ചെയ്തേ അച്ഛനും കൂടെ കയറി. ഞങ്ങൾ ഓരോരോ കാര്യങ്ങൾ പറഞ്ഞു ഓരോ കുസൃതികൾ കാണിച്ചും നീങ്ങി. ചാരു മൂകയായി ഇരുന്നു. ഇടക് അമ്മു ചോദിക്കുന്നത് കേട്ടു എന്ത് പറ്റിയെന്നു. അവൾ തലവേദന ആണെന്ന് പറഞ്ഞു.

ഉച്ച ആയപ്പോ ഒരു ഹോട്ടലിൽ കയറി നല്ല ബിരിയാണി തട്ടി. ബാക്കി ദൂരം അച്ഛൻ ഓടിക്കാം എന്ന് പറഞ്ഞു. സ്ഥലങ്ങൾ കാണണം എന്ന് പറഞ്ഞ് അടിയുണ്ടാക്കി അമ്മു മുന്നിൽ കേറി. ശർദിക്കും എന്ന് പറഞ്ഞ് അമ്മ സൈഡ് സീറ്റ് പിടിച്ചു. ഞാനും ചാരുവും അടുത്ത് അടുത്ത് ആയി. ഞാൻ ഒട്ടും തന്നെ കംഫർട് ആയിരുന്നില്ല. എന്ത് ചെയ്യാൻ ഇരുന്നല്ലേ പറ്റൂ.

കാർ മുന്നിലേക്ക് കുതിച്ചു അമ്മു സ്ഥലങ്ങൾ ഒക്കെ കണ്ട് ആസ്വദിക്കാണ്. അമ്മ ഉറക്കമായി ഞാനും ചാരുവും അപരിചിതരെ പോലെ ഇരുന്നു. ചുമ്മാ ഇരുന്നു ബോർ അടിച്ചത് കൊണ്ട് ഞാനും ഉറങ്ങാൻ തയ്യാറെടുത്തു.

ഏതോ ഒരു വണ്ടിയുടെ മൂളിച്ച കേട്ടാണ് കണ്ണ് തുറന്നത്. നോക്കിയപ്പോ അമ്മ ഉറക്കം ഉണർന്നിട്ടുണ്ട് അമ്മു ഫുൾ ആക്റ്റീവ് ആയിരുന്നു. ചാരു എന്റെ തോളിൽ ചാരി ഇരുന്നു ഉറങ്ങുവാണ്. പണ്ട് ഞാൻ ഏറെ സന്തോഷിച്ച മൊമെന്റ് ആയിരുന്നു ഇതൊക്കെ പക്ഷെ ഇപ്പൊ എനിക്ക് അതിനു കഴിയുന്നില്ല.

"... എവിടെ എത്തി അച്ഛാ..."

www.kkstories.com

"... ഇനി കുറച്ചൂടിയെ ഉള്ളട. നമ്മൾ ഇപ്പൊ എത്തും..."അമ്മ ഉത്സാഹത്തോടെ പറഞ്ഞു. അത് കേട്ടിട്ട് ആണെന്ന് തോന്നുന്നു ചാരു ഉറക്കമുണർന്നു.

"... സോറി..."പാറിപറന്ന മുടി ഒതുക്കി എന്റെ തോളിൽ നിന്നും തലമാറ്റി നേരെ ഇരുന്നു ചാരു എന്നോട് പറഞ്ഞു.

ഞാൻ ഒന്ന് നീട്ടി മൂളി. കൂടുതൽ സംസാരിക്കാൻ താല്പര്യം ഇല്ലാത്തതിനാൽ പുറത്തെ കാഴ്ചകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു.

വൈകുന്നേരത്തോടെ ചരുവിന്റെ വീട്ടിൽ എത്തി. ഒരു കോവിലകം സെറ്റപ്പ് ആയിരുന്നു വീട്. ചരുവിന്റെ അമ്മയും അച്ഛനും നമ്മളെ വരവേറ്റു നേരെ അമ്മൂമ്മയുടെ അടുത്തേക്ക് പോയി. പിന്നെ അമ്മയും അമ്മൂമ്മയും കെട്ടിപ്പിടുത്തം ആയി കരച്ചിൽ ആയി.

"... നിങ്ങൾ എന്താ അവിടെ തന്നെ നിൽക്കുന്നെ അമ്മൂമ്മേടെ അടുത്തേക്ക് വാ..." അമ്മുവിനെയും എന്നെയും അമ്മൂമ്മ വിളിച്ചു.

"... എന്താ മക്കളുടെ പേര്..." അമ്മുവിന്റെ കവിളിൽ തലോടികൊണ്ട് ചോദിച്ചു.

"... അമൃത, ആദിദേവ്..." പുഞ്ചിരിയോടെ അമ്മു പറഞ്ഞു.

"... നല്ല പേര് ആണല്ലോ. എത്രയും നാൾ എന്താ അമ്മൂമ്മേ കാണാൻ വരാത്തെ..."

"... ഇനി എപ്പോ വേണോ വരാലോ..."ഞാൻ ഇടക് കേറി പറഞ്ഞു.

"... മോൻ എന്ത് ചെയ്യാ..." എന്റെ നേരെയായി ചോദ്യം.

"... അവൻ പഠിക്കാണ്. ചരുവിന്റെ കോളേജിൽ തന്നെ..." അമ്മ പറഞ്ഞു.

"...വിശേഷം ഒക്കെ പിന്നെ ആവാം. ആദ്യം പോയി വേഷം ഒക്കെ മാറി ഫ്രഷ് ആവൂ. ഒരുപാടു ദൂരം എത്ര ചെയ്തത് അല്ലെ ക്ഷീണം കാണും..." ചരുവിന്റെ അമ്മ നിർദ്ദേശിച്ചു.

"... എന്നാ മക്കൾ ചെല്ല്..."അമ്മുമ്മയുടെ അനുവാദവും കിട്ടി

അങ്ങനെ ഞങ്ങൾ ചരുവിന്റെ അമ്മയുടെ പിന്നാലെ പോയി. അമ്മയ്ക്കും അച്ഛനും ഒരു മുറിക്കൊടുത്തു. അമ്മു ചരുവിന്റെ മുറി കൈയേറി. എനിക്ക് വേറൊരു മുറിയും തന്നു.
യാത്ര ക്ഷീണം കാരണം ഉറങ്ങിയാലോ എന്ന് ചിന്തിച്ചതാ. പിന്നെ വേണ്ടാന്ന് വച്ച് എല്ലാരും ഉമ്മറത്തു ഒത്തുകൂടി.

"... അമ്മയുടെ വീട് ഒക്കെ എങ്ങനെ ഉണ്ട്..." ചരുവിന്റെ അമ്മ ചോദിച്ചു.

"... കൊള്ളാം നല്ല രസമുണ്ട്. ഇങ്ങനെ ഉള്ള വീട് ഒക്കെ അപൂർവമായേ കാണാൻ പറ്റുകയുള്ളൂ..." എന്റെ അഭിപ്രായം വ്യക്തമാക്കി.

"... നാളെ നിങ്ങടെ അടുത്ത മാമനും മാമിയും ഒക്കെ വരും..." അമ്മ പറഞ്ഞു.

www.kkstories.com

അമ്മക്ക് 2 ആങ്ങളമാര ഉള്ളത്. ഒരാൾ വീടും അമ്മുമ്മയെയും നോക്കി ഇവിടെ തന്നെ മറ്റേ ആൾ നഗരത്തിൽ ആണ് താമസം.

രാവിലെ ഭയങ്കര ബഹളം കേട്ടാണ് ഞാൻ ഉണർന്നെ. ഉമ്മറത്തേക്ക് ചെന്നപ്പോ പുതിയ അതിഥികൾ വന്നിട്ടുണ്ട്.

"... ഞങ്ങളെ ഒക്കെ മനസ്സിലായോ മോനെ..." ഒരു സ്ത്രീ ചോദിച്ചു.

വരുന്നവരും പോകുന്നവരും എല്ലാം ആദ്യം ചോദിക്കുന്നത് എന്നെ മനസ്സിലായോ എന്നെ മനസ്സിലായോ എന്നാ. ഇവരെയൊക്കെ ഞാൻ ആദ്യമായിട്ടാ കാണുന്നെ എന്നുള്ള ബോധം ഇവർക്ക് വേണ്ടേ. ആരോട് പറയാൻ.ഒന്നും മിണ്ടാതെയുള്ള എന്റെ നിൽപ്പ് കണ്ട് അവർ തുടർന്നു.

"... ഞാൻ നിന്റെ മാമിയ. ഇത് നിന്റെ മാമൻ..." ഞാൻ ചിരിച്ചു കാണിച്ചു.

"... ഈ ഓണം നമുക്ക് ഉഷാർ ആക്കണം കേട്ടോ..." ആരും പേടിക്കണ്ട മാമൻ വരവ് അറിയിച്ചതാ

"... ഓ അതിന് എന്താ മാമ നമുക്ക് ഉഷാർ ആക്കാം..." ഞാനും വിട്ടു കൊടുത്തില്ല

"...അവൾ എവിടെ പോയി. കണ്ണ് തെറ്റിയ പെണ്ണിനെ ഇവിടെ എങ്ങും കാണില്ല..." ആശങ്കയോടെ മാമി പറഞ്ഞു.

പെണ്ണോ. ഏത് പെണ്ണ് ഞാൻ ആലോചിച്ചു

"... ദാ വന്നല്ലോ..."എന്റെ പിന്നിലേക്ക് നോക്കി പറഞ്ഞു.

"... എവിടെ പോയിരുന്നടി..."ചരുവിന്റെയും അമ്മുവിന്റെയും കൂടെ വന്ന പെൺകുട്ടിയോട് മാമി ചോദിച്ചു.

"... ഞാൻ ചാരു ചേച്ചിയെ കാണാൻ പോയതാ..."ഓടി മാമിയുടെ അടുത്തേക്ക് എത്തി അവൾ പറഞ്ഞു.

"...ഇതാണ് ആദി..." അവളെ എനിക്ക് പരിചയപ്പെടുത്തി.

"...ഇതാണോ ചാരുചേച്ചി പറഞ്ഞ ജിമ്മൻ.Helo മിസ്റ്റർ ആദി. ഞാൻ ഗായത്രി..." എനിക്ക് നേരെ കൈ നീട്ടി അവൾ പറഞ്ഞു.ഞാനും കൈ കൊടുത്തു.

"... പേര് വിളിക്കുന്നോ. ചേട്ടന്ന് വിളിക്കടി. ഒന്നുമില്ലേലും നിന്റെ മുറച്ചെക്കൻ അല്ലെ..." മാമിയുടെ ആ ഡയലോഗ് മനുഷ്യന്റെ തൊലി ഉരിഞ്ഞു പോയി.

"...എന്നാ അങ്ങനെ ആവട്ടെ. ആദി ഏട്ടാ..." ഇല്ലാത്ത നാണം ഉണ്ടാക്കി പറയുന്ന പോലെ തോന്നി.

"... അത്രക്ക് വിനയം എന്റെ മോൾക്ക് ചേരില്ല ..." മാമന്റെ കൗണ്ടർ സ്പോട്ടിൽ എത്തി.

"...എന്നാ അങ്ങനെ ആവട്ടെ. ആദിയേട്ടൻ വല്ലതും കഴിച്ചോ..." ഗായത്രി ചോദിച്ചു.

www.kkstories.com

ഞാൻ ഇല്ലന്ന് തലയാട്ടി.

"...എന്നാ വാ ഞാനും ഒന്നും കഴിച്ചിട്ടില്ല നമുക്ക് ഒരുമിച്ച് കഴിക്കാം..." അതും പറഞ്ഞു എന്റെ കൈയ്യും പിടിച്ചോണ്ട് കാപ്പി കുടിക്കാൻ പോയി.

"... ചാരുചേച്ചി ജിമ്മൻ എന്നൊക്കെ പറഞ്ഞപ്പോ സിക്സ് പാക്ക് ഒക്കെ കാണും എന്ന് കരുതി.അതൊന്നും കാണാൻ ഇല്ലല്ലോ..." കഴിക്കുന്നതിന്റെ ഇടക് ഗായത്രി ചോദിച്ചു.

"... സിക്സ് പാക്ക് ഒക്കെ ഉണ്ടായിരുന്നു ഇപ്പോ എല്ലാം പോയി..."

"... അത് എന്ത് പറ്റി..."

"... ഇടക്ക് ഒരു പണി കിട്ടി അതിന്റെ ഇടക് ബോഡി നോക്കാൻ ഒന്നും പറ്റിയില്ല..." എതിരെ ഇരുന്ന ചാരുവിനെ നോക്കി ഞാൻ പറഞ്ഞു.

"...ഇനി നമ്മൾ കാണുമ്പോൾ ബോഡി ഒക്കെ സെറ്റ് ആക്കണം കേട്ടോ..."

"...അതൊക്കെ ശെരിയാക്കാം ഗായു..."

"... ആഹ ചെല്ലപേരൊക്കെ പഠിച്ചല്ലോ..."

"...ഇതിൽ ഇത്ര പഠിക്കാൻ എന്തിരിക്കുന്നു ☺..."

"... ചേച്ചിയും ചേട്ടനും ഒരു ക്ലാസ്സിൽ ആണോ..." ഗായുവിന്റെ സംശയങ്ങൾക്ക് ഒരു അന്ത്യോമില്ല

"... അല്ല. വേറെ വേറെ ക്ലാസ്സിലാ..." ചാരു മറുപടി നൽകി.

"... നിനക്ക് എത്ര വയസായി..." എന്റെ സംശയം ചോദിച്ചു.

"...ചാരു ചേച്ചിയെക്കാൾ 1 വയസിനു ഇളയത. എന്താ ചോദിച്ചേ..."

"...ചേട്ടാന്ന് വിളിച്ചോണ്ട് ചോദിച്ചതാ..."

"...ഞാൻ വേണോങ്കിൽ ആദി എന്ന് വിളിക്കാം. എനിക്ക് അതാ ഇഷ്ട്ടം. 1 വയസ്സിന്റെ വ്യത്യാസം അല്ലെ നമ്മൾ തമ്മിൽ ഉള്ളു..."

"... ആര് പറഞ്ഞു. നമ്മൾ തമ്മിൽ 2 വയസ്സ് വ്യത്യാസം ഉണ്ട്..." അഭിമാനത്തോടെ ഞാൻ പറഞ്ഞു.

"... എന്നിട്ട് നിങ്ങൾ രണ്ടും ഒരേ ഇയർ അല്ലെ പഠിക്കുന്നെ. അപ്പൊ ആദിയേട്ടൻ 1 വർഷം തോറ്റോ 🤣..."

"... എന്റെ ഏട്ടൻ തോറ്റിട്ടൊന്നും ഇല്ല 😡..." ഗായു പറഞ്ഞത് പിടിക്കാതെ അമ്മുവിന്റെ മറുപടി എത്തി.

"... 1 വർഷം താമസിച്ച സ്കൂളിൽ ചേർത്തത് അതാ..." ചിരിച്ചോണ്ട് ഞാൻ മറുപടി പറഞ്ഞു.

"... അപ്പൊ ചേട്ടാന്ന് വിളിക്കാം..."

ഞാനും ഗായുവും നന്നായി അടുത്തു. അവൾ ഒരു വായാടി ആണ് എപ്പോഴും എന്തെങ്കിലും സംസാരിച്ചോണ്ട് ഇരിക്കും. ഇവിടെ വന്നപ്പോ ബോർ അടിക്കും എന്നാ കരുതിയെ ഇവൾ ഉള്ളത് കൊണ്ട് സമയം പോണത് അറിഞ്ഞില്ല.

"...നാളെ എന്താ പരിപാടി..." രാത്രി അത്താഴം കഴിക്കുമ്പോൾ ഗായു ചോദിച്ചു.

"... എന്ത് പരിപാടി..." ശോകം അവസ്ഥയിൽ ഞാൻ പറഞ്ഞു.

"...നമുക്ക് ട്രക്കിങ് പോയാലോ..."

"... ട്രക്കിങ്ങോ എവിടെ..?"

"...നമുക്ക് ഏതെങ്കിലും മലയുടെ മണ്ടയിൽ വലിഞ്ഞു കേറാം. ഇവിടെ ഇരുന്ന ബോർ ആണ്..."

www.kkstories.com

"... അതൊന്നും അല്ല ഏട്ടാ കാര്യം.ഇവിടെ ഇരുന്ന മാമി പണി എടുപ്പിക്കും അതുകൊണ്ട് ഇവിടന്ന മുങ്ങാൻ ഉള്ള പ്ലാൻ ആണ് ..." അമ്മു ഗായുവിനെ കളിയാക്കികൊണ്ട് പറഞ്ഞു.

"... പോടീ... ഇനിയിപ്പോ അങ്ങനെ എങ്കിൽ അങ്ങനെ..."ഗായു പറഞ്ഞു.

"... ആരൊക്കെയാ പോണേ..."ഞാൻ ചോദിച്ചു.

"... വേറെ ആര് ഞാൻ, അമ്മു, ചാരുചേച്ചി, പിന്നെ ആദിയേട്ടൻ..."

"... ആഹാ കൊള്ളാം. നിങ്ങൾ മൂന്നെണ്ണത്തിനെ ഞാൻ ഒറ്റക്ക് മേയ്ക്കണോ..."

"... ഞങ്ങളെ ആരും മേയ്ക്കൻ ഒന്നും വരണ്ട. ഞങ്ങടെ കാര്യം നോക്കാൻ നമുക്ക് അറിയാം. അല്ലേടി..." അമ്മു അതിന അതെന്ന തലയാട്ടി.

"...ഓഹോ. എന്നാ പെൺപടകൾ ഒറ്റക്ക് അങ്ങ് പോയമതി.ഞാൻ ഒന്നും ഇല്ല..."

"... ചതിക്കല്ലേ പൊന്നെ. ആദിയേട്ടൻ കൂടി ഇല്ലെങ്കിൽ ഇവിടുന്ന പുറത്ത് ഇറങ്ങാൻ സമ്മതിക്കില്ല..."ഗായു നിസ്സഹായതയോടെ പറഞ്ഞു.

"... ഞാൻ ഒന്ന് ആലോചിക്കട്ടെ..." ഇച്ചിരി വെയിറ്റ് ഇട്ടു ഞാൻ പറഞ്ഞു.

"... ആലോചിക്കാൻ ഒന്നും ഇല്ല. നമ്മൾ നാളെ പോകുന്നു. എല്ലാരും പോയി കിടന്നോ..." അതും പറഞ്ഞു ഗായുവും അമ്മുവും എഴുന്നേറ്റു പോയി.

www.kkstories.com

ഇപ്പൊ ഞാനും ചാരുവും മാത്രമായി. ഒന്ന് മുഖത്തോട് മുഖം നോക്കി. രണ്ടുപേർക്കും വാക്കുകൾ പോലും പുറത്തേക്ക് വരുന്നില്ല.

"...താൻ ഉണ്ടകിൽ ഞാൻ വരില്ല എന്ന വിചാരിച്ച നാളെ ആരും ട്രക്കിങ്ങിനും വരാതിരിക്കണ്ട..." അത്ര മാത്രം പറഞ്ഞ് ഞാൻ റൂമിൽ പോയി.

പിറ്റേന്ന് വീട്ടുകാരുടെ അനുവാദവും ചോദിച്ച അടുത്തുള്ള മലയിലേക്ക് കാർ എടുത്തു പോയി. വഴി ചാരുവിനെ അറിയാവൂ അതുകൊണ്ട് അവളെ മുന്നിൽ കയറ്റി ഗായുവും അമ്മുവും പിന്നിൽ കേറി. ചാരു ഗൂഗിൾ മാപ്പ് പോലെ പോകേണ്ട ദിശ മാത്രം പറഞ്ഞു. പിന്നിൽ രണ്ടുംകൂടി അടിയാണോ സ്നേഹം ആണോ ഒന്നും അറിയാൻവയ്യ. ഒരേ ബഹളം. വണ്ടി ഒരു മലയുടെ അടിവാരത്തു നിന്നു.

"... ഇതിന്റെ മുകളിൽ സൂപ്പർ വ്യൂ ആണെന്ന് കേട്ടിട്ടുണ്ട്..." കാറിൽ നിന്നും ഇറങ്ങിക്കൊണ്ട് ഗായു പറഞ്ഞു.

ഞങ്ങൾ എല്ലാരും മല കയറാൻ തുടങ്ങി. ഈ സ്ഥലം അധികം ആർക്കും അറിയില്ലെന്ന് തോന്നുന്നു. അവിടെ എങ്ങും ആരെയും കാണുന്നില്ല.

"... ജിം ബ്രോ. എന്നെ ഓടി തോപ്പിക്കാൻ പറ്റോ..."മല കേറുന്നതിന്റെ ഇടയിൽ ഗായു ചോദിച്ചു

"... ഈ മലയാണോ ഓടി തോൽപ്പിക്കേണ്ടത്..?"

"... അതെ. ഇതൊക്കെ ഒരു രസമല്ലേ..."

"... ഓ അത്രക്ക് രസം ഒന്നും വേണ്ട. വീഴുക വല്ലതും ചെയ്താൽ പിന്നെ എനിക്ക് മേല എടുത്തോണ്ട് ഓടാൻ..."

"... ബി പോസിറ്റീവ് മാൻ..."ഗായു വിടാൻ ഉദ്ദേശം ഇല്ല.

"...എനിക്ക് വയ്യേ..." അത് പറഞ്ഞു അവളെ നിരുത്സാഹപ്പെടുത്തി

പിന്നെ ഓരോ കുറുമ്പും സംസാരവും ഒക്കെയായി മലയുടെ മുകളിൽ എത്തി. നല്ല ഒരു വ്യൂ തന്നായിരുന്നു അവിടെ നിന്നും കാണാൻ പറ്റിയത്. കുറെ ഫോട്ടോസ് ഒക്കെ എടുത്തു. കുറച്ച സമയം കഴിഞ്ഞപ്പോ കോട വന്ന പിന്നെ ചുറ്റിനുള്ളത് ഒന്നും കാണാൻ പറ്റിയില്ല. ഏറെ സമയം അവിടെ ചിലവഴിച്ചതിനുശേഷം താഴേക്ക് ഇറങ്ങി.

"... അയ്യോ..." മുന്നേ ഇറങ്ങിയ ഗായു സ്വന്തം കാലിൽ പിടിച്ചു അവിടെ ഇരിപ്പായി.

"... എന്ത് പറ്റിയടി..." ആശങ്കയോടെ ഞാൻ തിരക്കി.

"... കാൽ ഉളുക്കി എന്നാ തോന്നുന്നേ..."

"... എങ്ങനെ ഉളുക്കാതെ ഇരിക്കും തുള്ളി ചാടി അല്ലെ പോക്ക്..." ചാരു ദേഷ്യപെട്ടു.

"... സാരമില്ല കുറച്ചു ദൂരം കൂടിയല്ലേ ഉള്ളു പയ്യെ നടന്നാൽ മതി..."

"... ആയ്യോ എനിക്ക് നടക്കാൻ വയ്യ..."ഗായു അതും പറഞ്ഞു അവിടെ ഇരുപ്പായി.

"... നടക്കാതെ പിന്നെ..." ഞാൻ ചോദിച്ചു

"... ആദിയേട്ടാ എന്നെ എടുത്തോണ്ട് പോവോ..." ഗായു കൊഞ്ചൻ തുടങ്ങി.

"... പോടീ അവിടന്ന് എനിക്ക് വയ്യ നിന്നെയും ചുമന്നോണ്ട് നടക്കാൻ..."

"... ഇത്രക്ക് ജിം ആയിട്ടു എന്നെ എടുക്കാനുള്ള സ്റ്റാമിന പോലും ഇല്ലേ..." അവൾ എന്നെ എരിവ് കേറ്റി

അവൾ എന്റെ ഈഗോ ആണ് ഹെർട്ട് ചെയ്തത്. പിന്നെ ഒന്നും നോക്കിയില്ല അവളെ തട്ടി തോളിൽ കേറ്റി.

"... ഗായു നീ കളിക്കാതെ താഴേക്ക് ഇറങ്ങ്. നിന്നെ ഞാൻ പിടിച്ചോണ്ട് പോവാം..." ഗായുവിനെ ഞാൻ എടുത്തത് ചരുവിന് ഇഷ്ട്ടായില്ല എന്ന് തോന്നുന്നു.

"... ആദിയേട്ടന് കുഴപ്പം ഇല്ലല്ലോ പിന്നെ ചേച്ചിക്ക് എന്താ കുഴപ്പം..." ഗായുവും വിട്ടു കൊടുത്തില്ല.

www.kkstories.com

ഞാൻ പയ്യെ അവളെയും കൊണ്ട് താഴേക്ക് ഇറങ്ങി. അമ്മുവും ചാരുവും നമുക്ക് മുന്നേ നടന്നു. ഇടക്ക് ഇടക്ക് ചാരു എന്നെ തിരിഞ്ഞ് നോക്കുന്നുണ്ട്. അപ്പോഴിതാ അമ്മു തിരിഞ്ഞ് എന്റെ അടുത്തേക്ക് വരുന്നു.

"...ഏട്ടാ ഇനി എന്നെ എടുക്ക്..." രണ്ട് കൈയ്യും നീട്ടി അമ്മു നിൽക്കുന്നു

"...എന്റെ പൊന്ന് അമ്മു ഇതിനെയും ചുമന്നോണ്ട് ഇറങ്ങുന്ന പാട് എനിക്ക് അറിയാം. അതിന്റെ ഇടയിൽ നിന്നെയും എടുക്കാൻ എനിക്ക് വയ്യടി..." ഞാൻ എന്റെ അവസ്ഥാ ബോധിപ്പിച്ചു.

ഒന്നാമത്തെ ഇതിനെയും കൊണ്ട് ഇറങ്ങുന്ന പാട് എനിക്ക് അറിയാം അപ്പോഴാ അടുത്തത്. ഇത് എന്തോ സുഖമുള്ള ഏർപ്പാട് ആണെന്ന ഇവളുടെ വിചാരം. വേദാളത്തെ പോലെ പിന്നിൽ ഇരുന്നു കാഴ്ചകാണുകയാ ശവം. എങ്ങനെയോ അതിനെ കാറിൽ കൊണ്ട് പ്രതിഷ്ഠിച്ചപ്പോഴാ ആശ്വാസം ആയെ.

"... Hmm അപ്പൊ സ്റ്റാമിന ഒക്കെ ഉണ്ട്..." ഗായുവിന്റെ കോംപ്ലിമെന്റ് എത്തി.

"... ഇതൊക്കെ ചെറുത്..." ഞാനും ആറ്റിട്യൂട് ഇട്ടു.

എന്റെ കഷ്ടപ്പാട് എനിക്ക് അല്ലെ അറിയൂ. ഞാൻ ഫ്രീ ആയിട്ട് ഒരു ഉപദേശം തരാം. ചില സമയങ്ങളിൽ ഈഗോ ഉണ്ടായാൽ അത് വേണ്ട എന്ന് വയ്ക്കണം ഇല്ലങ്കിൽ എന്നെപോലെ മൂഞ്ചത്തെ ഉള്ളു🥵. തിരിച്ചു വീട്ടിൽ എത്തി അമ്മുവും ചാരുവും ഗായുവിനെ താങ്ങി വീട്ടിൽ എത്തിച്ചു. ഞാൻ കുറച്ചു നേരം കാറിൽ തന്നെ ഇരുന്നു. വല്ലാത്ത നടുവേദന. ഇഴഞ്ഞും വലിഞ്ഞും റൂമിൽ എത്തി കട്ടിലിലേക്ക് മറിഞ്ഞു. ഹാളിൽ മാമി ചരുവിന്റെ കാൽ തിരുമുകയാ കൂട്ടത്തിൽ അവളെ നല്ല ചീത്തയും പറയുന്നുണ്ട്.

www.kkstories.com

"...അതെ നല്ല നടുവേദന കാണും. ഈ തൈലം പുരട്ടിയാൽ എല്ലാം ശെരിയാവും..." വാതിൽക്കൽ നിന്നും ചാരു എന്നോട് പറഞ്ഞു.

"... എനിക്ക് കുഴപ്പം ഇല്ല. തൈലം ഒന്നും വേണ്ട..." കിടന്ന കിടപ്പിൽ തല ഉയർത്തി അത്രയും പറഞ്ഞു വീണ്ടും അതെ കിടപ്പ് കിടന്നു.

ഇച്ചിരിനേരം വാതിൽക്കൽ എന്നെയും നോക്കി നിന്ന ശേഷം. തൈലവുമായി ചാരു തിരിച്ചു പോയി. കുറച്ചു സമയം ആദിയും ബോധവും ഇല്ലാതെ ഞാൻ അവിടെ കിടന്നു.

"...ആദി ഏട്ടാ എഴീക്ക്..." ഗായു എന്നെ കുലുക്കി വിളിച്ചു.

"...എന്താ പെണ്ണെ മനുഷ്യനെ കിടക്കാനും സമ്മതിക്കില്ലേ..."

"... വാ എഴീക്..."

"... എഴുന്നേറ്റിട്ട് എന്തിനാ. നിന്റെ ഉളുക്ക് ഒക്കെ മാറിയോ..."

"... അതൊക്കെ മാറി. എഴുന്നേറ്റ് ഈ ഷർട്ട് ഊരി തിരിഞ്ഞു കിടന്നേ..."അത് കേട്ടതും ഞാൻ ചാടി എഴുന്നേറ്റു.

"...ഷർട്ട് ഊരണോ എന്തിനു..." ഞാൻ ഒന്ന് പേടിച്ചു.

"...ചെറുതായി ഒന്ന് പീഡിപ്പിക്കാൻ..." ക്രൂര ഭാവത്തോടെ ഗായു പറഞ്ഞു.

"... നിനക്ക് എന്താടി പ്രാന്ത. പ്രായപൂർത്തി ആയ ഒരു പുരുഷന്റെ റൂമിൽ വന്നു ഇങ്ങനെയൊക്കെയാണോ പറയുന്നേ..." ഒരു നിമിഷം ഞാൻ ഒന്ന് പതറി

"...അയ്യടാ ഒരു പുരുഷൻ വന്നേക്കുന്നു. ഞാൻ ഈ തൈലം തേച്ച തരാൻ വന്നതാ..." കൈയിലെ തൈലകുപ്പി കാണിച്ച അവൾ പറഞ്ഞു.

"...അതൊക്കെ ഞാൻ പുരട്ടിക്കോളാം മോൾ ചെല്ല്..." തൈലം വാങ്ങി അവളെ പറഞ്ഞു വിടാൻ നോക്കി.

"...ഒറ്റക്ക് നടുവിന് ഇത് എങ്ങനെ തേച്ച പിടിപ്പിക്കാനാ. കളിക്കാതെ ഷർട്ട് അങ്ങോട്ട് ഊരിക്കെ..." അതും പറഞ്ഞു എന്റെ ഷർട്ടും ഊരി എന്നെ കട്ടിലിൽ തിരിച്ച കിടത്തി.

ഞാൻ താടിയിൽ ഒരു തലയണ വച്ച കിടന്നു അവൾ പതിയെ നടു തൈലം ഇട്ടു തടവാൻ തുടങ്ങി. നല്ല സുഖം ഉണ്ടായിരുന്നു. കണ്ണ് അടച്ച ആ സുഖത്തിൽ അങ്ങനെ കിടന്നു.

"... ചേച്ചി എന്താ ഇവിടെ..." ഗായുവിന്റെ ശബ്ദം കേട്ടു കണ്ണ് തുറന്നു നോക്കിയപ്പോ വാതിൽക്കൽ ചാരു നിൽക്കുന്നു.

"...ഞാൻ... ഞാൻ... നിന്നെ കാണാതൊണ്ട് നോക്കി ഇറങ്ങിയത..."ചാരു പറഞ്ഞു.

www.kkstories.com

"... അത്യാവശ്യം വല്ലതും ഉണ്ടോ ചേച്ചി..." ഗായു തിരക്കി.

"... ഏയ്യ് അത്യാവശ്യം ഒന്നും ഇല്ല..."

"... ആണോ എന്നാ ചേച്ചി പൊയ്ക്കോ. ആദിയേട്ടന് വല്ലാത്ത നടുവേദന അതോണ്ട് എന്നോട് തൈലം പുരട്ടി കൊടുക്കാവൊന്നു ചോദിച്ചു അതാ. ഇത് ഇപ്പൊ കഴിയും..."

ചാരു എന്നെ നോക്കി ദാഹിപ്പിച്ചിട്ടു പോയി. ഇവളോട് ഞാൻ എപ്പോഴാ ദൈവമേ തൈലം പുരട്ടിത്തരാൻ പറഞ്ഞെ 🤯.

"... കഴിഞ്ഞു ഇനി ഏട്ടൻ കുറച്ചുനേരം റസ്റ്റ് എടുക്ക് കേട്ടോ..." ഇതും പറഞ്ഞിട്ട് അവൾ അവളുടെ പാടുനോക്കി പോയി.

ഊണ് കഴിക്കാറായപ്പോ വീണ്ടും ഗായു വന്ന് എന്നെയും കൂട്ടി കഴിക്കാൻ പോയി. എല്ലാരും കഴിക്കാൻ ഇരിക്കുന്നുണ്ട്.

"...ദേ വന്നല്ലോ രണ്ട് വികലാംഗർ..." അമ്മ എന്നെയും ഗായുവിനെയും കളിയാക്കി.

"...കളിയാക്കുവൊന്നും വേണ്ട കേട്ടല്ലോ..." എന്റെ പ്രൊട്ടക്ഷൻ ഗായു ഏറ്റെടുത്തു.

ഞങ്ങളും കഴിക്കാൻ ഇരുന്നു. ഓരോ നാട്ടു വാർത്തനങ്ങൾ ഒക്കെ ആയി കഴിപ്പ് തുടങ്ങി. ചാരുവും അമ്മുവും എന്റെ എതിർ വശവും ഗായു എന്റെ ഒപ്പവുമാണ് ഇരുന്നത്. ഗായു എന്നെ ഓരോന്ന് നിർബന്ധിപ്പിച്ചു കഴിപ്പിക്കുന്നുണ്ട്. എല്ലാരും എന്നെയും ഗായുവിനെയുമാണ് ശ്രദ്ധിക്കുന്നെ. ഇടക് ചോർ നെറുകയിൽ കേറി ഞാൻ ചുമച്ചു. ഉടനെ ഗായു വെള്ളം ഒഴിച്ച് തന്നു കൂട്ടത്തിൽ തലയിൽ 2,3 തട്ട് കൂടി.

"... നോക്കി കഴിക്കണ്ടേ ആദിയേട്ടാ..." ഗായു പറഞ്ഞു.

"... കണ്ടോ രണ്ടിന്റെയും സ്നേഹം. ഇവരെ രണ്ടിനെയും അങ്ങ് കെട്ടിച്ചാലോ നാത്തൂനേ..." അമ്മ തമാശ രൂപേണ ചോദിച്ചു.

"... ഞാനും അത് തന്ന ആലോചിച്ചേ. എന്താ പിള്ളേരെ..." ചോദ്യം നമുക്ക് നേരെ എത്തി.

"...എനിക്ക് കുഴപ്പം ഒന്നും ഇല്ല..." ഗായു എന്നെ നോക്കി കണ്ണടച്ച് കാണിച്ചു

"... ആദ്യം നിനക്ക് കല്യാണ പ്രായം ആവട്ടെ എന്നിട്ട് നമുക്ക് നോക്കാം കേട്ടോ..." അവളെ കളിയാക്കികൊണ്ട് ഞാൻ പറഞ്ഞു.

എല്ലാരും ചിരിക്കാൻ തുടങ്ങി. ചാരു പെട്ടെന്ന് കഴിപ്പ് മതിയാക്കി എഴുന്നേറ്റു.

"... എന്താടി നീ എഴുന്നേറ്റ്..." ചരുവിന്റെ അമ്മ ചോദിച്ചു.

www.kkstories.com

"...മതി അമ്മേ വയറു സുഖമില്ല..."

"...ഈ പെണ്ണ് അല്ലെങ്കിലും ഇങ്ങനെയാ ഒന്നും കഴിക്കില്ല..." മാമി അതും പറഞ്ഞു അവളുടെ കൈയിൽ നിന്നും പ്ലേറ്റ് വാങ്ങി.

ചാരു എന്നെ ഒന്ന് തറപ്പിച്ചു നോക്കി കൈ കഴുകി മുറിയിലേക്ക് പോയി.

ഉച്ച ഊണ് കഴിഞ്ഞു തിരിച്ചു ഞാൻ എന്റെ റൂമിൽ എത്തി. ഇത്തവണ കൂടെ ഗായുവും അമ്മുവും ഉണ്ടായിരുന്നു. ഗായു കട്ടിലിന്റെ ഒരു വശത്തു ചാരി ഇരുന്നു ഞാൻ അവളുടെ മടിയിൽ കിടന്നു എന്റെ അടുത്തായി അമ്മുവും ഇരുന്നു.

"...നിങ്ങൾ എപ്പോഴാ തിരിച്ചു പോണേ..." ഗായു തിരക്കി.

"... നാളെ പോണം 2 ദിവസം കഴിഞ്ഞാൽ കോളേജ് തുറക്കും..."

"... ഞാനും 2 ദിവസം കഴിഞ്ഞു പോവും. നിങ്ങളെ ഒക്കെ വല്ലാണ്ട് മിസ്സ് ചെയ്യും..." വിഷമത്തോടെ ഗായു പറഞ്ഞു.

"...എനിക്കും. സത്യം പറഞ്ഞാൽ എനിക്ക് ഇങ്ങോട്ട് വരാൻ താല്പര്യം ഇല്ലായിരുന്നു. ആകെ ബോർ ആയിരിക്കും എന്നാ വിചാരിച്ചേ..."

"... എന്നിട്ട് ഇപ്പൊ എന്ത് തോന്നുന്നു..." അറിയാനുള്ള ആകാംഷയിൽ ഗായു ചോദിച്ചു.

"...സത്യം പറയാലോ നീ ഉള്ളത് കൊണ്ട് സമയം പോണത് അറിഞ്ഞില്ല..."അത് കേട്ടപ്പോ അവൾ കൂടുതൽ സന്തോഷമായി.

"... ഇന്ന് ഉച്ചക്ക് അമ്മ പറഞ്ഞത് ഒന്നും നീ കാര്യമായിട്ട് എടുക്കണ്ട കേട്ടോ..." ഗായുവിനോട് ഞാൻ പറഞ്ഞു.

"...ഏയ്യ് അത് അപ്പോഴത്തെ തമാശക്ക് പറഞ്ഞത് അല്ലെ. അല്ലെങ്കിലും ഞാനൊന്നും ചേട്ടന് സെറ്റ് ആവാൻ പോണില്ല..."

"... അതെന്താടി എന്റെ ഏട്ടന് ഒരു കുഴപ്പം..." അമ്മു ചോദിച്ചു

"... എനിക്ക് ഈ മസ്സിൽ ജീവികളെ ഇഷ്ടല്ല. പിന്നെ എനിക്ക് ആൾറെഡി ഒരു ബോയ്ഫ്രണ്ട് ഉണ്ട് 😉..." ഗായു പറഞ്ഞു.

"... എടി ഭയങ്കരി എന്നിട്ട് നീ ഇത് എന്നോട് പറഞ്ഞില്ലല്ലോ..." അമ്മു പറഞ്ഞു.

"... പിന്നെ ഇതൊക്കെ കൊട്ടിഘോഷിച്ചോണ്ട് നടക്കാൻ പറ്റോ..."

"... എന്തായാലും ആ പയ്യന് കഷ്ടകാലം ആണെന്ന് ഉറപ്പാ. അല്ലെങ്കിൽ നിന്നെപോലുള്ള മാരണങ്ങളെ ഇഷ്ടപ്പെടില്ലല്ലോ.."ഞാൻ കൗണ്ടർ അടിച്ചു.

അത് കേട്ടതും അമ്മു വാ പൊത്തി ചിരിക്കാൻ തുടങ്ങി കൂടെ ഞാനും.ഇത് കണ്ട് ഗായു ദേഷ്യത്തോടെ എന്റെ ചെവി പിടിച്ചു തിരുമി. വല്യ വേദന ഇല്ലങ്കിലും ഞാൻ പയ്യെ നിലവിളിക്കാൻ തുടങ്ങി. അത് കേട്ടിട്ട് ആണെന്നതോന്നുന്നു ചാരു എന്റെ മുറിയിലേക്ക് വന്നു.

"... എന്താ ഇവിടെ ഒരു ബഹളം..."ചാരു തിരക്കി.

"...ഒന്നും ഇല്ല ചേച്ചി ഏട്ടന്റെയും ഗായുവിന്റെയും ഓരോ തമാശ..."അത് പറഞ്ഞു അമ്മു വീണ്ടും ചിരിക്കാൻ തുടങ്ങി.എന്നെയും ഗായുവിനെയും മാറിമാറി നോക്കിയ ശേഷം ചാരു തിരിച്ചു പോകാൻ ഒരുങ്ങി.

"... ചേച്ചി പോവണോ..." അമ്മു ചോദിച്ചു.

"... എനിക്ക് അപ്പുറത്ത് ഇച്ചിരി പണി ഉണ്ട്..."

"...അതൊക്കെ പിന്നെ ചെയ്യാം ചേച്ചി ഇങ്ങോട്ട് വന്നേ..." ഗായു പോയി ചരുവിന്റെ കൈയിൽ പിടിച്ചു ബലമായി നമുക്ക് അരികിലേക്ക് കൊണ്ട് വന്നു കട്ടിലിൽ ഇരുത്തി . ഗായു വീണ്ടും പഴയതുപോലെ എന്റെ തല അവളുടെ മടിയിൽ വച്ചു തലമുടിയിൽ തലോടാൻ തുടങ്ങി.

"...ചേച്ചിടെ വയറു വേദന എങ്ങനെ ഉണ്ട്..." അമ്മു അന്വേഷിച്ചു

"... കുറവുണ്ട്..." അത് പറഞ്ഞു ചാരു ഒന്ന് പുഞ്ചിരിക്കാൻ ശ്രെമിച്ചു

www.kkstories.com

"... ഗായു തല ഒന്ന് മസ്സാജ് ചെയ്ത് താടി..." അവളുടെ കൈപിടിച്ച ഞാൻ ഒന്ന് കെഞ്ചി.

"... അയ്യടാ പോയി നിങ്ങടെ പെണ്ണമ്പിള്ളയോടു പറ..." ഗായു പുച്ഛിച്ചു

"... അതല്ലേ നിന്നോട് പറഞ്ഞെ.പ്ലീസ് എന്റെ പൊന്നല്ലേ..." ഗായുവിന്റെ കൈ പിടിച്ചു ഉമ്മ കൊടുത്തുകൊണ്ട് കൊഞ്ചി. ഇതൊക്കെ കണ്ട ചരുവിന്റെ മുഖം കടന്നൽ കുത്തിയത് പോലെയായി.

"... എനിക്ക് ഒന്നും വയ്യ. ചാരുചേച്ചി നന്നായി മസ്സാജ് ചെയ്യും. ചേച്ചി ഒന്ന് ചെയ്ത് കൊടുത്തേ..." ഗായു ചാരുവിന്റെ പെടലിക്ക് ഇട്ടു.

"... നിങ്ങൾ ആരും ചെയ്യണ്ട. എനിക്ക് എന്റെ അമ്മുക്കുട്ടി മസ്സാജ് ചെയ്തത് തരും അല്ലെ മോളെ..." അമ്മുവിനെ നന്നായി ഒന്ന് പതപ്പിച്ചു.

"... അതൊക്കെ ചെയ്യാം. പക്ഷെ പോവുമ്പോൾ ഡയറിമിൽക്ക് വാങ്ങി തരണം..." അമ്മുവിന്റെ ഡിമാന്റ് എത്തി. വാങ്ങി കൊടുക്കാം എന്നുള്ള ഉറപ്പിന്മേൽ അമ്മു തലയിൽ മസ്സാജ് തുടങ്ങി. ഞാൻ അതും ആസ്വദിച്ച അങ്ങനെ കിടന്നു.ഞാനും ഗായുവും അടിപിടി കൂടി അങ്ങോട്ടു ഇങ്ങോട്ടു കളിയാക്കിയും കിടന്നു. ചാരു നമ്മുടെ ചർച്ചകളിൽ പങ്കെടുക്കുന്നെങ്കിലും മുഖം അത്ര തെളിച്ചമില്ല.

പിറ്റേന്ന് രാവിലെ പെട്ടി ഒക്കെ പാക്ക് ചെയ്ത് ഇറങ്ങാൻ തീരുമാനിച്ചു. അമ്മുമ്മയുടെ മുറിയിലേക്ക് പോയി.

"... എന്റെ മക്കളെ കണ്ട് കൊതി തീർന്നില്ല..." അത് പറഞ്ഞു എനിക്കും അമ്മുവിനും അമ്മുമ്മ ഓരോ ചുംബനം തന്നു.

"...അതിനെന്താ അമ്മേ അവർക്ക് എപ്പോ വേണമെങ്കിലും വരാലോ..." ചാരുവിന്റെ അമ്മ പറഞ്ഞു.

"...ചാരുവും പോവണോ..." വിഷമത്തോടെ അമ്മുമ്മ തിരക്കി.

"... ഞാൻ പോയിട്ടു പെട്ടെന്ന് തിരിച്ച വരില്ലേ..." അമ്മുമ്മയെ കെട്ടിപിടിച് ഒരു ഉമ്മ കൊടുത്ത് ചാരു പറഞ്ഞു. അമ്മുമ്മയുടെ ചങ്ക് ആണ് ചാരു അതിന്റെയ

"... എന്റെ മോൾക്ക് അവിടെ കുഴപ്പം ഒന്നും ഇല്ലല്ലോ അല്ലേ..." ചാരുവിനെ ഒന്ന് തലോടിക്കൊണ്ട് അമ്മുമ്മ തിരക്കി.

"... അതെന്താ അമ്മേ അങ്ങനെ ചോദിച്ചേ. അവൾക്ക് അവിടെ ഒരു കുറവും ഇല്ല. പൊന്നുപോലെയാ അവിടെ എല്ലാരും അവളെ നോക്കുന്നെ..." അമ്മ അത് പറഞ്ഞതും ചാരു എന്നെ തുറിച്ച നോക്കി.

ആ നോട്ടത്തിന്റെ അർത്ഥം എനിക്ക് മനസിലായില്ല.പതിയെ ഞങ്ങൾ ഹാളിലേക്ക് നീങ്ങി.

"... മാമി ഗായു എവിടെ കാണാൻ ഇല്ലല്ലോ..." ഗായുവിനെ കാണാത്തത് കൊണ്ട് ഞാൻ ചോദിച്ചു.

"...അവൾ റൂമിൽ ഉണ്ട് എന്തോ അർജന്റ് കാൾ വന്നു. ഇവിടെ എല്ലാരും പോകുന്നതിന്റെ തിരക്ക് ആയോണ്ട് റൂമിലേക്ക് പോയതാ..." മാമി പറഞ്ഞു.

www.kkstories.com

"... ആണോ. ഞാൻ അവളെ വിളിച്ചിട്ടു വരാം..." ഞാൻ അവളുടെ മുറിയിലേക്ക് പോയി.

"... എന്നാ മോളുസേ വല്യ ബിസി ആണെന്ന് തോന്നുന്നു..." ചെന്ന പാടെ ഫോണിൽ വിളിച്ചോണ്ട് ഇരുന്ന ഗായുവിനോട് ഞാൻ ചോദിച്ചു.

എന്തോ ഇമ്പോർട്ടന്റ് കാര്യം ആണ്. എന്നെ നോക്കി കൈ കൊണ്ട് ഒരു മിനിറ്റ് എന്ന് കാണിച്ചു പിന്നെയും ഫോണിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഞാൻ അവൾക്കായി വെയിറ്റ് ചെയ്തു. ഫോൺ കാൾ കഴിഞ്ഞതും അവൾ എന്റെ അടുത്തേക്ക് വന്നു.

"...സോറി. അത്യാവശ്യ കാൾ ആയിരുന്നു അതാ ഇങ്ങോട്ട് വന്നേ. നിങ്ങൾ ഇറങ്ങാറായോ..." ഗായു തിരക്കി.

"... ആടി ഇറങ്ങാൻ നിൽക്കാണ്. നിന്നെ നോക്കിയപ്പോ അവിടെ കണ്ടില്ല അതാ ഇങ്ങോട്ട് വന്നേ..."

"...so നിങ്ങൾ പോവാണ്. ഇനി എപ്പോഴാ കാണുന്നെ..." ഗായു ചോദിച്ചു.

"... നീ ഒരു ദിവസം ഞങ്ങളുടെ നാട്ടിലേക്ക് വാ. അവിടെ കളർ ആക്കാം..."

"... ഞങ്ങടെ നാടും മോശം ഒന്നും അല്ല കേട്ടോ അങ്ങോട്ടും ഇറങ്ങാം..." അവളും കട്ടക്ക് നിന്ന്.

"... ഒരു ദിവസം എല്ലാരേയും കൂട്ടി അങ്ങോട്ട് ഇറങ്ങാം. പോട്ടെടി കാന്താരി ..." ഞാൻ അതും പറഞ്ഞ് അവളെ കെട്ടിപിടിച്ചു.

www.kkstories.com

"... I miss you..."അത് പറഞ്ഞു തിരിച്ച് അവൾ എന്നെ പുൽകി.

"...🗣️ ആദി..."

ആ അലർച്ച കേട്ട ഞാനും ഗായുവും ഞെട്ടി വാതിൽക്കൽ നോക്കി. കോപത്താൽ ഉറഞ്ഞു തുള്ളുന്ന ചാരുവിനെ ആണ് കണ്ടത്. എന്താ എന്നാ ഭാവത്തിൽ ഞാൻ ചാരുവിനെ നോക്കി

"... മാമി വിളിക്കുന്നു. ഇറങ്ങാൻ സമയമായി😡..." ഇത്രയും പറഞ്ഞു ചവിട്ടിതുള്ളി അവൾ പോയി.

"...ഇവൾക്ക് എന്താ വല്ല പ്രാന്തും ഉണ്ടോ..." ഒന്നും മനസ്സിലാവാതെ ഞാൻ ഗായുവിനോട് ചോദിച്ചു.

"... ആർക്ക് അറിയാം. ഇനിയിപ്പോ ലേറ്റ് ആവണ്ട പോവാം..." അതും പറഞ്ഞ് ഗായു എന്റെ കൈയ്യും പിടിച്ചു ഉമ്മറത്തേക്ക് എത്തി.

"... അപ്പൊ എല്ലാർക്കും ടാറ്റ. ഞങ്ങൾ പോയിട്ടു വരാം. നിങ്ങളും ഒരുദിവസം അങ്ങോട്ട് ഇറങ്ങ്..." എല്ലാരേയും കെട്ടിപിടിച് യാത്ര പറഞ്ഞ് ഞങ്ങൾ ഇറങ്ങി.

"... ഗായു വിളിക്കാം കേട്ടോ..." കാറിൽ കേറുമ്പോൾ കൈകൊണ്ട് ഞാൻ ആംഗ്യം കാണിച്ചു
ഇത്തവണ കാർ ഞാൻ എടുത്തു. അച്ഛൻ എന്റൊപ്പവും.

"... ഇവടന്ന് പോവാൻ തോന്നുന്നില്ല അല്ലെ..." പുറത്തേക്ക് നോക്കി അമ്മു പറഞ്ഞു.

"... അതെ നല്ല വെക്കേഷന് ആയിരുന്നു..." ഞാനും അഭിപ്രായപെട്ടു

"... ഇങ്ങോട്ട് വരുന്ന കാര്യം പറഞ്ഞപ്പോ നിനക്ക് എന്ത് ജാട ആയിരുന്നു. ഇപ്പൊ എങ്ങനെ ഉണ്ടട..." അമ്മ ചോദിച്ചു.

"... ഓ പിന്നെ ഗായു ഇല്ലായിരുന്നെങ്കിൽ ഞാൻ പിറ്റേന്ന് തന്നെ പോയേനെ. അവൾ ഉള്ളത്കൊണ്ട് ബോർ അടി ഇല്ലായിരുന്നു..." അത് പറഞ്ഞു മിറർ വഴി ചാരുവിനെ ഒന്ന് പാളി നോക്കി.ചാരു എന്നെ നോക്കി ദഹിപ്പിക്കുന്നുണ്ടായിരുന്നു.

വൈകുന്നേരത്തോടെ ഞങ്ങൾ വീട്ടിൽ എത്തി.യാത്ര ക്ഷീണം കാരണം ചെന്ന ഉടനെ കട്ടിലിൽ കേറി കിടന്നു. പിറ്റേന്ന് രാവിലെ ആണ് ഉറക്കം എഴുന്നേറ്റത്. പതിവുപോലെ കാപ്പികുടിയൊക്കെ കഴിഞ്ഞ് ജിമ്മിൽ പോയി. കാർത്തി നേരുത്തേ അവിടെ ഹാജർ ആയിട്ടുണ്ടായിരുന്നു. അവനോട് വെക്കേഷൻ പോയ സംഭവ വികസങ്ങൾ ഒക്കെ പറഞ്ഞു. വൈകിട്ട് വീട്ടിൽ എത്തി.

"... ഇന്നെങ്കിലും നേരുത്തേ വന്നൂടായിരുന്നോ. നാളെ അല്ലെ കോളേജ് തുറക്കുന്നെ..." അമ്മ പറഞ്ഞു

"... സോറി അമ്മക്കുട്ടി. എന്തായാലും ഞാൻ എത്തിയില്ലേ..." എല്ലാരും അത്താഴം കഴിക്കാനായി ഇരുന്നു.

"... ഗായു വിളിച്ചായിരുന്നു..." എനിക്ക് വിളമ്പുന്നതിന്റെ ഇടക്ക് അമ്മ പറഞ്ഞു.

www.kkstories.com

"... ആണോ എന്നിട്ട് എന്ത് പറഞ്ഞു..."

"...അവർ ഇന്ന് വീട്ടിൽ പോവാണെന്നു പറഞ്ഞു. നിന്നെ ഒരുപാട് വിളിച്ചു എന്നിട്ട് കിട്ടിയില്ല എന്ന് പറഞ്ഞു അതാ എന്നെ വിളിച്ചേ..."അമ്മ അത് പറഞ്ഞതും ചാരു ഇക്കിൾ വെട്ടാൻ തുടങ്ങി.

"... അയ്യോ എന്ത് പറ്റി മോളെ. വെള്ളം കുടിക്ക്..." അമ്മ അവൾക്ക് വെള്ളം ഒഴിച്ച് കൊടുത്തു.

ഇവൾക്ക് എന്തിനാ ഇപ്പോ ഇക്കിൾ വെട്ടിയത്. ആർക്ക് അറിയാം ആർത്തി മൂത്ത് തിന്നപ്പോ തൊണ്ടയിൽ കുരുങ്ങി കാണും

"... ഫോൺ ചാർജ് തീർന്നു പോയി അമ്മേ. അതാ അവൾ വിളിച്ചപ്പോ കിട്ടാത്തെ. കുഴപ്പമില്ല കിടക്കാൻ നേരത്ത് ഞാൻ വിളിച്ചോളാം..." സാധാരണ കഴിക്കുന്നതിലും നേരുത്തേ ഞാൻ ഫുഡ് കഴിച്ച് തീർത്തു അമ്മുവിന്റെ റൂമിൽ കുത്തിയിട്ട ഫോൺ സ്വിച്ച് ഓൺ ആക്കിയതും ഗായുവിന്റെ കാൾ വന്നു.

"...വീട്ടിൽ എത്തിയിട്ട് ഒരു കാൾ ചെയ്യാൻ തോന്നിയോട
...പട്ടി...തെണ്ടി...ചെറ്റേ..." ഫോൺ എടുത്തപാടെ ഗായു തുടങ്ങി.

"... സോറി... സോറി... വിളിക്കാൻ മറന്നു പോയി 😁..." അവളെ അനുനയിപ്പിക്കാൻ നോക്കി.

"...ഓഹോ ഇവിടന്ന പോയപ്പോ നമ്മളെ എല്ലാം മറന്ന അല്ലെ. ഇനി ഒന്നും പറയണ്ട..." അവൾ ഫോൺ കട്ടാക്കി പോയി.

"... എന്താടാ..." എന്റെ കാട്ടികൂട്ടൽ കണ്ട് അമ്മ കാര്യം തിരക്കി

"... അവിടന്ന് വന്നിട്ട് അവളെ വിളിക്കാത്തതിന്റെ പരിഭവം ആണ്..."

"... ആഹ്ഹ് അനുഭവിച്ചോ. മോൾക്ക് 1 ചപ്പാത്തി കൂടി വയ്ക്കട്ടെ..." എന്നെ നോക്കികൊണ്ടിരുന്ന ചരുവിനോട് അമ്മ ചോദിച്ചു.

അവൾ വേണ്ടന്ന് പറഞ്ഞു കഴിപ്പ് മതിയാക്കി. ഫോണുമായി ഞാൻ ബാൽക്കണിയിലേക്ക് പോയി. ഒരുപാട് തവണ വിളിച്ചിട്ടും ഗായു ഫോൺ എടുത്തില്ല. അവസാനം വാട്സ്ആപ്പ് വഴി സോറി ഒക്കെ പറഞ്ഞിട്ടാണ് അവൾ ഫോൺ എടുത്തേ.

"...എന്താ മാഷേ ഫോൺ എടുക്കാൻ ഒക്കെ ഒരു മടി..." ഞാൻ ചോദിച്ചു

"... നമ്മളെ ഓർക്കാത്തവരെ നമ്മൾ എന്തിന ഓർക്കണം 😒..."

"...ഇപ്പോഴും പിണക്കം മാറിയില്ലേ..."

"... ഇല്ലങ്കിൽ..?"

www.kkstories.com

"... സോറി മുത്തേ ക്ഷമിക്ക്. ഇവിടെ എത്തിയപ്പോ താമസിച്ചു ക്ഷീണം കൊണ്ട് ഉറങ്ങി പോയി അതാ വിളിക്കാത്തെ..."

"... Hmm ഇത്തവണ ക്ഷമിച്ചിരിക്കുന്നു..."

"... ഉത്തരവ്.അല്ല നീ നാളെയല്ലേ വീട്ടിൽ പോവുന്നുള്ളു എന്ന് പറഞ്ഞെ..."

"...ഓ നിങ്ങൾ ഇല്ലാത്തോണ്ട് ഒരു സുഖമില്ല. അതോണ്ട് ഞാൻ എല്ലാം കെട്ടിപെറുക്കി തിരിച്ചു വന്നു. പിന്നെ എന്റെ ചെക്കന് എന്നെ മിസ്സ് ചെയ്യുന്ന എന്ന് പറഞ്ഞു അപ്പൊ അവനെയും കാണാല്ലോ..."

"... അപ്പൊ കാമുകനെ കാണാൻ ഓടിയത് ആണ് എന്നിട്ട് ഞങ്ങൾ ഇല്ലാത്തോണ്ട് എന്ന് ഒരു തള്ളലും..."

"...ആ അങ്ങനെ തന്നെയാ. ഇതൊന്നും പെണ്ണും പെടക്കോഴിയും ഇല്ലാത്ത നിങ്ങളോട് പറഞ്ഞിട്ട് കാര്യം ഇല്ല..." അത് കേട്ടപ്പോ ഒരുനിമിഷം ചരുവിന്റെ മുഖം മനസ്സിൽ മിന്നി മറഞ്ഞു.

പിന്നയും നമ്മൾ ഒരുപാട് നേരം സംസാരിച്ചു. നമുക്ക് എല്ലാർക്കും കാണുമല്ലോ ഒരു ബെസ്റ്റ് ഫ്രണ്ട് പോലൊരു കസിൻ. ഗായു ഇപ്പൊ എനിക്ക് അങ്ങനെയാ. എന്ത് വേണമെങ്കിലും പറയാം സംസാരിക്കാം ☺. അവൾക്കും ഏറക്കുറെ അത് പോലെ തന്നെയാ.

"... ഈ വരുന്ന തിങ്കളാഴ്ച നിനക്ക് വല്ല പരിപാടിയും ഉണ്ടോ..." രാത്രി ഫുഡ് കഴിക്കുന്നതിന്റെ ഇടക്ക് അമ്മ ചോദിച്ചു.

"...കോളേജിൽ പോണം അത്രയേ ഉള്ളൂ..." നിസാരമായി പറഞ്ഞു.

"...എന്നാ നീ തമിഴ്നാട് വരെ ഒന്ന് പോണം..." അമ്മ പറഞ്ഞു.

"... അതിനെന്താ പോവാലോ..." വരാൻ ഇരിക്കുന്ന ആപത്തു മനസ്സിലാവാതെ സമ്മതവും മൂളി.

"... അല്ല എന്തിന ഞാൻ പോണേ..." കാര്യം അറിയണമല്ലോ.

"... ചാരുമോൾക്ക് ബാംഗ്ലൂരിൽ വച്ച് ഒരു എക്സാം ഉണ്ട് അപ്പൊ നീ ഒന്ന് കൂടെ ചെല്ലണം..." അത് കേട്ടതും കഴിച്ചോണ്ട് ഇരുന്ന ഫുഡ് തനിയെ തൊണ്ടവഴി ഇറങ്ങിപോയി.

"...എന്തോന്ന്..? എനിക്ക് പോവാൻ പറ്റില്ല..."

"... അതെന്താ നിനക്ക് പോയാൽ..." ഗംഗയിൽ നിന്നും അമ്മ നാഗവല്ലിയായി മാറി.

"...അത്...അത്... എനിക്ക് അന്ന് ജിമ്മിൽ പോണം. മാച്ച് അടുത്ത് വരുന്നോണ്ട് പ്രാക്ടീസ് മുടക്കാൻ പറ്റില്ല..." വായിൽ വന്നത് അങ്ങ് തട്ടി വിട്ടു.

www.kkstories.com

"... ഒരു ദിവസം പ്രാക്ടീസ് ചെയ്തില്ല എന്ന് വച്ച് ഒന്നും നടക്കാൻ പോണില്ല. ഞാനാ പറയുന്നേ നീ അവളുടെ കൂടെ പോയെ പറ്റൂ..." അമ്മ ചെക്ക്മേറ്റ് വച്ചു ഇനി ഒഴിയാൻ പറ്റില്ല.

"... എന്നാ ശെരി ഞാൻ പൊക്കോളാം..." വേറെ വഴിയില്ലാതെ സമ്മതിക്കേണ്ടി വന്നു.

രാത്രി എത്ര ഉറങ്ങാൻ നോക്കിയിട്ടും ഉറക്കം വരുന്നില്ല. അവളുടെ കൂടെ പോണം എന്ന് ആലോചിക്കുമ്പോൾ എന്തോ അസ്വസ്ഥത. അമ്മ ആദ്യം ചോദിച്ചപ്പോഴേ എന്തെങ്കിലും പരിപാടി പറഞ്ഞു ഒഴിയാൻ ഉള്ളതായിരുന്നു. ഇതിപ്പോ 2, 3 ദിവസം അങ്ങനെ പോകും. ഒരുപാട് കാര്യങ്ങൾ ചിന്തിച്ചു നിദ്രയിൽ മുഴുകി.പിറ്റേന്ന് കോളേജിലും ചർച്ച ഇത് തന്നായിരുന്നു.

"... നീ പേടിക്കണ്ട അളിയ ഇതൊക്കെ ഒരു ചാലഞ്ച് അല്ലെ..." കാർത്തിയുടെ സമാധാനപെടുത്തൽ ആണ്.

"... ഞാൻ എന്തിനാ പേടിക്കുന്നെ. അല്ല ഇതിൽ എന്താ ഇത്ര വല്യ ചാലഞ്ച്..." മനസ്സിലാവാതെ ഞാൻ ചോദിച്ചു.

"... ഇതിൽ എന്തോ കുഴപ്പം ഉണ്ട് നീ തന്നെ ഒന്ന് ആലോചിച്ചു നോക്കിയേ ഇത്രയും നാൾ ഇല്ലാത്ത എക്സാം ഇപ്പൊ എവിടെ നിന്ന് വന്നു..? വേറെ ആരും ഇല്ലാത്തോണ്ട് ആണോ നിന്നെത്തന്നെ കൂടെചെല്ലാൻ പറഞ്ഞത് something fishy..."കാർത്തി അവന്റെ സംശയങ്ങൾ ഉന്നയിച്ചു.

"... എടാ അത് അച്ഛൻ തിരക്കിൽ ആയോണ്ട് ആണുങ്ങൾ ആരെങ്കിലും കൂടെ പോണ്ടേ അതാ എന്നോട് ചെല്ലാൻ പറഞ്ഞെ..."

"...അവളെ മൈൻഡ് കൂടി ചെയ്യാത്ത നിന്നെ തന്നെ കൂടെ കൊണ്ട് പോണമെങ്കിൽ. ഇത് ഒരു ട്രാപ്പ് ആണ്..." ഒരു ഡിക്ടേറ്റീവിനെ പോലെ കാർത്തി അവന്റെ കണ്ടുപിടിത്തം എല്ലാം നിരത്തി.

"... ട്രാപ്പോ, എന്ത് ട്രാപ്പ്..." ചെറിയ ഒരു ഭയം എന്നിൽ ഉടലെടുത്തു.

"... ഒന്ന് പോടാ അവന്റെ ഒരു കണ്ടുപിടിത്തം..." കാർത്തിയുടെ നിലപാടുകൾ ദിയ പാടെ തള്ളിക്കളഞ്ഞു.

"...അവളെ നീ നോവിച്ചതിനു പകരം വീട്ടാനാണ് അവൾ നിന്നെയും കൊണ്ട് പോണത്..." ക്രൂര ഭാവത്തിൽ കാർത്തി പറഞ്ഞു.

"...അതിനു ഞാൻ അവളെ എങ്ങനെ നോവിച്ചെന്ന നീ പറയുന്നേ..?അവൾ എന്നെ അല്ലെ നോവിച്ചേ..." കഴിഞ്ഞ കാലങ്ങൾ എന്റെ മനസിലൂടെ മിന്നിമറഞ്ഞു

"... ശാരീരികമായി നോവിച്ചില്ലെങ്കിലും മാനസികമായി നീ അവളെ നോവിച്ചിട്ടുണ്ട്. അതിനു അവൾ പ്രതികാരം ചെയ്യും..." കാർത്തി പിന്നെയും എന്നെ പേടിപ്പെടുത്തി.

"... നീ പേടിക്കാതെടാ ഇവന് പ്രാന്ത..." ദിയ എന്നെ അശ്വസിപ്പിക്കാൻ ശ്രെമിച്ചു.

"... ഇവൻ പറയുന്നത് പോലെയൊന്നും ആയിരിക്കില്ല. എന്റെ അഭിപ്രായത്തിൽ ഈ യാത്രയോടെ നിങ്ങൾ തമ്മിലുള്ള എല്ല പ്രേശ്നങ്ങളും മാറും. അതിന് നീ ആദ്യം ചരുവിന് പറയാനുള്ളത് കേൾക്ക് ..." ദിയ അഭിപ്രായപെട്ടു.

www.kkstories.com

"... ഇവൾ പറയുന്നത് ഒന്നും നീ കേൾക്കണ്ട. തരം കിട്ടിയാൽ നിന്നെ ട്രെയിനിൽ നിന്നും തള്ളി ഇടാനും അവൾ മടിക്കില്ല പെൺപിള്ളേരെകുറിച്ച് നിനക്ക് അറിയാതോണ്ടാ..." ദൈവമേ ഈ തെണ്ടി മനുഷ്യനെ പറഞ്ഞു പേടിപ്പിക്കോലോ

"...പിന്നെ പെൺപിള്ളേരെകുറിച്ച് അരച്ച് കലക്കി കുടിച്ച ഒരുത്തൻ വന്നിരിക്കുന്നു. നിന്നോട് ഒക്കെ ഏതെങ്കിലും പെൺപിള്ളേർ മിണ്ടോടാ..." ദിയ കാർത്തിയെ പുച്ഛിച്ച് തള്ളി.

"... എനിക്ക് ഒരുത്തിയെയും വിശ്വാസം ഇല്ല. അതുകൊണ്ട് എന്നോട് ആരും മിണ്ടാനും വരണ്ട 😏..." കാർത്തി അവന്റെ നിലപാട് പറഞ്ഞു

"... അല്ലെങ്കിൽ പെണ്ണ്പിള്ളേർ നിന്റെ പിന്നിൽ ക്യൂ നിൽക്കല്ലേ. ഒന്ന് പോടാ ചെക്ക..." ദിയയുടെ വക പിന്നയും പുച്ഛം

"... ആദി നീ ഇവളെ വിളിച്ചോണ്ട് പോ ഇല്ലങ്കിൽ ഇവളുടെ മുഖത്തിന്റെ ഷേപ്പ് ഞാൻ മാറ്റും..." കാർത്തി കോപം കൊണ്ട് വിറങ്ങലിച്ചു.

"... പിന്നെ എന്റെ കൈ മാങ്ങാ പറിക്കാൻ പോവല്ലേ..."ദിയയും കൊമ്പ് കോർത്തു.

"... ഒന്ന് നിർത്തോ രണ്ടുംകൂട. നിങ്ങളോട് കാര്യങ്ങൾ പറഞ്ഞ എന്നെ പറഞ്ഞാൽ മതിയല്ലോ 🤦🏻‍♀️..." ഞാൻ സ്വയം പഴിച്ചു.

"... ആദി സൂക്ഷിച്ചാൽ ദുഖിക്കേണ്ട. മുമ്പ് പട്ടിയെ പോലെ കരഞ്ഞത് ഒന്നും മറന്നിട്ടില്ലല്ലോ..?" ഇത്രയും പറഞ്ഞു കാർത്തി പോയി.

"... എടാ കുഴപ്പം ഒന്നുമില്ല നീ ഹാപ്പി ആയി പോയിട്ടു വാ..."ദിയ ധൈര്യം പകർന്നു.

കൂട്ടുകാരുടെ ധൈര്യവും വീട്ടുകാരോടുള്ള വിശ്വാസത്തിന്റെ പുറത്തും ഞാൻ ചാരുവിനോപ്പം ട്രെയിൻ കയറി. സ്ലീപ്പർ കിട്ടിയൊണ്ട് സുഗമായി പോവാം.ഞായർ വൈകുന്നേരം ആണ് ഞങ്ങൾ കയറിയത്. ലോവർ ബെഡും മിഡിൽ ബെഡുമാണ് കിട്ടിയേ. ഞാൻ മിഡിൽ ബെഡിൽ കയറി ഹെഡ് സെറ്റും വച്ചു സിനിമ കാണാൻ തുടങ്ങി ചാരുവിനെ ഞാൻ അതികം ശ്രദ്ധിക്കാൻ പോയില്ല. രാത്രി അമ്മ തന്ന വിട്ട ആഹാരം കഴിച്ചു. ഉറങ്ങാനായി എന്റെ ബെഡിൽ തയ്യാർ എടുക്കുമ്പോൾ ആണ് കാലിൽ ഒരു തോണ്ടൽ അനുഭവപ്പെട്ടത്.

"... അതെ ഒന്ന് വരുമോ..." ആശങ്കയോടെ ചാരു ചോദിച്ചു.

"... എവിടേക്ക്..." മനസ്സിലാവാതെ ഞാൻ ചോദിച്ചു.

"... ഒന്ന് വരവോ..." വീണ്ടും അതെ ചോദ്യം. ഞാൻ ബെഡിൽ നിന്നും ഇറങ്ങി.

"... എന്തിനാ എന്നെ വിളിച്ചേ..." വല്യ താല്പര്യം ഇല്ലാതെ ചോദിച്ചു.

"...ബാത്റൂമിൽ പോണം..."

"...അതിനു ഞാൻ ഇപ്പൊ എന്ത് ചെയ്യാനാ. നിന്നെ ഇവിടെ ആരും പിടിച്ചു വച്ചിട്ടൊന്നും ഇല്ലല്ലോ..."

"... അതല്ല അവിടെ 2,3 പേര് നിൽപ്പുണ്ട് അവരെ കാണുമ്പോൾ തന്നെ പേടിയാവുന്നു..." അവളുടെ കണ്ണിലെ ഭയം ഞാൻ കണ്ടു

"...ഇവളെ കൊണ്ട് . നടക്ക് അങ്ങോട്ട് ഞാൻ കൂടെ വരാം..." നിവർത്തി ഇല്ലാതെ അവളുടെ കൂടെ പോയി.

ചാരു പറഞ്ഞത് ശെരിയ. ആജാനബാഹുവിനെ പോലെ മൂന്നു പേര് അവിടെ നിൽപ്പുണ്ട്. കണ്ട തന്നെ പേടിയാകും. അവളെ ടോയ്ലറ്റിൽ പറഞ്ഞയച്ചിട്ടു ഞാൻ പുറത്ത് വെയിറ്റ് ചെയ്തു. അവർ എന്നെ രൂക്ഷമായി നോക്കുന്നുണ്ട് അത് എന്തിന് ആണോ ആവോ അടി വല്ലതും ഉണ്ടായാൽ ഇവന്മാർ എന്നെ എടുത്ത് പുറത്തേക്ക് എറിയും. ചാരു ബാത്രൂമിൽ നിന്നും ഇറങ്ങിയപ്പോ അവളെയും കൂട്ടി തിരിച്ചു വന്നു. ചാരു ബെഡിൽ ഇരുന്നു വെള്ളം കുടിക്കാൻ തുടങ്ങി. വന്ന ഉറക്കം അതേപോലെ തിരിച്ചു പോയത് കൊണ്ട് ഞാൻ അതിനു എതിർ വശം അവളെ നോക്കി ഇരുന്നു.ചുമ്മാ ഇരുന്നു ബോർ അടിക്കുന്നു. ചാരുവിനോട് എന്തെങ്കിലും സംസാരിച്ചാലോ. ചിലപ്പോ ദിയ പറഞ്ഞപോലെ അവൾക്ക് എന്നോട് എന്തെങ്കിലും പറയാൻ ഉണ്ടങ്കിലോ. ഞാൻ തന്നെ സംസാരിക്കാൻ മുൻകൈ എടുത്തു.

"... ഹലോ..." മൈര് കൃത്യസമയത്ത് തന്നെ ചാരുവിനു ഫോൺ വന്നു.

"... ഹ കഴിച്ചായിരുന്നു........
രാവിലെ എത്തും ........
കുഴപ്പം ഇല്ല രാവിലെ എക്സാം ആയോണ്ട് നേരെ അങ്ങോട്ട് പോവും........

അല്ലേ എക്സാം..........
എക്സാം കഴിഞ്ഞുള്ള ആദ്യ ട്രെയിനിൽ കയറും ....." ഇതെല്ലാം ഫോൺ വിളിച്ച ആൾക്ക് ചാരു കൊടുത്ത മറുപടികൾ ആണ്.

എന്നാലും ആരായിരിക്കും ഈ സമയത്ത് വിളിച്ചേ. ഇത്രക്ക് ഡീറ്റൈൽ ആയിട്ട് കാര്യങ്ങൾ പറയണം എങ്കിൽ അവളുടെ അമ്മ ആയിരിക്കും. എന്റെ ഈ ചോദ്യങ്ങൾക്ക് വല്യ ആയുസ്സ് ഇല്ലായിരുന്നു.

"...ഗുഡ് നൈറ്റ് അരുൺ. രാവിലെ അവിടെ എത്തിയിട്ട് വിളിക്കാം..." അത്രയും പറഞ്ഞു ചാരു ഫോൺ കട്ടാക്കി.

ചാരു പറഞ്ഞ ആ പേര് എന്റെ കാതിൽ എക്കോ പോലെ കേട്ടുകൊണ്ടിരുന്നു. ജനൽ വഴി തണുത്ത കാറ്റ് ഉള്ളിലേക്ക് അടിക്കുന്നെങ്കിലും ഞാൻ വെട്ടി വിയർക്കാൻ തുടങ്ങി തലയെല്ലാം കറങ്ങുന്ന പോലെ. ഇപ്പോഴും അവൻ ഇവളെ വിളിക്കാറുണ്ടോ...? നാളെ തിരിച്ചു വിളിക്കാം എന്നല്ലേ ചാരു പറഞ്ഞെ അതിനർത്ഥം ഇവർ തമ്മിൽ എപ്പോഴും കോൺടാക്ട് ഉണ്ട് എന്നല്ലേ...? രാത്രി ഈ സമയത്തും ഇവളെ വിളിച്ചു കാര്യങ്ങൾ ചോദിച്ചെങ്കിൽ ഇവർ തമ്മിൽ ഫ്രണ്ട്ഷിപ് മാത്രം ആണോ...? അല്ലെങ്കിൽ തന്നെ ഇതിനൊക്കെ ഞാൻ എന്തിനാ ടെൻഷൻ ആവുന്നേ...? ഉത്തരങ്ങൾ ഇല്ലാത്ത ചോദ്യങ്ങൾ എന്റെ ഉള്ളിൽ അലയടിച്ചോണ്ട് ഇരുന്നു.

"... ആദി...ആദി..." ചരുവിന്റെ തട്ടിവിളിയാണ് എന്നെ സ്വയനിലവിലേക്ക് കൊണ്ട് വന്നത്.

"... ആരാ ഫോൺ വിളിച്ചേ..." ഞാൻ ഉദ്ദേശിച്ച ഉത്തരം ആവരുതെ എന്ന പ്രാർത്ഥനയിൽ എന്റെ ഉള്ളിൽ ഉണ്ടായിരുന്ന ചോദ്യം പുറത്തേക്ക് വന്നു.

"...ആദി...അത്... അരുൺ ആണ് വിളിച്ചേ..." ചെറിയൊരു ഭയത്തോടെയാണ് ചാരുപറഞ്ഞെ.

www.kkstories.com

"... ഓ കോളേജിൽ ഉള്ള അരുൺ ആണോ..." എനിക്ക് കൺഫോർമേഷൻ വേണമായിരുന്നു.

"... അതെ..." തലകുനിച്ചു അവൾ പറഞ്ഞു.

"... എനിക്ക് ഒരു കാര്യം പറയാൻ ഉണ്ട് ആദി..." പ്രദീക്ഷയോടെ ചാരു എന്നെ നോക്കി.

ആ സമയത്ത് തന്നെ എന്റെ ഫോൺ റിങ് ചെയ്തു. ആരാ വിളിച്ചത് എന്നുപോലും നോക്കാതെ യാന്ത്രികമായി ഫോൺ അറ്റൻഡ് ചെയ്ത് കാതിൽ വച്ചു.

"... ഹലോ... ഹലോ.... ആദിയേട്ടാ... ഹലോ... ആദിയേട്ടാ.... കേൾക്കുന്നുണ്ടോ..." ഞാൻ ഒന്നും മിണ്ടാത്തത് കൊണ്ട് റേഞ്ച് ഇല്ലാന്ന് കരുതികാണും.

മനസ്സിലേക്ക് അരുണും ചാരുവും റിലേഷണിൽ ആണോ എന്നുള്ള എന്റെ സംശയം കൂടി കൂടിവന്നു. ഞാൻ എന്തോ ഇവരുടെ മുന്നിൽ തോറ്റുപോകുന്നോ എന്നൊരു തോന്നൽ. അങ്ങനെ തോൽക്കാൻ ഈ ആദിക്ക് മനസ്സില്ല. ഒരു പെണ്ണിന് വേണ്ടി വിഷമിച്ചിരിക്കുന്നു എന്ന് ഇവർ കരുതാൻ പാടില്ല. ഒരു നിമിഷം കണ്ണുകൾ അടച്ചു ശ്വാസം ഒന്ന് ഉള്ളിലേക്ക് വലിച്ചു പുറത്തേക്ക് വിട്ടു. പിന്നെ കണ്ണ് തുറന്നത് തോൽക്കാൻ മനസ്സില്ലാത്ത ആദിയാണ്.

"...ഗായു മോളെ പറയടി മുത്തേ..." എന്റെ ആദ്യ വാക്കുകൾ കേട്ടപ്പോൾ തന്നെ ചരുവിന്റെ മുഖം മാറി.

"... എന്താ ആദിയേട്ടൻ ആദ്യം ഒന്നും മിണ്ടാതെ ഇരുന്നേ..."ഗായു തിരക്കി

"...ട്രെയിനിൽ അല്ലെ മോളെ റേഞ്ച് കുറവാ. അതാ ഒന്നും കേൾക്കാത്തെ..."

"... എന്താ മോനെ ഒരു സ്നേഹ പ്രകടനം..." എന്റെ സംസാര രീതിയിലെ മാറ്റം ഗായുവിന് മനസിലായി.

"...എന്റെ കൊച്ചിനെ സ്നേഹിക്കാൻ എനിക്ക് പ്രേത്യേകം കാരണം വല്ലതും വേണോ..."

"...എന്നാ അങ്ങനെ ആയിക്കോട്ടെ. ചേട്ടൻ വല്ലതും കഴിച്ചായിരുന്നോ..."

"... അമ്മ ചപ്പാത്തിയും ചിക്കനും ഉണ്ടാക്കി തന്നു വിട്ടു അത് കഴിച്ചു..."

"... നിങ്ങൾ എപ്പോഴാ തിരിച്ചു വരുന്നേ..."

"...മറ്റന്നാൾ വീട്ടിൽ എത്തും. നീ ഒരു ദിവസം വീട്ടിലോട്ടു വാ. നിന്നെ കാണാത്തത്കൊണ്ട് വല്ലാതെ മിസ്സ് ചെയ്യുന്നു..." ചാരുവിനെ നോക്കി എന്റെ പട്ടിഷോ കാണിച്ചോണ്ട് ഇരുന്നു.

"...വരാം മാഷേ..."

"... അല്ലെങ്കിൽ ഒരുദിവസം ഞാൻ അങ്ങോട്ട് വരാം. നേരിട്ട് കണ്ടിട്ട് വേണം നിനക്ക് കുറച്ചു സമ്മാനങ്ങൾ തരാൻ..."

www.kkstories.com

"... എന്ത് സമ്മാനം..?" മനസ്സിലാവാതെ ഗായു ചോദിച്ചു

"...പോ അവിടന്ന് ഒന്നും അറിയാത്ത പോലെ..." ഇല്ലാത്ത നാണം ഞാൻ അഭിനയിച്ചു.

"... അദിയേട്ടന് വട്ടായോ ? എനിക്ക് ഒന്നും പിടികിട്ടുന്നില്ല ..." ഞാൻ എന്താണ് പറയുന്നത് എന്ന് പോലും പാവത്തിന് മനസിലായില്ല.

"...അതൊക്കെ പോട്ടെ. നീ കഴിച്ചോ..." ഞാൻ ഗായുവിനോട് തിരക്കി.

"... ഇല്ല.വിശപ്പ് ഇല്ല..."

"... എന്താ കഴിക്കാത്തെ. ഞാൻ പറഞ്ഞിട്ടില്ലേ ഇങ്ങനെ ഫുഡ് ഒന്നും കഴിക്കാതെ ഇരിക്കരുത് വല്ല അസുഖവും വരും എന്ന്..." ചാരുവിനെ കാണിക്കാൻ ഞാൻ കെയർഏട്ടായി പട്ടം എടുത്തണിഞ്ഞു.

"...ആദിയേട്ടന്റെ സ്ക്രൂ ലൂസ് ആയോ..." എന്റെ കാട്ടിക്കൂട്ടൽ മനസ്സിലാവാതെ ഗായു പെട്ടുപോയി.

"...എന്നാ ശെരി നാളെ വിളിക്കാം..." തല്ക്കാലം ഫോൺ വയ്ക്കാം.ഇനിയും ഇതുപോലെ സംസാരിച്ചാൽ ഗായു എന്റെ തന്തക്ക് വിളിക്കും.

"...ഗുഡ് നൈറ്റ് ആദിയേട്ടാ..."

ഇതെല്ലാം കേട്ട് കിളിപോയി ഇരിക്കാണ് ചാരു. എന്തോ എനിക്ക് ഇതുകൊണ്ട് ഒന്നും മതിയായില്ല. ആവനാഴിയിലെ അവസാന അമ്പും എയ്യാൻ തോന്നി.

"... ഗുഡ് നൈറ്റ് love you..." അത്രയും പറഞ്ഞു ഫോൺ കട്ടാക്കി.ചരുവിനു നേരെ തിരിഞ്ഞു.

"...എന്താ ചാരു പറയാൻ ഉണ്ടെന്നു പറഞ്ഞെ..." നിഷ്കളങ്ക ഭാവത്തിൽ ഞാൻ ചോദിച്ചു.

"...ഏ ആരാ വിളിച്ചേ..?" എന്റെ ചോദ്യം കേട്ടപ്പോ ചാരുവിൽ ഒരു ഞെട്ടൽ ഉണ്ടായി. പിന്നെ ആദ്യം വന്ന ചോദ്യം ഇതാണ്

"... ഓ ഇതോ നമ്മുടെ ഗായു ആണ് വിളിച്ചേ. നിന്നെ വിളിച്ചില്ലേ അവൾ..?"

"...ഇല്ല..."

"... ആണോ. എന്നെ ഗായു എന്നും വിളിക്കും 🥰.എന്നാ ഞാൻ കിടക്കാൻ പോവാ..." അതും പറഞ്ഞു തിരിച്ച് എന്റെ ബെഡിൽ കേറി കിടന്നു. ചാരു ഇപ്പോഴും അതെ ഇരുപ്പ് ഇരിക്കാണ്.

ഞാൻ എന്തൊക്കെയാ ഇപ്പൊ കാണിച്ചു കൂട്ടിയെ. ചരുവും അരുണും ഇഷ്ടത്തിൽ ആണെങ്കിൽ തന്നെ എനിക്ക് എന്താ കുഴപ്പം. ഗായുവിനോട് ഇപ്പൊ പറഞ്ഞത് മുഴുവൻ തെറ്റായി പോയോ. അവൾ എന്തായാലും എന്നെ നല്ലൊരു ഫ്രണ്ട് ആയിട്ട് കാണുന്നെ എനിക്കും അങ്ങനെ തന്നെ. ചരുവിന്റെ മുന്നിൽ തോൽക്കാതെ ഇരിക്കാൻ ആ ഫ്രണ്ട്ഷിപ് ഞാൻ ഇപ്പൊ മുതൽ എടുക്കയല്ലേ ചെയ്തേ. ഞാൻ അത്രക്ക് ചീപ് ആയോ. താഴെ ചരുവിന്റെ ബെഡിൽ നോക്കിയപ്പോ അവൾ നേരത്തേ ഇരുന്ന അതെ ഇരുപ്പ് ഇരുന്നു എന്തോ ചിന്തിച്ചു കൂട്ടുന്നുണ്ട്. എന്താണ് എന്റെ പ്രശ്നം എന്നും എനിക്ക് എന്താ സംഭവിച്ചത് എന്നും മനസ്സിലാവുന്നില്ല.

www.kkstories.com

പിറ്റേന്ന് ട്രെയിനിൽ നിന്നും ഇറങ്ങി ഒരു മുറി എടുത്ത് ഫ്രഷ് ആയി എക്സാം സെന്ററിൽ പോയി. രാവിലെ മുതൽ ചാരു എന്നോട് ഒന്നും മിണ്ടുന്നില്ല ചോദിക്കുന്നതിനു മറുപടി മാത്രം അതുകൊണ്ട് ഞാനും അധികം മിണ്ടാൻ പോയില്ല. അവളെ എക്സാം എഴുതാൻ പറഞ്ഞയച്ചതിനു ശേഷം ഞാൻ പുറത്ത് വെയിറ്റ് ചെയ്തു. അവൾ അകത്തു പോയതിന് ശേഷം അവളുടെ ഫോണിൽ 2,3 തവണ അരുണിന്റെ കാൾ വന്നു. എനിക്ക് വല്ലാതെ ദേഷ്യം വരുന്നുണ്ടായിരുന്നു. പക്ഷെ പറഞ്ഞിട്ട് കാര്യം ഇല്ല. എക്സാം കഴിഞ്ഞു തിരിച്ചു മുറിയിൽ എത്തി എത്തി ഞാൻ കുറച്ചുസമയം ബെഡിൽ തന്നെ കിടന്നു ചാരു പോയി റെഡി ആയി വന്നു റൂം വെക്കേറ്റ് ചെയ്തു ഇറങ്ങി. റെയിൽവേ സ്റ്റേഷനിൽ എത്തി. ട്രെയിൻ വരാൻ വെയിറ്റ് ചെയ്തു. ഞാനും ചാരുവും അവിടത്തെ ചെയറിൽ ഇരുന്നു.

"... ആദിക്ക് ബുദ്ധിമുട്ട് ആയോ..." എന്റെ മുഷിപ്പ് കണ്ട് ചാരു തിരക്കി.

"...ഏയ്യ് കുഴപ്പം ഇല്ല..." ഉണ്ടന്ന് പറഞ്ഞിട്ട് പ്രേത്യേകിച്ചു കാര്യം ഇല്ലല്ലോ.

"...ആദി ഞാൻ ഒരു കാര്യം ചോദിച്ചാൽ സത്യം പറയോ..." ചാരു എന്നെ നോക്കി.

"... ചോദിക്ക്..."

"...ആദിയും ഗായുവും തമ്മിൽ റിലേഷനിൽ ആണോ...?"

പെട്ടെന്ന് ചാരുവിൽ നിന്നും ഇങ്ങനെ ഒരു ചോദ്യം ഞാൻ പ്രതീക്ഷിച്ചില്ല. എന്ത് പറയണം എന്നൊരു പിടിയും കിട്ടുന്നില്ല സത്യം പറയണോ അതോ...
"... ആദി... ആദി..." ചിന്തയിൽ ആഴ്ന്നിരുന്ന എന്നെ അവൾ തട്ടി വിളിച്ചു.
"... അത് കൃത്യമായി എനിക്ക് പറയാൻ കഴിയില്ല..." എന്തോ പെട്ടെന്ന് എനിക്ക് അങ്ങനെ പറയാനാണ് തോന്നിയത്.
"... അരുണുമായി ഇപ്പോഴും ഫ്രണ്ട്ഷിപ് ഉണ്ടല്ലേ..." അവളെ ഫേസ് ചെയ്യാതെയാണ് ഞാൻ ചോദിച്ചേ.
ആ സമയത്ത് തന്നെ ചരുവിനു കാൾ വന്നു. അരുൺ ആണ് വിളിച്ചേ ഇവനെ ഒന്നും തല്ലികൊന്നാലും ചാവില്ല. ആ കാൾ വന്നതും ചാരു എന്നെ നോക്കി എന്റെ മുഖത്ത് അറിയാതെ ഒരു പുച്ഛ ചിരി ഉടലെടുത്തു. അവൾ എന്റെ ഭാവം കണ്ടിട്ട് ആണെന്ന് തോന്നുന്നു എഴുനേറ്റു മാറിനിന്നു സംസാരിക്കാൻ തുടങ്ങി. നീട്ടിയ ചൂളം വിളിയോടെ ട്രെയിൻ ഫ്ലാറ്റ്ഫോമിലേക്ക് അടുത്തു. ഞാൻ ട്രെയിനിൽ കയറാൻ ആയി ബാഗ് ഒക്കെ എടുത്തു. ചാരു ഫോൺ കട്ട് ചെയ്ത് എന്റെ അടുത്തേക്ക് വന്നു.
"... ഇത്രയും കെയർ തരുന്ന ഒരുത്തൻ ഉള്ളപ്പോ ബാഗ് ചുമക്കാൻവേണ്ടി മാത്രം എന്നെ വിളിക്കണ്ടായിരുന്നു..." സങ്കടമോ നിസ്സഹായതയോ അങ്ങനെ പറഞ്ഞറിയിക്കാൻ പറ്റാത്ത വികാരങ്ങൾ എന്റെ വാക്കുകളിൽ ഉണ്ടായിരുന്നു.
ചരുവിന്റെ മുഖഭാവം ശ്രദ്ധിക്കാതെ ഞാൻ ട്രെയിനിനെ ലക്ഷ്യമാക്കി നടന്നു. കുറച്ചു നേരം അതെ നിൽപ്പ് നിന്നെങ്കിലും ചാരുവും പിന്നാലെ വന്നു ട്രെയിനിൽ കയറി. തിരിച്ചു പോവൻ സ്ലീപ്പർ സീറ്റ് ഇല്ലാത്തോണ്ട് ജനറലിൽ ആണ് കയറിയത് വല്യ തിരക്ക് ഇല്ലായിരുന്നു. എങ്ങനെയോ ഒരു സീറ്റ് ഒഴിവ് ഉണ്ടായിരുന്നു. ചാരുവിനെ അതിൽ ഇരുത്തി ഞാൻ ബോഗിയുടെ വാതിലിൽ ഉണ്ടായിരുന്ന സ്റ്റെപ്പിൽ ഇരുന്നു. മുന്നിലെ കാഴ്ചകൾ വളരെ വേഗത്തിൽ എന്നെ താണ്ടി പോയി അതിനനുസരിച്ചു മനസ്സിലെ ഓർമകളും.
ഞാൻ വീണ്ടും പഴയ ആദിയായി മാറിയോ...? കാർത്തി പറഞ്ഞത് ആണ് ശരി ഒരുത്തിയെയും വിശ്വസിക്കരുത്. കാർത്തിക് കൊടുത്ത വാക്ക് പാലിക്കണം ഇവൾക്ക് വേണ്ടി എന്റെ കണ്ണിൽ നിന്നും ഒരുതുള്ളി കണ്ണുനീർ പോലും പൊടിയൻ പാടില്ല. ട്രെയിൻ ഓരോ സ്റ്റേഷൻ കടന്നു പൊയ്കൊണ്ട് ഇരുന്നു. ഞാൻ മൂകമായ ചിന്തയിലും. തോളിൽ ഒരു കൈ വന്നു പതിച്ചപ്പോഴാണ് ചിന്തയിൽ നിന്നും ഉയർന്നത് തിരിഞ്ഞ് നോക്കുമ്പോൾ ചാരുവാണ്.
"... ആദി ഉള്ളിൽ സീറ്റ് ഉണ്ട് അകത്തേക്ക് വാ..."
"...ഞാൻ വന്നോളാം നീ പൊയ്ക്കോ..." എനിക്ക് പോവാൻ മൂഡ് ഇല്ലായിരുന്നു.
"...പറ്റില്ല എന്റെ കൂടെ അകത്തു വന്ന് ഇരിക്കാൻ നോക്ക്..."
ഇവൾക്ക് പറഞ്ഞാലും മനസ്സിലാവില്ലേ. അടുത്ത സ്റ്റേഷനിൽ ഇറങ്ങാൻ ഉള്ളവർ നമ്മളെ തന്നെ നോക്കുന്നുണ്ടായിരുന്നു. വെറുതെ ഒരു പ്രശ്നം ഉണ്ടാക്കേണ്ട എന്ന് കരുതി അവൾക്ക് ഒപ്പം പോയി. നേരത്തെ അപേക്ഷിച്ചു ഇപ്പൊ തിരക്ക് ഒഴിഞ്ഞിട്ടുണ്ടായിരുന്നു. അത്യാവശ്യം സീറ്റ് ഒഴിവുണ്ട്. ഞാൻ വിൻഡോ സീറ്റിൽ ഇരുന്നു. എനിക്ക് എതിർ വശത്തായി ചാരുവും. അവൾ എന്നെ തന്നെ നോക്കി ഇരിക്കുവാണ്. എനിക്ക് അത് ഒട്ടും അങ്ങോട്ട് പിടിച്ചില്ല. ഹെഡ് സെറ്റ് വച്ച് മ്യൂസിക്കും ഓൺ ആക്കി കണ്ണടച്ചിരുന്നു.രാത്രിയോടെ നാട്ടിൽ എത്തി അച്ഛൻ കാറുമായി ഞങ്ങളെ കൂട്ടാൻ വന്നു. വീട് എത്തിയപ്പോഴേക്കും എല്ലാരും ഉറക്കം ആയിരുന്നു. ആരെയും ബുദ്ധിമുട്ടിക്കണ്ട എന്ന് കരുതി മിണ്ടാതെ റൂമിൽ പോയി.
രാവിലെ ഉറക്കം ഉണർന്നപ്പോൾ മൈൻഡ് ആകെ അപ്സെറ്റ്. ഫ്രഷ് ആയി താഴെക്കിറങ്ങി.
"... ട്രിപ്പ് ഒക്കെ എങ്ങനെ ഉണ്ടായിരുന്നടാ..." കാപ്പി വിളമ്പിക്കൊണ്ട് അമ്മ ചോദിച്ചു.
"... പിന്നെ വളരെ നന്നായിരുന്നു..."
"...എനിക്ക് ഒന്നും കൊണ്ടുവന്നില്ലേ ഏട്ടാ..." അമ്മു പ്രദീക്ഷയോടെ എന്നെ നോക്കി.
"...നിനക്ക് ഉള്ളത് ഞാൻ എന്റെ റൂമിൽ വച്ചിട്ടുണ്ട് സമയം കിട്ടുമ്പോൾ വാ ഏട്ടൻ കൈ നിറയെ തരാം..."
"...എന്തിനാടാ നീ അവളോട് ചാടികടിക്കാൻ നിക്കണേ..." അമ്മ ഇടപെട്ടു.
"... അമ്മേ മേലാൽ ഇങ്ങനത്തെ ഓരോ വള്ളിക്കെട്ട് പരിപാടിയും പിടിച്ചോണ്ട് വരരുത് കേട്ടല്ലോ..." അമ്മയോട് ഇതും പറഞ്ഞു തിരിയുമ്പോൾ കാണുന്നത് ഞാൻ പറഞ്ഞത് മുഴുവൻ കേട്ടു സ്റ്റേയറിൽ നിൽക്കുന്ന ചരുവിനെയാണ്.

ദൈവമേ ഞാൻ പറഞ്ഞത് മുഴുവൻ ഇവൾ കേട്ടോ. ഞാൻ കഴിപ്പ് മതിയാക്കി എഴുന്നേറ്റു. കൈകഴുകി ബാഗ് എടുത്ത് നേരെ കോളേജിൽ പോയി.

"...പ്രശ്നങ്ങൾ എല്ലാം സോൾവ് ചെയ്തോ..." ആകാംഷയോടെ ദിയ തിരക്കി.

"...ആഹ് കൂടിയിട്ടുണ്ടങ്കിലെ ഉള്ളൂ..."

"...എന്താടാ നീ അവളോട് സംസാരിച്ചില്ലേ..."

"... അയ്യോ അതിനൊരു സമയം കിട്ടണ്ടേ. എപ്പോഴും സുഗവിവരം തിരക്കാൻ അവളുടെ കാമുകൻ വിളിക്കെയല്ലേ..."

"... കാമുകനോ... ഏത് കാമുകൻ..." കാർത്തി ചോദിച്ചു.

"...ആ മറ്റേ അരുൺ..." താല്പര്യം ഇല്ലാത്ത മട്ടിൽ ഞാൻ പറഞ്ഞു.

"...അതിന് ചാരു പറഞ്ഞോ അത് അവളുടെ കാമുകൻ ആണെന്ന്..." ദിയ തിരക്കി.

"...അളിയാ അവനെ പിടിച്ചു ഇടിച്ചാലോ..." കാർത്തി അഭിപ്രായപെട്ടു.

"...എന്നിട്ടുവേണം കാമുകനും കാമുകിയും ഒന്നായിട്ടു എന്നെ ഊമ്പിക്കാൻ. നമ്മൾ ഇല്ലേ..."

"... ആദി നീ വെറുതെ കാര്യം അറിയാതെ സംസാരിക്കരുത്..." ദിയ ദേഷ്യപ്പെടാൻ ആരംഭിച്ചു

"... അറിഞ്ഞിടത്തോളം മതി. എന്തായാലും ചരുവിന് അരുൺ പുണ്യാളനും ഞാൻ അന്തിക്രിസ്തുവും ആയിരിക്കും. തല്ക്കാലം അങ്ങനെ മതി..."

"... എടാ അങ്ങനെ ഒന്നും അല്ല..." ദിയ ന്യായീകരിക്കാൻ നോക്കി.

"... ആഹ് മതി മതി. ഈ വിഷയം ഇതോടെ രണ്ടും വിട്ടോ..." ദിയ പറയാൻ വന്നതിനു ഇടക്ക് കേറി ഞാൻ പറഞ്ഞു.

"...അതിനു ഞാൻ ഇതെപ്പറ്റി ഒന്നും നിന്നോട് പറയാൻ വന്നില്ലല്ലോ..." കാർത്തി പറഞ്ഞു.

"... കൊണയടി കഴിഞ്ഞെങ്കിൽ ചായ കുടിക്കാൻ പോവാം..." അതും പറഞ്ഞ് രണ്ടിനെയും തൂക്കി ക്യാന്റീനിലേക്ക് വിട്ടു.

3 ചായയും പറഞ്ഞ് അവിടത്തെ ടേബിളിൽ ഇരുപ്പായി. കുറച്ചു കഴിഞ്ഞപ്പോ ചാരുവും അവളുടെ ക്ലാസ്സ്‌മേറ്റ്സ് എത്തി കൂട്ടത്തിൽ അരുണും ഉണ്ട്. ചാരുവിനെ കണ്ടതും ദിയ ഒന്നും ചിരിച്ചു ചാരു തിരിച്ചും. അവരും നമ്മുടെ ഓപ്പോസിറ്റ് ഉള്ള ടേബിളിൽ ഇരുന്നു ചരുവിന്റെ അടുത്ത് അരുൺ ആണ് ഇരുന്നേ അതും എന്നെ ഫേസ് ചെയ്തുകൊണ്ട്.

"... ചേട്ടാ എല്ലാർക്കും ഓരോ ചായ. ചാരു നിനക്ക് ലൈറ്റ് അല്ലെ..." അതെന്നു അവൾ മൂളിയതും അവൻ ചായക്ക് ഓർഡർ കൊടുത്തു.

"...കഴിക്കാൻ ഇത്ര കടിയെ ഉള്ളോ..." അരുണിന്റെ ചോദ്യത്തിന് കാന്റീൻ ചേട്ടൻ അതെന്ന് മൂളി

"...വേറെ ചിലർക്ക് ഇതിനെക്കാളും കടിയുണ്ട്..." അരുൺ എന്നെ നോക്കി പറഞ്ഞു

"...ഈ മൈരന്റെ കടി ഞാൻ ഇന്ന് മാറ്റികൊടുക്കും..." തല്ലാനായി എഴുന്നേറ്റ കാർത്തിയെ ഞാൻ അവിടെത്തന്നെ ഇരുത്തി. ഞാൻ അരുണിന്റെ കണ്ണിൽ തന്നെ നോക്കി.

"...കട്ലറ്റ് ഉണ്ടോ ചേട്ടാ ചരുവിന് അതാ ഇഷ്ട്ടം..." ഞാൻ കേൾക്കാൻ അരുൺ ഉച്ചത്തിൽ പറഞ്ഞു.

"... ആദി നീ ചായ കുടിച്ച് കഴിഞ്ഞില്ലേ എഴുന്നേറ്റ് വന്നേ..." ഇനി ഇവിടെ ഇരുന്നാൽ പ്രശ്നമാണ് എന്ന് അറിയാവുന്ന ദിയ നമ്മളെയും കൂട്ടി ക്ലാസ്സിലേക്ക് ഇറങ്ങി.

എനിക്ക് ക്ലാസ്സിൽ ശ്രദ്ധിക്കാനേ സാധിച്ചില്ല. അതിന്റെ പേരിൽ സാർ ക്ലാസ്സിൽ നിന്നും പുറത്താക്കി.

"... എന്താടാ പറ്റിയെ..."തിരിച്ചു വീട്ടിലേക്കുള്ള യാത്രയിൽ കാർത്തി തിരക്കി.

"... ഒന്ന് ഇല്ലടാ ചെറിയ ഒരു തലവേദന..."

"... നിന്റെ തലവേദനയുടെ കാര്യം ഒക്കെ എനിക്ക് അറിയാം. അതൊക്കെ വിട്..." കാർത്തി അശ്വസിപ്പിച്ചു.

"... പറയാൻ എളുപ്പമാ ചെയ്യനാ പാട്..." എന്റെ വിഷമം മറച്ചു പിടിച്ചില്ല.

"... ചെയ്യാനൊക്കെ പറ്റും. നീ ഇപ്പോഴും അവളിൽ തന്നെ ഫോക്കസ് ചെയ്യുണത് ആണ് കുഴപ്പം. കോളേജിൽ സ്പോർട്സ് തുടങ്ങാറായി നീ ബോക്സിങ്ങിൽ ഫോക്കസ് ചെയ്യ്. അപ്പൊ എല്ലാം ശെരിയാവും..."

ആലോചിച്ചപ്പോ എനിക്കും അത് ശരിയായി തോന്നി.ദിവസങ്ങൾ വാണം വിട്ടപോലെ കടന്നു പോയി. എന്റെ ദിന ചാരിയയും മാറി വന്നു. രാവിലെ എഴുന്നേക്കുക ഓടാൻ പോവും പിന്നെ കോളേജ് അത് കഴിഞ്ഞ് ജിം. ഇപ്പൊ അങ്ങനെയാണ് ജീവിതം. ഇതിന്റെ ഇടയിൽ ചാരു ഒരുപാട് തവണ എന്നോട് മിണ്ടാൻ വന്നു എങ്കിലും ഞാൻ

www.kkstories.com

അതൊന്നും കേൾക്കാൻ നിന്ന് കൊടുത്തില്ല. പിന്നെ പിന്നെ അവൾ അതിനു ശ്രമിക്കാതെയായി. കോളേജിൽ വച്ച് ചാരു അരുണിന്റെ കൂടെ നടക്കുന്നത് ഞാൻ കാണാറുണ്ട് എന്നിൽ അത് ദേഷ്യം ഉണ്ടാക്കുന്നുണ്ടായിരുന്നു. അവൾ ആരെകൂടെ പോയാലും എനിക്ക് എന്താ ദേഷ്യം വരുന്നത് എന്ന് എത്ര ചിന്തിച്ചിട്ടും മനസിലായില്ല. ഒരുകാലത്തു എന്റെ എല്ലാം എല്ലാം ആണെന്ന് ഞാൻ വിചാരിച്ച പെണ്ണല്ലേ ചിലപ്പോ അതിന്റെ ആവാം. ഇപ്പൊ എന്റെ ബോഡി പ്രൈം ടൈമിലെത്പോലെ ആയിട്ടുണ്ട്. അതിൽ ഏ
വലിയ ഒരു പങ്ക് കാർത്തിക്കും വാരണായിരം സൂര്യക്കും ഉണ്ട് 😉.ബോക്സിങ്ങിൽ നല്ല രീതിയിൽ പെർഫോമൻസ് കാഴ്ചവച്ചതുകൊണ്ട് സ്റ്റേറ്റ് ലെവലിലേക്ക് എനിക്ക് സെലെക്ഷൻ കിട്ടി കാർത്തിയുടെ കാര്യം പറയണ്ടല്ലോ. ഞാൻ ബോക്സിങ്ങിന്റെ കാര്യത്തിൽ പുലി ആണെങ്കിൽ കാർത്തി ഒരു സിംഹം ആണ് അതുകൊണ്ട് സെലെക്ഷൻ ഒക്കെ ആദ്യമേ ആശാൻ അടിച്ചെടുത്തു. അടുത്തുള്ള ജില്ലയിൽ ഉള്ള കോളേജിൽ ആണ് സ്റ്റേറ്റ് നടക്കുന്നെ. എന്റെ കോച്ച് ആയിട്ട് കാർത്തിയും അവന്റെ കോച്ച് ആയിട്ട് ഞാനും ആണ് പോയത്. അത്യാവശ്യം ദൂരം ഉള്ളത് കൊണ്ട് നമ്മുടെ കോളേജിൽ നിന്നും അധികം പിള്ളേർ വന്നില്ല.ഡ്രസ്സിങ് റൂമിൽ ചെറിയ ടെൻഷനോടെയാണ് ഞാൻ ഇരുന്നേ അപ്പോഴേക്കും ഫോണും വന്നു.

"...helo ആദിയേട്ടാ ടെൻഷൻ ഉണ്ടോ ..." ഗായു ചോദിച്ചു.

"...എടി കോപ്പേ മനുഷ്യനെ പേടിപ്പിക്കാൻ വിളിച്ചതാണോ നീ..."

"...ഞാൻ ചേട്ടന് കുറച്ചു മോട്ടിവേഷൻ തരാൻ വിളിച്ചതാ 😁..."

"...നീ മോട്ടിവേഷൻ തരാൻ വിളിച്ചത് അല്ലെ... അത് ഞാൻ വിശ്വസിക്കണോ . ഇന്നലെ വിളിച്ചപ്പോകൂടി ഇടികൊണ്ട് എന്റെ പല്ല് പോകും എന്ന് പറഞ്ഞവൾ അല്ലേടി നീ..."

"...അത് ചുമ്മാ ചേട്ടനെ എരി കേറ്റാൻ പറഞ്ഞത് അല്ലെ..."

"... നീ എന്താടി പ്ളേറ്റ് മാറ്റുന്നോ..."

"...പാവം അല്ലെ കുറച്ചു മോട്ടിവേഷൻ കൊടുക്കാം എന്ന് വിചാരിച്ചപ്പോ ചാടി കടിക്കാൻ വരുന്നോ. പോയി അവന്റെന്ന ഇടി വാങ്ങ് എന്നാലേ പഠിക്കൂ..."

"... നീ ഇങ്ങനെ ചൂടാവല്ലേ ഗായു. എന്തായാലും വിളിച്ചത് അല്ലെ ആ പഠിച്ചു വച്ചേക്കുന്ന മോട്ടിവേഷൻ പോരട്ടെ..."

"... എനിക്ക് മനസ് ഇല്ല..."

"...ഹ പിണങ്ങല്ലേ പൊന്നെ. ഒരു all the ബെസ്റ്റ് എങ്കിലും പറഞ്ഞിട്ട് പോടേയ്..."

"... All the best..."

"... എന്നാ ശെരി നീ വച്ചോ എനിക്ക് റിങ്ങിൽ കയറാൻ സമയമായി..." അതും പറഞ്ഞു ഞാൻ ഫോൺ വച്ചു.

ഗായു വിളിച്ചത് എന്തായാലും നന്നായി അവളോട് സംസാരിച്ചപ്പോ ഉള്ള ടെൻഷൻ ഒക്കെ പോയി. പെണ്ണ് ഒരു വായാടി ആണെങ്കിലും ചില സമയത്ത് എനിക്ക് ഒരു ആശ്വാസമാണ്.

"... ആദി നീ എന്താടാ ആലോചിച്ചോണ്ട് നിൽക്കുന്നെ..." കാർത്തി ഓടിപിടച്ചു എന്റെ അടുത്തേക്ക് വന്നു.

"...ഏയ്യ് ഒന്നും ഇല്ലടാ. എന്തായി കാര്യങ്ങൾ..."

"...അടുത്തത് നിന്റെ മാച്ച് ആണ്. ഓപ്പോസിറ്റ് പ്ലയെർ ഇച്ചിരി സീൻ ആണ്. നിന്റെ എടുത്ത് ചാട്ടം കാണിച്ചാൽ നല്ല ഇടി കിട്ടും..."

"...ഞാൻ നിന്നെ പോലെ വെൽ ബാലൻസിഡ് ബോക്സർ ഒന്നും അല്ലടയ് ..."

"... അത് കൊണ്ട ഞാൻ പറഞ്ഞെ നോക്കി കളിക്കണം എന്ന്. അവന്റെ മൂവ് ഒക്കെ ഷാർപ്പ് ആണ് ഓർമ വേണം..." കാർത്തി ഉപദേശിച്ചു.

അപ്പോഴേക്കും എന്റെ പേര് മൈക്ക് വഴി വിളിച്ചുപറയാൻ തുടങ്ങി. ഞാനും കാർത്തിയും റിങ്ങിലേക്ക് നീങ്ങി.

"... നിന്റെ മാച്ച് പോലെ ഗാലറി നമുക്ക് എതിരാണല്ലോ മച്ചമ്പി..." ഞാൻ കാർത്തിയോട് പറഞ്ഞു.

"...അപ്പോഴല്ലേ അളിയാ നമ്മൾ ആരാണെന്നു അവർക്ക് കാണിച്ചു കൊടുക്കാൻ പറ്റു..." ചെറിയ പുഞ്ചിരിയോടെ കാർത്തി എനിക്ക് ആത്മവിശ്വാസം നൽകി.കാർത്തിയുടെ മാച്ച് കഴിഞ്ഞു ആശാൻ ജയിച്ചു അതിന്റെയ.

ഞാൻ റിങ്ങിൽ കേറി. എതിരെ നിക്കുന്നവൻ ഒരു മോൺസ്റ്ററിനെപോലെ ഉണ്ട്. റിങ്ങിന്റെ നടുവിലേക്ക് ഞാനും അവനും എത്തി റെഫറി റൂൾസ് ആൻഡ് റകുലേഷൻ പറഞ്ഞു. ബെൽ മുഴങ്ങിയതും ഗാർഡ് തമ്മിൽ കൂട്ടിമുട്ടിച്ചു പിന്നിലേക്ക് നീങ്ങി. ആദ്യ അറ്റാക്ക് അവന്റെ വകയായിരുന്നു. നല്ല സ്പീഡ് ഉണ്ട് അവന്റെ ഓരോ മൂവും. ഞാൻ അവന്റെ മൂവ്സും സ്പീടും പഞ്ചും എല്ലാം അനലൈസ് ചെയ്യാൻ തുടങ്ങി അതിനാൽ ഞാൻ അങ്ങനെ വല്യ അറ്റാക്കിനു മുതിർന്നില്ല. അവന്റെ ഓരോ പഞ്ച് ഞാൻ ബ്ലോക്ക് ചെയ്തു ശ്രദ്ധമുഴുവൻ അവനിൽ ചിലത്തി. ഒരു

www.kkstories.com

സെക്കൻഡിൽ എന്റെ ശ്രദ്ധ ഗാലറിയിലേക്ക് മാറിയപ്പോൾ കാണുന്നത് എന്നെതന്നെ വീക്ഷിക്കുന്ന ചരുവിനെയാണ് അവൾക്ക് ഒപ്പമിരുന്ന് എന്നെ ചൂണ്ടി ചിരിക്കുന്ന അരുണിനെയും.

മുഖത്ത് ഭാരം ഉള്ള ഒരു ഇടിയേറ്റ് ഞാൻ നിലത്തേക്ക് വീണു. ചരുവിന്റെയും അരുണിന്റെയും ആ മുഖങ്ങൾ മുന്നിൽ തെളിഞ്ഞു വന്നു. കാതിൽ വലിയൊരു മൂളിച്ച മാത്രം. പതിയെ പതിയെ മൂളിച്ച കുറഞ്ഞു വന്നു. ഒപ്പം ...3....4....5.... എന്നിങ്ങനെ സംഖ്യകൾ തെളിഞ്ഞു കേക്കാൻ തുടങ്ങി. ചുറ്റുമുള്ള കൂകൽ ശബ്ദങ്ങൾക്ക് ഇടയിൽ എന്റെ പേര് വിളിക്കുന്ന കാർത്തിയുടെയും സൗണ്ട്. എന്തോ ഒരു ഉൾപ്രേരണയാൽ ഞാൻ എഴുന്നേറ്റു. റെഫറി ഞാൻ ഒക്കെ ആണോയെന്ന് ചോദിച്ചു. ഞാൻ ഒക്കെ പറഞ്ഞതും ബെൽ മുഴങ്ങി ബ്രേക്ക് വിളിച്ചതാണ്.

ആദി എന്നെ പിടിച്ചു നമ്മുടെ പോസ്റ്റിൽ കൊണ്ട് ഇരുത്തി വെള്ളം ഒക്കെ മുഖത്തൊഴിച്ചു കവിളിൽ രണ്ട് മൂന്നു തവണ തട്ടി എന്നെ സോബോധത്തിലേക്ക് കൊണ്ട് വന്നു.

"... ആദി... എന്താടാ മൈരേ കാണിക്കുന്നേ 😡..." കാർത്തി ചൂടായി

"... എടാ പെട്ടെന്ന് ..." വാക്കുകൾ കിട്ടാതെ ഞാൻ പരതി.

"...അതൊക്കെ വിട് അവന്റെ മൂവ് ഒക്കെ മനസ്സിലായില്ലേ..." കാർത്തിയുടെ ചോദ്യത്തിന് ഞാൻ അതേയെന്നു മൂളി.

"...ഇനി എന്താ ചെയ്യേണ്ടത് എന്ന് ഞാൻ പറഞ്ഞു തരണ്ടല്ലോ..." കാർത്തിയുടെ ആ ചോദ്യത്തിന് ഞാൻ ചെറുതായി പുഞ്ചിരിച്ചു.

സെക്കന്റ് റൗണ്ടിന്റെ ബെൽ മുഴങ്ങി. ഞാൻ പാളി ചാരുവിനെ നോക്കി അവളുടെ കണ്ണിൽ എന്തോ ആവലാതി ഞാൻ കണ്ടു കൂടെയുള്ള നായിന്റെമോന്റെ മുഖത്ത് പുച്ഛവും.

ഫൈറ്റ് തുടങ്ങി. അവന്റെ ഓരോ പഞ്ചിൽ നിന്നും ഒഴിഞ്ഞുമാറി ഞാൻ എന്റെ ആദ്യ പഞ്ച് അവന്റെ മുഖത്തു കൊടുത്തു. അത്രയും നേരം കൂകിവിളിച്ച ഗാലറി ഒരു നിമിഷം നിശബ്ദമായി. എനിക്ക് ആ നിശബ്ദത വല്ലാതെ ഇഷ്ട്ടപ്പെട്ടു. പിന്നെ അവന്റെ മിക്ക പഞ്ചും ബ്ലോക്ക് ചെയ്ത് ഞാൻ എന്റെ ആക്ഷനിലേക്ക് കടന്നു. സെക്കന്റ് റൗണ്ട് തീർന്നപ്പോൾ എന്നേക്കാൾ രണ്ട് പോയിന്റിനും മുമ്പിൽ ആയിരുന്നു എതിരാളി. ചാരുവിനെ നോക്കിയപ്പോ അവൾ എന്റെ പുറത്ത് നിന്നും കണ്ണെടുക്കുന്നില്ല. അരുൺ അവളുടെ കൈയിൽ പിടിച്ചോണ്ട് ആണ് ഇരിക്കുന്നെ. എനിക്ക് അത് കണ്ടപ്പോ നല്ല ദേഷ്യം വന്നു.

മൂന്നാം റൗണ്ട് തുടങ്ങി. എന്റെ പഞ്ച് എല്ലാം അവൻ ഒഴിഞ്ഞുമാറി ഗാലറി നോക്കി അവന്റെ പട്ടിഷോ. ഇതിനെക്കാൾ എന്നെ പ്രാന്ത് പിടിപ്പിച്ചത് ഗാലറിയിൽ ഇരുന്ന അരുണിന്റെ കളിയാക്കി ചിരിയാണ്. വീണ്ടും അത് തന്നെ സംഭവിച്ചു എന്റെ പഞ്ച് എല്ലാം അവൻ ഒഴിഞ്ഞുമാറി കൂട്ടത്തിൽ എനിക്ക് 2 പഞ്ച് കിട്ടി ഗാലറി ആർത്തിരമ്പി. ഇപ്പൊ point നിലയിൽ അവനാണ് മുന്നിൽ. സമയം കളയാതെ അവൻ അടുത്ത അറ്റാക്കിന് മുതിർന്നു. പക്ഷെ ഇത്തവണ അവന്റെ മൂവ് മുൻകൂട്ടി മനസ്സിലാക്കി ഒഴിഞ്ഞു മാറി നിമിഷനേരം കൊണ്ട് ഫുൾ പവർ എടുത്ത് മുഖം നോക്കി പഞ്ച് കൊടുത്തു. അവൻ നിലത്തേക്ക് പതിച്ചു. എന്റെ ദേഷ്യം അതുകൊണ്ട് തീർന്നില്ല. ഓടി അവന്റെ അടുത്തേക്ക് മുട്ടുകാലിൽ ഇരുന്നു അരുണിനെയും ചാരുവിന്റെയും മുഖത്തേക്ക് നോക്കി എതിരാളിയുടെ മുഖത്ത് ആഞ്ഞു ആഞ്ഞു നിർത്താതെ ഇടിക്കാൻ തുടങ്ങി. ഓരോ ഇടിയിലും എന്റെ കണ്ണുകൾ അരുണിന്റെയും ചരുവിന്റെയും മുഖത്ത് നിന്നും വ്യതിചലിച്ചില്ല. എന്റെ കണ്ണിൽ കത്തുന്ന കോപം കണ്ട് അരുണിന്റെ തൊണ്ട കുഴി നടുങ്ങി ചരുവിന്റെ കൈയിൽ നിന്നും ഒരു വിറയലോടെ അവൻ കൈ പിൻവലിച്ചു. റഫറിയും കാർത്തിയും ഓടിവന്നു എന്നെ പിടിച്ചു മാറ്റി. എന്റെ ഈ പ്രവർത്തി കണ്ട് അവിടെ കൂടി നിന്ന എല്ലാവരും പേടിയോടെ എന്നെ നോക്കി.കാർത്തി എന്നെ പിടിച്ചുമാറ്റി റിങ്ങിന്റെ ഒരു മൂലയിലേക്ക് കൊണ്ടുപോയി. എന്റെ ദേഷ്യം അടങ്ങിയില്ല. എതിരാളി നോക്കോട്ട് ആയി.

"... ആദി...എന്താടാ മൈരേ കാണിക്കുന്നേ ... നിനക്ക് ആരോടെങ്കിലും ദേഷ്യം ഉണ്ടങ്കിൽ അത് തീർക്കേണ്ടത് റിങ്ങിൽ അല്ല 😡..."അത് കേട്ടപ്പോഴാണ് ഞാൻ ഒന്ന് അടങ്ങിയത്.

"... സോറി..." തല താഴ്ത്തി കാർത്തിയോട് പറഞ്ഞു.

"...അവന്റെ അമ്മുമ്മേട ഒരു സോറി. ഇവിടെ മിണ്ടാതെ ഇരുന്നോണം ഞാൻ പോയി അവനെ നോക്കട്ടെ..." എനിക്ക് ചട്ടം കെട്ടിയിട്ടു. ഇടികൊണ്ട പയ്യന്റെ അടുത്തേക്ക് പോയി.

കുറച്ചു കഴിഞ്ഞു എന്നെ റഫറി റിങ്ങിലേക്ക് വിളിപ്പിച്ചു വാണിംഗ് തന്നു. പിന്നെ ഞങ്ങളെ രണ്ട് പേരെയും രണ്ട് വശങ്ങളിലായി നിർത്തി എന്റെ കൈയുയർത്തി എന്നെ വിജയ് ആയി പ്രഖ്യാപിച്ചു. ആ പയ്യന്റെ മുഖം എല്ലാം വീങ്ങിയിട്ടുണ്ട് റിങ്ങിൽ നിന്നും പോകാൻ നേരം ഞാൻ അവനെ കെട്ടിപിടിച്ചു സോറി പറഞ്ഞു.

www.kkstories.com

"... കഴപ്പം ഇല്ല ബ്രോ. ഫൗൾ ആണ് കാണിച്ചത് എങ്കിലും ഞാൻ അതിനെ സ്പോർട്സ്മാൻ സ്പിരിറ്റിലെ എടുത്തിട്ടുള്ളു..."
"...അപ്പോഴത്തെ ഒരു ഇമോഷന്റെ പുറത്ത് പറ്റിപോയതാ. മനസ്സിൽ വച്ചേക്കല്ലേ..."
"...ഞാൻ ഇത് മറക്കില്ല. ഇനി നമ്മൾ ഏറ്റുമുട്ടുന്ന മാച്ചിൽ നിന്നെ നോക്കോട്ട് ചെയ്യും..." അത് പറഞ്ഞു ചിരിച്ചോണ്ട് അവൻ എനിക്ക് നേരെ കൈ നീട്ടി.
മാച്ചിൽ ഞാൻ ആണ് ജയിച്ചത് എങ്കിലും മനസ്സുകൊണ്ട് ഞാൻ തോറ്റുപോയി. തിരിച്ചു അവന് കൈകൊടുത്ത് ഞാൻ ആ വെല്ലുവിളി ഏറ്റെടുത്തു. കോളേജിൽ നിന്ന് വന്ന കുറച്ചു പിള്ളേർ എന്നെ എടുത്ത് അരവം വിളിക്കാൻ തുടങ്ങി. അതിന്റെ ഇടയിൽ ഞാൻ തിരഞ്ഞ മുഖങ്ങൾ എന്റെ കണ്ണിൽ ഉടക്കിയില്ല. പിന്നെ കുറേനേരം അഭിനന്ദനങ്ങൾ ഒക്കെ ആയി സമയം പോയത് അറിഞ്ഞില്ല. സർട്ടിഫിക്കറ്റ് വാങ്ങി ഞാനും കാർത്തിയും വീട്ടിലേക്ക് തിരിച്ചു. ചെന്നപ്പോഴേ എന്നെയും കാത്ത് അമ്മയും അമ്മുവും ഉമ്മറത്ത് ഉണ്ടായിരുന്നു.
"... അമ്മേടെ മോൻ വന്നോ..." ചെന്നപ്പോഴേ കെട്ടിപിടിച് അമ്മ സ്നേഹ പ്രകടനം നടത്തി.
"... ഏട്ടാ ഇന്ന് ചേട്ടന്റെ ചിലവ് ആണ് കേട്ടോ..." അമ്മു കൂടെ കൂടി.
"...ഇന്ന് ചിലവ് ഒന്നും ഇല്ല. വൈകാതെ നമുക്ക് ഒരു ഔട്ടിങ് പോവാം..."
"... സത്യം..." അത് പറഞ്ഞു ഓടിവന്നു അമ്മു എനിക്ക് ഒരു ഉമ്മ തന്നു.
"... ആാാ. പയ്യെ കവിൾ ഒക്കെ നീര് ആയി ഇരിക്ക..." കവിൾ തടവി ഞാൻ പറഞ്ഞു.
"... നല്ല നീര് ഉണ്ടല്ലോടാ. നല്ലപോലെ കിട്ടിയെന്നു തോന്നുന്നു..." മുഖം മുഴുവൻ നോക്കിക്കൊണ്ട് അമ്മ പറഞ്ഞു.
"...രണ്ടെണ്ണം കിട്ടിയാൽ അല്ലെ അമ്മക്കുട്ടി തിരിച്ചുകൊടുക്കാൻ ഒരു ഗും ഉള്ളു..." അമ്മയുടെ കവിളിൽ പിച്ചിക്കൊണ്ട് ഞാൻ കൊഞ്ചി.
"...ഒന്ന് പോ ചെക്കാ കളിക്കാതെ..."
ഞാൻ കുളിക്കാനായി റൂമിലേക്ക് പോയി. പോകുന്ന പോക്കിൽ ചരുവിന്റെ റൂം നോക്കിയെങ്കിലും വാതിൽ അടഞ്ഞു തന്നെ കിടപ്പുണ്ട്. കുളിച്ചു താഴെ എത്തിയപ്പോഴേക്കും അമ്മ ചായ തന്നു കൂടെ അമ്മുവും കൂടി.
"... ചാരു ചേച്ചി എവിടെ പോയി..." ഞാൻ ചോദിക്കാൻ ഉദ്ദേശിച്ച ചോദ്യം അമ്മു ചോദിച്ചു.
"... അവൾക്ക് എന്തോ വയ്യായ്ക. ഒന്ന് കിടക്കട്ടെ എന്ന് പറഞ്ഞു റൂമിലേക്ക് പോയതാ..."
ഇവൾക്ക് ഈ ഇടയായി ഓരോ അസുഖങ്ങൾ ആണല്ലോ. എന്ത് പറ്റിയാവോ. ചായകുടിക്കുമ്പോഴും എന്റെ ചിന്ത അത് തന്നായിരുന്നു.വൈകിട്ട് അച്ഛൻ വന്നു അച്ഛനോടും കുറച്ചു നേരം സംസാരിച്ചു ഞാൻ ബാൽകണിയിലേക്ക് പോയി. ഗായുവിനെ മാച്ച് കഴിഞ്ഞപ്പോതൊട്ട് വിളിക്കാൻ ശ്രമിക്കുന്നതാ പക്ഷെ പുള്ളിക്കാരി ഫോൺ എടുക്കുന്നില്ല. ഞാൻ നിലാവിനെ നോക്കി അവിടെ ഇരുന്നു. മാച്ച് കഴിഞ്ഞതോടെ ഒരു വലിയ ഭാരം കുറഞ്ഞത് പോലെ.
"... ആദി....congrats..." ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കിയപ്പോ ചാരുവിനെയാണ് കണ്ടത്.
"... താങ്ക്സ്..."എന്തോ ഇന്ന് ഞാൻ ഉടക്ക് ഉണ്ടാക്കാൻ പറ്റിയ മൂഡ് അല്ലായിരുന്നു.
"...ഞാൻ അവിടെ ഇരുന്നോട്ടെ..." എന്റെ അടുത്തേക്ക് നോക്കി അവൾ ചോദിച്ചു.
ഞാൻ ചെറിയ ചിരിയോടെ നീങ്ങി ഇരുന്നു ചാരു എന്റെ ഒപ്പം ഇരുന്നു.
"...നീ ഇന്ന് മാച്ച് കാണാൻ വന്നായിരുന്നോ..."എന്റെ തോന്നൽ ആയിരുന്നോ അത് എന്ന് എനിക്ക് ഉറപ്പിക്കണമായിരുന്നു.
"...വന്നിരുന്നു..."
"... ഓ. നിന്നെ അവിടെ കണ്ടപോലെ തോന്നി..."
"...hmm. മുഖം നീരായല്ലോ..." എന്നെ നോക്കി അവൾ ചോദിച്ചു.
"... അതൊക്കെ ശെരിയാവും..." ഞാൻ പുഞ്ചിരിച്ചു.
"...വേദന ഉണ്ടോ എന്റെ കൈയിൽ ഒരു ഓയ്ന്മെന്റ് ഉണ്ട് ഞാൻ വേണമെങ്കിൽ അത് പുരട്ടി തരാം..." നീരുവച്ച ഭാഗത്തു ചെറുതായി തടവികൊണ്ട് ചാരു ചോദിച്ചു. ഞാൻ ചെറുതായി എരിവ് വലിച്ചു.
"... സോറി.... സോറി..വേദനിച്ചോ..." ആശങ്കയോടെ ചാരു തിരക്കി.
"... സാരമില്ല. അമ്മ തൈലം ഒക്കെ ഇട്ടുതന്നു. നാളെ ശെരിയാകും..."
"... ആദി നിനക്ക് ഇപ്പോഴും എന്നോട് ദേഷ്യം ആണോ..."
"... എന്തിന്..."
www.kkstories.com

"... ഞാൻ അരുണിനോട് സംസാരിക്കുന്നതിൽ..." ഭയത്തോടെ ചാരു ചോദിച്ചു. എന്റെ പക്കൽ അതിനുള്ള മറുപടി ഇല്ലായിരുന്നു. കുറച്ചു സമയം രണ്ടുപേരും നിശബ്ദമായി.
"... നിനക്ക് ഈ ഇടയായി ഓരോ അസുഖങ്ങൾ ആണല്ലോ എന്ത് പറ്റി..." നിശബ്ദത വെടിഞ്ഞു ഞാൻ തന്നെ ചോദിച്ചു.
"...അത് ആദിക്ക് പറഞ്ഞാൽ മനസ്സിലാവില്ല..." എന്നെ ഫേസ് ചെയ്യാതെ അവൾ പറഞ്ഞു.
"... ആദിക്ക് ഒരു കാര്യം അറിയാമോ..."
എല്ലാ തവണ പോലെ ഇത്തവണയും ഫോൺ ഒരു വില്ലനായി അവതരിച്ചു. ഇത്തവണ ഗായു ആണ് എന്നെ വിളിച്ചേ.
"... Helo എന്താ മാഷേ ഇടിവാങ്ങി കൂട്ടിയെന്നാണല്ലോ കേട്ടെ..."
"... കിട്ടിയെങ്കിൽ അതനുസരിച്ചു കൊടുത്തിട്ടും ഉണ്ട്..."
"... ആർക്ക് അറിയാം..." ഗായു എന്നെ പുച്ഛിച്ചു.
"... അതൊക്കെ പോട്ടെ കപ്പ് കിട്ടിയിട്ട് ചിലവ് ഒന്നും ഇല്ലേ കുട്ടാ..." ഗായു ചോദിച്ചു.
"...അയ്യടാ ഇത്രയും നേരം എന്നെ കളിയാക്കിയ നിനക്ക് ചിലവ് വേണം അല്ലെ. നോക്കി ഇരിക്കത്തെ ഉള്ളു..."
"... എന്താ ആദിയേട്ടാ ഇങ്ങനെ. ഞാൻ ചുമ്മാ പറഞ്ഞത് അല്ലെ..."
"... ഗായു ഒരു മിനിട്ട്..." അവൾ അതിനു മൂളി.
"... ചാരു ഒരു 10 മിനിറ്റ്..." ഫോൺ മൈക്ക് പൊത്തിപിടിച്ചു എന്നെ നോക്കിയിരുന്ന ചരുവിനോട് ഞാൻ പറഞ്ഞു.
"...കുഴപ്പം ഇല്ല ആദി ഞാൻ കിടക്കാൻ പോവാ. ഒരുപാട് യാത്ര ചെയ്തോണ്ട് ക്ഷീണം പോലെ..." അത് പറഞ്ഞു അവൾ റൂമിലേക്ക് നടന്നു പോകുന്ന വഴി എന്നെ തിരിഞ്ഞൊരു നോട്ടം നോക്കി.
"...ആരാ ആദിയേട്ടാ..." ഗായു ഫോണിലൂടെ തിരക്കി.
"... ചാരു ആയിരുന്നു..."
"... ചാരു ചേച്ചിയോ ഫോൺ ഒന്ന് കൊടുത്തേ..."
"...ഇല്ല അവൾ ഉറങ്ങാൻ പോയി..."
"... എന്ത് പറ്റി ഞാൻ സ്വർഗ്ഗത്തിലെ കട്ടുറുമ്പ് ആയോ..."
"... കട്ടുറുമ്പോ നീ എന്തൊക്കെയാടി പറയുന്നേ..." മനസ്സിലാവാതെ തിരക്കി.
"...എനിക്ക് അറിയാം നിങ്ങൾക്ക് രണ്ടുപേർക്കും പരസ്പരം ഇഷ്ടമാണെന്നൊക്കെ..."
"... നീ ചുമ്മാ ഇല്ലാത്തത് പറഞ്ഞുണ്ടാക്കരുത് കേട്ടോ..." എനിക്ക് ദേഷ്യം വരാൻ തുടങ്ങി
"...വേണ്ട മോനെ അടികുട്ടാ എനിക്ക് എല്ലാം മനസ്സിലാവും..." ഒരു ആക്കിയ ചിരിയോടെ ഗായു പറഞ്ഞു
"... കോപ്പ്. എഴുതാപുറം വായിക്കാനാ എല്ലാരും നോക്കുന്നെ...." ഞാൻ ഫോൺ കട്ട് ആക്കി സൈലന്റ് മോഡ് ഇട്ടു.
ബാൽകണിയിൽ തന്നെ നിലാവിനെ നോക്കി നീണ്ടു നിവർന്നു കിടന്നു.
എന്റെ മനസ്സിൽ ഉള്ളത് ഗായുവിന് എങ്ങനെ മനസിലായി. ഞാൻ ഇതേ പറ്റി ഒന്നും അവളോട് സൂചിപ്പിച്ചിട്ടില്ലല്ലോ. ഒരാൾക്ക് മാത്രം ഇഷ്ടം ഉണ്ടായിട്ടു കാര്യം ഇല്ലല്ലോ. ചാരുവിന് അരുണിനെ അല്ലെ ഇഷ്ട്ടം 😒. ഞാൻ അപ്പൊ അതിൽ നിന്നും മാറി കൊടുക്കുന്നത് ആണ് നല്ലത്. ഇത്രയും നാൾ ബോക്സിങ് ഉള്ളത് കൊണ്ട് ചാരുവിനെ ഒരു പരിധി വരെ മറക്കാൻ കഴിഞ്ഞു. ഇനി അതും ഇല്ല നോക്കാം. എങ്ങനെ ഓരോ ചിന്തയും മിന്നി മറഞ്ഞു. കുറച്ചു നേരം കൂടി അങ്ങനെ കിടന്നതിന് ശേഷം ഞാൻ റൂമിലേക്ക് പോയി. ഗായുവിന്റെ റൂമിന്റെ വാതിലിനിടയിൽ നിന്നും വെളിച്ചം വരുന്നുണ്ടായിരുന്നു.
ഇവൾ ഇതുവരെ ഉറങ്ങിയില്ലേ. ചിലപ്പോ അരുണിന്റെ കൂടെ സംസാരിക്കയായിരിക്കും😏.അധികം അവിടെ നിന്നുതിരിയാൻ തോന്നിയില്ല നേരെ റൂമിൽ പോയി കിടന്നു. ഗായു ഒരുപാട് മിസ്സ്ഡ്കാൾ ചെയ്തിട്ടുണ്ട് രാവിലെ സംസാരിക്കാം എന്ന് വാട്സ്ആപ്പ് ചെയ്ത് ഞാൻ ഉറങ്ങി.
പിറ്റേന്ന് ശനിയാഴ്ച ആയത് കൊണ്ട് ഞാൻ ജയിച്ചതിന്റെ ഭാഗമായി ഒരു ചെറിയ ഔട്ടിങ് പ്ലാൻ ചെയ്തു. പ്ലാനിങ് എല്ലാം അമ്മു തന്നെയാ. ഒരുപാട് നേരത്തെ ചർച്ചക്ക് ശേഷം അമ്മു ഒരു പ്ലാൻ ഉണ്ടാക്കി.
ആദ്യം zoo പോവാം. പിന്നെ ശംഖുമുഖം വഴി ലുലുവിൽ. എല്ലാരും ആ പ്ലാനിൽ കൈകോർത്തു. ഒരു കംപ്ലീറ്റ് ഫാമിലി ട്രിപ്പ് തന്നായിരുന്നു. സൂവിൽ എത്തിയപ്പോ 2 ഗാങ് ആയി പിരിഞ്ഞു. അച്ഛനും അമ്മയും കപ്പിൽ ആയി

www.kkstories.com

പയ്യെ പയ്യെ വരുന്നുണ്ട്. എന്റെ ഗാങ്ങിൽ അമ്മു ഉണ്ട് പിന്നെ പറയണ്ടല്ലോ. എന്റെ കൈയ്യും പിടിച്ചു അവിടെ മുഴുവൻ ഓടി നടക്കൽ തന്നെ പിന്നാലെ ചാരുവും.

"...ചേച്ചി ആ കുരങ്ങനെ കാണാൻ ചേട്ടനെ പോലെ ഇല്ലേ..." അവിടെ ഉണ്ടായിരുന്ന ഒരു കുരങ്ങനെ ചൂണ്ടി പറഞ്ഞു.

"...ആണോ അപ്പൊ അതിന്റെ വാലിൽ തൂങ്ങി നടക്കുന്നത് നീ ആയിരിക്കും..." കൂടെ ഉണ്ടായിരുന്ന കുരങ്ങനെ നോക്കി ഞാൻ പറഞ്ഞു ചാരു ചിരിക്കാൻ തുടങ്ങി.

അങ്ങനെ അമ്മുവിന്റെ ഓരോ കുറുമ്പും കളിയാക്കലും ആയി നമ്മൾ ഓരോ മൃഗങ്ങളെ കണ്ടു നടന്നു. കുറെ ദൂരം ഓടി ചാടി നടന്നത് കൊണ്ട് അവിടെ ഒരു സ്ഥലത്തു ഇരുന്നു. അപ്പോഴേക്കും ദാ വരുന്നു കപ്പിൾ ടീംസ്.

"... എന്താ പിള്ളേരെ തളർന്നോ..." അമ്മുവിന്റെ അവസ്ഥ കണ്ട് ചോദിച്ചു.

"...നമ്മൾ ഓരോ മൃഗങ്ങളെ കാണാൻ ഓടി ചാടി വന്നത് അല്ലെ അല്ലാതെ നിങ്ങളെ പോലെ പ്രണയിക്കാൻ വന്നത് അല്ലല്ലോ അപ്പൊ തളർന്നന്ന് വരും..." അമ്മു നൈസ് ആയിട്ടു അണ്ണാക്കിൽ അടിച്ചു.

"... ശോ ഈ പെണ്ണ് മനുഷ്യനെ നാണം കെടുത്തോലൊ..." അമ്മ ചുറ്റും നോക്കി പറഞ്ഞു.

"...എന്നാ നിങ്ങളുടെ പ്രണയസല്ലാവം നടക്കട്ടെ..." ഞാനും നൈസ് ആയിട്ടു ഒരു കൊട്ട് കൊടുത്തു അമ്മുവിനെയും ചരുവിനെയും കൂട്ടി അടുത്ത ഇടത്തേക്ക് നീങ്ങി.

അമ്മുവിന്റെ ഫോട്ടോ എടുപ്പ് കണ്ടാൽ ഇന്ന് ഫോൺ സ്റ്റോറേജ് ഫുൾ ആവും എന്നാ തോന്നുന്നേ. ചാരുവും ഓരോ മൃഗങ്ങളെ കൗതുകത്തോടെ നോക്കുന്നുണ്ട്. എല്ലാം കണ്ട് അവസാനം പാമ്പിനെ കാണാൻ എത്തിയപ്പോ അമ്മുവിന്റെ വിധം മാറി. പാമ്പിനെ കണ്ടാൽ പുറം പെരുക്കുന്ന എന്ന് പറഞ്ഞു എന്റെ മറവിൽ ഒളിച്ചാണ് എല്ലാം കാണുന്നെ. ഇവൾക്ക് പേടി എന്നൊരു സാധനം ഉണ്ടെന്നു ഇന്നാണ് എനിക്ക് മനസ്സിലാവുന്നേ. അവിടന്ന് ഇറങ്ങി മയിലിനെ കണ്ടതും അമ്മു വീണ്ടും ഓൺ ആയി.പിന്നെ ഫോട്ടോ എടുത്ത് താ എന്ന് പറഞ്ഞു ഒരേ ബഹളം. അവിടന്ന് പുറത്ത് ഇറങ്ങി ഓരോ ഐസ്ക്രീം കുടിക്കുമ്പോഴേക്കും അച്ഛനും അമ്മയും എത്തി.

"... എന്താ പിള്ളേരെ നമ്മളെ വിളിക്കാതെ ഒറ്റക്ക് ഐസ്ക്രീം കുടിക്കാണോ..."

"...നിങ്ങൾ സമയത്തിന് എത്താത്തത് നമ്മുടെ കുറ്റമാണോ..." ഐസ്ക്രീം കുടിക്കുന്ന അമ്മുവിന്റെ വക കൗണ്ടർ എത്തി.

"...നിന്നോട് തർക്കിക്കാൻ ഞാൻ ഇല്ലേ..." അമ്മ ആദ്യമേ ആയുധം വച്ച് കീഴടങ്ങി.

ഞാൻ അവർക്കും ഓരോ ഐസ്ക്രീം വാങ്ങി കൊടുത്തു. പിന്നെ കുറെ നേരം മ്യൂസിയത്തിലെ പുല്ല് തകിടുകളിൽ റസ്റ്റ് എടുത്തു.

"... ഏട്ടാ അങ്ങോട്ട് നോക്കിയേ..." ഒരു ചെറിയ മരച്ചോട്ടിൽ കെട്ടിപിടിച്ചിരിക്കുന്ന കാമിതാക്കളെ ചൂണ്ടി അമ്മു ചിരിച്ചു.

"... അടങ്ങി ഇരിക്കും പെണ്ണെ..." അമ്മുവിനെ ഞാൻ ശാസിച്ചു

ഇപ്പൊ ഇവിടത്തെ സ്ഥിരം പരിപാടിയാണ് ഇത് എല്ലാ മുക്കിലും ഓരോ കാമിതാക്കൾ കാണും. ഇവർക്ക് വല്ല റൂമും എടുത്തുടെ വെറുതെ മനുഷ്യനെ കൊതിപ്പിക്കാനായിട്ട്. വെർജിൻ ആയതോണ്ട് ഇതൊക്കെ കാണുമ്പോൾ എനിക്ക് വിഷമം ഒന്നും ഇല്ല കേട്ടോ. ഞാൻ ഇടക്ക് ഒളിഞ്ഞും തെളിഞ്ഞു അവരെ വീക്ഷിക്കാൻ തുടങ്ങി. ഇടക്ക് ഒന്ന് നോക്കിയിട്ട് തിരിഞ്ഞപ്പോ എന്നെ നോക്കി ഇരിക്കുന്ന ചാരുവിനെയാണ് കണ്ടത്. നല്ല രീതിയിൽ ചമ്മി. ഞാൻ ഒരു കാമക്കണ്ണൻ ആണെന്ന് കരുതി കാണുവോ ആവോ. പിന്നെ ആ ഭാഗത്തേക്ക് നോക്കനെ പോയില്ല.

ഉച്ച ആയപ്പോഴേക്കും ഫുഡും കഴിച്ച് നേരെ ശംഖ്മുഖത്ത് പോയി. ഏറെ നാൾക്ക് ശേഷമാണ് ഞാൻ അവിടെ പോണേ. പണ്ട് ഉണ്ടായിരുന്ന ബീച് ഒന്നും കാണാൻ ഇല്ല. തിരമാല ഇപ്പൊ റോഡ് വരെ എത്തിയിട്ടുണ്ട്. ചെറുതിലെ ആ കടപ്പുറം വഴി ഓടി നടന്നത് എല്ലാം വെറുമൊരു ഓർമയായി. വഴിയോര കച്ചവടക്കാരുടെ കൈയിൽ നിന്നും ഉപ്പും മുളകും പുരട്ടിയ മാങ്ങയും പൈനാപ്പിളും വാങ്ങി കഴിച്ച് മത്സ്യകന്യകയുടെ അടുത്ത് എത്തി. പഴയ ആ എടുപ്പ് ഒന്നും പോയി പോയിട്ടില്ല.

"...നല്ല ഭംഗി ഉണ്ടല്ലേ..." മത്സ്യകന്യകയെ നോക്കി നിന്ന എന്റെ അടുത്തേക്ക് വന്ന് ചാരു പറഞ്ഞു.

"...അതേ. ഈ ശിൽപ്പം ഉണ്ടാക്കിയവനെ സമ്മതിക്കണം എന്താ സ്ട്രെക്ച്ചർ..." ശിൽപ്പത്തിന്റെ ശാരീരിക വടിവിലൂടെ കൈയോടിച്ചു ഞാൻ പറഞ്ഞു.

ചോദിച്ച ചോദ്യത്തിന് ഒരു ഫ്ലോയിൽ ഉത്തരം നൽകിയതാ. പറഞ്ഞു കഴിഞ്ഞപ്പോഴാ ആരോടാ എന്താ പറഞ്ഞത് എന്ന് ബോധം വന്നത്.

"...അതേ അതേ നല്ല സ്ട്രൈക്കർ തന്നെയാ..." എന്നെ നോക്കി കളിയാക്കി ചിരിച്ചോണ്ട് അവൾ അമ്മയുടെ അടുത്തേക്ക് പോയി.
മൈര് മൂഞ്ചി. ഇന്നത്തെ ദിവസം ഇവളുടെ മുന്നിൽ നിന്ന് പുഴുക്കുവാണല്ലോ. കുറച്ചു നേരം അവിടെ നിന്ന് വിമാനം പറന്നിറങ്ങുന്നതും ഉയർന്നു പറക്കുന്നതും ഒക്കെ കണ്ടു വൈകുന്നേരത്തോടെ ലുലുവിൽ പോയി. ചാരു ആദ്യമായിട്ടാണ് ലുലുവിൽ വരുന്നേ. അമ്മു അവളെയും കൊണ്ട് അവിടെ മുഴുവൻ കാണിക്കാൻ തുടങ്ങി. അമ്മ ആണെങ്കിൽ എന്തോ ഓഫർ ഉണ്ടെന്നും പറഞ്ഞു ബെഡ്ഷീറ്റും പുതപ്പും അങ്ങനെ എന്തൊക്കെയോ നോക്കാൻ പോയി. അമ്മയുടെ ക്യാരിബാഗ് ആണ് അച്ഛൻ പിന്നെ പറയണ്ടല്ലോ ടിപ്പിക്കൽ വീട്ടമ്മയായി അമ്മ മാറി. ഞാൻ ഇച്ചിരി കളക്ഷൻ എടുക്കാൻ ഹൈപ്പർമാർട്ടിൽ കേറി 😁. ഹൈപ്പർമാർട് മൊത്തം ഒന്ന് സ്കാൻ ചെയ്ത് കഴിഞ്ഞപ്പോഴാ അമ്മുവിന് സർപ്രൈസ് കൊടുക്കാം എന്ന് കരുതി. അവൾക്ക് ഏറ്റവും ഇഷ്ടമുള്ള ഡയറിമിൽക്ക് ഒരെണ്ണം എടുത്തു ബില്ല് അടിക്കാൻ പോകുമ്പോൾ ആണ് ചരുവിന്റെ കാര്യം ഓർമ വന്നത്. വന്നത് പോലെ തിരിച്ചു പോയി 2 എണ്ണം കൂടി എടുത്തു. അവസാനം ഫുഡ് കോർട്ടിൽ എല്ലാരും ഒന്നുകൂടി.
"...ഏട്ടൻ എവിടെ പോയതാ..." അമ്മു തിരക്കി.
"...അത് കൊള്ളാം. രണ്ടുംകൂടി എന്നെ ഒറ്റക്ക് ആക്കി എങ്ങോട്ടോ പോയിട്ട് കുറ്റം മുഴുവൻ എനിക്കോ..."
"... ഞാൻ കരുതി ഏട്ടൻ എന്റെ പിറകെ ഉണ്ടെന്നു..."
"... അതൊക്കെ പോട്ടെ. സർപ്രൈസ്..." ഞാൻ ഒരു ഡയറിമിൽക്ക് അമ്മുവിന് നേരെ നീട്ടി.
"...ഹായ് love you ഏട്ടാ..." അമ്മു ഓടിവന്ന് എന്നെ കെട്ടിപിടിച് ഡയറിമിൽക്ക് വാങ്ങി.
ഞങ്ങടെ പ്രവർത്തിയെല്ലാം ചാരു നോക്കി നിൽക്കുന്നുണ്ടായിരുന്നു. അമ്മുവിന്റെ കൈയിലെ ഡയറിമിൽക്ക് നോക്കി കൊണ്ടിരുന്ന ചരുവിന്റെ മുഖം ഒന്ന് വാടി.
"...ചാരു..." അമ്മുവിനെ നോക്കി നിന്ന ചാരു ഒന്ന് ഞെട്ടി എന്നെ നോക്കി.
"... ഇത് നിനക്ക..." പോക്കറ്റിൽ നിന്നും അടുത്ത ഡയറിമിൽക്ക് ഞാൻ അവൾക്ക് നേരെ നീട്ടി.
"... താങ്ക്സ് ആദി..." അവളുടെ കണ്ണിൽ ഒരു തിളക്കം ഞാൻ കണ്ടു
"... അവർക്ക് മാത്രമേ ഉള്ളോ..." കുശുമ്പി അമ്മയുടെ പരിഭവം.
"...കപ്പിൾസ് ഇന്ന് റൊമാന്റിക് മൂഡിൽ ആണല്ലോ അപ്പൊ പിന്നെ ഡയറിമിൽക്ക് ഇല്ലാതെ പറ്റില്ലല്ലോ..." അമ്മയ്ക്കും കൊടുത്തു.
എല്ലാരും ഡയറിമിൽക്ക് കഴിക്കാൻ തുടങ്ങി. അമ്മയും അച്ഛനും ഷെയർ ചെയ്തു. ഇതൊക്കെ കാണുമ്പോൾ ഉള്ളിൽ എന്തോ ഒരു സന്തോഷം.
"...നീ കഴിക്കുന്നില്ലേ..." കഴിക്കുന്നതിന്റെ ഇടക്ക് അമ്മ തിരക്കി.
"... ഏയ്യ് വേണ്ട..." സത്യം പറഞ്ഞാൽ എന്റെ കാര്യം ഞാൻ മറന്നു പോയി.
"... ഇത ആദി കഴിക്ക്..." കഴിച്ചോണ്ട് ഇരുന്ന ചോക്ലേറ്റ് ചാരു എനിക്ക് നേരെ നീട്ടി.
"... വേണ്ട ചാരു. നീ കഴിച്ചോ..."
"... അതെന്താ ഞാൻ തന്നാൽ നീ കഴിക്കില്ലേ..." വിഷമത്തോടെ ചാരു ചോദിച്ചു.
"... ഇങ്ങു താ..." വെറുതെ അവളെ വിഷമിപ്പിക്കണ്ട എന്ന് കരുതി അവളുടെ കൈയിൽ നിന്നും ചോക്ലേറ്റ് വാങ്ങി ഞാൻ ഒരു കടി കടിച്ചു തിരിച്ചു അവൾക്ക് കൊടുത്തു.
എന്റെ ഈ പ്രവർത്തി കണ്ട് എല്ലാരും പുഞ്ചിരിച്ചു. അമ്മുവിന്റെ ചിരി മാത്രം ഒരു ആക്കിയ ചിരിപോലെ . ഞങ്ങൾ ഓരോ ഷോപ്പിലേക്കായി നടക്കാൻ തുടങ്ങി. അമ്മയും അച്ഛനും അമ്മുവും മുന്നേ നടന്നു. ചാരുവും ഞാനും പിന്നാലെയും
ചാരു ഓരോ കടി കടിച്ചിട്ടു ഡയറിമിൽക്ക് എനിക്ക് തരും ഞാൻ തിരിച്ചും. നടന്നു പൊയ്കൊണ്ട് ഇരുന്ന പോക്കിൽ ഓപ്പോസിറ്റ് വരുന്നവർ എന്നെ നോക്കി ചിരിക്കുന്നുണ്ട്. കാര്യം എനിക്ക് മനസിലായില്ല. കാര്യം അറിയാൻ ചാരുവിനെ നോക്കിയപ്പോ അവളും എന്നെ നോക്കി ചിരി തുടങ്ങി.
"... അയ്യേ മുഖം മുഴുവൻ ചോക്ലേറ്റ് ആയി..." ചാരു ചിരിയോടെ പറഞ്ഞു.
"... അയ്യോ എവിടെ..." ഞാൻ സ്വയം തുടക്കാൻ നോക്കി.
"... ഞാൻ തുടച്ച് തരാം..." ചാരു എന്റെ ചുണ്ടിലും കവിളിലും ഉണ്ടായിരുന്ന ചോക്ലേറ്റ് തുടച്ച് കളഞ്ഞു.
"... ഓ അവിടെ രണ്ടുപേരുടെ റൊമാൻസ് സഹിക്കാൻ വയ്യാത്തോണ്ടാണ് ഇങ്ങോട്ട് വന്നേ. അപ്പൊ ഇവിടെയും റൊമാൻസ്..." അമ്മു സ്വയം തലയ്ക്കടിച്ചു

www.kkstories.com

"... റൊ... റൊ... റൊമാൻസൊ...ഒന്ന് പോടീ കരുപ്പേ..." അവളുടെ പെട്ടെന്നുള്ള ചോദ്യത്തിൽ ഞാൻ ഒന്ന് പതറി.
"... ചേച്ചി ഇങ്ങോട്ട് വന്നേ..." അമ്മു ചരുവിന്റെ കൈയ്യും പിടിച്ചോണ്ട് അമ്മയുടെ അടുത്തേക്ക് പോയി.
ആ പോകുന്ന പോക്കിൽ ചാരു തിരിഞ്ഞു എനിക്ക് പുഞ്ചിരി സമ്മാനിച്ചു. രാത്രി ഫുഡ് ഒക്കെ കഴിച്ചു വീട്ടിൽ എത്തിയപ്പോൾ ഒരു സമയമായി. ഒരു കുളിയും പാസ്സാക്കി ബെഡിലേക്ക് മറിഞ്ഞു.
എന്ത് നല്ല ദിവസമായിരുന്നു എന്നും ഇതുപോലെ ഹാപ്പി ആയി ഇരിക്കാൻ പറ്റിയിരുന്നെങ്കിൽ നന്നായിരുന്നു. സംഭവിക്കാൻ ഇരിക്കുന്ന വരും വരായികയെകുറിച്ച് അറിയാതെ ഞാൻ ഉറക്കത്തിനു മുന്നിൽ കീഴടങ്ങി.
ഞായർ പ്രത്യേകിച്ച് പരിപാടി ഒന്നും ഇല്ലാത്തോണ്ട് വൈകിയാണ് ഉറക്കം ഉണർന്നത്. കാർത്തി ഏതോ കിടിലൻ പടം ഇറങ്ങിയിട്ടുണ്ട് എന്നും പറഞ്ഞു നട്ടുച്ചക്കുള്ള ഷോ ബുക്ക് ചെയ്ത് എന്നെയും കൊണ്ട് പോയി. മോശം പറയരുതല്ലോ എന്റെ ജീവിതത്തിൽ ഇതുപോലെ ഒരു കൂതറ പടം ഞാൻ കണ്ടിട്ടില്ല. തിരിച്ചു വരുന്ന വരവിൽ കാർത്തിയെ അവരാതിച്ചു കൊന്നു. നല്ലൊരു ഞായർ മൈരൻ കാരണം പോയി കിട്ടി. അവന്റെ കൂടെ ഒരു ചായയും കുടിച്ചു തിരിച്ചു വീട്ടിൽ വന്നപ്പോ പരിചയം ഇല്ലാത്ത ഒരു ബൈക്ക് ഇരിക്കുന്നു.
അച്ഛന്റെ കൂട്ടുകാർ വല്ലതും വന്നോ ആവോ എങ്കിൽ ഇന്ന് ഉപദേശം കേട്ടു മടുക്കും. വല്യ താല്പര്യം ഇല്ലാതെ എന്റെ ബൈക്ക് പാർക്ക് ചെയ്തപ്പോ അരുൺ എന്റെ വീട്ടിൽ നിന്നും ഇറങ്ങി വരുന്നു. ഇവൻ എന്താ എന്റെ വീട്ടിൽ🤨.
"...ഹ ആദി നീ വന്നോ. എത്ര നേരായി നിന്നെയും കാത്തു നിൽക്കുന്നു. നിന്നെ കാണാത്തത്കൊണ്ട് ഞാൻ ഇറങ്ങാൻ തുടങ്ങിയതാ...." അരുൺ ചിരിച്ചോണ്ട് എന്റെ അടുത്തേക്ക് വന്നു.
"... നീ എന്താ ഇവിടെ 😡..."
"...ചാരു എന്റെ ക്ലാസ്മേറ്റ് അല്ലേടാ റെക്കോർഡ് വാങ്ങാൻ വന്നതാ..." നാണം അഭിനയിച്ചോണ്ട് അരുൺ പറഞ്ഞു.
"...എല്ലാരേയും പരിചയപ്പെട്ടു അമ്മയൊക്കെ എന്നാ സ്നേഹമ. അമ്മുവിനെ മാത്രം കണ്ടില്ല ട്യൂഷൻ പോയന്നു പറഞ്ഞെ..." വിഷമം നടിച്ചോണ്ട് അരുൺ പറഞ്ഞു.
"...അവളുടെ ഫോട്ടോ അകത്തു കണ്ടായിരുന്നു സൂപ്പർ കൊച്ചാണല്ലോടാ..." അത് കേട്ടപ്പോ എന്റെ രക്തം തിളച്ചുവന്നു.
"... എന്താടാ ആദി ദേഷ്യം വരുന്നുണ്ടോ..." ഞാൻ കൈ കൈമുറുക്കുന്നത് നോക്കി അരുൺ ചോദിച്ചു.
"... ചാരു ഇവിടെ തന്നെ ഉണ്ടല്ലോ അടുത്ത തവണ ബുക്കോ റെക്കോർഡോ വാങ്ങാൻ വരുമ്പോൾ അമ്മുവിനെ വിശദമായി ഞാൻ ഒന്ന് പരിചയപെടുന്നുണ്ട് ..." ഒരു വഷളൻ ചിരിയോടെ അരുൺ അവന്റെ ബൈക്കും എടുത്തോണ്ട് പോയി.
"... അമ്മേ...അമ്മേ...." കോപത്താൽ ഞാൻ അടുക്കളയിലേക്ക് പോയി.
"... ആഹ് നീ വന്നോ. ചാരുവിനെ ഒരു കോളേജ് ഫ്രണ്ട് വന്നിരുന്നു ഇപ്പൊ പോയതേ ഉള്ളൂ. നീ കണ്ടില്ലേ..."
"... ചാരു എവിടെ..." അമ്മയുടെ ചോദ്യങ്ങൾക്ക് ഒന്നും മറുപടി പറയാൻ തക്ക മാനസികാവസ്ഥയിൽ അല്ലായിരുന്നു ഞാൻ.
"... അവൾ റൂമിൽ ഉണ്ട്. എന്താടാ കാര്യം..." അമ്മ തിരക്കി.
ഞാൻ അതൊന്നും മൈൻഡ് ചെയ്യാതെ ആർത്തിരമ്പി ചരുവിന്റെ മുറിയിലേക്ക് പോയി. വാതിൽ പൂട്ടിയിട്ടില്ലായിരുന്നു തള്ളി തുറന്നു അകത്തു കേറി. എന്റെ വരവ് കണ്ട് പേടിച് ബെഡിൽ നിന്നും ചാരു എഴുന്നേറ്റു.
"... നീ ആരോട് ചോദിച്ചിട്ടാ ആ നായിന്റെമോനെ വീട്ടിൽ വിളിച്ചു വരുത്തിയെ 😡..."
"... ആദി... നാളെ സബ്മിറ്റ് ചെയ്യേണ്ട ഒരു റെക്കോർഡ്..." ചാരുവിനെ കൊണ്ട് പറഞ്ഞു മുഴവപ്പിക്കാൻ സമ്മതിച്ചില്ല
"... റെക്കോർഡ് കോപ്പ്. ഓരോ മൈര് കാരണങ്ങൾ..."
"... ആദി ചീത്ത വിളിക്കരുത്..." ചരുവിനു ദേഷ്യം വന്നു തുടങ്ങി.
"... വിളിക്കോടി വിളിക്കും. നീ ആരുടെ കൂടെ വേണോ പൊയ്ക്കോ ആരെ വേണോ റൂമിൽ വിളിച്ചു കേറ്റിക്കൊ അതൊന്നും എന്നെ ബാധിക്കുന്ന വിഷയമല്ല. പക്ഷെ അതൊക്കെ ഈ വീട്ടിൽ നിന്നും ഇറങ്ങിയിട്ട്..."
"...ശേ... നീ ഇത്രക്ക് ചീപ്പ് ആണോ..."
"...ഇനി മേലാൽ നിന്റെ കൂട്ടുകാർ ആരെങ്കിലും ഈ വീട്ടിൽ കാലുകുത്തിയാൽ ഈ ആദി ആരാണെന്ന് നീയും അവരും അറിയും..."

www.kkstories.com

ഞാൻ അവളുടെ വാതിൽ വലിച്ചടച്ച് എന്റെ റൂമിലേക്ക് പോയി. പഞ്ചിങ് ബാഗ് മാറി മാറി ഇടിച്ച് എന്ത് ചെയ്തിട്ടും എന്റെ ദേഷ്യം അടക്കാൻ പറ്റിയില്ല. ഇത് എന്റെ വീട് ആയി പോയി ഇല്ലങ്കിൽ അവൻ ഇന്ന് ജീവനോടെ പോവില്ലയിരുന്നു. വീണ്ടും പഞ്ചിങ് ബാഗിൽ ഇടിച്ചോണ്ട് ഇരുന്നു.

രാത്രി ഫുഡ് കഴിക്കാൻ എല്ലാരും ഡയനിങ്ങ് ടേബിളിൽ ഒത്തുകൂടി. ചാരുവും ഉണ്ടായിരുന്നു.

"...ആദി നീ കേട്ടോ ചരുവിനു ഹോസ്റ്റലിലേക്ക് മാറണം എന്ന് പറയുവാ..." അമ്മ ആശങ്കയോടെ പറഞ്ഞു.

"... പോകുന്നവർ ഒക്കെ പോട്ടെ. വെറുതെ പിടിച്ച് നിർത്തണ്ട..."

"...ചേച്ചിയും ചേട്ടനും അടി ഉണ്ടാക്കിയെന്നു തോന്നുന്നു അമ്മേ..." കള്ളച്ചിരിയോടെ അമ്മു പറഞ്ഞു

"... അമ്മു നീ ഭാരിച്ച കാര്യങ്ങൾ അന്വേഷിക്കാൻ നിൽക്കണ്ട കഴിച്ച് കഴിഞ്ഞെങ്കിൽ പോയി പഠിക്കാൻ നോക്ക്..." ഞാൻ ഗൗരവത്തിൽ തന്നെ പറഞ്ഞു.

"...സത്യം പറയ് ആദി നീ എന്റെ കൊച്ചിനെ വല്ലതും പറഞ്ഞു വിഷമിപ്പിച്ചോ..." അമ്മ എന്നോട് തിരക്കി.

"... അമ്മ എനിക്ക് ഇതേ പറ്റി സംസാരിക്കാൻ താല്പര്യം ഇല്ല..." അത്രമാത്രം പറഞ്ഞ് ഞാൻ കൈകഴുകി എന്റെ റൂമിൽ പോയി.

അമ്മ എന്ത് പറഞ്ഞു സമ്മതിപ്പിച്ചു എന്ന് എനിക്ക് അറിയില്ല ചാരു എന്റെ വീട്ടിൽ തന്നെ തുടർന്നു. ദിവസങ്ങൾ ആഴ്ചകളായും ആഴ്ചകൾ മാസങ്ങൾ ആയും കടന്നുപോയി. അന്നത്തെ ആ സംഭവത്തിന് ശേഷം ഞാനും ചാരുവും പരസ്പരം ഒരു വാക്ക് പോലും സംസാരിച്ചില്ല. അവൾ എന്നിൽ നിന്നും ഞാൻ അവളിൽ നിന്നും അകന്നു നടന്നു. കോഴ്സ് കഴിഞ്ഞ് ചാരു അവളുടെ വീട്ടിലേക്ക് പോയി. ഞാൻ അച്ഛന്റെ കമ്പനിയിൽ ചാർജ് എടുത്തു. കോളേജ് കഴിഞ്ഞ് 2 വർഷമായി അച്ഛൻ ഇപ്പൊ ഇടക്കൊക്കെ കമ്പനിയിൽ വരാറുള്ളൂ. കാര്യങ്ങൾ ഒക്കെ ഞാൻ തന്നെയാ നോക്കി നടത്തുന്നെ. സഹായത്തിനു കാർത്തിയും ഉണ്ട്.ഒരു ദിവസം രാവിലെ ഓഫീസിൽ ഇരിക്കുമ്പോഴാണ് അമ്മയുടെ കാൾ വരുന്നേ.

"... ആദി... നീ എവിടെയാ..." വെപ്രാളത്തോടെ അമ്മ ചോദിച്ചു.

"... ഞാൻ ഓഫീസിൽ ഉണ്ട്. എന്ത് പറ്റി അമ്മേ..." അമ്മയുടെ ശബ്ദം കേട്ടു ഞാൻ പേടിച്ചു.

"...മോനെ അമ്മുമ്മക്ക് തീരെ വയ്യട. നമുക്ക് എത്രയും പെട്ടെന്ന് അവിടേക്ക് പോണം..." ഭയത്തോടെ അമ്മ പറഞ്ഞു.

"... ഞാൻ ഉടനെ വരാം അമ്മേ..."

കാർത്തിയോട് കാര്യങ്ങൾ എല്ലാം പറഞ്ഞേൽപ്പിച്ചു കാറുമായി എത്രയും പെട്ടെന്ന് തന്നെ വീട്ടിലേക്ക് പോയി. അമ്മയും അച്ഛനും അമ്മുവും പുറപ്പെടാൻ തയ്യാറായി നിൽക്കായിരുന്നു അമ്മു എന്റെ കുറച്ച് ഡ്രസ്സ് ഒക്കെ പാക്ക് ചെയ്തിട്ടുണ്ട് . ചെന്നപാടെ വേഷം പോലും മാറാതെ അവരെയും കൂട്ടി ഇറങ്ങി. അമ്മ പിന്നിൽ ഇരുന്നു ഒരേ കരച്ചിൽ. ഞാൻ വണ്ടി എടുത്തോണ്ട് തന്നെ അച്ഛനും അമ്മുവും അമ്മയെ സമാധാനിപ്പിച്ചോണ്ട് ഇരുന്നു. രാത്രിയോടെ ഞങ്ങൾ ചരുവിന്റെ വീട്ടിൽ എത്തി. വണ്ടി നിർത്തിയതും അമ്മ അമ്മുമ്മയുടെ അടുത്തേക്ക് ഓടി.

"...എന്താ ഉണ്ടായേ..." അച്ഛൻ മാമനോട് ചോദിച്ചു

"... പെട്ടെന്ന് അസുഖം കൂടി. ഹോസ്പിറ്റലിൽ പോവാം എന്ന് പറഞ്ഞിട്ട് അമ്മ വന്നില്ല. അവസാനം ഡോക്ടറേ ഇങ്ങോട്ട് വരുത്തിച്ചു..."

"... ഡോക്ടർ എന്ത് പറഞ്ഞു..." ഞാൻ തിരക്കി.

"... വല്യ കുഴപ്പം ഇല്ല വയസായില്ലേ അതിന്റെ ആവലാതിയ. അപ്പൊ തുടങ്ങിയതാ മക്കളെയും പേരക്കുട്ടികളെയും കാണണം എന്ന വാശി..." മാമൻ പറഞ്ഞു.

പാവം അമ്മുമ്മക്ക് തീരെ വയ്യാത്തത് അല്ലെ. ഞാനും അമ്മുവും അച്ഛനും അമ്മുമ്മയുടെ മുറിയിലേക്ക് പോയി.

2 വർഷങ്ങൾക്ക് ശേഷമാണ് ഞാൻ ചാരുവിനെ കാണുന്നത്. കട്ടിലിൽ കിടക്കുന്ന അമ്മുമ്മയുടെ അടുത്ത് തന്നെ ഒരു കസേരയിൽ ഇരിക്കയാണ് ചാരു. എന്തോ അവളെ ഫേസ് ചെയ്യാൻ ഒരു മടി. അമ്മ കട്ടിലിൽ ഇരുന്നു അമ്മുമ്മയെ കെട്ടിപിടിച് കരയുന്നു.

"... മോൾ മാത്രെ വന്നിട്ടുള്ളോ..." അമ്മുമ്മ അമ്മയോട് ചോദിച്ചു.

"...അല്ല അമ്മേ എല്ലാരും ഉണ്ട്..." ഞങ്ങൾ നിൽക്കുന്ന ഭാഗത്തേക്ക് നോക്കി അമ്മ പറഞ്ഞു. ആ സമയത്ത് ആണ് ചാരു എന്നെ കാണുന്നത്.

"... വാ മക്കളെ അടുത്തേക്ക് വാ..." അമ്മുമ്മ ഞങ്ങളെ അടുത്തേക്ക് വിളിച്ചു. ഞങ്ങൾ അങ്ങോട്ട് ചെന്ന്.

"...നിങ്ങളെ കാണാൻ പറ്റുമെന്ന് ഞാൻ വിചാരിച്ചത് അല്ല..." അമ്മുവിന്റെ കൈയിൽ തലോടി പറഞ്ഞു.

www.kkstories.com

"... അങ്ങനെ ഒന്നും പറയല്ലേ അമ്മേ..." അമ്മ പറഞ്ഞു. ആ സമയം കൊണ്ട് എല്ലാരും അവിടേക്ക് എത്തി.
"... ആദി മോനെ അമ്മുമ്മയുടെ അടുത്തൊന്നും ഇരിക്കട..." അമ്മ എഴീച്ചു മാറിയതും ഞാൻ അമ്മുമ്മയുടെ അടുത്തിരുന്നു.
"...ഞാൻ ഒരു ആഗ്രഹം പറഞ്ഞാൽ എന്റെ മോൻ അത് കേൾക്കോ..." പ്രതീക്ഷയോടെ അമ്മുമ്മ എന്നെ നോക്കി
"... പറയ് അമ്മുമ്മേ..."
എന്റെയും ചരുവിന്റെയും കൈകൾ ചേർത്തുപിടിച്ചു അമ്മുമ്മ പറഞ്ഞു.
"... കണ്ണടയും മുമ്പ് നിങ്ങൾ രണ്ടുപേരുടെയും വിവാഹം അമ്മുമ്മക്ക് കാണണം..."
ദൈവമേ അമ്മുമ്മയോട് ഞാൻ ഇപ്പൊ എന്താ പറയേണ്ടത് എന്നൊരു പിടിത്തവും കിട്ടുന്നില്ലല്ലോ. ഞാൻ അമ്മുമ്മയുടെ കൈക്കു മേലെ കൈ വച്ച് ഒന്ന് ചിരിച്ചു കാണിച്ചു റൂമിലേക്ക് പോയി. എന്ത് ചെയ്യും എന്ന് ഒരു എത്തും പിടിയും കിട്ടാതെ റൂമിൽ തലങ്ങും വിലങ്ങും നടന്നു.

"... ആദി..." കരഞ്ഞു കലങ്ങിയ കണ്ണുമായി അമ്മ വാതിൽക്കൽ വന്നു കൂടെ അമ്മുവും ഉണ്ട്.

ഞാൻ അമ്മയെ എന്റെ ബെഡിൽ ഇരുത്തി കൂടെ അമ്മുവും. ഞാൻ അവർക്ക് എതിർവശത്തായി നിന്നു.

"...മോനെ അമ്മുമ്മ പറഞ്ഞതിനെ കുറിച്ച് നീ ആലോചിച്ചോ..." മുഖവര ഇല്ലാതെ അമ്മ ചോദിച്ചു.

"... എനിക്ക് ഈ കല്യാണത്തിനു താല്പര്യം ഇല്ല..." മുഖത്തടിച്ചപോലെ എന്റെ തീരുമാനം അറിയിച്ചു.

"... അതെന്താടാ. ചാരു നല്ല കൊച്ചല്ലെ..." അമ്മ ഞെട്ടൽ മാറാതെ ചോദിച്ചു

"... നല്ല കൊച്ച് 😏..." ഞാൻ പിറുപിറുത്തു.

www.kkstories.com

"...അമ്മുമ്മയെ പോലെ ഞാനും ചാരുവിനെ മരുമകൾ ആയി കിട്ടാൻ ഒരുപാട് ആഗ്രഹിച്ചിട്ടുണ്ട്..." അമ്മയുടെ ആ വാക്കുകൾ എനിക്ക് പുതിയൊരു അറിവാണ്.

"...അതേടാ. അവളെ ആദ്യം കണ്ടപ്പോഴേ നിന്റെ പെണ്ണായിട്ട ഞാൻ കണ്ടേ. അവൾ നമ്മുടെ വീട്ടിൽ നിന്നും പോയപ്പോ എനിക്ക് എന്ത് മാത്രം വിഷമം ഉണ്ടായിരുന്നെന്നോ. ദൈവം ആയിട്ട അവളെ വീണ്ടും നമ്മുടെ അടുത്തേക്ക് എത്തിച്ചേ..."

അമ്മ ആ പറഞ്ഞത് ശെരിയ ചാരു പോയതോടെ അമ്മ ഒന്ന് ഡൗൺ ആയത് ഞാൻ ശ്രദ്ധിച്ചായിരുന്നു. ഏതു നേരവും ഓരോ ചിന്തയിൽ ആയിരിക്കും എപ്പോഴും അവളെ വിളിക്കാറുണ്ടായിരുന്നു എന്നാണ് അമ്മുവഴി അറിയാൻ കഴിഞ്ഞത്.

"...എനിക്ക് എന്റെ അമ്മയുടെ ആഗ്രഹങ്ങൾ ഒന്നും നടത്തികൊടുക്കാൻ കഴിഞ്ഞിട്ടില്ല. കല്യാണം നിച്ഛയിച്ച സമയത്ത് ഒളിച്ചോടി പോയവൾ അല്ലെ ഞാൻ. അവസാന കാലത്ത് അമ്മ ഒരു ആഗ്രഹം പറയുമ്പോൾ..." അമ്മ എന്നെ നോക്കി നെടുവീർപ്പിട്ടു.

"... ഞാൻ എന്റെ ഉള്ളിൽ ഉള്ളത് പറഞ്ഞന്നേ ഉള്ളു. ഈ കാര്യത്തിൽ നിന്നെ ആരും നിർബന്ധിക്കില്ല. അങ്ങനെ നിർബന്ധിക്കാൻ ഈ അമ്മ യോഗ്യയും അല്ല. മോൻ ആലോചിച്ചു ഒരു തീരുമാനം എടുക്ക്..." അമ്മ അമ്മുവിനെയും കൂട്ടി മുറിക്ക് പുറത്തേക്ക് പോയി.

കോപ്പ് ആകെ കൺഫ്യൂഷൻ ആയല്ലോ. ഇങ്ങനെ പല ഇമോഷണൽ ബ്ലാക്മെയ്ലും പ്രലോഭനങ്ങളും ഉണ്ടാവും. ഒന്നിലും വീഴരുത്. അങ്ങനെ ഓരോ കാര്യങ്ങൾ ആലോചിച്ചു ഞാൻ ഉറങ്ങി പോയി.

"... ആദി മോനെ നിനക്ക് ഈ അമ്മുമ്മയുടെ ആത്മാവ് ഗതികിട്ടാതെ അലയുന്നത് കാണാൻ വേണ്ടിയല്ലേ നീ ഇങ്ങനെ ചെയ്തേ..." ദൈനീയ ഭാവത്തിൽ അമ്മുമ്മ ചോദിച്ചു.

"... അല്ല. ഞാൻ അങ്ങനെ വിചാരിച്ചു ചെയ്തത് അല്ല..." തൊഴു കൈകളോട് ഞാൻ കേണു.

"...പിന്നെ എന്റെ അവസാന ആഗ്രഹം നിനക്ക് നിറവേറ്റത്തത് എന്താ..?അത് ചെയ്യാത്തത് കൊണ്ടല്ലേ അമ്മുമ്മക്ക് ഈ കടും കൈ ചെയ്യേണ്ടി വരുന്നെ...." ദൈനീയ ഭാവത്തിൽ ഇരുന്ന അമ്മുമ്മയുടെ മുഖം പെട്ടെന്ന് ഉഗ്രരൂപം പ്രാവിച്ചു.

എനിക്ക് ചുറ്റും കൊടുംകാറ്റ് അലയടിച്ചു. അടുത്ത് ഉണ്ടായിരുന്ന വലിയ വലിയ കെട്ടിടങ്ങൾ നിലമ്പദിക്കാൻ തുടങ്ങി. അവയിൽ ഉണ്ടായിരുന്ന വലിയൊരു കെട്ടിടം എന്റെ മേല്ക്ക് വന്നു പതിച്ചു. ശ്വാസം കിട്ടാതെ ഞാൻ ഞെട്ടി ഉണർന്നു.
ദേഹം മുഴുവൻ സ്വയം ഒന്ന് തൊട്ടുനോക്കി.ങേ എനിക്ക് ഒന്നും പറ്റിയില്ലേ. അതെല്ലാം സ്വപ്നം ആയിരുന്നോ. എന്നാൽ ശരീരത്തിന് ഇപ്പോഴും ഒരു ഭാരം അനുഭവപ്പെടുന്നുണ്ട് . താഴേക്ക് നോക്കിയപ്പോ പിന്നെയും ഞെട്ടി.

"... നീ ഇത് എപ്പോഴാടി വന്നേ കുരുപ്പേ..." എന്റെ ദേഹത്തു കിടന്ന ഗായുവിനെ സൈഡിലേക്ക് തള്ളിയിട്ടു ഞാൻ കട്ടിലിൽ നിന്നും എഴുന്നേറ്റു.

www.kkstories.com

"... ദേ ഇപ്പൊ വന്നതേ ഉള്ളു. ഞാൻ വന്നപ്പോ ഏട്ടൻ ഉറക്കത്തിൽ എന്തോ പിച്ചും പേയും പറയുന്നു. അപ്പൊ ഒന്ന് പേടിപ്പിക്കാൻ എന്ന് കരുതി ചാടി കേറിയതാ..." കട്ടിലിൽ കിടന്ന് എന്നെ നോക്കി പറഞ്ഞു.

ഓ അപ്പൊ ഇവൾ വന്നു വീണത് ആയിരുന്നോ. സ്വയം ഒന്ന് ആസ്വദിച്ചു

"...എന്തിനാണാവോ കുറ്റിയും പറിച്ചോണ്ട് ഇങ്ങോട്ട് എഴുന്നള്ളിയത്..." ഞാൻ ചോദിച്ചു.

"...അമ്മുമ്മക്ക് വയ്യല്ലോ ഇന്നലെ അച്ഛൻ സ്ഥലത്തു ഇല്ലായിരുന്നു. അച്ഛൻ വന്നപ്പോ തന്നെ പെട്ടിയും കിടക്കായും വാരിക്കെട്ടി ഇങ്ങു പൊന്നു..." കട്ടിലിൽ നിന്നും എഴുന്നേറ്റു അവൾ പറഞ്ഞു.

"... എന്നിട്ട് അവർ എന്തിയെ..."

"...അവർ ഹാളിൽ ഉണ്ട്. എല്ലാരും മണവാളനെ കാത്തിരിക്കാ..." നാണത്തോടെ ഗായു പറഞ്ഞു.

"... മണവാളണോ..? ആരുടെ മണവാളൻ..."

"...ഓ ഒളിക്കാൻ ഒന്നും നോക്കണ്ട നമ്മൾ എല്ലാം അറിഞ്ഞു. ഏട്ടന്റെയും ചാരു ചേച്ചിയുടെയും കല്യാണ കാര്യം..."

"... ഇതൊക്കെ നിങ്ങൾ മാത്രം തീരുമാനിച്ചാൽ മതിയോ..."

"... ങേ അപ്പൊ ഏട്ടന് ഈ കല്യാണത്തിനു ഇഷ്ടമല്ലേ 😲..." അമ്പരപ്പോടെ ഗായു എന്നെ നോക്കി

"... അതൊന്നും പറഞ്ഞാൽ നിനക്ക് മനസ്സിലാവില്ല..."

"...എന്തായാലും അവിടെ എല്ലാരും ഏട്ടനെ തിരക്കുന്നുണ്ട്..."

"... നീ ചെല്ല് ഞാൻ വരാം..." ഗായുവിനെ പറഞ്ഞു വിട്ട് ഞാൻ ഫ്രഷ് ആവാൻ പോയി.

ഷവറിന് താഴെ നിൽക്കുമ്പോഴും അമ്മയുടെ വാക്കുകളും ഞാൻ കണ്ട സ്വപ്നവും എന്റെ തീരുമാനവും എല്ലാം എന്നെ പ്രാന്ത് പിടിപ്പിക്കുന്നുണ്ട്. തലയിൽ വീഴുന്ന വെള്ളം ശരീരത്തെ തണുപ്പിച്ചെങ്കിലും ഉള്ളിലെ തീക്കെടുത്താൻ അതിനായില്ല.
കാപ്പി കുടിക്കാനായി അടുക്കളയിലേക്ക് പോയി. എല്ലാരും എന്നെ വല്ലാത്തൊരു നോട്ടം. എനിക്ക് ആ നോട്ടം ഒട്ടും പിടിച്ചില്ല. കാപ്പിയും എടുത്ത് ഡയനിങ്ങ് ടേബിളിൽ ഇരുന്നു.

"...എന്നെ വിളിക്കാതെ ഒറ്റക്ക് കഴിക്കാണല്ലേ..." ഞാൻ വന്നത് പോലും അറിയാതെ വെട്ടിമിഴുങ്ങുന്ന ഗായുവിനോട് ചോദിച്ചു.

"... പിന്നെ ഇയാൾ വരുന്നത് നോക്കി നിൽക്കാൻ ഞാൻ ആര് നിങ്ങടെ ഭാര്യയോ..." രാവിലെ തന്നെ കിട്ടി ബോധിച്ചു.

"...അമ്മു എവിടെ ഇവിടെ എങ്ങും കാണുന്നില്ലല്ലോ..." ചുറ്റും ഒന്ന് കണ്ണോടിച്ചു ഞാൻ തിരക്കി.

"... അവളും ചാരുചേച്ചിയും അമ്മുമ്മയുടെ മുറിയിൽ ഉണ്ട്.ഞാനും അങ്ങോട്ട് പോവാ ഏട്ടൻ വരുന്നില്ലേ..." കഴിച്ചു കഴിഞ്ഞ പാത്രവും എടുത്ത് അവൾ അടുക്കളയിലേക്ക് പോവാൻ ഒരുങ്ങി.

"...നീ പൊയ്ക്കോ എനിക്ക് കുറച്ചു പണിയുണ്ട്..."

എടുത്ത് വച്ച ഇഡലി ഒരെണ്ണത്തിൽ കൂടുതൽ എനിക്ക് കഴിക്കാൻ പറ്റുന്നില്ല. തൊണ്ടകുഴിയിൽ നിന്നും ഇറങ്ങുന്നില്ല എന്നതാണ് സത്യം. കുറച്ചു സമയം പാത്രത്തിൽ തന്നെ കുത്തിവരച്ച് പാത്രം തിരിച്ചു അടുക്കളയിൽ കൊണ്ടുപോയി വച്ചു. എന്റെ അവസ്ഥ അമ്മക്ക് മനസ്സിലായത് കൊണ്ടാണെന്ന തോന്നുന്നു ആഹാരം കഴിക്കാത്തതിനെപറ്റി ഒന്നും ചോദിച്ചില്ല. ഞാൻ ഉമ്മറത്തെ പടിക്കെട്ടിൽ ഇരുന്നു അപ്പോഴേക്കും കാർത്തി വിളിച്ചു.

"... ഹലോ, അമ്മുമ്മക്ക് എങ്ങനെ ഉണ്ടടാ..."

"... ഇപ്പൊ കുറവ് ഉണ്ട്..."

"... Hmm നീ എപ്പോഴാ തിരിച്ചു വരുന്നത്..."

"... തീരുമാനിച്ചില്ലടാ. ഞാൻ വരുന്ന വരെ കമ്പനി കാര്യങ്ങൾ ഒക്കെ നീ നോക്കിയാൽ മതി..."

"... എന്താടാ നിന്റെ സൗണ്ട് വല്ലാതെ ഇരിക്കുന്നെ..." എന്റെ ശബ്ദത്തിൽ ഉണ്ടായ മാറ്റം അവനു മനസിലായി.

"... ഒന്നും ഇല്ലടാ..."

www.kkstories.com

"...ആദി നിന്നെ ഇന്നും ഇന്നലെയും കാണുന്നത് അല്ല ഞാൻ. കാര്യം പറയടാ മൈരേ..."

"...എടാ അമ്മുമ്മക്ക് മരിക്കും മുമ്പ് എന്റെ കല്യാണം കാണണം എന്ന്..."

"...അതിനെന്താ ഇത്ര വിഷമിക്കാൻ ഒരു നല്ല കൊച്ചിനെ കണ്ടുപിടിച്ചെങ്ങ് കെട്ടണം. അല്ലപിന്നെ..."

"... പെണ്ണൊക്കെ ആൾറെഡി സെറ്റ് ആണ്..."

"... പിന്നെന്താടാ മൈരേ കുഴപ്പം അങ്ങ് കെട്ടുളിയ. അത് കഴിഞ്ഞിട്ട് വേണം എനിക്കൊന്ന് കെട്ടാൻ 🫣. അല്ല പെണ്ണ് ആരാ നമുക്ക് അറിയാവുന്ന ആരെങ്കിലും ആണോ..." അറിയാനുള്ള ആകാംശയിൽ ആണ് കാർത്തി.

"...പെണ്ണിനെ നീ നന്നായിട്ട് അറിയും..."

"... ആണോ ആരാ അത് 🤔..."

"...എന്റെ മുറപെണ്ണായിട്ട് വരും പേര് ചാരു..."

"... ചാരുവോ 😲..." വിശ്വസിക്കാൻ ആകാതെ കാർത്തി ചോദിച്ചു.

"... അതേടാ. മൈര് ഓരോ മാരണങ്ങൾ എന്റെ തലയിൽ തന്നെ വന്നു പതിക്ക. ഞാൻ എന്ത് ചെയ്യാനാ..." എന്റെ ആവലാതി അവനെ പറഞ്ഞറിയിച്ചു.

www.kkstories.com

"...ടെൻഷൻ ആവണ്ടടാ. നിന്റെ മനസ്സിൽ എന്താണെന്ന് എനിക്ക് അറിയാം ആലോചിച്ചു നല്ലൊരു തീരുമാനം എടുക്ക്..." അവന്റെ വാക്കുകൾ എന്നും എനിക്ക് ഒരു ആശ്വാസം മാത്രെ തന്നിട്ടുള്ളൂ.

ഫോൺ കട്ട് ആക്കി വിദൂരതയിലേക്ക് നോക്കി ഇരുന്നു. കഴിഞ്ഞത് ഒന്നും അത്ര പെട്ടെന്ന് എനിക്ക് മറക്കാനും പൊറുക്കാനും പറ്റില്ല.

"...മോനെ ആദി..." അച്ഛൻ എന്റെ ഒപ്പം പടിക്കെട്ടിൽ വന്നിരുന്നു.

"... നീ എന്താണ് ആലോചിക്കുന്നത് എന്ന് എനിക്ക് നല്ലപോലെ അറിയാം..." ദൈനീയമായി അച്ഛനെ നോക്കി. അച്ഛൻ എന്നെ നോക്കാതെ മുന്നോട്ട് നോക്കിത്തന്നെ തുടർന്നു.

"...ആരും പറയുന്നത് നീ മുഖവിലയ്ക്ക് എടുക്കണ്ട. നിന്റെ മനസ്സിൽ തോന്നുന്നത് നീ ചെയ്തോ അച്ഛൻ എന്തായാലും നിന്റെ ഒപ്പം ഉണ്ടാവും..." എന്റെ കൈയിൽ അമർത്തി പിടിച്ചു എനിക്ക് വിശ്വാസം തന്നു.

അച്ഛൻ ഒരിക്കൽ പോലും എന്നോട് ഇങ്ങനെ സംസാരിച്ചിട്ടില്ല. അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞു. അത് കണ്ടിട്ടാവണം അച്ഛൻ എഴുനേറ്റ് അകത്തേക്ക് പോയി.

ഇന്നത്തെ ദിവസം ആരും എന്നോട് പ്രത്യേകിച്ച് ഒന്നും മിണ്ടാൻ വന്നില്ല. ഗായു പോലും എന്നിൽ നിന്നും അകന്നു നടന്നു ഒരുപക്ഷെ എനിക്ക് കുറച്ച് സമാധാനം തരാൻ ആയിരിക്കും. ഉച്ചക്ക് ഭക്ഷണം കഴിക്കുമ്പോൾ പോലും ആരും പരസ്പരം സംസാരിച്ചില്ല. ആഹാര ശേഷം മുറിയിൽ തന്നെ കിടന്നു.

"... ഏട്ടാ...എല്ലാരും ഏട്ടനെ തിരക്കുന്നു..." മുറിയിൽ കിടന്ന എന്നെ അമ്മു വന്നു വിളിച്ചു.
"...നിനക്ക് ഈ കല്യാണത്തെകുറിച്ച് എന്താ അഭിപ്രായം..." ഉമ്മറത്തേക്ക് പോകും വഴി അമ്മുവിനോട് ഞാൻ തിരക്കി.

"...എന്താ ഏട്ടാ അങ്ങനെ ചോദിച്ചേ..."

"...എല്ലാരും അവരവരുടെ അഭിപ്രായങ്ങൾ എന്നോട് പറഞ്ഞു. നിന്റെ അഭിപ്രായവും അറിയണം അല്ലോ..."

"...അങ്ങനെ ചോദിച്ചാൽ. ചാരു ചേച്ചി പാവമാ. ചാരു ചേച്ചി ഏട്ടത്തിയായി വന്നാൽ നല്ല രസമായിരിക്കും ..." അവളുടെ അഭിപ്രായവും അറിഞ്ഞു.

എല്ലാരും എനിക്കായി ഉമ്മറത്തു കാത്തിരുന്നു.ചാരുവിനെ മാത്രം ആ കൂട്ടത്തിൽ കണ്ടില്ല. ചിലപ്പോ അമ്മൂമ്മയുടെ കൂടെയായിരിക്കും.

"... അമ്മ പറഞ്ഞ കാര്യത്തിൽ നിന്റെ തീരുമാനം അറിയാന ഞങ്ങൾ ഇപ്പൊ നിന്നെ വിളിച്ചേ. നമുക്ക് എല്ലാർക്കും ഈ വിവാഹത്തിന് പൂർണ്ണ സമ്മതം ആണ്..." ചരുവിന്റെ അച്ഛൻ പറഞ്ഞു.

www.kkstories.com

കൂടിനിന്നവർ എന്നെ തന്നെ നോക്കുന്നു. അമ്മയുടെ കണ്ണിൽ പ്രദീക്ഷയുടെ തിളക്കം കാണാം അമ്മുവിന്റെയും ഭാവം അത് തന്നെ. അച്ഛനെ നോക്കിയപ്പോ ഞാൻ കൂടെ ഉണ്ടടാ എന്നുള്ള ഭാവം ആയിരുന്നു. ഒരു നിമിഷം കണ്ണടച്ചു ദീപ് ബ്രീത് എടുത്തു. കണ്ണ് തുറന്നു.

"... എനിക്ക് ഈ വിവാഹത്തിന് സമ്മതം..."

എന്റെ ആ വാക്കുകൾ കേട്ട് എല്ലാവരും പരസ്പരം മുഖത്തോട് മുഖം നോക്കി പുഞ്ചിരി തൂകി. അമ്മയുടെ മുഖത്ത് ഈ അടുത്ത് ഒന്നും ഇത്രയും സന്തോഷം ഞാൻ കണ്ടിട്ടില്ല. അതിൽ നിന്ന് തന്നെ അമ്മ എത്രമാത്രം ഇത് ആഗ്രഹിച്ചിരുന്നു എന്ന് എനിക്ക് മനസിലായി. സത്യം പറഞ്ഞാൽ എന്റെ ഈ തീരുമാനത്തിന് വലിയൊരു പങ്ക് അമ്മയുടെ ഈ പുഞ്ചിരിക്കാണ്.

"... എന്നാ മോൻ പൊയ്ക്കൊ ഞങ്ങൾ കാര്യങ്ങൾ ഒക്കെ തീരുമാനിക്കട്ടെ..." ഗായുവിന്റെ അച്ഛൻ പറഞ്ഞു.

ഞാൻ ഒന്ന് മൂളി ഉള്ളിലേക്ക് പോയി. പിന്നാലെ ഗായുവും അമ്മുവും എത്തി.

"... കൊച്ചു കള്ള വിവാഹത്തിന് താല്പര്യം ഇല്ല. ഇഷ്ട്ടമല്ല എന്നൊക്കെ തള്ളിയത് ആണല്ലേ..." ബെഡിൽ കിടന്ന എന്റെ അടുത്തായി ഇരുന്നുകൊണ്ട് ഗായു കളിയാക്കി.

"... Hmm 😏..." കൂടുതൽ ഒന്നും പറയാൻ സാധിച്ചില്ല.

"...അമ്മൂമ്മക്ക് ഇപ്പൊ എങ്ങനെ ഉണ്ട്..." കറങ്ങുന്ന ഫാൻ നോക്കി ഞാൻ ചോദിച്ചു.

"... ഇപ്പൊ കുഴപ്പം ഇല്ല. ഇതുകൂടി കേൾക്കുമ്പോൾ അമ്മുമ്മക്ക് കൂടുതൽ സന്തോഷമാവും..." പുഞ്ചിരി തൂകി അമ്മു പറഞ്ഞു.

"... ചാരു ഈ വിവാഹത്തിന് സമ്മതിച്ചോ..." എനിക്ക് അറിയേണ്ടത് അതായിരുന്നു.

"... ചേച്ചി ഇഷ്ടക്കേട് ഒന്നും പറഞ്ഞില്ല. അല്ലെങ്കിലും ഇത്രയും സുന്ദരനും സൽസ്വഭാവിയുമായ ചെക്കനെ വേറെ എവിടെ കിട്ടാനാ..." കിട്ടിയ ചാൻസിൽ അമ്മു എന്നെ വാനോളം പുകഴ്ത്തി.

"...അതിനു ചാരുചേച്ചിക്ക് എന്താടി കുഴപ്പം..." അമ്മു എന്നെ പൊക്കിയത് ഗായുവിന് അത്രക്ക് പിടിച്ചില്ല.

"...ചാരുചേച്ചിക്ക് കുഴപ്പം ഒന്നുമില്ല. രണ്ടുപേരും കൂടിയാൽ സൂപ്പർ ആയിരിക്കും..." ഓരോ മനക്കോട്ട കെട്ടി അമ്മു പറഞ്ഞു.

"...നിങ്ങൾക്ക് അടുക്കളയിൽ വേറെ പണിയൊന്നും ഇല്ലേ..." കലപില ശബ്ദം കേട്ടു തലപ്രാന്ത് എടുത്തു ഞാൻ ചോദിച്ചു.

"...ഓ ചേട്ടന് ഇനി ഭാവി കാര്യങ്ങളെകുറിച്ച് ഒരുപാട് ആലോചിക്കാൻ കാണും നമുക്ക് പോയേക്കാം..." എന്നെ കളിയാക്കി അമ്മുവിനെയും കൂട്ടി ഗായു പോയി.

ചാരു എന്തിനാ ഈ വിവാഹത്തിന് സമ്മതിച്ചേ. അവൾക്ക് അരുണിനെ ഇഷ്ടാണെങ്കിൽ അത് ഇവരോട് പറഞ്ഞു ഒഴിഞ്ഞൂടെ. ചിലപ്പോ എന്നെപോലെ പെട്ട് പോയതാവും. ഇനി എന്റെ ഭാവി എന്താവും എന്തോ. ഞാൻ വിചാരിക്കുന്നത് ഒന്നുമല്ല എന്റെ ജീവിതത്തിൽ നടക്കുന്നത്. ഒരു ദീർഘ നെടുവീർപ്പെടുത്തു. അപ്പോഴേക്കും ഒരു കാൾ എത്തി.

"... പറയ് അളിയാ..." ഫോൺ എടുത്തപ്പോൾ തന്നെ കാർത്തിയോട് വിശേഷം തിരക്കി.

"... എനിക്ക് എന്ത് വിശേഷം. നിനക്ക് അല്ലെ വിശേഷം മുഴുവൻ..." കാർത്തി ഊക്കി തുടങ്ങി

"... എടാ തെണ്ടി നിന്റെ കല്യാണം ഉറപ്പിച്ചിട്ടു എന്നോട് പറഞ്ഞില്ലല്ലോ..." ദിയ പരിഭവപ്പെട്ടു.

"...എടി കാന്താരി നീ എപ്പോഴും ഇവന്റെ തോളിൽ തന്നെ..."

"...എന്ത് ചെയ്യാൻ അളിയാ തലയിൽ ആയി പോയില്ലേ.അത്കൊണ്ട് കൊണ്ട് നടന്നല്ലേ പറ്റു..." കാർത്തി അവളെ ഇളക്കാൻ നോക്കി.

"...സത്യം പറയടാ ആര് ആരാ തലയിൽ ആട ആയത്..." ദിയ കലിപ്പ് മൂഡ് ആയെന്ന് തോന്നുന്നു.

"... മതി മതി രണ്ടും നിർത്തിക്കോ..." ഞാൻ ഇടപെട്ടില്ലങ്കിൽ പെണ്ണ് ചെറുക്കനെ എടുത്ത് മറിച് വയ്ക്കും.

"... എന്ത് തീരുമാനിച്ചടാ..." ആവലാതിയോടെ കാർത്തി തിരക്കി.

"... വേറെ എന്ത് തീരുമാനിക്കാൻ വിവാഹത്തിന് സമ്മതിച്ചു..."

www.kkstories.com

"... അപ്പൊ അവളോ..." ആകാംഷയോടെ കാർത്തി ചോദിച്ചു.

"... അവളും സമ്മതിച്ചു. ഇനി എത്രയും പെട്ടന്ന് കെട്ട് നടത്താനാ ഇവിടെ എല്ലാരുടെയും പ്ലാൻ..."

"...അത് നന്നായി. നിങ്ങളുടെ കല്യാണം കഴിഞ്ഞിട്ട് വേണം ഞങ്ങൾക്ക് കെട്ടാൻ..." ദിയ കുറുമ്പോട് പറഞ്ഞു.

"... അയ്യടാ. നിങ്ങൾക്ക് കെട്ടണം എങ്കിൽ അങ്ങ് കെട്ടിയാൽ പോരെ അതിന് എന്റെ കാര്യം നോക്കുന്നത് എന്തിനാ..."

"... ഞാൻ ആദ്യമേ ഇവനെ കെട്ടിയാൽ ഈ ആങ്ങള പെണ്ണൊന്നും കിട്ടാതെ സിഗ്മ കളിച്ച് നടക്കുന്നത് ഞാൻ കാണണ്ടേ..." വിഷമം അഭിനയിച്ചു ദിയ എനിക്കിട്ട് ഒന്ന് കൊട്ടി.

"... തൽകാലം പുന്നാര പെങ്ങൾ എന്റെ അളിയന്റെ ഒപ്പം പ്രണയിച്ചുനടക്ക്. ഞാൻ പിന്നെ വിളിക്കാം..."

ഞാൻ ഫോൺ കട്ട് ആക്കി രണ്ട് മൂന്ന് ദിവസം അവിടെ തന്നെ കൂടി. അമ്മുമ്മക്ക് വയ്യാത്തത്കൊണ്ട് എല്ലാ തവണത്തെയും പോലെ ഒരു അടിച്ചുപൊളി ഇല്ലായിരുന്നു. കല്യാണം ആയത് കൊണ്ട് തന്നെ അതിന്റെ പിന്നിൽ തന്നായിരുന്നു ഓട്ടം മുഴുവൻ. ജാതകം നോക്കൽ കല്യാണ തിയതി കുറിക്കൽ അങ്ങനെ അങ്ങനെ. ജാതകത്തിൽ പ്രശ്നം വല്ലതും ഉണ്ടെങ്കിൽ അത് പറഞ്ഞു ഒഴിയാം എന്ന് വിചാരിച്ചപ്പോ ജാതകത്തിൽ ഒടുക്കത്തെ പൊരുത്തം. അങ്ങനെ അതും മൂഞ്ചി. ഒരു മാസത്തിനകത്തുള്ള കല്യാണ തീയതിയും കുറിച്ച് കിട്ടി. വിവാഹം ഇത്ര നേരത്തെ ആയത്കൊണ്ട് തന്നെ നിച്ഛയം അങ്ങ് ക്യാൻസൽ ചെയ്തു. വെറുതെ എന്തിനാ ഒരു പാഴ്ചിലവ്. ഇന്ന് കല്യാണ പുടവ പർച്ചെയ്സ് ആണ്. രണ്ടു കൂട്ടരും ബന്ധുക്കൾ ആയതോണ്ട് തന്നെ ഒരുമിച്ചാണ് പോക്ക് എല്ലാം. അച്ഛൻ വരുന്നില്ല എന്ന് പറഞ്ഞു ഒഴിഞ്ഞോണ്ട് അമ്മയെയും അമ്മുവിനെയും കൊണ്ട് ഞാനാണ് പോയത്. പിന്നെയാണ് ആ ചതി എനിക്ക് മനസ്സിലായത്. പൊന്ന് ഉരുക്കുന്നിടത്ത് പൂച്ചക്ക് എന്താ കാര്യം എന്ന് പറയുന്ന പോലെ പെണ്ണുങ്ങൾ ഡ്രസ്സ് എടുക്കുന്ന ഇടത്ത് ഞാൻ പോസ്റ്റ്🥲. അവരുടെ പർച്ചെയ്സ് കാണാൻ കരുത്ത് ഇല്ലാത്തത് കൊണ്ട് ഞാൻ ഷോപ്പ്കാർ തന്ന ചായയും കുടിച്ച് ഫോണിൽ തോണ്ടി ഒരു മൂലക്ക് കൂടി. മോശം പറയരുത് അല്ലോ നല്ല ചായയായിരുന്നു.

www.kkstories.com

"...ആദി..." ആരാണ് എന്നെ വിളിക്കുന്നെ എന്ന് നോക്കിയപ്പോ ഏറെ വർഷങ്ങൾക്ക് ശേഷം ചാരു എന്നോട് മിണ്ടിയിരിക്കുന്നു.

"... എന്താ..." കുടിച്ചോണ്ട് ഇരുന്ന ചായ ടേബിളിൽ വച്ച് ഞാൻ എഴുന്നേറ്റു.

"...ആദി സന്തോഷത്തോടെ ആണോ ഈ കല്യാണത്തിന് സമ്മതിച്ചത്..."

"...അല്ല..." യാന്ത്രികമായി എന്റെ മറുപടി എത്തി.

"... എന്നോട് ഇപ്പോഴും ദേഷ്യമാണോ..."

"...കണ്ടിട്ട് എന്ത് തോന്നുന്നു..."

"...ഇഷ്ടമല്ലാത്ത കല്യാണത്തിനു പിന്നെ എന്തിനാ സമ്മതിച്ചേ..."

"... കാരണം നിനക്ക് അറിയില്ലേ..." അമ്മൂമ്മയുടെ ആഗ്രഹത്തെ കുറിച് ഞാൻ അവളെ ഓർമിപ്പിച്ചു.

"...നിനക്ക് പിന്നെ കല്യാണത്തിൽ നിന്നും ഒഴിഞ്ഞൂടായിരുന്നോ..." വിക്കി വിക്കി ചാരു ചോദിച്ചു.

"... ഇതേ ചോദ്യമാ ഞാൻ നിന്നോടും ചോദിക്കാൻ ഇരുന്നേ..."

"... എനിക്ക് അതിനു കഴിയില്ല..." തലകുനിച്ചു ചാരു പറഞ്ഞു.

"...നീയും എന്നെപോലെ പെട്ടുപോയതാ അല്ലെ 😏..."

"...അല്ല..." എന്ന് പറഞ്ഞു ചാരു പെട്ടെന്ന് ഞെട്ടി എന്റെ മുഖത്തേക്ക് നോക്കി

"...ചാരു ചേച്ചി..." ഗായു ഞങ്ങടെ അടുത്തേക്ക് വന്നു.

"...രണ്ടും കൂടി ആരും കാണാതെ ഒളിച്ചു ഇരിക്കണല്ലേ..."

"... എടി അങ്ങനെ അല്ലെ..." ഞാൻ അവളുടെ തെറ്റിദ്ധാരണ മാറ്റാൻ ശ്രെമിച്ചു.

"...കല്യാണം കഴിഞ്ഞാൽ ഇഷ്ട്ടം പോലെ സമയം ഉണ്ടല്ലോ. സൊള്ളൽ ഒക്കെ അപ്പൊ പോരെ. ഇപ്പൊ ഞാൻ ചേച്ചിയെയും കൊണ്ട് പോവാ ഇനിയും ഒരുപാട് സാധനങ്ങൾ വാങ്ങാൻ ഉണ്ട്..."

www.kkstories.com

"... ആഹ് കൊണ്ട് പോ..." താല്പര്യം ഇല്ലാത്തമട്ടിൽ ഞാൻ പറഞ്ഞു.

"...ഞാൻ ചേച്ചിയെ കൊണ്ട് പോണത് കണവന് പിടിച്ചില്ലെന്നു തോന്നുന്നു..."

അതും പറഞ്ഞു ചരുവിനെയും കൊണ്ട് ഗായു പോയി. ഇവൾക്ക് ഇത് എന്തിന്റെ സൂക്കേടാ.എപ്പോ നോക്കിയാലും കല്യാണ കാര്യം പറഞ്ഞു കളിയാക്കനെ നേരം ഉള്ളൂ.എന്റെ അവസ്ഥ എനിക്കല്ലേ അറിയൂ

അതിനു ശേഷം കല്യാണ പന്തലിൽ ആണ് ഞാൻ ചാരുവിനെ കാണുന്നത്. കല്യാണത്തിനോട് അനുബന്ധിച്ചു എല്ലാ കാര്യങ്ങൾക്കും കാർത്തി കട്ടക്ക് കൂടെ നിന്നത്കൊണ്ട് എനിക്ക് വല്യ ബുദ്ധിമുട്ട് ഒന്നും ഇല്ലായിരുന്നു.

എന്റെ മംഗല്യാധാരണത്തിന് പങ്ക്ചേരാൻ ബന്ധുക്കളും നാട്ടുകാരും കൂട്ടുകാരും എല്ലാരും ഉണ്ട്. കതിർമണ്ഡപത്തിൽ ചരുവിന്റെ വരവിനായി കാത്തിരുന്നു.എന്റെ മുന്നിൽ ഇരിക്കുന്നവരുടെ കൈകളിൽ ഒരുപിടി പൂക്കൾ ഉണ്ട്.

കാതിൽ തറയ്ക്കുന്ന തന്ത്രിയുടെ മന്ത്ര ഉച്ചാരണങ്ങളും നാസിയിലേക്ക് തുളച്ചു കയറുന്ന ചന്ദനത്തിരിയുടെ മണവും കീറിമുറിച്ചു താലം പിടിച്ച കുഞ്ഞി പിള്ളാരുടെ പിന്നിൽ രക്ത ചുവപ്പ് സാരിയിൽ വസ്ത്രഭരണ വിപൂക്ഷിതയായി എന്റെ അരികിലേക്ക് ചാരു നടന്നടുത്തു.
ഒരു നിമിഷം ഞാൻ തന്നെ ആ സൗന്ദര്യത്തിൽ ലയിച്ചു പോയി. ചാരു ആദ്യമായി എന്റെകൂടെ അമ്പലത്തിൽ വന്ന ദിനം ഞാൻ ഓർത്തു.

എല്ലാവരുടെയും ആശിർവാദത്തോടെ നാഥസ്വരത്തിന്റെ അകമ്പടിയിൽ മിഴികൾ അടച്ചു തൊഴുകൈകളോടെ ഇരുന്ന ചരുവിന്റെ കഴുത്തിൽ ഞാൻ താലി ചാർത്തി.

ജീവിതത്തിൽ ഒരിക്കലും ഇവളെ കൈവിടരുത് എന്ന് പറഞ്ഞു ചരുവിന്റെ കൈ എന്റെ കൈകളിൽ ഏല്പിച്ചു മണ്ഡപത്തിന് ചുറ്റും വലം വയ്പ്പിച്ച് . എന്നാൽ അത് എത്രമാത്രം പാലിക്കാൻ കഴിയും എന്ന് എനിക്ക് യാതൊരു ഉറപ്പും ഇല്ലായിരുന്നു. കതിര്മണ്ഡപം ചുറ്റിവന്നപ്പോഴേക്കും ആട് കിടന്ന ഇടത്ത് പൂട പോലും ഇല്ല എന്ന അവസ്ഥയാ. എല്ലാ തെണ്ടികളും സദ്യ കഴിക്കാൻ ഇറങ്ങി ഓടി. ഞങ്ങൾ അമ്മൂമ്മയുടെ കാലിൽ തൊട്ട് അനുഗ്രഹം വാങ്ങി. ആ മുഖം സാധാരണ ദിനത്തേക്കാൾ ഇന്ന് കൂടുതൽ പ്രസന്നമാണ്. പ്രധാന ചടങ്ങുകൾ കഴിഞ്ഞതിൽ പിന്നെ ഫോട്ടോ എടുപ്പിന്റെ മേളം തന്നായിരുന്നു. എനിക്ക് അറിയാവുന്നതും അറിയാത്തതുമായ ഒരുപാട് പേര് ഓരോ ഗിഫ്റ്റ് തന്നു ഫോട്ടോ എടുത്ത് പോയി.ആ കൂട്ടത്തിൽ ദിയയും കാർത്തിയും എത്തി.

"... ഹാപ്പി മാരീഡ് ലൈഫ് അളിയാ..." വന്നതും എനിക്ക് കൈയ്യും തന്ന് കെട്ടിപിടിച്ചു.

"...എന്താടി ഇത് കാര്യമായിട്ട് വല്ലതും ഉണ്ടോ..." ദിയ എനിക്ക് നേരെ നീട്ടിയ ഗിഫ്റ്റ് വാങ്ങി ഞാൻ ചോദിച്ചു.

"...തുറന്ന് നോക്ക്..." അത് കേട്ടതും ഞാൻ ഗിഫ്റ്റ് തുറന്നു നോക്കി എന്റെയും ചരുവിന്റെയും ഒരു ഫോട്ടോ വരച്ചത് ആയിരുന്നു.

"... കൊള്ളാലോ.സംഭവം കളർ ആയിട്ടുണ്ട്..."

"...എന്ത് ചെയ്യാൻ എനിക്ക് ഇച്ചിരി കഴിവ് കൂടി പോയില്ലേ..." ദിയ സ്വയം പുകഴ്ത്തി.

www.kkstories.com

"...അതേ നീ ഒരു കഴുവേറി തന്നെ..." കാർത്തി അവന്റെ പണി തുടങ്ങി.

"... രണ്ടും കൂടി അണിഞ്ഞൊരുങ്ങി നിൽക്കുന്നത് കണ്ടാൽ ഇന്ന് നിങ്ങളുടെ കല്യാണം ആണെന്ന് തോന്നുമല്ലോ..." രണ്ടുപേരെയും അടിമുടി നോക്കി ഞാൻ പറഞ്ഞു.

"...ഇവൻ ഒന്ന് മൂളിയാൽ ഇപ്പൊ കെട്ട് നടത്താൻ ഞാൻ തയ്യാറാണ്..." കാർത്തിയെ നോക്കി ദിയ പറഞ്ഞു.

"...ഞാൻ അങ്ങനെ ഇപ്പൊ മൂളുന്നില്ല..." കാർത്തിയുടെ ഉത്തരവും എത്തി.

"... ഇവന്റെ സിഗ്മ ആറ്റിട്യൂട് ഇതുവരെ മാറിയില്ലേ..."

"... കുറച്ചുകൂടി ഉണ്ട് അത് ഞാൻ ഉടനെ മാറ്റി എടുക്കും..."

"... മോനെ... എല്ലാരും വെയിറ്റ് ചെയ്യാടാ..." ഇനിയും ഫോട്ടോ എടുക്കാൻ നിൽക്കുന്നവരെ കാണിച്ചു അമ്മ പറഞ്ഞു.

"... എന്നാ ശരിയട നിങ്ങൾ പോയി ഊണ് കഴിക്ക്..." അവരെ കഴിക്കാൻ ആയി അയച്ചു പിന്നയും ഒരു ചിരി മുഖത്തു ഫിറ്റ് ചെയ്ത് പൊസ് തുടങ്ങി.
പിന്നെയും ഒരുപാട് പേര് വന്നു ഫോട്ടോ എടുത്തു. ഫോട്ടോ എടുത്തവർ കഴിക്കാനും കഴിച്ചവർ ഫോട്ടോ എടുക്കാനും വന്നുകൊണ്ടിരിക്കുന്നു. ഈ ലൂപ് ഇങ്ങനെ എത്ര നേരം തുടരും എന്ന് ഒരു പിടിത്തവും ഇല്ല. ഇതിന്റെ ഇടയിൽ

എന്റെ കോളേജ്, സ്കൂൾ, ജിം, അങ്ങനെ ഓരോ ഇടങ്ങളിലേയും കൂട്ടുകാർ വന്നു പൊയ്കൊണ്ട് ഇരുന്നു. ഇവർ എല്ലാരും വരും എന്ന് ഞാൻ ഒട്ടും തന്നെ പ്രതീക്ഷിച്ചില്ല.
കുറച്ച് കഴിഞ്ഞ് വലിയൊരു ഗിഫ്റ്റുമായി എവിടെയോ കണ്ട് പരിചയം ഉള്ള ഒരു പട നമ്മുടെ അടുത്തേക്ക് വന്നു. അടുത്ത് എത്തിയപ്പോഴാണ് അത് ചരുവിന്റെ കോളേജ് ഫ്രണ്ട്സ് ആണെന്ന് മനസ്സിലായെ. അത്രയും നേരം ചിരിച്ചോണ്ട് ഇരുന്ന എന്റെ മുഖം ഒരാളെ കണ്ടപ്പോ കടുത്തു. ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് ആളെ മനസിലായികാണും. അതേ അവൻ തന്നെ ചരുവിന് കൈ കൊടുത്ത് നേരെ എനിക്ക് നേരെ കൈ നീട്ടി.ഞാൻ അവന്റെ കൈ പിടിച്ചു ഒന്ന് മുറുക്കി. എന്നെ ആലിംഗനം ചെയ്ത് എന്റെ കാതിൽ പറഞ്ഞു.

"...എന്നോടുള്ള ദേഷ്യം ഇപ്പോഴും മാറിയില്ല അല്ലെ. നീ ചാരുവിനെ കെട്ടിയത് നന്നായി ഇല്ലങ്കിൽ എനിക്ക് അവളെ കെട്ടേണ്ടി വന്നേനെ..."

"...നീ എന്റെ വീട്ടിൽ കേറി ഷോ ഓഫ് നടത്തിയ അന്ന് രാത്രി നിനക്ക് കിട്ടിയത് ഒന്നും പോരേ. കാർത്തി തടഞ്ഞത് കൊണ്ട നിന്നെ അന്ന് ജീവനോടെ വിട്ടേ. ഇല്ലകിൽ എന്റെ പെണ്ണുങ്ങളെ നോക്കിയ ഈ കണ്ണ് രണ്ടും ഞാൻ കുത്തിപ്പൊട്ടിച്ചേനെ..." ദേഷ്യം കടിച്ചമർത്തി ഞാൻ ചോദിച്ചു.

"... അയ്യോ ഞാൻ പേടിച്ചു പോയി 😏. അന്നത്തെ ആ തല്ല് 1 ആഴ്ച മരുന്ന് ഇട്ടപ്പോൾ തന്നെ സെരിയായി.അത് കൊണ്ട് നീ അത് വിട് ഇപ്പൊ അതിനേക്കാൾ വലിയ ഒരു ഗിഫ്റ്റ് അല്ലെ നിനക്ക് ഞാൻ തന്നത്..." ചാരുവിനെ അവൻ ഒന്ന് പാളിനോക്കി എന്റെ കാതിൽ പറഞ്ഞു

"...അല്ലെങ്കിലും എന്റെ എച്ചിൽ നക്കാനെ നിനക്ക് യോഗം ഉള്ളൂ..." അരുൺ എന്റെ രണ്ട് തോളിലു പിടിച്ചു നേരെ നിർത്തി ചിരിച്ചു.

www.kkstories.com

എനിക്ക് ദേഷ്യം കൊണ്ട് വിറങ്ങലിച്ചു വന്നു അരുണിനെ ഇടിക്കാനായി കൈ പൊക്കിയതും ചാരു എന്റെ കൈയിൽ കയറി പിടിച്ച് കണ്ണുകൊണ്ട് വേണ്ട എന്ന് ആംഗ്യം കട്ടി. ഞാൻ അവളുടെ കൈ കുടഞ്ഞെറിഞ്ഞു. അപ്പോഴേക്കും ഫോട്ടോഗ്രാഫർ അരുണിനെ സൈഡിലായി നിർത്തി ഫോട്ടോ എടുത്ത് വിട്ടു.

"...അവൻ എന്താ പറഞ്ഞത് ആദി..." സ്റ്റേജിൽ നിന്നും അവർ ഇറങ്ങിയതും ചാരു എന്നോട് ചോദിച്ചു.
ഞാൻ ഒന്നും മിണ്ടാതെ കത്തുന്ന കോപത്താൽ അവളെ നോക്കി. എന്റെ ഭാവമാറ്റം കണ്ട് പേടിച്ചിട്ടാവണം പിന്നെ എന്നോട് ഒന്നും ചോദിച്ചില്ല. ഇതെല്ലാം കണ്ട് കാർത്തി മുന്നിൽ ഇരിക്കുന്നുണ്ടായിരുന്നു. കണ്ണുകൊണ്ട് അവൻ എന്താ എന്ന് ചോദിച്ചു. ഞാൻ അരുൺ നിന്ന സൈഡിലേക്ക് നോക്കി അവനും അവിടേക്ക് നോക്കി. അവന് കാര്യം മനസിലായി. എല്ലാം അവൻ നോക്കിക്കോളാം എന്ന് ആംഗ്യം കാണിച്ചു ദിയയെ അവിടെ ആക്കി അവൻ പിന്നിലേക്ക് പോയി.

എനിക്ക് സ്റ്റേജിൽ നിന്നിട്ട് ഒരു മനഃസമാധാനവും കിട്ടുന്നില്ല. എല്ലാം വലിച്ചെറിഞ്ഞു ആ മൈരനെ കൊല്ലാൻ ഉള്ള ദേഷ്യം ഉണ്ടായിരുന്നു. എന്നെയും ചരുവിനെയും കഴിക്കാൻ കൂട്ടികൊണ്ട് പോയി. എനിക്ക് കഴിക്കാൻ ഒരു മൂടും ഇല്ലായിരുന്നു. കഴിക്കാനായി ഇരുന്നതും ജിമ്മിലെ കുറച്ചു പയ്യന്മാർ അരുണിനെയുക്കൂട്ടി കലവറയിലേക്ക് പോവുന്നത് കണ്ടു. കാര്യം എന്താണെന്ന് എനിക്ക് മനസിലായില്ല. തോട്ടുപിന്നാലെ ഷർട്ടിന്റെ കൈയ്യും മടക്കി കാർത്തിയും പോണത് കണ്ടു. അറിയാതെ എന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.
ഞങ്ങൾക്ക് ചോർ വിളമ്പുന്ന സമയത്ത് കലവറയിൽ പാത്രങ്ങൾ വീഴുന്ന സൗണ്ട് കേട്ടു.

"... എന്താ അവിടെ ഒരു ബഹളം..." കലവറയിലേക്ക് നോക്കി അമ്മ ആരാഞ്ഞു.

"...അത് അവർ പാത്രങ്ങൾ ഒതുക്കുന്നത് ആയിരിക്കും..." അമ്മയെ നോക്കി ഞാൻ പറഞ്ഞു.
ഞാൻ ചോറിന്റെ കൂടെ പപ്പടം പൊടിച്ചപ്പോ കാർത്തി അവിടെ അരുണിന്റെ എല്ലൊടിക്കുന്ന ശബ്ദം എനിക്ക് കേൾക്കാം. ആകെ ഒരു വിഷമമേ ഉള്ളൂ ഈ മഹാമഹത്തിൽ എനിക്ക് പങ്ക് ചേരാൻ പറ്റുന്നില്ലല്ലോ എന്ന്. കാർത്തി അവന് ഒരു തുള്ളി ജീവൻ ബാക്കി വച്ചിരുന്നെങ്കിൽ നന്നായിരുന്നു കാരണം ആ ജീവൻ എനിക്ക് എടുക്കണം. ചോർ ഒക്കെ കഴിച്ച് ഹാളിൽ നിന്നപ്പോ കാർത്തി എന്റെ അടുത്തേക്ക് വന്നു.

"... എവിടെ പോയിരുന്നടാ ചെക്കാ ഡ്രസ്സ് മുഴുവൻ അഴുക്കായാലോ..." കാർത്തിയുടെ ഷർട്ട് തട്ടി കുടഞ്ഞോണ്ട് ദിയ ചോദിച്ചു.

"...ചത്തോ അതോ ജീവൻ ഉണ്ടോ..."

"...ചത്തിട്ടില്ല രണ്ട് കയ്യും കാലും ഒടിച്ചിട്ടുണ്ട്. നട്ടലിന് പൊട്ടൽ ഉണ്ടോ എന്നൊരു സംശയം..."

"...ബാക്കി ഞാൻ നോക്കിക്കോളാം..."

എല്ലാവരോടും യാത്ര പറഞ്ഞു ഞങ്ങൾ എന്റെ വീട്ടിലേക്ക് പോയി. അമ്മ നിലവിളക്കും ആരധിയും ഉഴിഞ്ഞു ചാരുവിനെ അകത്തേക്ക് വരവേറ്റു. വൈകിട്ട് റിസെപ്ഷൻ ഒക്കെ കഴിഞ്ഞപ്പോ ഒരു സമയമായി. ഞാൻ പുറത്ത് കൂട്ടുകാരുടെ ആദിരാത്രി ക്ലാസ്സ് അറ്റൻഡ് ചെയ്യായിരുന്നു. എല്ലായിടത്തും കാണുമല്ലോ ഇതുപോലെ നമ്മളെ ഉപദേശിക്കാൻ ഒരാൾ ഞാൻ അറിയാതെ പെട്ടു പോയി.

"... ടാ സമയം എന്തായി എന്നാ..? അവിടെ കിന്നാരിച്ചോണ്ട് നിക്കാതെ റൂമിൽ പോടാ..." ദൈവദൂതനെപോലെ അമ്മ എത്തിയോണ്ട് അധികം തള്ള് കേൾക്കാതെ രക്ഷപ്പെട്ടു.

www.kkstories.com

ഞാൻ വേഗം റൂമിൽ എത്തി അവിടെ അതിനേക്കാൾ വല്യ കോമഡി. കിടക്കേണ്ട ബെഡിൽ റോസാപൂക്കൾ കൊണ്ട് ഹാർട്ട് ഉണ്ടാക്കി വച്ചേക്കാണ്. ആ കലാസൃഷ്ട്ടി സാക്ഷാൽ എന്റെ പുന്നാര പെങ്ങളുടെ പണിയാണ്. ബാത്റൂമിൽ കേറി ഒന്ന് കുളിച്ച് ബെഡിൽ നീണ്ട് നിവർന്നു കിടന്നു. ഇച്ചിരി സമയം കഴിഞ്ഞപ്പോ റൂമിന്റെ വാതിൽ തുറക്കുന്ന സൗണ്ട് കേട്ടു. എത്തിവലിഞ്ഞു നോക്കിയപ്പോ സെറ്റ്സാരിയൊക്കെ ഉടുത്ത് കൈയിൽ ഒരു ഗ്ലാസ് പാലുമായി നിൽക്കുന്ന ചാരു. പൊങ്ങിയ തല അതുപോലെ തിരിച്ച് ബെഡിൽ സ്ഥാനം പിടിച്ചു.

"... പാൽ..." എന്റെ അനക്കം ഒന്നും കാണാത്തത് കൊണ്ട് ചാരു പറഞ്ഞു.

"...അവിടെ എങ്ങാനും വച്ചേക്ക..." അതേ കിടപ്പിൽ തന്നെ പറഞ്ഞു.
കുറച്ച് സമയമായിട്ടും അനക്കം ഒന്നും കാണാത്തത് കൊണ്ട് ഒന്ന് തല ഉയർത്തി നോക്കിയപ്പോ എന്നെ തന്നെ നോക്കി നിൽക്കുന്ന ചരുവിനെയാണ് കാണുന്നത്. എന്തെ എന്ന് ഞാൻ പുരികം ഉയർത്തി ചോദിച്ചു. അവൾ ഒന്നും ഇല്ലന്ന് തോൾ അനക്കി പറഞ്ഞു.

"... ഇവിടെ കിടന്നോ..." ഞാൻ ബെഡിന്റെ ഒരു സൈഡിലേക്ക് നീങ്ങി കിടന്നു.

ഒരു നിമിഷം അവൾ എന്തോ ആലോചിചിട്ട് ബെഡിന്റെ സൈഡിൽ വന്നിരുന്നു.

"...നീ കിടക്കുന്നില്ലങ്കിൽ ആ ലൈറ്റ് ഓഫ് ചെയ്യോ. എനിക്ക് ഉറങ്ങണം..." ചാരുവിനെ നോക്കി ഞാൻ പറഞ്ഞു.

കുറച്ച് നേരം എന്നെ നോക്കി ഇരുന്നിട്ട് പോയി ലൈറ്റ് ഓഫ് ആക്കി വന്ന് കിടന്നു.ചെറിയ നിലാവെളിച്ചം റൂമിൽ അടിക്കുന്നുണ്ട്. മുകളിൽ കറങ്ങുന്ന ഫാൻ നോക്കി ഞാൻ ഓരോന്ന് ചിന്തിച്ചു.

"...ഇനി എങ്ങനെയാ നമ്മുടെ ജീവിതം എന്ന് വല്ല നിനക്ക് പിടിയും ഉണ്ടോ..." ഫാനിൽ നോക്കി തന്നെ ഞാൻ ചോദിച്ചു.ഇല്ല എന്നൊരു മൂളൽ മാത്രം കേട്ടു.

"... ആരുടെയൊക്കെയോ ആഗ്രഹങ്ങൾ നിറവേറാൻ ഓരോന്ന് ചെയ്തുകൂട്ടി. ഞാൻ സ്വപ്നം കണ്ട എന്റെ കല്യാണവും ആദ്യരാത്രിയും ഒന്നും ഇങ്ങനെ അല്ലായിരുന്നു..." ഉള്ളിലെ വിങ്ങൽ അറിയാതെ പുറത്ത് വന്നു.

"... അരുണിനെ നീ ആണോ കല്യാണത്തിന് വിളിച്ചത്..."

"... അത്... കോളേജ് ഗ്രൂപ്പിൽ കല്യാണം വിളിച്ചപ്പോ..." അവൾ ഇടക്ക് നിർത്തി.

അപ്പൊ ഇവൾ പേർസണൽ ആയിട്ട് വിളിച്ചത് അല്ലെ.തലയിൽ വച്ചിരുന്ന തലയണ ഞങ്ങൾക്ക് നടുവിലായി ഞാൻ വച്ച്.കാര്യം മനസ്സിലാവാതെ ചാരു എന്നെ നോക്കി

"...ഇത് എനിക്ക് സ്വയം കണ്ട്രോൾ ഇല്ലാത്തത് കൊണ്ട് വെച്ചതല്ല. ഉറക്കത്തിൽ അറിയാതെ പോലും നിന്റെ ശരീരത്തിൽ എന്റെ വിരൽ സ്പർശിക്കുന്നത് എനിക്ക് ഇഷ്ടല്ല..." ഞാൻ കാര്യം വ്യക്തമാക്കി.

അവളുടെ അടുത്ത് നിന്നും യാതൊരു പ്രതികരണവും ഉണ്ടായില്ല. കുറച്ച് കഴിഞ്ഞപ്പോ വിതുമ്പലിന്റെ ശബ്ദം ഞാൻ കേട്ടു. എന്താ കാര്യം എന്ന് പോലും ചോദിക്കാതെ മനസിനെ കല്ലാക്കി ഞാൻ ഉറക്കത്തിന്റെ മടിത്തട്ടിലേക്ക് പോയി.

www.kkstories.com

രാവിലെ ഉറക്കം ഉണർന്നപ്പോൾ തലയണ അടുത്തുണ്ട് എന്നാൽ ചാരു ഇല്ല. ഫ്രഷ് ആയി വന്നപ്പോൾ ബെഡിന് അരികിലെ ടേബിളിൽ കോഫി ഇരിക്കുന്നത് കണ്ടു.
ഇത് എനിക്ക് ഉള്ളത് ആണോ വേറെ ആരെങ്കിലും കുടിക്കാൻ കൊണ്ട് വെച്ചതാണോ. സാധാരണ താഴെ ചെല്ലുമ്പോഴാണ് എനിക്ക് അമ്മ കോഫി തരാറുള്ളത്.
ചുറ്റിനും നോക്കി എങ്കിലും ആരെയും കണ്ടില്ല പ്രതേകിച്ച് ചാരുവിനെ. പിന്നെ ഒന്നും നോക്കിയില്ല കോഫിയുമായി താഴേക്ക് ചെന്നു. ബന്ധുക്കൾ എല്ലാരും ഇന്നലെ തന്നെ സ്ഥലം കാലിയാക്കിയിട്ടുണ്ട്. പന്തലുകാർ റിസെപ്ഷൻ പന്തൽ പൊളിക്കുന്ന തിരക്കിലാണ്. അമ്മ അവർക്കുള്ള ചായയുമായി പുറത്തേക്ക് പോവുന്നു.

"...നീ ഇതുവരെ കോഫി കുടിച്ചില്ലേ. മോൾ രാവിലെ തന്നത് അല്ലെ..." കൈയിലെ കോഫി ഞാൻ കുടിക്കാത്തത് കണ്ട് അമ്മ ചോദിച്ചു.

"... ഇപ്പൊ കുടിക്കാം അമ്മേ..." അമ്മക്കുള്ള മറുപടിയും കൊടുത്ത് കോഫി കുടിക്കാൻ തുടങ്ങി.
അപ്പൊ ചാരു എനിക്ക് കൊണ്ട് വന്ന കോഫി ആണിത്. ഉമ്മറത്തു പന്തലുകാരുടെ പണിയും നോക്കിയിരിക്കുന്ന അച്ഛന്റെ അടുത്തായി ഇരുന്നു ഞാൻ പത്രം വായിക്കാൻ തുടങ്ങി.

"...മോനെ നീ അറിഞ്ഞായിരുന്നോ..." ആകാംഷയോടെ അച്ഛൻ ചോദിച്ചു.

"... എന്താ അച്ഛാ..." പത്രം മടക്കി ഞാൻ ചോദിച്ചു.

"... ഇന്നലെ നിന്റെ കല്യാണത്തിന് വന്ന ഒരു പയ്യന് ആക്സിഡന്റ് ആയെന്നു. സീരിയസ് എന്നാ കേട്ടെ ചാരുമോളുടെ ഫ്രണ്ട് ആണത്രെ..." വിഷമത്തോടെ അച്ഛൻ പറഞ്ഞു.

"... ആണോ ഞാൻ അറിഞ്ഞില്ല അച്ഛാ. പാവം അവന് ഒന്നും പറ്റാതിരുന്നാൽ മതിയായിരുന്നു..." അരുണിന്റെ കാര്യം ആണ് അച്ഛൻ പറയുന്നത് എന്ന് എനിക്ക് മനസിലായി എന്നാൽ അത് ഞാൻ പുറത്ത് കാണിച്ചില്ല. അവിടേക്ക് വന്ന ചാരു എന്റെ ഓവർ ആക്ടിങ് കണ്ട് സംശയത്തോടെ എന്നെത്തന്നെ നോക്കി നിന്നു. ഞാൻ ചരുവിനോട് പുരികം ഉയർത്തി എന്താ എന്ന് ചോദിച്ചു.

"...കാപ്പി കുടിക്കാൻ വായോ..."ഞങ്ങളെ നോക്കി ചാരു പറഞ്ഞു പെട്ടെന്ന് അകത്തു കേറി പോയി.

അച്ഛനും അമ്മുവും അമ്മയും നേരത്തെ കഴിച്ചു. ഞാൻ ഉറക്കം എഴുനേൽക്കാൻ ഇച്ചിരി വൈകി പോയി🥲. ഡയനിങ് ടേബിളിൽ ഇരുന്നപ്പോഴേക്കും ചാരു ഒരു ഉത്തമ ഭാര്യയുടെ റോൾ എന്ന പോലെ എനിക്ക് പാത്രം എടുത്ത് വിളമ്പി തരാൻ തുടങ്ങി. എനിക്ക് ഇങ്ങനെ ഒരു അനുഭവം ഇത് ആദ്യമായിട്ടാ.സാധാരണ അമ്മയാണ് ഇതൊക്കെ ചെയ്യാർ. അപ്പോഴേക്കും പന്തലുകാർക്ക് ചായ കൊടുത്ത് അമ്മ തിരിച്ചെത്തി.

"... മോളു കഴിക്കുന്നില്ലേ..." എന്റെ ഓരോ കാര്യങ്ങൾ ശ്രദ്ധയോടെ ചെയ്യുന്ന ചാരുവിനോട് അമ്മ ചോദിച്ചു.

"... വേണ്ട അമ്മേ ഞാൻ ആദി കഴിച്ചിട്ട് ഇരുന്നോളാം..."

"... ഞങ്ങൾ കഴിച്ചപ്പോഴും നിന്നെ വിളിച്ചത് അല്ലെ അപ്പൊ പറഞ്ഞു ആദി വരട്ടെ എന്ന്. ഇപ്പൊ പറയുന്നു അവൻ കഴിച്ചിട്ട് കഴിക്കാം എന്ന്. മോൾ അവിടെ ഇരുന്നേ..."

www.kkstories.com

അമ്മ അവളെ നിർബന്ധിച്ചു എന്റെ അടുത്ത് ഇരുത്തി അവൾക്ക് വിളമ്പി കൊടുത്തു. ഇതൊക്കെ കാണുമ്പോൾ എനിക്ക് അവിഞ്ഞ സീരിയൽ ആണ് ഓർമ വരുന്നത്.

"...നിനക്ക് വിശന്നാൽ നീ കഴിച്ചോണം. എനിക്ക് വേണ്ടി ആരും കാത്തിരിക്കണ്ട കേട്ടല്ലോ..." അമ്മ അടുക്കളയിൽ പോയ സമയത്ത് ചരുവിന് ഞാൻ താകീത് നൽകി. തിരിച്ചു മറുപടി ഒന്നും പറയാതെ കുനിഞ്ഞു പാത്രത്തിൽ തന്നെ നോക്കി അവൾ കഴിച്ചു. ഞാൻ കഴിച്ച് കഴിഞ്ഞു പാത്രം എടുത്ത് അടുക്കളയിലേക്ക് പോവാൻ ഒരുങ്ങി.

"...ആദി പാത്രം അവിടെ വെച്ചേക്ക് ഞാൻ എടുത്തോളാം..."

"...ഞാൻ കഴിച്ച പാത്രം കഴുകാൻ എനിക്ക് അറിയാം നീ അതിൽ തല ഇടേണ്ട..."

പാത്രവും കഴുകി നേരെ റൂമിൽ പോയി. നാളെ തൊട്ട് ഓഫീസിൽ പോവാം ഇവിടെ പ്രതേകിച്ചു ഒന്നും ചെയ്യാൻ ഇല്ല. ചുമ്മാ ഫോണും തോണ്ടി കിടന്നു. കുറച്ചു കഴിഞ്ഞു ചാരു മുറിയിലേക്ക് വന്നു.

"... താഴെ നിന്റെ അഭിനയം സൂപ്പർ ആയിരുന്നു കേട്ടോ..." ഫോൺ ബെഡിലേക്ക് വച്ച് ഞാൻ എഴുനേറ്റു.

"... അഭിനയമോ..?" മനസ്സിലാവാതെ ചാരു ചോദിച്ചു.

"... അതേ. ഉത്തമ ഭാര്യ ആയിട്ടുള്ള റോൾ നീ നല്ല പോലെ കൈകാര്യം ചെയ്തു..."

"...ആദിക്ക് അതൊക്കെ അഭിനയം പോലെ ആണോ തോന്നിയത്..." നിസ്സഹായതയോടെ ചാരു ചോദിച്ചു.

"...പിന്നല്ലാതെ മുമ്പ് നീ ഇവിടെ ഉള്ളപ്പോ ഈ കേറിങ് ഒന്നും കണ്ടില്ലല്ലോ. അപ്പോ ഇനിയും അതുപോലെ തന്നെ മതി..."

"...മുമ്പത്തെ പോലെയാണോ ഇപ്പൊ..."

"... വല്യ മാറ്റം ഒന്നും ഞാൻ കാണുന്നില്ല 2 മുറിയിൽ കിടന്ന നമ്മൾ ഇപ്പൊ ഒരു മുറിയിൽ ആയി. അപ്പുറത്തെ മുറിയിലെ നിന്റെ സാധനങ്ങൾ ഇപ്പുറത്തു എന്റെ മുറിയിൽ വന്നു. അത്രയല്ലേ സംഭവിച്ചോളു..."നിസാരമായി ഞാൻ പറഞ്ഞു.

"... അപ്പൊ ഇതോ..." കഴുത്തിലെ താലി കാണിച്ചോണ്ട് ചാരു ചോദിച്ചു.

"...ഇപ്പോ അത് എനിക്ക് ജസ്റ്റ് ഒരു മാല മാത്രം ആണ്. അത് താലി ആവണം എങ്കിൽ മനസ്സുകൊണ്ട് നമ്മൾ ഒന്നിക്കണം അത് ഈ ജന്മത്തിൽ നടക്കും എന്ന് എനിക്ക് തോന്നുന്നില്ല..."

"...ആദി ഇപ്പോഴും നിനക്ക് എന്നെ മനസിലാക്കാനോ ഉൾകൊള്ളാനോ കഴിഞ്ഞിട്ടില്ല അല്ലെ..." നിറക്കണ്ണുകളോടെ ചാരു വിതുമ്പി.

"... നിന്നെ കുറിച്ച് ഞാൻ പണ്ടേ മനസ്സിലാക്കിയതാണ് 😏. അത് കൊണ്ട് നീ അത് വിട്..."

"... എന്നെ കുറിച്ച് ആദിക്ക് എന്താ അറിയാവുന്നെ. എന്താ മനസ്സിലായെ പറയ് കേൾക്കട്ടെ..."

www.kkstories.com

"... നിന്നോട് തർക്കിക്കാൻ എനിക്ക് സമയം ഇല്ല..." അത് പറഞ്ഞതും എനിക്ക് ഫോൺ വന്നതും ഒരുമിച്ചായിരുന്നു.
ഫോണുമായി ബാൽക്കണിയിൽ പോയി. തിരിച്ചു വന്നപ്പോ ചാരു എന്റെ ബെഡിൽ അതേ ഇരിപ്പായിരുന്നു. കണ്ടിട്ട് കരയുക ആണെന്ന് തോന്നുന്നു. ഞാൻ വല്യ മൈൻഡ് കൊടുക്കാതെ താഴേക്ക് പോയി. ഉച്ചക്ക് ചോർ കഴിക്കുമ്പോഴും രാവിലത്തെപോലെ എനിക്ക് വിളമ്പിതന്നതും എല്ലാം ചാരു ആയിരുന്നു. ഇവളോട് എത്ര പറഞ്ഞാലും മനസിലാക്കാത്തത് എന്താ. വീട്ടിൽ ഇരുന്ന് ബോർ അടിച്ചത് കൊണ്ട് വൈകുന്നേരം ജിമ്മിൽ പോയി.

"...ഞാൻ കരുതി ഫസ്റ്റ് നൈറ്റ് ക്ഷീണം കാരണം ഇന്ന് നീ വരില്ല എന്ന്..." കാർത്തി എന്നെ ഇളക്കാൻ നോക്കി.

"... ഫസ്റ്റ് നൈറ്റ് കോപ്പ് 😏..."

"... 😲ങേ അപ്പൊ ഒന്നും നടന്നില്ലേ..."

"...നിനക്ക് എല്ലാം അറിയാവുന്നത് അല്ലെ പിന്നെ എന്തിനാ അങ്ങനെ ചോദിക്കണേ..."

"... കഴിഞ്ഞത് കഴിഞ്ഞു ചാരു ഇപ്പൊ നിന്റെ ഭാര്യ ആണ്. നീ അതനുസരിച്ചു വേണം പെരുമാറാൻ..."

"...അവളുടെ ടോർച്ചർ സഹിക്കാൻ വയ്യാതെ ആണ് ഇങ്ങോട്ട് വന്നത് അപ്പൊ നിന്റെ ഉപദേശം..."

"…അവൾ എന്ത് ടോർച്ചർ ചെയ്തെന്ന നീ പറയണേ…"

"…വീട്ടിൽ നല്ല ഭാര്യക്കുള്ള പട്ടം നേടി എടുക്കാൻ വേണ്ടി അഭിനയിച്ച തകർക്ക ശവം…" ചരുവിനോടുള്ള നീരസം മുഴുവൻ എന്റെ വാക്കുകളിൽ പ്രതിഭലിച്ചു.

"… പിന്നെ എന്ത് കോപ്പിനാടാ രണ്ടും കൂടി കല്യാണം കഴിച്ചേ 😡…"

"…അത് നിനക്ക് പറഞ്ഞാൽ മനസ്സിലാവില്ല…"

"…നീ ചോദിച്ചതിന് മറുപടി പറയ്. മനസ്സിലാകുമോ ഇല്ലയോ എന്ന് ഞാൻ പറയാം…"

"… അളിയാ ഈ സംസാരം നമുക്ക് ഇവിടെ നിർത്താം ഇല്ലങ്കിൽ ശരിയാവില്ല…"
അത് കേട്ടതിൽ പിന്നെ കുറച്ച് നേരത്തേക്ക് നമ്മൾ പരസ്പരം ഒന്നും മിണ്ടിയില്ല. ഞാൻ ഓരോ വർക്ഔട് ആയി ചെയ്തോണ്ട് ഇരുന്നു.

"… നീ ഓഫീസിൽ എന്നുതൊട്ട വരുന്നേ…" കാർത്തി ചോദിച്ചു.

"… നാളെ മുതൽ വരും…"

"… ഇന്നലെ കല്യാണം കഴിഞ്ഞതല്ലേ ഉള്ളു. രണ്ട് ദിവസം കഴിഞ്ഞു വന്നാൽ പോരെ…"

"…ഇല്ലടാ വീട്ടിൽ ഇരുന്നു ബോർ അടിക്കുന്നു…"

www.kkstories.com

നേരത്തെ വീട്ടിൽ ചെല്ലാൻ മടി ആയത്കൊണ്ട് കുറച്ച് ലേറ്റ് ആയിട്ടാണ് ജിമ്മിൽ നിന്നും ഇറങ്ങിയത്. വീട്ടിൽ എത്തിയപ്പോ അമ്മയും ചാരുവും ടിവിയുടെ മുന്നിൽ ഉണ്ട്.

"… അമ്മേ ചോർ…" വീട്ടിലേക്ക് കേറിയപാടെ ഞാൻ കൂകി വിളിച്ചു.

"… എവിടെ പോയിരുന്നടാ ചെറുക്കാ…"

"…ജിമ്മിൽ ഉണ്ടായിരുന്നു…"
അമ്മക്ക് മറുപടിയും നൽകി ഓടികയറി എന്റെ റൂമിലേക്ക് പോയി. ഡ്രസ്സ് മാറ്റി കുളിച്ച് തിരികെ താഴെ എത്തിയപ്പോ അച്ഛനെയും അമ്മുവിനെയും ഒന്നും കാണുന്നില്ല. അടുക്കളയിൽ തട്ടും മുട്ടും കേൾക്കാം അമ്മ എനിക്ക് ചോർ എടുക്കുവായിരിക്കും.

"… അമ്മേ ഞാൻ വന്നു ചോർ തായോ…" ഡെയിനിങ് ടേബിളിൽ ഇരുന്നു നീട്ടി വിളിച്ചു.

"… അമ്മ എവിടെ…" ചോറുമായി അമ്മയെ പ്രതീക്ഷിച്ച സ്ഥാനത്ത് ചാരുവാണ് വന്നത്.

"… അമ്മ ഉറങ്ങാൻ കിടന്നു…" ജെഗിൽ നിന്നും ഗ്ലാസ്സിലേക്ക് വെള്ളം പകർത്തി ചാരു പറഞ്ഞു.

ഞാൻ സാധാരണയിലും സ്പീഡിൽ ചോർ കഴിക്കാൻ തുടങ്ങി. അതിന്റെ ഫലമായി നെറുകിൻ തലയിൽ ചോർ കയറി നല്ല പോലെ ചുമച്ചു കണ്ണിൽ നിന്നും വെള്ളം വന്നു.

"...അയ്യോ നോക്കി കഴിക്കണ്ടേ..."
ചാരു നേരത്തെ ഒഴിച്ചുവച്ച വെള്ളം തന്ന് ഞാൻ അത് കുടിക്കാൻ തുടങ്ങിയതും അവൾ എന്റെ നെറുകയിൽ പയ്യെ തട്ടാൻ തുടങ്ങി. വെള്ളം കുടിച്ച ഗ്ലാസ് താഴെ വച്ച് തലയിൽ തട്ടിക്കൊണ്ടിരുന്ന ചരുവിന്റെ കൈ തട്ടി മാറ്റി. ഞാൻ അടുക്കളയിലേക്ക് പോയി പിന്നാലെ ചാരുവും.

"... പാത്രം ഞാൻ കഴുകിക്കോളാം..." വേസ്റ്റ് കളഞ്ഞു പാത്രം കഴുകാൻ തുനിഞ്ഞപ്പോ ചാരു തടയാൻ നോക്കി

"...രാവിലെ നിന്നോട് ഞാൻ പറഞ്ഞതാ ആവശ്യം ഇല്ലാതെ എന്റെ കാര്യങ്ങളിൽ ഇടപെടരുതെന്ന്..."

പാത്രത്തിൽ പിടിച്ച ചരുവിന്റെ കൈകൾ തട്ടിമറ്റി പാത്രവും കഴുകി വച്ചു ഞാൻ റൂമിലേക്ക് പോയി. ഏറെ സമയം റീലും തോണ്ടി ഇരുന്ന ശേഷമാണ് ചാരു റൂമിലേക്ക് വന്നത്. ഞാൻ അതികം ശ്രദ്ധ കൊടുത്തില്ല. ഒരു മുറിയിൽ തലയിണ കൊണ്ട് നിർമിച്ച മതിലിനു അപ്പുറവും ഇപ്പുറവും അപരിചിതരെപോലെ ഞങ്ങൾ കിടന്നു. ഫോൺ ഓഫാക്കി ഉറങ്ങാനായി ഞാൻ തയ്യാറായി. ചരുവിന്റെ തേങ്ങൽ കേൾക്കാൻ തുടങ്ങി. എനിക്ക് അത് ആരോചകമായി തോന്നി.

"... ശല്യം രാത്രി ഉറങ്ങാനും സമ്മതിക്കില്ലല്ലോ..." അതും പറഞ്ഞു പുതപ്പ് ചുരുട്ടി രണ്ട് ചെവിലും പൊത്തി ഉറങ്ങാൻ ശ്രമിച്ചു.

www.kkstories.com

ഇന്നലെത്തെക്കാൾ ഇന്ന് ഇച്ചിരി നേരത്തെ എഴുന്നേറ്റു. ചാരു അടുത്തില്ലായിരുന്നു. ഫ്രഷ് ആയി വന്നപ്പോഴേക്കും ടേബിളിൽ കോഫി ഉണ്ട്. വേറെ നിവർത്തി ഇല്ലാതെ ഓഫീസിൽ പോവാൻ ഡ്രസ്സ്‌ മാറ്റി കോഫിയും കുടിച്ചു താഴേക്ക് ഇറങ്ങി.

"...നീ ഇത്ര രാവിലെ ഇത് എങ്ങോട്ടാ..." ഓടിപിടച്ചു പടികൾ ഇറങ്ങി വരുന്ന എന്നോട് അമ്മ തിരക്കി.

"...വേറെ എങ്ങോട്ടാ ഓഫീസിലോട്ട്..."

"... നീ ഇന്ന് ഓഫീസിൽ പോവുന്നില്ല എന്നാണല്ലോ ചാരു പറഞ്ഞെ..."സംശയത്തോടെ അമ്മ ചോദിച്ചു.

"... അതിന് എന്റെ കാര്യങ്ങൾ ഇവളാണോ തീരുമാനിക്കുന്നെ😏..." ഞാൻ പിറുപിറുത്ത് ഡെയിനിങ് ടേബിളിൽ ഇരുന്നു.

"... വേഗം കാപ്പി താ അമ്മേ. പോയിട്ടു ഒരുപാട് പണി ഉള്ളതാ..." Tv കണ്ടുകൊണ്ട് ഇരുന്ന അമ്മയോട് ഞാൻ പറഞ്ഞു.

"... നിനക്ക് കഴിക്കാൻ ഉള്ളത് ചാരു ഇപ്പൊ എടുത്ത് തരും..." Tv നിന്നും കണ്ണെടുക്കാതെ അമ്മ പറഞ്ഞു.

"... അതെന്താ അമ്മക്ക് എടുത്ത് തന്നാൽ. ഇത്രയും നാൾ അമ്മ തന്നെയല്ലേ എടുത്തു തന്നെ..."

"... ഇത്രയും നാൾ നിന്റെ കാര്യങ്ങൾ ഒക്കെ ഞാൻ നോക്കിയില്ലേ. നിനക്ക് ഭാര്യ ഒക്കെ ആയ സ്ഥിതിക്ക് ഇനി എന്റെ ഭർത്താവിന്റെ കാര്യങ്ങൾ മാത്രമേ ഞാൻ നോക്കോളൂ..." അമ്മ കുസൃതി ചിരിയോടെ പറഞ്ഞു.

"... അപ്പൊ എന്നെ ആര് നോക്കും..." ഞാൻ സംശയത്തോടെ അമ്മയെ നോക്കി.

"...നിന്റെ കാര്യങ്ങൾ നോക്കാൻ ചാരു ഇല്ലേ. എന്തെങ്കിലും ഉണ്ടെങ്കിൽ നിന്റെ ഭാര്യയോട് പറഞ്ഞാൽ മതി..."

അമ്മ ചാരുവിനെ ഒളിക്കണ്ണിട്ടു നോക്കി ചിരിച്ചു. ചാരുവിനെ നോക്കിയപ്പോ അവളും ചെറുതായി ചിരിക്കുന്നുണ്ട്. രണ്ടും കൂടി എനിക്കിട്ടു പണിയാൻ നോക്കുവാണല്ലേ. ഇന്നും ചാരു തന്നെ വിളമ്പി തന്ന് വേറെ നിവർത്തി ഇല്ലാത്തത് കൊണ്ട് കഴിച്ചു ഓഫീസിലേക്ക് പോയി.

ഓഫീസിൽ ചെന്നതും ഗുഡ്മോർണിങ്ങിനു പകരം മാര്യേജ് വിഷാണ് കിട്ടിയത്. കാർത്തി എന്നെ കാണുമ്പോൾ കടന്നൽ കുത്തിയ മുഖത്തോടെയാണ് നടപ്പ്. ഇന്നലെ എന്റെ സംസാരം അവന് പിടിച്ചിട്ടില്ല എന്ന് തോന്നുന്നു. കുറച്ചു ദിവസം ഓഫീസിൽ ഇല്ലെങ്കിലും കാർത്തി എല്ലാം വേണ്ടപോലെ നോക്കി ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ എനിക്ക് വലിയ പണിയൊന്നും ഇല്ലായിരുന്നു.എന്നാലും വൈകിട്ട് താമസിച്ചാണ് വീട്ടിൽ എത്തിയത്. ഇന്നലത്തെ വെറുപ്പിക്കൽ ഇന്നും മുറപോലെ നടന്നു. ഏക ഭാഗ്യം എന്തെന്നാൽ രാത്രിയിലെ കരച്ചിൽ നാടകം ഇന്ന് ഉണ്ടായില്ല അതുകൊണ്ടു നല്ലപോലെ ഉറങ്ങാൻ സാധിച്ചു.

"... കല്യാണം കഴിഞ്ഞാൽ വിരുന്ന്, ഹണിമൂൺ എന്നിങ്ങനെ കുറച്ചു പരിപാടികൾ ഉള്ളത് എന്റെ മോന് അറിയോ..." രാവിലെ തന്നെ അമ്മ എന്നെ ഊഞ്ഞാൽ ആട്ടാൻ തുടങ്ങി.

"...അയ്യോ എനിക്ക് അറിയില്ലായിരുന്നു. അമ്മ പറഞ്ഞത് നന്നായി അമ്മുവിന്റെ കല്യാണം കഴിയട്ടെ എല്ലാം മുറപോലെ നടത്താം കേട്ടോ..."

www.kkstories.com

"...അതെന്താ ഇപ്പൊ നടന്നത് നിന്റെ കല്യാണം അല്ലെ..."സംശയത്തോടെ അമ്മ എന്നെ നോക്കി.

"...ഇവളുടെ കൂടെ ഇവിടെ കഴിച്ചുകൂട്ടുന്ന പാട് എനിക്ക് അറിയാം അപ്പോഴാ ഇതിനെയും കെട്ടിയെടുത്ത് ഊര് തെണ്ടാൻ പോവുന്നത്..." ഞാൻ പിറുപിറുത്തു.

"...നീ എന്താ ഇരുന്ന് പിറുപിറുക്കുന്നത്..."

"... ഒന്നും ഇല്ലേ അമ്മ പറയുന്ന പോലെ എല്ലാം ചെയ്തോളാം എന്ന് പറഞ്ഞതാണെ..." തൊഴുകൈയോടെ അമ്മയേനോക്കി പറഞ്ഞു.

"...എന്നാ വരുന്ന ശനിയാഴ്ച രണ്ടും പെട്ടി പാക്ക് ചെയ്തോ..."

"... എങ്ങോട്ട്..." മനസ്സിലാവാതെ അമ്മയെ നോക്കി.

"...ഇവിടന്ന് നേരെ ഗായത്രിയുടെ വീട് അവിടന്ന് ചരുവിന്റെ വീട്..."

"... എന്തിനാ അങ്ങോട്ട് പോണേ..."

"... അതല്ലെടാ പൊട്ടാ ഞാൻ പറഞ്ഞെ വിരുന്നിന് പോണം എന്ന്..." അമ്മ പറയുന്നത് കേട്ട് ചാരു അടക്കി ചിരിച്ചു. ഞാൻ കണ്ണുകണിച്ചു അവളെ പേടിപ്പിച്ചു.

"...കുറച്ചു ദിവസം അവിടെ നിന്നിട്ട് ഒക്കെ വന്നാൽ മതി. അത് കഴിഞ്ഞ് ഹണിമൂൺ പ്ലാൻ ചെയ്യാം..."

"... ഇതിനൊരു അന്ത്യം ഇല്ലേ..." അമ്മ എന്നെ നോക്കി വെളുക്കനെ ചിരിച്ചു😁.

"...അതൊക്കെ പോട്ടെ എന്നാ പോണ്ടത്..."

"...നാളെ രാവിലെ വിട്ടോ. എവിടെ എങ്കിലും ഒക്കെ കറങ്ങി വൈകിട്ട് അവിടെ എത്തിയാൽ മതി..."

"... എനിക്ക് അങ്ങനെ എങ്ങും കറങ്ങാൻ ഇല്ല. വെള്ളിയാഴ്ച ഇറങ്ങുന്ന നേരെ ഗായത്രിയുടെ വീട്ടിലേക്ക് പോരെ..." ഞാൻ അമ്മയോട് ചോദിച്ചു.

"...ഈ ചെക്കനോട് പറഞ്ഞിട്ട് കാര്യം ഇല്ല. അൺറൊമാന്റിക് മൂരാച്ചി ..." അമ്മ തലയിൽ കൈവച്ച് പറഞ്ഞു. രാവിലെ കാപ്പി കുടിയും അമ്മയുടെ ഉപദേശവും കഴിഞ്ഞ് ഓഫീസിലേക്ക് പോയി. കാർത്തി ഇപ്പോഴും ചരുവിനോടുള്ള എന്റെ സമീപനം അത്ര പിടിച്ചിട്ടില്ല. അതിന്റെ ഒരു ചൊരുക്കും എന്നോട് ഉണ്ട്.

"... Helo. മോളെ എവിടെയാണ് ഇപ്പൊ വിളിയൊന്നും ഇല്ലല്ലോ..." രാത്രിയിൽ ഫുഡ് കഴിഞ്ഞ് കട്ടിലിൽ കിടന്ന് ഗായത്രിയെ ഫോൺ വിളിച്ചു.

"...കല്യാണം കഴിഞ്ഞൊരു പുരുഷനെ ഫോൺ ചെയ്യുന്നത് ശെരി അല്ലല്ലോ.അതാ വിളിക്കാഞ്ഞേ .." ഗായത്രി പറഞ്ഞു.

www.kkstories.com

"...നിനക്ക് ഇത്രക്ക് ഒക്കെ വിവരം വച്ചോ..."

"... പാതിരാത്രി വിളിച്ചു മനുഷ്യനെ കളിയാക്കുന്നോ..." ഗായത്രി ചൂടായി.

"... നാളെ നീ വീട്ടിൽ കാണില്ലേ..."

"... എന്താ കാര്യം..."

"... എടി മരപോത്തെ നീ ഒന്നും അറിഞ്ഞില്ലേ.ഞാനും ചാരുവും നാളെ അങ്ങോട്ട് വരുന്നുണ്ട്..."

"... ആണോ അമ്മ പറഞ്ഞില്ലല്ലോ. ഞാൻ അമ്മയോട് ഒന്ന് ചോദിക്കട്ടെ..."

"...നിനക്ക് നാളെ വേറെ പരിപാടി ഒന്നും ഇല്ലല്ലോ..."

"...ബൈ ദി ബൈ ഒന്ന് ഒന്ന് രണ്ട് പരിപാടി ഉണ്ടായിരുന്നു. നിങ്ങൾ വരുന്നത് കൊണ്ട് ഞാൻ അത് മാറ്റി വയ്ക്കാം..."

"...ഇത്രക്ക് ജാഡ ഒന്നും വേണ്ട നീ അവിടെ ചുമ്മാ ഇരിക്കാണെന്ന് എനിക്ക് അറിയാം..."

ചാരു നാളത്തേക്കുള്ള തുണി മടക്കി വയ്ക്കുന്നതിന്റെ ഇടക്ക് ഇടക്ക് എന്നെ പാളി നോക്കുന്നുണ്ട്. ആൾ അവിടെ ആണെങ്കിലും ശ്രദ്ധ എന്റെ അടുത്ത് ആണെന്ന് തോന്നുന്നു. അത് കണ്ടപ്പോ എനിക്കൊരു കുസൃതി തോന്നി.

"... അമ്മുമ്മ നിന്നെ കെട്ടാൻ ആണ് പറഞ്ഞത് എങ്കിൽ ഞാൻ കണ്ണും പൂട്ടി കെട്ടിയേനെ. എങ്കിൽ നിന്റെ വീട്ടിൽ മാത്രം വിരുന്ന് പോയാൽ മതിയായിരുന്നല്ലോ..."

"...അയ്യടാ ആ മോഹം ഒക്കെ മനസ്സിൽ വച്ചാൽ മതി..." ഞാൻ ചെറുതായി ചിരിച്ച തള്ളി.

തുണിയും മടക്കികൊണ്ട് ഇരുന്നവൾ അത് ബാഗിലോട്ട് എടുത്ത് എറിഞ്ഞു ചവുട്ടി തുള്ളി താഴേക്ക് പോയി. ഞാൻ പറഞ്ഞത് അവൾക്ക് പിടിച്ചില്ല എന്ന് തോന്നുന്നു. കുറച്ച നേരം കൂടി ഗായുവിനോട് കത്തി വച്ച ശേഷം ഉറങ്ങാനായി കിടന്നു. ചാരുവും വന്ന് കിടന്നു. ചാരു എന്തൊക്കെയോ പിറു പിറുക്കുന്നുണ്ട്.
"...പിടയുന്നൊരെന്റെ ജീവനിൽ
കിനാവ് തന്ന കണ്മണി
നീ ഇല്ലയെങ്കിലെന്നിലെ പ്രകാശമില്ലിനി...."

"...ഒന്ന് മിണ്ടാതെ കിടക്കോ. അവളെ കെട്ടാൻ പറ്റാത്തതിന്റെ സങ്കടമായിരിക്കും പാടി തീർക്കണത് 😡..."

സ്വിച്ച് ഇട്ട പോലെ അതും പറഞ്ഞു ചാരു വീണ്ടും അതേ കിടപ്പ് കിടന്നു. ഇപ്പൊ എന്താ ഉണ്ടായേ എന്തിനാ എന്നോട് ചാടികടിക്കാൻ വന്നേ. മനുഷ്യന് ഒരു മൂളി പാട്ട് പാടാൻ ഉള്ള സ്വാതന്ത്ര്യവും ഇവിടെ ഇല്ലേ ?

www.kkstories.com

പിറ്റേന്ന് രാവിലെ തന്നെ ഗായത്രിയുടെ വീട്ടിൽ പോവാൻ റെഡി ആയി.ഹാളിലേക്ക് പോയി.

"... ഇന്നലെ വരെ വിരുന്നിന് പോവുന്നത് പറഞ്ഞപ്പോ ഇഷ്ട്ടം അല്ലായിരുന്നല്ലോ. ഇപ്പൊ എന്താ ചാടി ചാടി നിക്കണേ..." എന്റെ ഉത്സാഹവും സന്തോഷവും കണ്ട് അമ്മ തിരക്കി.

"... അതിന് അമ്മ പറഞ്ഞില്ലല്ലോ ഗായുവിന്റെ വീട്ടിലേക്ക് ആണ് പോവുന്നത് എന്ന്. അത് അറിഞ്ഞിരുന്നെങ്കിൽ കുറച്ച ദിവസം മുമ്പേ പോവായിരുന്നു..."ചാരുവിനെ നോക്കിയപ്പോ അവളുടെ മുഖം വീർതിരിക്കുന്നു.

"... എല്ലാ സാധനങ്ങളും എടുത്ത് വച്ചോടാ..." അതൊക്കെ ഞാൻ ഇന്നലെ പാക്ക് ചെയ്തു അമ്മേ. അമ്മയുടെ കവിളിൽ പിടിച്ചാട്ടികൊണ്ട് ഞാൻ പറഞ്ഞു.

"...ഡ്രസ്സ്, ബ്രഷ്, ഫോൺ ചാർജർ എല്ലാം എടുത്തില്ലേ..."

"...അയ്യോ ചാർജർ മറന്നു..."

"...ഇവന്റെ കാര്യം. ഇനിയിപ്പോ തിരിച്ച കയറേണ്ട ഞാൻ പോയി എടുക്കാം..." അമ്മ എന്റെ റൂമിലേക്ക് പോവാൻ ഒരുങ്ങി.

"...വേണ്ട അമ്മേ ഞാൻ അതൊക്കെ എടുത്ത് വച്ചിട്ടുണ്ട്..."

"...കണ്ടോടാ ആ കൊച്ചിന് നിന്റെ കാര്യത്തിൽ എന്ത് ശ്രദ്ധ ആണെന്ന്..." അമ്മ എന്റെ തോളിൽ അടിച്ചു.

ഇവൾ എന്താ രാവിലെ തന്നെ മനുഷ്യനെ തല്ലുകൊള്ളിക്കാൻ വന്നതാണോ. അല്ല എന്റെ സാധനങ്ങൾ ഞാൻ അല്ലെ എടുത്ത് വച്ചത് അപ്പൊ ചാർജറിന്റെ കാര്യം ഇവൾ എങ്ങനെ അറിഞ്ഞു..? ഉത്തരം കിട്ടാത്ത ആ ചോദ്യം എന്റെ ഉള്ളിൽ നിലനിന്നു. പോകുന്ന വഴിയിൽ അവർക്ക് കുറച്ചു ഫ്രൂട്സും പിന്നെ കുറച്ചു പലഹാരങ്ങളും വാങ്ങി. ഉച്ചക്ക് മുമ്പ് ഗായുവിന്റെ വീട്ടിൽ എത്തി.

"... കല്യാണത്തിന് ശേഷം ഒന്ന് തടിച്ചല്ലോ..." കണ്ട പാടെ ഓടി വന്ന് എന്റെ വയറ്റിൽ ഇടിച്ചോണ്ട് ഗായു പറഞ്ഞു.

"...പയ്യെ ഇടിക്കടി ഇല്ലങ്കിൽ രാവിലെ കഴിച്ചത് ഒക്കെ പുറത്ത് വരും..."

"... കല്യാണത്തിന് ശേഷം ചേച്ചി ഫുൾ time സാരി ആണോ..." അതിന് ചാരു ഒന്ന് പുഞ്ചിരിച്ചു.
കല്യാണത്തിന് ശേഷം ഇവളുടെ സ്പീക്കർ അടിച്ചു പോയോ..? ഞാൻ ചിന്തിക്കാതിരുന്നില്ല ഓ ചിലപ്പോ കുലസ്ത്രീ അവനുള്ള യോഗ്യതയിൽ അതും പെടുമായിരിക്കും.

"... ടി പെണ്ണെ അവരെ അവിടെ നിർത്തിക്കാതെ അകത്തേക്ക് വിളിച്ചോണ്ട് വാടി..."

"...വാ മോളുസേ നമുക്ക് അകത്ത് പോയി സംസാരിക്കാം..." ഗായുവിന്റെ തോളിൽകൂടി കൈയിട്ടു അവളെയും കൊണ്ട് അകത്തേക്ക് പോയി.

www.kkstories.com

"... യാത്ര ഒക്കെ എങ്ങനെ ഉണ്ടായിരുന്നു മക്കളെ..." അകത്ത് ഇരുന്നപ്പോ അങ്കിൾ ചോദിച്ചു.

"... കുഴപ്പം ഇല്ല. അങ്കിൾ ഇന്ന് ലീവ് ആക്കിയോ..."

"...നിങ്ങൾ വരുവല്ലേ അപ്പൊ ലീവ് ആക്കി. കുടുംബ വീട്ടിലേക്ക് എപ്പോഴാ ഇറങ്ങുന്നേ..."

"... ഇന്ന് ഇവിടെ നിന്നിട്ട് നാളെ ഇറങ്ങാം എന്നാ വിചാരിക്കുന്നത്..."

"... പറ്റില്ല പറ്റില്ല രണ്ട് ദിവസം ഇവിടെ നിന്നിട്ട് പോയാൽ മതി..." അത് കേട്ടതും ചാരുവിന് ഇക്കിൾ വെട്ടാൻ തുടങ്ങി.

"...അയ്യോ എന്ത് പറ്റി ചേച്ചി ദാ വെള്ളം കുടിക്ക്..." ഗായു ചാരുവിന് വെള്ളം കൊടുത്തു.

"... പോണം കല്യാണമായിട്ട് തന്നെ ഒരുപാട് ലീവ് ആയി ഇനി ലീവ് എടുക്കാൻ വയ്യ അതാ..."

"...ഇനി സംസാരം ഒക്കെ ഊണ് കഴിഞ്ഞിട്ട്..."

ഗായുവിന്റെ അമ്മ ഞങ്ങൾക്ക് സദ്യ വിളമ്പി.

"...മാമി സദ്യ സൂപ്പർ..." കഴിക്കുന്നതിന്റെ ഇടക്ക് ഞാൻ പറഞ്ഞു. മാമിക്ക് അത് ഒരുപാട് സന്തോഷം ഉണ്ടാക്കിയെന്നുള്ളത് ആ പുഞ്ചിരിയിൽ ഉണ്ടായിരുന്നു.

"...ഏട്ടാ വൈകിട്ട് നമുക്ക് സിനിമക്ക് പോയാലോ..." ഗായു എന്നോട് ചോദിച്ചു.

"... Done. സിനിമക്ക് പോയി പുറത്ത് നിന്നും കഴിച്ചിട്ട് വരാം..." ഞാൻ അഭിപ്രായം പറഞ്ഞു.

"... അപ്പൊ രാത്രി ഒന്നും ഉണ്ടാക്കണ്ടേ..." മാമി വിഷമത്തോടെ ചോദിച്ചു

"... വേണ്ട അമ്മേ. ഒരു ദിവസം ഒക്കെ പുറത്ത് നിന്ന് കഴിക്കാം..." ഗായു പറഞ്ഞു.

"... എന്നാ ശെരി..." മാമിക്ക് പുറത്ത് നിന്നും കഴിക്കുന്നതിനോട് വല്യ താല്പര്യം ഇല്ല.
"...മോൾ അതൊക്കെ അവിടെ വച്ചോ ഞാൻ എല്ലാം എടുത്ത് വച്ചോളാം..."

"... കുഴപ്പം ഇല്ല മാമി ഞാൻ സഹായിക്കാം..."

ചാരു കഴിച്ച് കഴിഞ്ഞ് മാമിയെ പാത്രങ്ങൾ എടുത്ത് വയ്ക്കാനും കഴുകാനുമായി സഹായിച്ചു തുടങ്ങി. ഞാനും ഗായുവും സോഫയിൽ ഇരുന്ന് എന്റെ ഫോണിലെ ഒരു റീൽ കണ്ട് ചിരിച്ചു മറിഞ്ഞു. ചാരു മാമിയെ ആണ് സഹായിക്കുന്നത് എങ്കിലും ശ്രദ്ധ മുഴുവൻ ഞങ്ങടെ മേലെയാ.

"...ഏട്ടാ നമുക്ക് മോളിലോട്ട് പോവാം..." അതും പറഞ്ഞു എന്നെയും കൊണ്ട് അവളുടെ മുറിയിലേക്ക് പോയി.

www.kkstories.com

നല്ല അടിപൊളി room ആണ് അവളുടെ. ചെന്നപാടെ സദ്യ കഴിച്ച ക്ഷീണത്തിൽ അവളുടെ ബെഡിലേക്ക് വീണു.

"...ഏട്ടാ ഒരു help..." ഗായു കുറച്ചു പേടിയോടെ ചോദിച്ചു.

"... എന്താ..."

"... ഇന്ന് രാത്രി ബിയർ എടുത്താലോ..."

"... 😲 ബിയറോ..."

"... പ്ലീസ് ഏട്ടാ എനിക്ക് ചോദിക്കാൻ വേറെ ആരാ ഉള്ളെ 🥹..."

"... നീ അധികം സെന്റി ഒന്നും അടിക്കണ്ട നമുക്ക് രാത്രി വാങ്ങാം..."
"... എന്റെ ചക്കര..."

ആ ഒരു സന്തോഷടത്തിൽ അവൾ എന്റെ കവിൾ രണ്ടും പിച്ച് വലിച്ചപ്പോൾ ആണ് കിതച്ചോണ്ട് റൂമിലെ വാതിൽ തുറന്ന് ചാരു വന്നത്.

"... എന്താ ചേച്ചി..."കിതച്ചോണ്ട് നിൽക്കുന്ന ചരിവിനെ നോക്കി പേടിയോടെ ഗായു ചോദിച്ചു.

"...അത്... അത്... എന്റെ ഫോൺ ബെൽ അടിക്കുന്ന പോലെ തോന്നി ആരാന്ന നോക്കാൻ വന്നതാ..." ചാരു പറഞ്ഞു

"...അതിന് നിന്റെ ഫോൺ അപ്പുറത്ത് മുറിയിൽ അല്ലെ..." സംശയത്തോടെ ഞാൻ അവളെ നോക്കി.

"... അത്...അത്... ബെൽ ഈ റൂമിൽ നിന്നും കേട്ടപോലെ തോന്നി..."

"...ഈ ഇടയായിട്ട് നിന്റെ തോന്നൽ ഇച്ചിരി കൂടുന്നുണ്ട്..." ഞാൻ പറഞ്ഞത് കേട്ട് അവൾ എന്നെ തറപ്പിച്ച നോക്കി.

"...നിങ്ങൾ ഇവിടെ എന്ത് ചെയ്യാ..." സംശയത്തോടെ ചാരു ഞങ്ങളെ നോക്കി.

"... ഞങ്ങൾ ചില പ്ലാൻ ഇടുവായിരുന്നു..."

"... പ്ലാനോ... എന്ത് പ്ലാൻ..."

"... ചേച്ചി ആ വാതിൽ അടച്ചിട്ടു വാ പറയാം..." ചാരു വാതിൽ അടച്ച ഞാൻ കിടക്കുന്നതിന്റെയും ഗായു ഇരിക്കുന്നതിന്റെയും ഇടക്ക് കയറി ഇരുന്നു.

"...ഹാ അപ്പുറത്തോട്ട് എന്തോരം സ്ഥലം കിടക്കുന്നു. പിന്നെ എന്തിനാ ഇതിന്റെ ഇടക്ക് വന്ന് ഇരിക്കണേ..." ഞാൻ പറഞ്ഞതിന് അവൾ പട്ടി വിലപോലും തന്നില്ല.

"...രാത്രി നമ്മൾ ബിയർ എടുക്കാം എന്ന് പ്ലാൻ ചെയ്തേക്ക ചേച്ചിക്ക് വേണോ..." അത് കേട്ടതും ചാരു എന്നെ നോക്കി

"...നീ എന്തിനാ എന്നെ നോക്കുന്നെ നിനക്ക് ഇഷ്ട്ടം ഉള്ളത് ചെയ്തോ..."

"...എന്നാ എനിക്കും വേണം..."

"... അപ്പൊ സെറ്റ്. വൈകിട്ട് സിനിമക്ക് പോവുന്നു ബിയർ എടുക്കുന്നു നമ്മൾ പൊളിക്കുന്നു..."

വല്യ പ്ലാൻ ഒക്കെയായി ഞങ്ങൾ വൈകിട്ട് സിനിമ കാണാൻ പോയി. ഒരു കോമഡി ത്രില്ലെർ പടം ആയിരുന്നു അത്. മാമൻ, മാമി, ഗായു, ചാരു, ഞാൻ ആ ഒരു ഓർഡറിൽ ആണ് ഇരുന്നത്. എന്റെ അടുത്ത് ഒരു പെങ്കൊച്ചും. പടം തുടങ്ങി അത്യാവശ്യം കോമഡിയും കാര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ എനിക്ക് അങ്ങോട്ട് എൻജോയ് ചെയ്യാൻ പറ്റിയില്ല. ഇന്റർവെൽ കഴിഞ്ഞ് പോപ്കോൺ വാങ്ങി വന്നപ്പോ സീറ്റ് ഒന്ന് ചേഞ്ച് ആയി ഞാൻ ഗായുവിന്റെയും ചരുവിന്റെയും ഇടക്ക് ആയി. പിന്നെ പറയണ്ടല്ലോ ഓരോ സീനും എൻജോയ് ചെയ്തു. കൂടെ ഗായുവും ഓരോ തഗ് പറയും. അടുത്തത് എന്താ നടക്കാൻ പോവുന്നത് എന്ന് ഞാനും ഗായുവും ചർച്ച ചെയ്യും ആകെ ഒരു മേളം ആയിരുന്നു. സിനിമ കണ്ട് ഇറങ്ങിയപ്പോഴും ഞാനും ഗായുവും പടത്തിന്റെ ചർച്ചയിൽ തന്നായിരുന്നു. ചാരു ഇതിലൊന്നും പങ്ക് ചേർന്നില്ല. രാത്രിയിലത്തെ ഫുഡ് കഴിക്കാനായി അടുത്തുള്ള KFC കയറി.

"...നിങ്ങൾ അകത്ത് കയറി ഓർഡർ ചെയ്തോ ഞാൻ വണ്ടി പാർക്ക് ചെയ്തിട്ട് വരാം..." എല്ലാരേയും വണ്ടിയിൽ നിന്നും ഇറക്കി ഞാൻ പറഞ്ഞു.

www.kkstories.com

"... എന്നാ ഞാനും വരാം..." ഗായു എന്റെ ഒപ്പം വരാം എന്ന് പിടിവാശി പിടിച്ചു.

അടുത്തുള്ള ബിയർ പാർലർ അവളെ കണ്ണ് കൊണ്ട് കാണിച്ചു. അവൾക്ക് കാര്യം മനസിലായി. മാമനെയും മാമിയെയും കൊണ്ട് അവൾ അകത്തേക്ക് പോയി. പാർക്കിങ്ങ് കുറച്ചു മാറിയായിരുന്നു. അതുകൊണ്ട് തന്നെ കാർ പാർക്ക് ചെയ്ത് 5 ബിയറും വാങ്ങി വണ്ടിയിൽ വച്ചു അവരുടെ അടുത്തേക്ക് പോയി. ഞാൻ ചെല്ലുമ്പോൾ ഓർഡർ ചെയ്ത ഫുഡ് collect ചെയ്യുന്നതേ ഉണ്ടായിരുന്നുള്ളൂ.

"...എന്തായി..." ആകാംഷയോടെ ഗായു ചോദിച്ചു.

"... ഓൾ സെറ്റ്..." ഞാൻ 👍കാണിച്ചു.

"...എന്താ പിള്ളേരെ ഒരു ചുറ്റിക്കളി..."ഞങ്ങടെ മട്ടും മാതിരിയും കണ്ട് മാമി ചോദിച്ചു.

"...ചുറ്റികളിയോ എന്ത് ചുറ്റിക്കളി..."ഗായു പതിയെ ആ ടോപ്പിക്ക് വഴിതിരിച്ചു വിട്ടു.

അവിടത്തെ ഫുഡ് അടിയൊക്കെ കഴിഞ്ഞ് ഞങ്ങൾ വീട്ടിൽ എത്തി. മാമിയും മാമനും ഉറങ്ങാൻ കിടന്നതും ബിയർ മുകളിൽ എത്തിച്ചു.

"... ടച്ച് ഒന്നും വാങ്ങിയില്ലേ ആദിയേട്ട..." ബിയർ എല്ലാം എടുത്ത് വയ്ക്കുന്നതിന്റെ ഇടക്ക് ഗായു തിരക്കി.

"...ഉണ്ടല്ലോ..." പോക്കറ്റിൽ നിന്നും ചോക്ലേറ്റ് എടുത്തു.

www.kkstories.com

"... അയ്യേ ഇതെന്ത ചോക്ലേറ്റ്..."

"... Rum അടിക്കുമ്പോൾ ടച്ച് ആയിട്ട് ചോക്ലേറ്റ് കഴിക്കണം സ്വർഗം..." കണ്ണടച്ചു ഞാൻ ആ ഫീലിൽ പറഞ്ഞു.

"... ഏട്ടൻ rum ഒക്കെ കുടിക്കോ..." ഗായു അത്ഭുതത്തോടെ എന്നെ നോക്കിയപ്പോ ഞാൻ നോക്കിയത് ചരുവിന്റെ മുഖത്ത. അവിടെ എന്നെ കടിച്ചു കീറാനുള്ള ദേഷ്യം ഉണ്ടായിരുന്നു.

"...ഞാൻ അല്ല. കൂട്ടുകാർ പറഞ്ഞതാ..." ഞാൻ ഇളിച്ചു കാണിച്ചു.

"... ഉവ്വ് ഉവ്വേ മനസിലായി..." അത് പറഞ്ഞു ഗായു ബിയർ പൊട്ടിക്കാനായി എന്റെ നേരെ നീട്ടി. മൂന്ന് കുപ്പി പൊട്ടിച്ചു ചീർസ് പറഞ്ഞു കുടിക്കാൻ തുടങ്ങി. ആദ്യത്തെ കുപ്പി തീർന്നതും ഗായുവും ചാരുവും പിടുത്തം ആയെന്ന് തോന്നുന്നു. എന്തൊക്കെയോ കഥകൾ രണ്ടുംകൂടി പറയുന്നുണ്ട്.www.kkstories.com ഞാൻ ഈ കാട്ടികൂട്ടൽ ഒക്കെ കണ്ട് അവിടെ ഇരുന്നു. ഒരു ബിയർ പൊട്ടിച്ചു രണ്ടിനുംകൂടി കൊടുത്തു. ഞാനും അടുത്തത് പൊട്ടിച്ചു കുടിച്ചു.

"...എടാ ഏട്ടൻ തെണ്ടി എന്റെ ചേച്ചിക്ക് ബിയർ കൊടുക്കടാ..." ഇവൾക്ക് എന്നോടുള്ള ബഹുമാനം ഒക്കെ പോയോ 😲.

"...ഈ രണ്ട് ബിയർ കൂടിയേ ഉള്ളൂ. നിന്റെ കൈയിൽ ഇരിക്കുന്നത് നിങ്ങൾ രണ്ടും കൂടി കുടിച്ചോ..."

"...പറ്റില്ല. എന്റെ ബിയർ ആർക്കും കൊടുക്കില്ല. ഇത് നിന്റെ ഭാര്യ അല്ലെ അപ്പൊ നീ വേണം അവൾക്ക് ബിയർ കൊടുക്കേണ്ടത്..." ഗായു എന്നെ നോക്കി കൊച്ചുകുട്ടികളെ പോലെ അടം പിടിച്ചു.

"...ആദി ഇങ്ങനെയാടി എനിക്ക് ഒന്നും തരൂല. എന്നോട് എപ്പോഴും ദേഷ്യ..."

ദൈവമേ ഫിറ്റ് ആയി രണ്ടും കൂടി ഇത് എന്തൊക്കെയാ കാട്ടികൂട്ടുന്നെ. രണ്ടിനും ഒരു ബോധവും ഇല്ല. ഞാൻ പെട്ടല്ലോ നാഥാ.

"... തന്നെടാ നീ എന്റെ ചേച്ചിയെ നോവിക്കോട..." ഒഴിഞ്ഞ ബിയർ കുപ്പി എന്റെ തലക്ക് അടിക്കാനായി ഓങ്ങി.

"... ഇല്ല ഇല്ല. എനിക്ക് അവളോട് സ്നേഹ. ഏട്ടൻ പറയുന്നത് കേൾക്ക് മോളെ ആ കുപ്പി താഴെ വയ്ക്ക്. പ്ലീസ്..."

"... എന്നാ എന്റെ ചേച്ചിക്ക് ഒരു ഉമ്മ കൊടുക്ക് എന്നാ ഞാൻ കുപ്പി താഴെ വയ്ക്കാം ഇല്ലങ്കിൽ..." അവൾ കുപ്പി എന്നുകൂടി എന്റെ നേരെ ഓങ്ങി. ഞാൻ എന്തായാലും പെട്ടു. ചാരുവിനെ നോക്കിയപ്പോ അവിടെ അതിനേക്കാൾ കഷ്ട്ടം.

"... ദാ ഇവിടെ..." അതും പറഞ്ഞു അവളുടെ കവിൾ എന്റെ നേരെ നീട്ടി കണ്ണും അടച്ച് ഇരിക്ക.

ഇവൾക്ക് ഉമ്മ കൊടുത്തില്ല എങ്കിൽ ഇവൾ എന്റെ തല അടിച്ചു പൊട്ടിക്കും. രണ്ടിനെയും കൂടി അങ്ങ് ചവുട്ടി കൊന്നാലോ. ഗതികേട് ഇനി വേറെ വഴിയില്ല ഞാൻ ചരുവിന്റെ കവിളിൽ ഉമ്മ കൊടുത്തു.

www.kkstories.com

"... ചേച്ചി ഹാപ്പി അല്ലെ..." ഗായു ചോദിച്ചതും അവൾ പുചിരിച്ചോണ്ട് തലയാട്ടി.

രണ്ടും കൂടി എന്തൊക്കെയോ കാണിച്ചു കൂട്ടി. ഞാൻ 2 ബിയർ ഇവർക്ക് ഒന്നര ബിയർ വീതം അത് കണക്ക് കൂട്ടിയാണ് ഞാൻ വാങ്ങിയത്. ഇപ്പൊ ഞാൻ ഒരു ബിയർ ഇവളുമാർ 2 ബിയർ എന്നായി. ഞാൻ ഇപ്പോഴും പച്ചക്ക് ഇരിക്കാണ് 🫠. ബിയർ തീർന്നതും രണ്ടും ഓഫ് ആയി. ഗായുവിന് പിന്നയും ബോധം ഉണ്ട്. അവളെ തോളിൽ താങ്ങി അവളുടെ മുറിയിൽ കൊണ്ട് കിടത്തി. തിരിച്ചു ബാൽക്കണിയിൽ എത്തിയപ്പോ പാമ്പ് ഇര വിഴുങ്ങിയ പോലെ കിടക്കാണ് ചാരു. അവളെ രണ്ട് കൈയിലും കോരിയെടുത്ത് ഞങ്ങടെ മുറിയിലേക്ക് പോയി. കട്ടിലിൽ കിടത്തി ഞാൻ തിരിഞ്ഞതും എന്റെ കൈയിൽ അവൾ കയറി പിടിച്ചു.

"...ആദി എന്നെ വിട്ട് പോവല്ലെടാ... പ്ലീസ് ടാ... എനിക്ക് നിന്നെ ഒരുപാട് ഇഷ്ട്ടാടാ..." എന്നിങ്ങനെ പിച്ചും പേയും പറഞ്ഞോണ്ട് ഇരുന്നു.

ബോധം ഇല്ലെങ്കിലും ഇവളുടെ അഭിനയത്തിന് മാത്രം ഒരു കുറവും ഇല്ല. അവളുടെ കൈ വിടുവിച്ചു ഞാൻ കട്ടിലിൽ കിടന്നു.
"... നിങ്ങൾക്ക് നാളെ പോയാൽ പോരെ... " പിറ്റേന്ന് കാപ്പി കുടിക്കുന്നതിന്റെ ഇടക്ക് മാമി ചോദിച്ചു.

"...ഞാൻ ഇന്നലെ പറഞ്ഞില്ലേ മാമി ഇനി ഇവളുടെ വീട്ടിൽ പോണം പിന്നെ ഓഫീസിന്റെ കാര്യം അത് കൊണ്ട് നിലക്കാൻ പറ്റില്ല. വേറൊരു ദിവസം ഞങ്ങൾ വരാം 2 ദിവസം നിന്നിട്ടെ തിരിച്ചു പോവൊള്ളു. പോരെ..." ഞാൻ പറഞ്ഞത് കേട്ട് എല്ലാരും ചിരിച്ചു

"...ഞാനും വരട്ടെ ഏട്ടാ നിങ്ങളുടെ കൂടെ..." ആകാംഷയോടെ ഗായു ചോദിച്ചു.

"...വേണ്ട.നിന്നെ പിന്നെ ഇവിടെ ആര് കൊണ്ട് ആക്കും. ചരുവിന്റെ വീട്ടിൽ പോയിട്ട് നിന്നെ ആക്കാൻ ആദി ഇതുവരെ ഡ്രൈവ് ചെയ്യണ്ടേ..." മാമി പറഞ്ഞു.

"...കുഴപ്പം ഇല്ല മാമി അവളും വന്നോട്ടെ..."

"...അമ്മ പറഞ്ഞതും ശരിയാ. ഞാൻ അതേപറ്റി ഓർത്തില്ല. ഞാൻ വരുന്നില്ല..."
കാപ്പി കുടി കഴിഞ്ഞ് ഡ്രസ്സ് എല്ലാം മടക്കി വയ്ക്കാൻ റൂമിലേക്ക് പോയി. ഞാനും ഗായുവും കട്ടിലിൽ ഇരുന്നു. ചാരു ഓരോ ഡ്രസ്സ് ആയി മടക്കി വയ്ക്കാൻ തുടങ്ങി.

"... ഞാനും നിങ്ങളുടെ കൂടെ വന്നിരുന്നെങ്കിൽ ഇന്നും നമുക്ക് ബിയർ കുടിക്കായിരുന്നു അല്ലെ ഏട്ടാ..."

"...നീ ബിയർ എന്നൊരു വാക്ക് മിണ്ടി പോവരുത് 😡..."

"...എന്ത് പറ്റി ഏട്ടാ..." നിഷ്കു ഭാവത്തിൽ ഗായു തിരക്കി.

"... ഇപ്പൊ നിനക്ക് ചേട്ടാ എന്നൊക്കെ വിളിക്കാൻ അറിയാം അല്ലേടി..."അവൾ ഒന്നും മനസ്സിലാവാതെ ചരുവിനെയും എന്നെയും മാറി മാറി നോക്കി.

"... ഇന്നലെ രാത്രി നടന്നത് ഒന്നും രണ്ടിന് ഓർമ കാണില്ല അല്ലെ..." ഒരേ സമയം രണ്ടു പേരും ഇല്ല എന്ന് തലയാട്ടി.

www.kkstories.com

"...ഓർമിപ്പിച്ചാൽ ഇവിടെ ഒരു കൊലപാതകം നടക്കും. അതുകൊണ്ട് ആരും ഒന്നും ഓർക്കാത്തത് ആണ് നല്ലത്..." ഇന്നലെ നടന്നത് ഒന്നും അത്ര പന്തിയല്ല എന്ന് മനസ്സിലായത് കൊണ്ട് അതേപറ്റി ആരും ഒന്നും സംസാരിച്ചില്ല.

പെട്ടിയൊക്കെ പാക്ക് ചെയ്ത് അടുത്ത വീട്ടിലേക്ക് ഞാനും ചാരുവും യാത്ര തിരിച്ചു. ഇന്നലത്തെ ക്ഷീണം കാരണം ഉറക്കവും ശരിയായില്ല എന്ന് പറഞ്ഞു ചാരു കാറിൽ ഇരുന്ന് ഉറങ്ങി. പിന്നെ അവളുടെ വീട്ടിൽ എത്തിയപ്പോഴാണ് ചാരു ഉറക്കം എഴുന്നേറ്റത്. അവളുടെ അമ്മയോടും അച്ഛനോട് കുറച്ചു സംസാരിച്ചു നേരെ അമ്മുമ്മയെ കാണാൻ പോയി. ചാരു ചെന്ന പാടെ ഓടിച്ചെന്ന് അമ്മുമ്മയെ കെട്ടിപിടിച്ച് ഉമ്മ കൊടുത്തു.

"...വന്നോ അമ്മുമ്മയുടെ മോൾ..." ചരുവിന്റെ തലയിൽ ഒക്കെ തലോടികൊണ്ട് അമ്മുമ്മ ചോദിച്ചു.

"...ഞാൻ പോയപ്പോ കുറച്ചു ക്ഷീണിച്ചല്ലോ. ആഹാരം ഒന്നും കഴിക്കാറില്ലേ..."

"... ഒന്ന് പോടീ. ഞാൻ സമയത്തിന് ആഹാരം ഒക്കെ കഴിക്കുന്നുണ്ട്. പിന്നെ നീ ഇല്ലാത്തതിന്റെ ചെറിയ വിഷമം..."

"...അപ്പൊ എന്നെ മിസ്സ് ചെയ്യുന്നുണ്ടല്ലേ..." ഇവരുടെ സംസാരം എല്ലാം കേട്ട് ഒരു കൗതുകത്തോടെയാണ് ഞാൻ നിന്നത്. അമ്മുമ്മ വേറെ ആരോടും ഇങ്ങനെ ഒന്നും സംസാരിക്കാറില്ല.

"... ചിലപ്പോഴൊക്കെ..."

"...ഇനി മിസ്സ് ചെയ്യുമ്പോൾ പറയണം കേട്ടോ. എപ്പോ ഇ ചാരു എന്റെ അമ്മുമ്മയെ കാണാൻ പറന്ന വരും..."

"... ഉവ്വ് ഉവ്വേ. എന്റെ മോൾക്ക് അവിടെ സന്തോഷം അല്ലെ..."

"... അതേ അമ്മുമ്മേ സന്തോഷമാ..." എന്നാൽ അത് പറയുമ്പോൾ അവളുടെ മുഖത്ത് അത്ര സന്തോഷം ഇല്ലായിരുന്നു. അത് അമ്മുമ്മക്ക് മനസിലായെന്ന് തോന്നുന്നു.

"...ഒരുപാട് ദൂരം യാത്ര ചെയ്തത് അല്ലെ പോയി ഡ്രസ്സ് ഒക്കെ മാറി വാ. ഞാൻ കുടിക്കാൻ എന്തെങ്കിലും എടുക്കാം..." ചരുവിന്റെ അമ്മ ഞങ്ങളെ പുറത്തേക്ക് കൂട്ടികൊണ്ട് പോവാൻ ഒരുങ്ങി.

"...ആദി എനിക്ക് നിന്നോട് കുറച്ച് കാര്യങ്ങൾ പറയാൻ ഉണ്ട്..." അമ്മുമ്മ പറഞ്ഞു.

പുറത്തേക്ക് ഇറങ്ങാൻ നിന്ന ഞങ്ങൾ എല്ലാരും തിരിഞ്ഞ് അമ്മുമ്മയെ നോക്കി. ചാരുവും അവളുടെ അമ്മയും റൂമിന് പുറത്തേക്ക് പോയി. ഞാൻ അമ്മുമ്മയുടെ അടുത്തേക്ക് ഇരുന്നു.

"... എന്താ അമ്മുമ്മേ പറയാൻ ഉണ്ടെന്ന് പറഞ്ഞെ..."

"...മോൻ എന്നോട് ക്ഷമിക്കണം. എന്റെ കുട്ടിയുടെ സന്തോഷം മാത്രമേ നോക്കിയോളു നിനക്ക് ഈ കല്യാണത്തിന് ഇഷ്ടമാണോ എന്ന് നോക്കാതെയാ ഇത് നടത്തിയെ..." അമ്മുമ്മ ഇത് എന്തൊക്കെയാ പറയുന്നത് എന്ന് എനിക്ക് മനസിലായില്ല.

www.kkstories.com

"...നിനക്ക് അറിയാലോ എനിക്ക് ഇവിടെ ഉള്ള ഏക കൂട്ട് ചാരുവാ. എന്റെ എല്ലാ കാര്യങ്ങളും നോക്കി എന്നോട് എപ്പോഴും കളിച്ചും ചിരിച്ചും കൊഞ്ചി കുഴഞ്ഞും എന്റെ കൂടെ തന്നെ അവൾ കാണും. എഴുനേൽക്കാൻ വല്ലാതെ ഈ കട്ടിലിൽ കിടക്കുന്ന എനിക്ക് ഈ ജനൽ വഴി കാണുന്ന കാഴ്ചകളിലൂടെയും ചാരുവിന്റെ വാക്കുകളിലൂടെയും ആണ് പുറംലോകം ഞാൻ കാണുന്നത്..." അമ്മുമ്മ ഒന്ന് നെടുവീർപ്പ് ഇട്ട് വീണ്ടും പറഞ്ഞു തുടങ്ങി.

"...കോളേജ് കഴിഞ്ഞ് നിന്റെ വീട്ടിൽ നിന്നും വന്ന ചാരു എന്റെ പഴയ ചാരു ആയിരുന്നില്ല. എപ്പോഴും കല പില കല പിലാന്ന് അലച്ചോണ്ട് ഇരുന്നവൾ മിണ്ടാതെയായി. ഏത് നേരവും ചിന്തയിൽ ആയിരിക്കും. വേറെ ആർക്കും അവളെ മനസിലായില്ലെങ്കിലും എനിക്ക് മനസ്സിലാവും. ഞാൻ അവളോട് ഇതേ പറ്റി ഒരുപാട് ചോദിച്ചു എന്നാൽ എന്നോട് ഒന്നും പറഞ്ഞില്ല. ഒരുപാട് നാൾ അവളെ നിർബന്ധിച്ചപ്പോ ഒരുദിവസം എന്നെ കെട്ടിപിച്ച് പൊട്ടികരഞ്ഞോണ്ട് പറഞ്ഞു. നീയാ അവളുടെ വിഷമങ്ങൾക്ക് കാരണം എന്ന് ..." അത് കേട്ടതും ഞാൻ ഒന്ന് ഞെട്ടി.

"... പണ്ട് എങ്ങാണ്ടോ അവൾ അറിയാതെ ചെയ്ത തെറ്റിന് നീ അവളെ ക്രൂശിക്കാണെന്ന്. അതേപറ്റി സംസാരിക്കാൻ ഒരുപാട് തവണ ശ്രെമിച്ചെങ്കിലും നീ അതൊന്നും കേൾക്കാനോ അവളോട് ഒരക്ഷരം മിണ്ടാനോ കൂട്ടാക്കിയില്ല. അവൾ ചെയുന്ന ഓരോ കാര്യങ്ങളിൽ നീ അവളെ കുറ്റപ്പെടുത്തറുണ്ടായിരുന്നു എന്ന്. എപ്പോഴെങ്കിലും നീ അവളോട് ഒരുപാട് ദേഷ്യപ്പെട്ട് സംസാരിച്ചോ..." അമ്മുമ്മ എന്നെ നോക്കി ഞാൻ ആലോചിച്ചു. അരുൺ വീട്ടിൽ വന്ന ദിവസമാണ് ഓർമ വന്നത്.

"...അവൾ ആരുടെ കൂടെ കിടന്നാലും നിനക്ക് ഒരു കുഴപ്പവും ഇല്ല എന്ന് നീ പറഞ്ഞോ. ഏതെങ്കിലും ഒരു പെണ്ണ് അവൾ ഇഷ്ടപെടുന്ന പുരുഷന്റെ നാവിൽ നിന്നും ഇങ്ങനെ ഒന്ന് കേട്ടലുള്ള അവസ്ഥ നീ ഒന്ന് ചിന്തിച്ചു നോക്കിയേ.

അവൾക്ക് എത്രമാത്രം വിഷമം ഉണ്ടാക്കിയെന്നോ. അതൊക്കെ പറഞ്ഞു അന്ന് മുഴുവൻ എന്നെ കെട്ടിപിടിച് കരഞ്ഞു..." ഞാൻ അങ്ങനെ പറഞ്ഞതായിട്ട് ഓർമ്മ പോലു ഇല്ല.

"... എനിക്ക് അന്ന് മനസിലായി അവൾക്ക് എത്രമാത്രം നിന്നെ ഇഷ്ട്ടം ആണെന്ന്. അതാ നിങ്ങടെ കല്യാണം കാണണം എന്നൊക്കെ ഞാൻ പറഞ്ഞത്. കല്യാണം ഉറപ്പിച്ച ശേഷം എന്റെ കൊച്ച് പഴയത് പോലെ തുള്ളി ചാടി നടന്നു. അത് നിന്നെ തിരിച്ചു കിട്ടിയതിന്റെ സന്തോഷ. എന്നാൽ ഇന്ന് ഞാൻ അവളുടെ കണ്ണിൽ ആ പഴയ വിഷമം കണ്ടു ..."

"... മോനെ എല്ലാം എന്റെ തെറ്റാ.ഞാൻ ഈ വിവാഹം നടത്താൻ പാടില്ലായിരുന്നു. ഞാൻ കരുതി വിവാഹം കഴിഞ്ഞാൽ നിങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ഒക്കെ പറഞ്ഞു തീർത്തു സന്തോഷത്തോടെ ജീവിക്കും എന്നു. എന്നാൽ ഞാൻ തോറ്റു പോയി. ഇപ്പോഴും എന്റെ മോളുടെ കണ്ണിൽ ഞാൻ ആ വിഷമം കാണുന്നുണ്ട്. എനിക്ക് ഒരു കാര്യം മാത്രം അറിയാം. നീ എന്ന് പറഞ്ഞാൽ അവൾക്ക് ജീവനാ.ഇനി എന്താ ചെയ്യേണ്ടത് എന്ന് എനിക്ക് ഒരു പിടിയും ഇല്ല..."

"...അമ്മുമ്മയുടെ ഭാഗത്ത് തെറ്റ് ഒന്നും ഇല്ല. സത്യത്തിൽ എനിക്ക് ഈ കല്യാണത്തിന് താല്പര്യം ഇല്ലായിരുന്നു. കൂടെ ഉള്ള എല്ലാവരും ഈ ബന്ധം ഇഷ്ട്ടപെട്ടപ്പോൾ അവരെ വിഷമിപ്പിക്കാൻ തോന്നിയില്ല. അതാ ഞാൻ ഈ വിവാഹത്തിന് നിന്നു കൊടുത്തേ..." ഞാൻ അമ്മുമ്മയുടെ കൈകൾ ചേർത്ത് പിടിച്ചു.

"... ഞാൻ കാരണം ചാരു ഇത്രയൊക്കെ വിഷമങ്ങൾ അനുഭവിക്കുന്നു എന്ന് എനിക്ക് അറിയില്ലായിരുന്നു. അറിയാൻ ശ്രമിച്ചിട്ടില്ല എന്നതാണ് സത്യം. എനിക്ക് കുറച്ചു സമയം വേണം എല്ലാത്തിനോടും ഒന്ന് പൊരുത്തപെടാൻ..."

www.kkstories.com

അമ്മുമ്മ എന്റെ തലയിൽ തലോടി ഒന്ന് പുഞ്ചിരിച്ചു. എനിക്ക് അത് മാത്രം മതിയായിരുന്നു. ഉടഞ്ഞ മനസ്സുമായാണ് ഞാൻ അമ്മുമ്മയുടെ മുറി വിട്ട് ഇറങ്ങിയത്.

"... എന്തായിരുന്നു അമ്മുമ്മയും കൊച്ചുമോനും തമ്മിൽ ഒരു രഹസ്യം..." ഹാളിലേക്ക് എത്തിയ എന്നോട് ചാരു ചോദിച്ചു അതിന് ഞാൻ ഒരു പുഞ്ചിരി നൽകി.

"...കുളിക്കാൻ ഉള്ള തോർത്തും മാറാനുള്ള ഡ്രെസ്സും ഞാൻ കട്ടിലിൽ വച്ചിട്ടുണ്ട്. സമയം കളയാതെ കുളിച്ചിട്ടു വാ. രാവിലെ കഴിച്ചത് അല്ലെ വിശപ്പ് കാണും ഞാൻ ചോർ എടുത്ത് വയ്ക്കാം..." അതിനെല്ലാം തലയാട്ടാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളു.

കല്യാണം കഴിഞ്ഞ അന്ന് മുതൽ എന്റെ എല്ലാ കാര്യങ്ങളും കണ്ടറിഞ്ഞ് അവൾ ചെയ്യുന്നുണ്ട്. ഞാൻ വിലക്കിയിട്ടുപോലും അതൊന്നും മുഖവിലയ്ക്ക് എടുക്കാതെ അവളുടെ ജോലി ഭംഗിയായി ചെയ്യു. എന്തിനാ ഇവൾ എന്നെ ഇങ്ങനെ സ്നേഹിക്കുന്നെ. അതിനുമാത്രം ഞാൻ അവൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. വേദനകൾ മാത്രമേ നൽകിയിട്ടുള്ളു. ഷവറിന്റെ കീഴിൽ നിൽക്കുമ്പോഴും മനസ്സ് നീറി പുകഞ്ഞു. കുളിച് വന്നപ്പോ എനിക്കുള്ള ചോർ വിളമ്പായിരുന്നു ചാരു. അവളുടെ അമ്മ അവളെയും നിർബന്ധിച്ചു എനിക്ക് ഒപ്പം ഇരുത്തി. അമ്മ ബാക്കി കറികൾ വിളമ്പാൻ ആരംഭിച്ചു.

"...ആ കറി ആദിക്ക് വെക്കേണ്ട അമ്മേ. ആദിക്ക് അത് ഇഷ്ട്ടല്ല അതുകൊണ്ടുതന്നെ അവൻ കഴിക്കത്തില്ല ..." എന്റെ ഇലയിൽ ആ കറി വിളമ്പാൻ അനുവദിക്കാതെ ചാരു തടഞ്ഞു.

"... ആണോ മോനെ...മോൻ ഈ കറി കഴിക്കില്ലേ..." ഞാൻ ഇല്ലന്ന് പറഞ്ഞു.

"... ഭർത്താവിന്റെ ഇഷ്ട്ടങ്ങൾ എല്ലാം പഠിച്ചല്ലോ..." അമ്മ അവൾക്കും കറികളും ചോറും വിളമ്പി.

കഴിച്ചു കഴിഞ്ഞു റൂമിൽ പോയി കിടന്നു. മനസിന് എന്തോ പിടച്ചിൽ പോലെ. എന്റെ ഇഷ്ട്ടനഷ്ട്ടങ്ങൾ വരെ ഇവൾ മനസിലാക്കിയിരിക്കുന്നു. ഉച്ച ഊണ് കഴിഞ്ഞത് കൊണ്ട് ആ ഒരു മന്തതയിൽ ഉറങ്ങി പോയി. വൈകിട്ട് ചാരു വിളിച്ചുണർത്തി ചായ തന്നു. രാത്രിവരെ അവരോട് എല്ലാവരോടും സംസാരിച്ചു സമയം കളഞ്ഞു. രാത്രി ഞാൻ ബെഡിൽ കിടന്നപ്പോൾ ചാരു ഡ്രസ്സ് എല്ലാം ഒതുക്കുന്ന കൂട്ടത്തിലാ.

"... നാളെ ഉച്ച കഴിഞ്ഞ് ഇറങ്ങാം കേട്ടോ..." കൈ തലയ്ക്കൽ വച്ച് കറങ്ങുന്ന ഫാൻ നോക്കി ഞാൻ പറഞ്ഞു.

"...ആദി... അതേ..." ചാരു പതിയെ ബെഡിൽ വന്നിരുന്നു എന്നോട് എന്തോ പറയാനായി ഒരുങ്ങി. ഞാനും കേൾക്കാനായി ചരിഞ്ഞു അവളെ നോക്കി.

"...നമുക്ക് കുറച്ചു ദിവസം ഇവിടെ നിന്നിട്ട് പോയാൽ പോരെ..."

"... എന്താ ഇപ്പൊ അങ്ങനെ തോന്നാൻ..."

"... അമ്മുമ്മയുടെ കൂടെ കുറച്ചു ദിവസം നിൽക്കണം എന്നൊരു തോന്നൽ അതാ..."

"...എന്നാ നീ കുറച്ചു ദിവസം കഴിഞ്ഞിട്ട് വന്നോ. എനിക്ക് നാളെ പോണം..."

www.kkstories.com

"...ആദി ദേഷ്യത്തിൽ പറയുന്നത് ആണോ..." ഞാൻ ഇഷ്ട്ടപ്പെടാതെ പറഞ്ഞതാണോ എന്ന് ചോദിച്ചതാ

"...ഏയ്യ് അല്ല ഞാൻ സീരിയസ് ആയിട്ടു പറഞ്ഞതാ. എനിക്ക് നാട്ടിൽ ചെന്നിട്ടു ചെയ്യേണ്ട കുറച്ചു ജോലികൾ ഉണ്ട്. നി ഇവിടെ രണ്ട് ദിവസം നിന്നിട്ട് വന്നാൽ മതി..." പക്ഷെ അവളുടെ മുഖത്ത് വലിയ തെളിച്ചം ഒന്നും കണ്ടില്ല.

"...കുറച്ചു ദിവസം കഴിഞ്ഞ് വണ്ടി വല്ലതും ഞാൻ അറേഞ്ച് ചെയ്ത് തരാം. അപ്പൊ വീട്ടിലേക്ക് വന്നാൽ മതി. എന്താ അത് പോരെ..."

ഞാൻ പറഞ്ഞത് ഇഷ്ട്ടപ്പെടാതെ എന്നെ വല്ലാത്ത ഒരു നോട്ടവും നോക്കി ലൈറ്റും ഓഫ് ആക്കി എനിക്ക് മുഖം തരാതെ എതിർ ദിശ നോക്കി ചാരു കിടന്നു. ഇവൾ ഇപ്പൊ എന്തിനാ ഒന്നും മിണ്ടാതെ കിടക്കുന്നെ.kkst0ries.c0m ഞാൻ തെറ്റായിട്ട് ഒന്നും പറഞ്ഞില്ലല്ലോ. അവൾ ഒരു ആഗ്രഹം പറഞ്ഞപ്പോ ഞാൻ അത് നടത്തി കൊടുത്തത് അല്ലെ. അല്ലെങ്കിലും ഈ പെണ്ണുങ്ങളെ മനസ്സിലാക്കാൻ ഒരു പ്രതേക കഴിവ് തന്നെ വേണം.

പിറ്റേന്ന് ഉറക്കം ഉണർന്നത് മുതൽ കടന്നൽ കുത്തിയ പോലെയാ പെണ്ണിന്റെ മുഖം. എന്നോട് ഒന്നും മിണ്ടുന്നില്ല. പക്ഷെ എന്റെ ഓരോ കാര്യങ്ങളും യഥാക്രമം നോക്കി ചെയ്യുന്നുണ്ട്. ഉച്ചക്ക് ആഹാരവും കഴിഞ്ഞ് എല്ലാരോടും യാത്ര പറഞ്ഞു അമ്മുമ്മയുടെ അടുത്തേക്ക് പോയി.

"...അമ്മുമ്മേ ഞാൻ ഇറങ്ങാ..."അമ്മുമ്മക്ക് അടുത്ത് ഇരുന്ന് പറഞ്ഞു.

"... മോനെ ഞാൻ പറഞ്ഞത് എല്ലാം ഓർമ ഉണ്ടല്ലോ..." ഞാൻ അതിന് ഒന്ന് പുഞ്ചിരിച്ചു.

"...നീ ഇവളെ കൊണ്ട് പോണില്ലേ..." ഡ്രസ്സ് മാറാതെ ഇരിക്കുന്ന ചാരുവിനെ നോക്കി അമ്മുമ്മ ചോദിച്ചു.

"...ഇല്ല. അവൾക്ക് അമ്മുമ്മയുടെ കൂടെ കുറച്ചു ദിവസം നിൽക്കണം എന്നൊരു കൊതി..." ഞാൻ അത് പറഞ്ഞു ഒന്ന് പുഞ്ചിരിച്ചു. എന്നാൽ ചരുവിന്റെ മുഖത്ത് വലിയ സന്തോഷം കണ്ടില്ല.

എന്റെ ബാഗ് എല്ലാം കാറിൽ വച്ച് യാത്ര പറഞ്ഞിറങ്ങി. കാർ പതിയെ നീങ്ങി തുടങ്ങിയപ്പോ വിലപ്പെട്ട എന്തോ ഒന്ന് നഷ്ട്ട പെടുന്നപോലെ ഉള്ളിൽ ഒരു പിടച്ചിൽ. മിറർ വഴി പിന്നിലേക്ക് നോക്കിയപ്പോ നിറകണ്ണുകളോടെ ഞാൻ പോകുന്നത് നോക്കിനിൽക്കുന്ന ചരുവിനെയാണ് കണ്ടത്.രാത്രിയോടെ അടുപ്പിച്ചു ഞാൻ വീട് എത്തി.

"...നിങ്ങൾ ഇത്ര പെട്ടെന്ന് വന്നോ. മോൾ എവിടെ..." കാറിൽ നിന്നും വീട്ടിലേക്ക് നടക്കവേ കാറിൽ മൊത്തം പരതി അമ്മ തിരക്കി.

"...അവൾ കുറച്ചു ദിവസം കഴിയുമ്പോൾ വരും..." ഞാൻ ഹാളിലെ സോഫയിൽ ഇരുന്ന് നടു നിവർത്തി.

"...അതെന്താ നിങ്ങൾ തമ്മിൽ വഴക്ക് ആയോ..."

"... വഴക്ക് ഒന്നും ഇല്ല. അവൾക്ക് കുറച്ചു ദിവസം അവിടെ നിൽക്കണം എന്ന് പറഞ്ഞു എന്നാ അങ്ങനെ ആവട്ടെന്ന് ഞാനും പറഞ്ഞു..."

"... അവൾക്ക് ഒപ്പം നിന്നോടും അവിടെ നിൽക്കാൻ അവൾ പറഞ്ഞോ ..."

"...ആഹ് പറഞ്ഞു. എനിക്ക് ഇവിടെ കുറച്ചു പണിയുള്ളത്കൊണ്ട് ഞാൻ ഇങ്ങു പോന്നു..."

"...മരപൊട്ടൻ. അവൾ അവിടെ നിന്നോട്ടെ എന്ന് ചോദിച്ചപ്പോ അതിനും തലയാട്ടി വന്നേക്ക..." 🤦🏻‍♀️ അതും പറഞ്ഞു അമ്മ അടുക്കളയിലേക്ക് പോയി.

"... അമ്മ ചോർ താ..."

"... തിന്നു ഉറങ്ങാ പണിക്ക് പോവാ. ഇതല്ലാതെ വേറൊന്നും അറിയില്ല😡..." അമ്മ പിറുപിറുത്തോണ്ട് ചോർ എടുത്ത് തന്നു.

ഇതെന്താ സംഭവം. അവൾ അവിടെ നിന്നാൽ കുറച്ചു സന്തോഷിക്കും എന്ന് വിചാരിച്ചല്ലേ അവളെ അവിടെ ആക്കിയിട്ടു വന്നത്. ഇപ്പൊ കുറ്റം മുഴുവൻ എനിക്ക് ആയോ. ആരും എന്നെ മനസ്സിലാക്കുന്നില്ല😤. ചോർ കഴിച്ചു ബെഡിൽ പോയി കിടന്ന് ഉറങ്ങി.

രാവിലെ എഴുനേറ്റ് ഫ്രഷ് ആയി വന്നപ്പോ ടേബിളിൽ ബെഡ് കോഫി ഇല്ല ഇസ്തിരി ഇട്ട ഷർട്ടും ഇല്ല. അപ്പൊ തന്നെ മനസ് ഒന്ന് മടിച്ചു. ഞാൻ ഷർട്ട് തേച്ചിട്ട് താഴേക്ക് ചെന്നു. അമ്മ മുറ്റം അടിക്കുവാ അച്ഛൻ പത്രം വായിക്കുന്നു. ഡയനിങ് ടേബിളിൽ ആഹാരം എല്ലാം ഉണ്ട്. സ്വയം എടുത്ത് കഴിച്ച് പാത്രവും കഴുകി വച്ച് കാറുമായി ആശുപത്രിയിൽ പോയി.

www.kkstories.com

ഒരു റൂമിൽ ആണ് അരുൺ കിടക്കുന്നത് കൂടെ വീട്ടുകാരുമുണ്ട് അവന്റെ കൂട്ടുകാരൻ ആണെന്ന് പറഞ്ഞു ഞാൻ അവന്റെ അടുത്ത് ഇരുന്നു. കണ്ണുതുറക്കുമ്പോൾ അരുൺ കാണുന്നത് അവനെ നോക്കി ഇരിക്കുന്ന എന്നെയാണ്.

"...നീ...നീ എന്താ ഇവിടെ..." എന്നെ കണ്ടതിന്റെ പകപ്പ് അവന്റെ വാക്കുകളിൽ ഉണ്ടായിരുന്നു.

"...എല്ലാരും പറയാ ഞാൻ നിന്നെ ഗൗനിക്കുന്നില്ല എന്ന്. കാർത്തിക്ക് നിന്നോടുള്ള സ്നേഹം പോലും എനിക്ക് ഇല്ലന്ന്. ആലോചിച്ചപ്പോ എനിക്കും തോന്നി അപ്പൊ നിന്നെ കാര്യമായിട്ട് ഒന്ന് ഗൗനിച്ചേക്കാം എന്ന് കരുതി..."ചെറിയ പുഞ്ചിരിയോടെ ഞാൻ പറഞ്ഞു.

"... അമ്മയും അച്ഛനും എവിടെ..." ചുറ്റും കണ്ണോടിച്ചു അവൻ ചോദിച്ചു.

"...ഞാൻ ഇവിടെ ഉണ്ടല്ലോ അതുകൊണ്ട് അവരെ കാപ്പി കുടിക്കാൻ പറഞ്ഞയച്ചു.കൂട്ടത്തിൽ നിനക്കുള്ളത് വാങ്ങാനും. ഇതാവുമ്പോൾ നമുക്ക് മനസ്സ് തുറന്നൊന്നു സംസാരിക്കാം. എന്താ..."

"... നിനക്ക് എന്താ സംസാരിക്കാൻ ഉള്ളത്..."അരുൺ അതേ കിടപ്പിൽ ചോദിച്ചു.

"...നീയും ചാരുവും തമ്മിൽ എന്താ ബന്ധം..."

"...രാവിലെ തന്നെ ഭാര്യയുടെ അവിഹിതം കണ്ട് പിടിക്കാൻ ഇറങ്ങിയത് ആണോ..." ചവാൻ കിടന്നാലും മൈരന്റെ നാവിനു കുഴപ്പം ഒന്നും ഇല്ല.

"... നിങ്ങൾ തമ്മിൽ ഒന്നും ഇല്ലന്ന് എനിക്ക് നല്ലപോലെ അറിയാം. എന്നാലും നിന്റെ നാവിൽ നിന്ന് തന്നെ എനിക്ക് അത് കേൾക്കണം..." അത് കേട്ടപ്പോ ആവൻ ഒന്ന് ഭയന്നു.

www.kkstories.com

"...അതിന്...അതിന്... ഞാൻ കള്ളം ഒന്നും പറഞ്ഞിട്ടില്ല. അവൾ എന്റെ ലൗവർ ആണ്..."

"... ആണോ. അതിൽ എത്രമാത്രം സത്യം ഉണ്ടെന്ന് എനിക്ക് ഒന്ന് അറിയണം അല്ലോ..."

ഞാൻ പയ്യെ കസേരയിൽ നിന്നും എഴുനേറ്റ്പോയി ആ റൂമിന്റെ ഡോർ ലോക്ക് ചെയ്ത് തിരിച്ചു അവന്റെ അടുത്തിരുന്നു.

"...രണ്ട് കൈയ്യും ഒരു കാലും നട്ടലും അല്ലെ പൊട്ടൽ ഉള്ളത്..." അവനെ മൊത്തം കണ്ണുകൊണ്ട് ഉഴിഞ്ഞു ഞാൻ ചോദിച്ചു.

"... ആഹാ കൈയിലെ പ്ലാസ്റ്റർ മാറ്റി ബന്റെജ് ആക്കിയോ..." എന്റെ സ്വഭാവത്തിലെ ശാന്തത കണ്ട് അവൻ പേടിയോടെ നോക്കി.

"... എവിടെ ആയിരുന്നടാ പൊട്ടൽ. ഇവിടെയാണോ അതോ ഇവിടെയോ ..." ബാന്റേജ് ഇട്ട കൈയ്യിലേ ഓരോ ഭാഗത്തായി തൊട്ടുകൊണ്ട് ഞാൻ ചോദിച്ചു. കൈയ്യുടെ ഒരു ഭാഗത്ത് പിടിച്ചപ്പോ അവൻ നിലവിളിക്കാൻ തുടങ്ങി.

"...ഹാ പയ്യെ വിളിക്കട. അടുത്തുള്ളവർ ഒക്കെ ഓടി കൂടില്ലേ. ഇനി ഞാൻ നേരത്തെ ചോദിച്ചതിന് ഉത്തരം പറയ്. എന്താ ബന്ധം..." അവന് വേദന എടുത്ത ഇടത്ത് ഞാൻ നല്ല ശക്തിൽ അമർത്താൻ തുടങ്ങി.

"... അആഹ് ഞാൻ പറയാം പറയാം...." വേദനയിൽ അരുൺ കിടന്ന് പിടഞ്ഞു.

"...എന്നാ പറയ്..." ഞാൻ എന്റെ കൈ ഒന്ന് അയച്ചു.

"... ഞാനും ചാരുവും ഫ്രണ്ട്സ് ആണ്. അതിൽ കൂടുതൽ ഒന്നും ഇല്ല..." കിതപ്പോടെ അരുൺ പറഞ്ഞു.

"...അന്ന് നീ എന്തിനാ എന്റെ വീട്ടിൽ വന്നേ..."

"... റെക്കോർഡ് വാങ്ങാൻ..." ഞാൻ ഒന്നൂടി കൈയിൽ അമർത്തി.

"...ആ.... ആ.... ആ... സത്യമായിട്ടും റെക്കോർഡ് വാങ്ങാൻ വന്നതാ..."

"... അതെന്താടാ നിനക്ക് ഫോണിൽ അയച്ചു തന്നാൽ നോക്കി എഴുതാൻ പറ്റില്ലേ..." ഞാൻ ഒന്നൂടി അമർത്തി.

"... അആ പറ്റും പറ്റും..."

"... പിന്നെന്താ അങ്ങനെ ചെയ്യാതെ എന്തിനാ വീട്ടിൽ വന്നേ . അന്ന് നടന്നത് എല്ലാം ഒന്ന് വിടാതെ പറയണം കേട്ടല്ലോ ..." വീണ്ടും കൈയിൽ അമർത്തി.

നമുക്ക് ജസ്റ്റ് ആ ദിവസത്തിലേക്ക് timetravel ചെയ്തിട്ട് വരാം.

www.kkstories.com

"...നാളെ റെക്കോർഡ് സബ്മിറ്റ് ചെയ്തില്ലെങ്കിൽ ക്ലാസ്സിൽ നിന്നും പുറത്ത് ആക്കും ഇന്റെർണലും തരില്ല..." അരുൺ ചരുവിനോട് പറഞ്ഞു

"... അതല്ലെടാ ഞാൻ പറഞ്ഞെ pdf ആക്കി അയച്ചു തരാം എന്ന്..."

"...എടി ഫോൺ നോക്കി ഒക്കെ എഴുതാൻ വല്യ പാട് ആണ്. അങ്ങനെ എഴുതിയാൽ നാളത്തേക്ക് എഴുതി തീരില്ല..."

"...ഞാൻ ഇപ്പൊ എന്താടാ ചെയ്യാ. എനിക്ക് ഇവിടുന്ന് ഇറങ്ങാൻ ഒന്നും പറ്റില്ല..."

"...ഞാൻ അങ്ങോട്ട് വന്ന് വാങ്ങിക്കോളാം.നിനക്ക് അറിയാലോ നമ്മൾ രണ്ടും ആണ് ഒരു ഗ്രൂപ്പ് അപ്പൊ പിന്നെ വേറെ ആരുടെ കൈയിൽ നിന്നും റെക്കോർഡ് വാങ്ങാൻ പറ്റില്ല...."

"...ഇങ്ങോട്ട് വരാനോ അതൊന്നും നടക്കില്ല. നീ ഓരോ പ്രശ്നങ്ങൾ ഉണ്ടാക്കല്ലേ..."

"... എടി പ്ലീസ് എനിക്ക് വേറെ നിവർത്തി ഇല്ല എന്റെ അവസ്ഥ ഒന്ന് മനസ്സിലാക്ക്..."

"... നീ എന്താ എന്റെ കാര്യം ആലോചിക്കാത്തെ. ആദിയെ നിനക്ക് അറിയാലോ അവൻ എങ്ങാനും നീ ഇങ്ങോട്ട് വരുന്നത് അറിഞ്ഞാൽ ആകെ സീൻ ആവും..."

"...ആദി ഇപ്പൊ അവിടെ ഉണ്ടോ... "

"...ഇല്ല..."

"... പിന്നെന്താ കുഴപ്പം ഞാൻ പെട്ടെന്ന് അവിടെ വരുന്നു റെക്കോർഡ് വാങ്ങുന്നു അപ്പൊ തന്നെ തിരിച്ച് പോവുന്നു..."

"... എടാ ഇതൊന്നു നടക്കില്ല. നീ വരാൻ ഒന്നും നിൽക്കണ്ട..."

"...പ്ലീസ് ടി നാളെ സബ്മിറ്റ് ചെയ്തില്ലെങ്കിൽ എന്താ നടക്കുന്നത് എന്ന് നിനക്ക് അറിയാവുന്നത് അല്ലെ..."

"...ശോ... ഇപ്പൊ എന്താ ചെയ്യാ. എന്നാ നീ വേഗം വാ ഗേറ്റിൽ വന്ന് ഫോൺ വിളിച്ചാൽ മതി ഞാൻ അങ്ങോട്ട് കൊണ്ട് തരാം..."

"... ആഹ് ഓക്കേ. ഞാൻ പെട്ടെന്ന് വരാം..."

പക്ഷെ ഞാൻ ഗേറ്റിൽ വെയിറ്റ് ചെയ്യാതെ നേരെ നിന്റെ വീട്ടിലേ കാർപോർച്ചിലേക്കാണ് വന്നത്. ഞാൻ നിന്റെ വീട്ടിൽ വന്നത് എനിക്ക് നിന്നെ അറിയിക്കണമായിരുന്നു.

"... നിന്നോട് ഗേറ്റിൽ വന്നിട്ട് എന്നെ വിളിക്കാൻ അല്ലെ പറഞ്ഞെ..." ബൈക്ക് സൗണ്ട് കേട്ട് ടെൻഷനോടെ റെക്കോർഡുമായി ചാരു എന്റെ അടുത്തേക്ക് വന്നു.

www.kkstories.com

"... അതിനിപ്പോ എന്താ ആദി ഇവിടയില്ലല്ലോ..."

"... ഇതാ റെക്കോർഡ് നീ വേഗം പോകാൻ നോക്ക്..."

"... ആരാ മോളെ ഇത്..." ആദിയുടെ അമ്മ ഉമ്മറത്തേക്ക് വന്ന് ചോദിച്ചു.

"... ഞാൻ ചരുവിന്റെ ഫ്രണ്ട് ആണ്. ഒരേ ക്ലാസ്സിൽ പഠിക്കുന്നത ആന്റി..."

"... കൂട്ടുകാരനെ വീടിന് പുറത്ത് നിർത്തിയാണോ സംസാരിക്കുന്നെ..."

"...അവന് പോയിട്ട് കുറച്ചു തിരക്ക് ഉണ്ട്. റെക്കോർഡ് വാങ്ങാൻ വന്നതാ..." ടെൻഷനോടെ ചാരു പറഞ്ഞു.

"...ആദ്യമായിട്ട് വീട്ടിൽ വന്നിട്ട് ഒരു ഗ്ലാസ് വെള്ളം പോലും കുടിക്കാതെ പോയാൽ എങ്ങനെയാ. മോൻ കയറി വാ ഞാൻ ചായ എടുക്കാം..."

"... നീ ഇത് എന്ത് ഭവിച്ച. എല്ലാം നിനക്ക് അറിയാവുന്നതല്ലേ..." ബൈക്കിൽ നിന്നും ഇറങ്ങിയ എന്നെ നോക്കി ദയനീയമായി ചാരു ചോദിച്ചു.

"...ആന്റി ഇത്ര കാര്യമായി വിളിക്കുമ്പോൾ എങ്ങനെയാ കയറാതെ ഇരിക്കുന്നെ..."

ചാരുവിനെ മറികടന്നു ഞാൻ ഹാളിൽ പോയി ഇരുന്നു. പിന്നെ ആന്റി ചായയുമായി വന്നു അത് കുടിച്ചു ഞാൻ നീ വരുന്നത് വരെ ഓരോ കാര്യങ്ങൾ സംസാരിച്ചു അവിടെ ഇരുന്നു. ചാരു ഇടക്ക് എന്നെ പറഞ്ഞു വിടാൻ നോക്കിയെങ്കിലും അതൊന്നും നടന്നില്ല.

തിരിച്ചു ഹോസ്പിറ്റലിലേക്ക് വരാം

"...ആ സംഭവത്തിനു ശേഷം നിങ്ങൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടായെന്നു എനിക്ക് മനസ്സിലായി. പിന്നെ ചാരു ഇതുവരെ എന്നോട് മിണ്ടിയിട്ടില്ല... "

"... അപ്പൊ നിന്നെ കല്യാണത്തിന് ആരാ വിളിച്ചേ..."

"...അത് കോളേജ് ഗ്രൂപ്പിൽ കല്യാണം വിളിച്ചപ്പോ..." ചമ്മലോടെ അരുൺ പറഞ്ഞു.

"... നാണം ഉണ്ടോടാ മൈരേ നിനക്ക്..."

"... ഇത് എന്റെ പെണ്ണിനെ കുറിച്ച് അവരാതം പറഞ്ഞതിന്..." കസേരയിൽ നിന്നും എഴുനേറ്റ് അരുണിന്റെ കരണം പോളക്കെ ഒന്ന് കൊടുത്തു.

"...ഇനി മേലാൽ നിന്റെ ഈ പിഴച്ച നാവു കൊണ്ട് എന്തെങ്കിലും പെണ്ണിനെകുറിച്ച് എന്തെങ്കിലും പറഞ്ഞാൽ ആ നാവ് ഞാൻ പിഴുതെടുക്കും കേട്ടോടാ..." ഒരെണ്ണം കൂടി പൊട്ടിച്ചു.

"...ഇവിടന്ന് ഡിസ്ചാർജ് ആവുമ്പോൾ ഈ ബെഡ് ബുക്ക് ചെയ്തിട്ട് വേണം ഇറങ്ങാൻ. നിന്നെ നേരെ കാണാൻ ഞാൻ ഒന്നുകൂടി വരുന്നുണ്ട്..."ഞാൻ വാതിൽ തുറന്ന് പുറത്തേക്ക് ഇറങ്ങാൻ ഒരുങ്ങി

"...ഡോക്ടർ വരുമ്പോൾ ആ കൈ ഒന്ന് x-ray എടുത്തേക്ക്. എന്തായാലും bandage മാറ്റി പ്ലാസ്റ്റർ ഇടാം😏..."

അന്ന് ചരുവിനോട് ഒന്ന് സംസാരിച്ചിരുന്നെങ്കിൽ ഇങ്ങനെ ഒന്നും ഉണ്ടാവില്ലായിരുന്നു. ഓഫീസ് വർക്കിൽ ഒന്നും ശ്രദ്ധിക്കാനെ കഴിഞ്ഞില്ല. സമയം ഇഴഞ്ഞു നീങ്ങി.എന്റെ അസ്വസ്ഥത കണ്ട് കാർത്തി കാര്യം തിരക്കി. അരുണിനെ കണ്ടത് എല്ലാം ഞാൻ അവനോട് പറഞ്ഞു.

"... അപ്പൊ ആ മൈരൻ ഇതിന്റെ ഇടക്ക് നിന്ന് കളിച്ചതാണല്ലേ..."

"...അതേടാ. ഇനി എന്താ ചെയ്യേണ്ടത് എന്ന് ഒരു പിടുത്തവും കിട്ടുന്നില്ല..."

"...അപ്പൊ ചാരുവും അരുണും എങ്ങനെ ഫ്രണ്ട്സ് ആയി..."

"...ആ സംശയം എനിക്കും ഉണ്ട്. അവളോടെ തന്നെ ചോദിക്കാം..."

"...ഇനി എങ്കിലും രണ്ടും കൂടി മനസ് തുറന്ന് ഒന്ന് സംസാരിക്ക്..."

"... അവൾ തിരിച്ചു വരട്ടെ സംസാരിക്കാം..."

www.kkstories.com

"...അതിന് അവൾ എവിടെ പോയി..."

"...ചാരു അവളുടെ വീട്ടിൽ ഉണ്ട്... "

"... വിരുന്നിന് പോയിട്ട് അവളെ അവിടെ ആക്കി നീ തിരിച്ചു പോന്നോ..."അതിശയത്തോടെ കാർത്തി തിരക്കി.

"...അവൾക്ക് കുറച്ചു ദിവസം അവിടെ നിൽക്കണം എന്ന് പറഞ്ഞപ്പോ..."

"... ഉണ്ട. കെട്ടിയോനും കൊള്ളാം കെട്ടിയോളും കൊള്ളാം.എന്തായാലും അവളോട് ഒന്ന് സംസാരിക്കാൻ നോക്ക്..."

കാർത്തിയോട് സംസാരിച്ചപ്പോ ചെറിയൊരു ആശ്വാസം കിട്ടി. രാത്രി വീട്ടിൽ എത്തി ചോർ കഴിക്കാനായി ഇരുന്നു.

"... അമ്മേ ചാരു വിളിച്ചായിരുന്നോ..."ഞാൻ അമ്മയോട് ചോദിച്ചു

"...എന്നെ വിളിച്ചോ ഇല്ലയോ എന്ന് നീ എന്തിനാ അറിയുന്നേ..."

"... ഒന്നും ഇല്ല അവൾ എന്ന് വരും എന്ന് അറിയാൻ വേണ്ടിയാ..."

"... നിന്റെ കൈയിൽ ഫോൺ ഇല്ലേ..? വായിൽ നാക്ക് ഇല്ലേ..? വിളിച്ചങ്ങു ചോദിക്കണം 😡..."

www.kkstories.com

ഇനി അമ്മയോട് ഇതെപ്പറ്റി ചോദിക്കുന്നത് പന്തി അല്ല. അതുകൊണ്ട് മിണ്ടാതെ ചോറും കഴിച്ച് പോയി കിടന്നു. ബെഡിൽ കിടന്നിട്ട് ഉറക്കം വരുന്നില്ല.

ചാരുവിനെ വിളിച്ചു ചോദിച്ചല്ലോ എന്നാ വരുന്നത് എന്ന്. അല്ലെങ്കിൽ വേണ്ട. അവളുടെ കൈയിലും ഫോൺ ഉണ്ടല്ലോ അവൾക്ക് എന്നെയും വിളിക്കാലോ. എന്തായാലും ഞാൻ വിളിക്കില്ല.

"...ഹെലോ ബ്രോ. ഞാൻ മാര്യേജ് ഷൂട്ട് ചെയ്ത ഫോട്ടോഗ്രാഫർ ആണേ..."പിറ്റേന്ന് ഓഫീസിൽ ഇരിക്കുമ്പോഴാണ് ആ കാൾ വന്നത്.

"...ആഹ് പറഞ്ഞോളൂ..."

"... ആൽബം സെറ്റ് ചെയ്യാൻ ഉള്ള കുറച്ചു ഫോട്ടോസ് ഞാൻ ടെലിഗ്രാം വഴി സെന്റ് ചെയ്യാം. നിങ്ങൾക്ക് ഇഷ്ടപെടുന്ന ഫോട്ടോസ് മാർക്ക് ചെയ്ത് അയക്കാവോ..."

"... സെന്റ് ചെയ്തേക്ക്. ഞാൻ വീട്ടുകാരുമായി ഒന്ന് നോക്കിയിട്ട് നാളെ തന്നെ സെലക്ട് ചെയ്ത് അയക്കാം പോരെ..."

"... ഓക്കേ. ഞാൻ അയച്ചേക്കാം..."

ചറപറാന്ന് നോട്ടിഫിക്കേഷൻ റിങ് അടിച്ചിച്ചു. ഞാൻ ഓരോ ഫോട്ടോസ് ആയി നോക്കി കൊണ്ട് ഇരുന്നു. ചാരുവിനെ കാണാൻ നല്ല രസം ഉണ്ട്. അറിയാതെ എന്റെ ചുണ്ടിൽ പുഞ്ചിരി തെളിഞ്ഞു. പെട്ടെന്ന് ചാരുവിനെ നേരിൽ കാണാൻ തോന്നുന്നു. ഇല്ലങ്കിൽ അവളുടെ ശബ്ദം എങ്കിലും ഒന്ന് കേൾക്കണം. ആ ഒരു തിടുക്കത്തിൽ ചാരുവിനെ കാൾ ചെയ്തു. റിങ് കേട്ടപ്പോഴാണ് വേണ്ട എന്നാ ബോധം ഉദിച്ചത്. അപ്പൊ തന്നെ കാൾ കട്ട് ആക്കി. ഒരു 10 സെക്കന്റ് കഴിഞ്ഞപ്പോ തന്നെ ചരുവിന്റെ കാൾ തിരിച്ചു വന്നു. നെഞ്ച് പട പാടാന്ന് ഇടിക്കാൻ തുടങ്ങി ആകെ ഒരു വെപ്രാളം എനിക്ക് എന്താ സംഭവിക്കുന്നത് എന്ന് ഒരു പിടിയും ഇല്ല വറയ്ക്കുന്ന കൈകളോട് ഞാൻ കാൾ എടുത്തു.

"... Helo.... Helo.... ആദി.... കേൾക്കുന്നുണ്ടോ..." എന്റെ സൗണ്ട് കേൾക്കാത്തത് കൊണ്ട് അവൾ ഓരോന്ന് ചോദിച്ചോണ്ട് ഇരുന്നു.

"...helo..." സത്യത്തിൽ എന്റെ തൊണ്ടയിൽ നിന്നും സൗണ്ട് ഒന്നും വന്നില്ല.

"... എന്താ ആദി വിളിച്ചേ..." പ്രതീക്ഷയോടെ അവൾ തിരക്കി.

"... അത്... അത്...നമ്പർ മാറി വിളിച്ചതാ..."

"... ആണോ. ആദി വല്ലതും കഴിച്ചായിരുന്നോ..."

"... ആഹ് കഴിച്ചു..."

"... ബിസി ആണെങ്കിൽ ഞാൻ വയ്ക്കുവാ..." നിരാശയോടെ അവൾ ഫോൺ കട്ട് ചെയ്യാൻ ഒരുങ്ങി.

www.kkstories.com

"...ഹലോ ചാരു.നീ എന്നാ തിരിച്ചു വരുന്നത്..." വെപ്രാളത്തോടെ ഞാൻ ചോദിച്ചു.

"... എന്ത് പറ്റി..."

"...അല്ല അമ്മ ചോദിച്ചു നീ എന്നാ വരുന്നത് എന്ന്..." പെട്ടെന്ന് നാവിൽ വന്നത് അങ്ങ് തട്ടി വിട്ടു.

"...അമ്മ രാവിലെകൂടി എന്നെ വിളിച്ചപ്പോ ഞാൻ പറഞ്ഞതാണല്ലോ..."
ഊമ്പി അമ്മ ഇവളെ എന്നും വിളിക്കുമായിരുന്നല്ലേ.

"... ആ എനിക്ക് ഒരു ഇമ്പോർട്ടന്റ് കാൾ വരുന്നുണ്ട്. ഞാൻ വയ്ക്കാണ്..."ഇല്ലാത്ത കാളിന്റെ പേരിൽ ഞാൻ ഫോൺ കട്ട് ആക്കി.

കോപ്പ് ഉള്ള മാനവും പോയി. അവൾ വിചാരിക്കില്ലേ ഞാൻ അവളെയും ചിന്തിച്ചോണ്ട് നടക്കാണെന്ന്. അയ്യേ നാണക്കേട്.

പണ്ട് ചാരു ഉള്ളത് കൊണ്ട് വീട്ടിൽ നേരത്തെ പോവാൻ മടിയായിരുന്നു. ഇപ്പൊ അവൾ ഇല്ലാത്തോണ്ട് പോവാൻ എന്തോ പോലെ. രാത്രി വൈകി വീട്ടിൽ എത്തിയപ്പോ ഹാളിൽ എങ്ങും ആരെയും കാണാൻ ഇല്ല. എല്ലാരും ഉറങ്ങാൻ പോയെന്ന് തോന്നുന്നു. അടുക്കളയിൽ തട്ടും മുട്ടും കേൾക്കുന്നുണ്ട്.

"... അമ്മേ ചോർ എടുത്തോ ഞാൻ കുളിച്ചിട്ടു വരാം..."

റൂമിൽ പോയി കുളിച്ചു ചോർ തിന്നാൻ ഡയനിംഗ് ടേബിളിൽ വന്നിരുന്നു.

"... 🗣️അമ്മ ചോർ..." വരവ് അറിയിച്ചു കൊണ്ട് ഞാൻ വിളിച്ചു കൂകി.

"...കിടന്ന് കാറാതെ ഇരിക്കട. ബാക്കി ഉള്ളവർക്ക് ഉറങ്ങണം..." അമ്മയുടെ മുറിയിൽ നിന്നും ആണ് ആ ശബ്ദം കേട്ടത്.

ങേ അമ്മ റൂമിൽ ആണോ. അപ്പൊ അടുക്കളയിൽ ആരാ അമ്മു എങ്ങാനും. എന്റെ സംശയങ്ങൾക്ക് അധികം ആയുസ് ഇല്ലായിരുന്നു. എനിക്കുള്ള ചോറുമായി വരുന്ന ചാരുവിനെ കണ്ട് ഞാൻ ഒന്ന് ഞെട്ടി.

"... നീ എപ്പോ വന്നു..." എനിക്ക് മുന്നിലേക്ക് ചോർ വച്ച ചരുവിനോട് അതിശയത്തോടെ ഞാൻ തിരക്കി.

"... വൈകിട്ട് വന്നു..."

അവളെ കണ്ട ഷോക്കിൽ എനിക്ക് കൂടുതൽ ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. ഫുഡ് ഒക്കെ കഴിച്ച് ബെഡിൽ അവൾക്കായി കാത്ത് കിടന്നു. എന്തോ വല്ലാത്ത സന്തോഷം തോന്നുന്നു. ചാരുവിനെ കണ്ടതിന്റെ ആണോ...? അങ്ങനെ ഓരോന്ന് ആലോചിച്ചു കിടന്നപ്പോ മുറിയുടെ വാതിലും അടച്ചു ചവുട്ടി തുള്ളി ദേ വരുന്നു. വരവ് കണ്ടിട്ട് പന്തിയല്ല. കക്ഷി ദേഷ്യത്തിൽ ആണെന്ന് തോന്നുന്നു എന്താണാവോ കാര്യം.

www.kkstories.com

"... ഇന്ന് എന്താ തലയണ മതിൽ ഒന്നും വയ്ക്കുന്നില്ലേ..."ബെഡിൽ ഇരുന്ന് എന്നെ നോക്കി ചോദിച്ചു.

"... ഒന്നാമതെ ബെഡിൽ സ്ഥലം ഇല്ല അതിന്റെ ഇടയിൽ തലയണ കൂടി വച്ചാൽ നെരുങ്ങി കിടക്കേണ്ടി വരും..." എനിക്ക് അപ്പോൾ ഇങ്ങനെ പറയാനാ തോന്നിയത്.

ചാരുനോട് പെട്ടെന്ന് സ്നേഹം കാണിക്കാൻ ഒരു മടി. ഉള്ളിൽ ഉണ്ട് പക്ഷെ പുറത്തേക്ക് വരുന്നില്ല. ചാരു എനിക്ക് എതിരെ കിടന്നു.ഇപ്പൊ എങ്ങനാ ഇവളോട് ഒന്ന് സംസാരിക്ക.

"... അമ്മുമ്മക്കും എല്ലാർക്കും സുഖം അല്ലെ..." ഞാൻ ചോദിച്ചു.

"...അവർക്ക് സുഖ കുറവ് ഒന്നും ഇല്ല. അത്രക്ക് ദണ്ണം ആണെങ്കിൽ വിളിച്ചു ചോദിക്കണം. കൈയിൽ ഫോൺ അല്ലെ ഇരിക്കുന്നെ 😡..." ദേഷ്യത്തോടെ എന്നെ നോക്കി പറഞ്ഞിട്ട് അതുപോലെ തിരിഞ്ഞു കിടന്നു.

ഇപ്പൊ എന്താ ഉണ്ടായേ തെറ്റായിട്ട് ഒന്നും ഞാൻ പറഞ്ഞില്ലല്ലോ. പുള്ളി നല്ല കലിപ്പിലാ കാര്യം എന്താണെന്ന് പിടി കിട്ടുന്നും ഇല്ലല്ലോ.

"... വീട്ടുകാരുടെ സുഖ വിവരം അന്വേഷിക്കാൻ വന്നേക്ക. ബാക്കി ഉള്ളർ ചത്തോ ജീവനോടെ ഉണ്ടോ എന്ന് ആർക്കും അറിയണ്ട. ഒന്നുമില്ലെങ്കിലും എങ്ങനെ എങ്ങനെ വന്നെന്നു പോലും ചോദിച്ചില്ല ദുഷ്ടൻ..." പുള്ളികാരി പിറുപിറുത്തത് ആണെങ്കിലും ഞാൻ അത് നല്ലപോലെ കേട്ടു.

അപ്പൊ ഇതാണ് കാര്യം. അവളുടെ കാര്യങ്ങൾ അന്വേഷിക്കാത്തതിന്റെ പരിഭവം ആണ്. ചാരുവിനെ നെഞ്ചോട് ചേർത്ത് എല്ലാ പരിഭവവും തീർക്കണം എന്നുണ്ട്. പക്ഷെ അതിനുള്ള സമയം ആയിട്ടില്ല

രാവിലെ കുളിച്ചിട്ട് വന്നപ്പോ ബെഡിൽ കോഫി ഉണ്ടായിരുന്നു. എല്ലാം പഴയത് പോലെ ആയി. കാപ്പി കുടിക്കാൻ ചെന്നപ്പോ ചാരു തന്നെ എല്ലാം എടുത്ത് തന്നു. മനസ്സിൽ എന്തോ വല്ലാത്ത സന്തോഷം. ഓഫീസിൽ എല്ലാരേയും വിഷ് ചെയ്തോണ്ട് കേബിനിലേക്ക് കയറി. ഇതുവരെ ഇല്ലാത്ത ഒരു ഉന്മേഷം.

"...എന്താടാ രാവിലെ തന്നെ ഒരു ഇളക്കം..." വല്ലാതെ ആക്റ്റീവ് ആയ എന്നെ കണ്ട് കാർത്തി ചോദിച്ചു.

"...ഒന്നും ഇല്ല..."

"... അതല്ല. ഇന്നലെ വളരെ sad അടിച്ചു ഇരുന്ന നീ ഇന്ന് വല്ലാത്ത സന്തോഷത്തിൽ. കാര്യം പറയടാ..."

"... ഒന്നും ഇല്ല ചാരു തിരിച്ചു വന്നു..."

"... ഓ അങ്ങനെ വരട്ടെ. പൊണ്ടാട്ടി തിരിച്ചു വന്നതിന്റെ സന്തോഷമാണ് ഈ കാണുന്നത്..." ഞാൻ അതിനൊന്നും ചിരിച്ചു കാണിച്ചു.

"...എന്താ മോനെ വീണ്ടും പ്രേമം പൂത്തു തുടങ്ങിയോ..."

"... പ്രേമം ഒന്ന് പോടാ. അവളെ ഒറ്റക്ക് അവിടെ ആക്കി വന്നതിന്റെ ഒരു കുറ്റബോധം ഉണ്ടായിരുന്നു. തിരിച്ചു വന്നപ്പോ അത് മാറി അത്രയേ ഉള്ളൂ..."

www.kkstories.com

"...അത്രയേ ഉള്ളോ..?" സംശയത്തോടെ കാർത്തി ചോദിച്ചു. ഞാൻ അതെന്ന് മൂളി.

വൈകിട്ട് വല്ലാത്ത സന്തോഷത്തോടെയാണ് വീട്ടിൽ എത്തിയത്. കാരണം നിങ്ങൾക്ക് അറിയാലോ. കുറച്ചു നേരം ചരുവിനോട് സംസാരിക്കണം എന്ന് തോന്നി. പക്ഷെ കക്ഷി അടുക്കളയിൽ നല്ല പണിയിൽ ആയിരുന്നു.

"... എന്തടാ ഇവിടെ കിടന്ന് കറങ്ങുന്നെ..." പതിവില്ലാതെ അടുക്കളയിൽ കണ്ട എന്നെ നോക്കി അമ്മ ചോദിച്ചു.

"...ഞാൻ കുറച്ചു വെള്ളം കുടിക്കാൻ വന്നതാ..."

അമ്മ ഒന്ന് ഇരുത്തി മൂളി. ഫ്രിഡ്ജ് തുറന്ന് വെള്ളം എടുത്ത് ഞാൻ തിരിച്ചു പോന്നു. രാത്രി വരെ പെണ്ണിനെ കൈയിൽ കിട്ടിയില്ല. രാത്രി അമ്മയും, അമ്മുവും ചാരുവും സീരിയൽ കാണാൻ തുടങ്ങി. ഞാൻ പതിയെ ചരുവിന്റെ അടുത്തായി ഇരുന്നു. സീരിയൽ കാണാത്ത ഞാൻ TV മുന്നിൽ ഇരിക്കുന്നത് കണ്ട് ചാരു അതിശയത്തോടെ എന്നെ നോക്കി. ഞാൻ അതിന് ഒന്ന് ചിരിച്ചു കാണിച്ചു. എന്റെ കാട്ടിക്കൂട്ടൽ എല്ലാം കണ്ട് അമ്മു എന്നെ നോക്കി ആക്കിചിരിച്ചു. ഇവളോട് എന്തെങ്കിലും സംസാരിക്കണം അല്ലോ. എങ്ങനാ ഇപ്പൊ തുടങ്ങ ആഹ് കിട്ടി.

"... ചാരു കല്യാണ ആൽബം സെറ്റ് ചെയ്യാൻ ക്യാമറാമാൻ കുറച്ചു ഫോട്ടോ അയച്ചു നല്ലത് നോക്കി പറയാൻ പറഞ്ഞു..." ഞാൻ ഫോൺ ഓപ്പൺ ആക്കി അവൾക്ക് നേരെ നീട്ടി.

"... എവിടെ നോക്കട്ടെ..." അമ്മ എന്റെ കൈയിൽ നിന്നും ഫോൺ വാങ്ങികൊണ്ട് പോയി.

"... തള്ള സമ്മതിക്കില്ല..." ഞാൻ പിറുപിറുത്തു.

"...ഫോട്ടോസ് ഒക്കെ കൊള്ളാലോടാ. വാ മോളെ..." എന്റെ അടുത്ത് ഇരുന്നവളെ പിടിച്ചു അമ്മയുടെ കൂടെ ഇരുത്തി.

ഇപ്പൊ ഞാൻ ആരായി. ഇനി അവിടെ ഇരുന്ന് പുഴുക്കണ്ടെന്ന് കരുതി ഉമ്മറത്ത് അച്ഛന്റെ അടുത്തേക്ക് പോയി.

"... എന്താടാ നിന്നെ അവിടന്ന് ഇറക്കി വിട്ടോ..." ഫോണിൽ തന്നെ കുത്തികൊണ്ട് അച്ഛൻ ചോദിച്ചു.

"...ഇറക്കി വിട്ടത് ഒന്നും അല്ല ഞാൻ ഇങ്ങു പോന്നതാ..."

"...മനസിലായി മനസിലായി. ഞാനും ഇതൊക്കെ കഴിഞ്ഞ വന്നത്..."

"...എനിക്ക് അങ്ങട് മനസിലായില്ല..." എന്റെ സംശയം ചോദിച്ചു.

"...ഭാര്യയോട് സ്നേഹം കാണിക്കലും സംസാരിക്കലും റൂമിൽ നടത്തിയാൽ നല്ലത്. അല്ലെങ്കിൽ ഇതുപോലെ പട്ടി ചന്തക്ക് പോയപോലെ വരേണ്ടി വരില്ല..."

"...വന്നു വന്ന് അച്ഛനും ഊഞ്ഞാൽ ആട്ടൻ തുടങ്ങിയോ..."

"...നിന്റെ എല്ലാ പ്രശ്നത്തിനും ഞാൻ ഒരു വഴി കണ്ടിട്ടുണ്ട്... "

"... എന്താ അച്ഛാ..." പ്രതീക്ഷയോടെ അച്ഛനെ നോക്കി അച്ഛന്റെ അടുത്ത് ഇരുന്നു.

"...just wait and see..." എന്നെ നോക്കി കണ്ണിറുക്കി അച്ഛൻ പറഞ്ഞു.

"...ഏട്ടാ അമ്മ വിളിക്കുന്നു..." അച്ഛനോട് സംസാരിച്ചിരുന്ന എന്നെ അമ്മു വന്ന് വിളിച്ചു.

"... എന്താ കാര്യം..."ഞാൻ അമ്മുവിനോട് ചോദിച്ചു.

"...ആൽബത്തെ കുറിച്ച് പറയാൻ വേണ്ടിയാ. അച്ഛനെയും വിളിക്കുന്നു..." ഇത്രയും പറഞ്ഞു അമ്മു അകത്തേക്ക് പോയി.

"...വാ അച്ഛാ..." ഞങ്ങൾ അകത്തേക്ക് നീങ്ങി.

"...ഈ ഫോട്ടോസ് ഞങ്ങൾക്ക് ഇഷ്ടായി. നിങ്ങൾ കൂടി നോക്ക്..." അമ്മ ഫോൺ അച്ഛനും നേരെ നീട്ടി പറഞ്ഞു.

ഞാനും അച്ഛനും അവർ സെലക്ട് ചെയ്ത ഫോട്ടോസ് നോക്കി. ചില ഫോട്ടോസ് മാറ്റി തിരഞ്ഞെടുത്തു ഫോട്ടോഗ്രാഫറിന് അയച്ചു കൊടുത്തു. പിന്നെ അത്താഴം കഴിക്കാനായി ഇരുന്നു. ഏറെ നാളുകൾക്കു ശേഷമാണ്

www.kkstories.com

എല്ലാരും ഒരുമിച്ചിരുന്ന കഴിക്കുന്നത്. ഓരോ കൊച്ചുവർത്തമാനവും പറഞ്ഞു ഫുഡ് കഴിച്ചു. ഉറങ്ങാനായി പോയി. ഞാൻ ബെഡിൽ കിടന്ന് ചരുവിന് വേണ്ടി വെയിറ്റ് ചെയ്തു. ചാരു ഒരു മൂളിപ്പാട്ട് പാടി വന്ന് വാതിൽ അടച്ചു.

"... ഇന്നെന്താ പാട്ടൊക്കെ ആയിട്ട്..." ഞാൻ തിരക്കി.

"... എനിക്ക് എന്താ പാട്ട് പാടിക്കൂടെ..."

"... പാടിക്കോ പാടിക്കോ..."

ചാരു എന്റെ അടുത്തായി വന്ന് കിടന്നു. എന്നും അപ്പുറത്ത് വശത്തേക്ക് നോക്കി കിടക്കുന്നവൾ ഇന്ന് മുകളിലേക്ക് നോക്കിയാണ് കിടക്കുന്നത്.

"... അതേ..."ചാരു അതിന് ഒന്ന് മൂളി.

"...വീട്ടിൽ നിന്നും വരുന്ന കാര്യം എന്നെ എന്താ അറിയിക്കാതെ ഇരുന്നേ..." ഉള്ളിലെ സംശയം ഞാൻ ചോദിച്ചു.

"... എനിക്ക് വരണം എന്ന് തോന്നി വന്നു. വെറുതെ എന്തിനാ ആദിയെ ബുദ്ധിമുട്ടിപ്പിക്കുന്നത് എന്ന് വിചാരിച്ച് പറഞ്ഞില്ല..."

"...എനിക്ക് ബുദ്ധിമുട്ട് ഒന്നും ഇല്ലായിരുന്നു. നിന്നോട് പറഞ്ഞത് അല്ലെ തിരിച്ചു വരുമ്പോൾ പറയണം എന്ന്..."

www.kkstories.com

"... നമ്മളെ ഇഷ്ട്ടം അല്ലാത്തവരുടെ സമയം നമ്മളായിട്ട് എന്തിനാ നശിപ്പിക്കുന്നത്..."

ഇഷ്ട്ടം ഉണ്ടോ ഇല്ലയോ എന്ന് ഇവളാണോ തീരുമാനിക്കുന്നത് അഹങ്കാരി 😡. ചരുവിന്റെ വർത്താനം എനിക്ക് ഒട്ടും ഇഷ്ട്ടപ്പെട്ടില്ല.

"... നാളെ എനിക്ക് നേരത്തെ പോണം..."ഞാൻ പറഞ്ഞു

"... എന്നോട് എന്തിനാ ഇതൊക്കെ പറയുന്നേ. മുമ്പ് ഇങ്ങനത്തെ ശീലം ഒന്നും ഇല്ലായിരുന്നല്ലോ..."

"... പറയണം എന്ന് തോന്നി അത്രെ ഉള്ളു..."

പുല്ല് പറയണ്ടായിരുന്നു. ചാരു പറഞ്ഞത് ഇഷ്ടപ്പെടാതെ ഞാൻ തിരിഞ്ഞു കിടന്നു.

പിറ്റേന്ന് നേരത്തെ തന്നെ ഓഫീസിൽ പോയി. കേബിനിൽ അഗാധ ചിന്തയിൽ ഇരുന്ന എന്റെ അടുത്തേക്ക് കാർത്തി വന്നു.

"... എന്താടാ ആലോചിച്ചു കൂട്ടുന്നത്..." മുന്നിലെ കസേരയിൽ ഇരുന്ന് കാർത്തി കാര്യം തിരക്കി.

"...ചാരുവിനോട് സംസാരിക്കാൻ ശ്രമിക്കുമ്പോൾ അവൾ ഒഴിഞ്ഞു മാറുന്ന പോലെ തോന്നുന്നു..." എന്റെ സംശയം ഞാൻ കാർത്തിയോടെ പറഞ്ഞു.

"...പണ്ട് അവൾ നിന്റെ പിന്നാലെ നടന്നപ്പോ നീ ഇതുപോലെ അല്ലെ ചെയ്തത്. ഇപ്പൊ അവൾ അതിന് പ്രതികാരം തീർക്കുന്നത് ആയിരിക്കും..."

"... അങ്ങനെ ഒക്കെ ചെയ്യോ..."

"... പിന്നെ ചെയ്യും ചെയ്യും..." എന്തോ ഓർത്തുകൊണ്ട് കാർത്തി പറഞ്ഞു.

"... ഇനി ഇപ്പൊ എന്താടാ ചെയ്യാ..."

"... നീ അവളെ ഇമ്പ്രെസ്സ് ചെയ്യാൻ നോക്ക് അളിയാ..."

"... ഇമ്പ്രെസ്സോ..? മനസിലായില്ല..."

"... എടാ ഇത് ഇപ്പൊ എങ്ങനാ പറഞ്ഞു തരാ..." കാർത്തി ഓരോ ഉദാഹരണത്തിനായി തപ്പി.

"... അതായത് രമണ അവൾക്ക് ഇഷ്ട്ട പെട്ട സാധനങ്ങൾ വാങ്ങി കൊടുക്കുക. അവളോട് കുറച്ചു റൊമാന്റിക് ആയി പെരുമാറുക. അവളുടെ ആവശ്യങ്ങൾ ചെയ്ത് കൊടുക്കുക. അങ്ങനെ അങ്ങനെ..."

"... ഇതൊക്കെ സാധാരണ എല്ലാരും ചെയ്യുന്ന കാര്യങ്ങൾ അല്ലെ..." സംശയപൂർവം ഞാൻ കാർത്തിയെ നോക്കി.

www.kkstories.com

"...എല്ലാരും ചെയ്യുന്നുണ്ടാവും നീ ചെയ്തിട്ടുണ്ടോ..."

"... ഇല്ല..." ഞാൻ വെളുക്കനെ ചിരിച്ചു.

"...ആഹ് കൊള്ളാം എന്നിട്ടാണോ നീ ഇവിടെയിരുന്ന് കൊണ അടിക്കുന്നത്..."

"...നീ പറയുന്നത് വച്ചിട്ട് അവൾ കരുതുന്നത് നിനക്ക് ഇപ്പോഴും അവളോട് ദേഷ്യം ആണെന്നു ഇഷ്ട്ടം അല്ലെന്നുമായിരിക്കും. ആദ്യം ആ തോന്നൽ മാറ്റി എടുക്കാൻ നോക്ക്..."

"... താങ്ക്സ് അളിയാ. നിനക്ക് ഇത്രക്ക് ഒക്കെ അറിവ് ഉണ്ടായിരുന്നോ..."

"... ചില അനുഭവങ്ങൾ അറിവായിട്ട് മാറും..." അത് പറഞ്ഞു കാർത്തി ഒരു ദീർഘനിശ്വാസം എടുത്തു.

"... അതേ നാളെ എനിക്ക് ഒരു ലീവ് വേണം..."

"... നിനക്ക് എന്തിനാ ഇപ്പൊ ലീവ്..." ഞാൻ കാർത്തിയോട് ചോദിച്ചു.

"... നിന്റെ കുടുംബ കാര്യം മാത്രം നന്നായാൽ മതിയോ എന്റേതും നോക്കണ്ടേ..."

"...you mean dhiya..." ഞാൻ കാർത്തിയെ നോക്കി.

"... അതേടാ രണ്ട് ദിവസമായി പുള്ളിക്കാരി ഇച്ചിരി ഉടക്കിലാ. നാളെ നേരിൽ കണ്ട് ശെരിയാക്കിയില്ല എങ്കിൽ തീർന്ന്. അതുകൂടി പറയാനാ ഞാൻ വന്നേ..."

"... അപ്പൊ എല്ലാ പെണ്ണുങ്ങളും സീൻ ആണല്ലേ..."

"...അങ്ങനെ ഒന്നും ഇല്ലടാ. നമ്മളോട് ഈ കാണിക്കുന്ന ദേഷ്യവും പരിഭവവുമേ ഉള്ളു പാവങ്ങള. വഴിയേ നിനക്ക് എല്ലാം മനസ്സിലാവും..." കാർത്തി അത്രയും പറഞ്ഞു പുറത്തേക്ക് പോയി.

കാർത്തി പറഞ്ഞതിനെ പറ്റി ഞാൻ ആഴത്തിൽ ചിന്തിച്ചു. സത്യത്തിൽ ചാരുവിന് എന്നോട് സ്നേഹമോ അറ്റാച്ചോ തോന്നാൻ വേണ്ടി ഒന്നും ഞാൻ ചെയ്തിട്ടില്ല.അവളുടെ ഭാഗത്തു നിന്നും നോക്കുമ്പോൾ സ്നേഹിക്കാത്ത തന്നെ പരാഗണിക്കാത്ത ഒരാളെ എന്തിന് മൈൻഡ് ആക്കണം. എല്ലാം എന്റെ തെറ്റാണ്. അവൾക്ക് എന്നോടുള്ള വിശ്വാസവും സ്നേഹവും തിരിച്ചു കൊണ്ട് വരണം.അതാണ് ആദ്യം ചെയ്യേണ്ടത് അങ്ങനെ ഓരോ ചിന്തകൾ മനസിലൂടെ കടന്നു പോയി.അന്ന് രാത്രി അത്താഴം കഴിക്കവേ ആണ് അച്ഛൻ ആ കാര്യം പറഞ്ഞത്.

"...ഈ വരുന്ന ഞായറാഴ്ച എന്റെ ഒരു ഫ്രണ്ടിന്റെ മോന്റെ കല്യാണം ഉണ്ട് നമുക്ക് എല്ലാർക്കും പോവാം..."

"...അതിനെന്താ ഏട്ടാ എല്ലാർക്കും പോവാലോ. എവിടെവച്ച കല്യാണം..."

"... ഇച്ചിരി ദൂരയ രാവിലെ നേരത്തെ പോണം..."

"... അത് നന്നായി കുറെ നാൾ ആയില്ലേ നമ്മൾ എല്ലാരും ഒരുമിച്ച് എവിടെയെങ്കിലും പോയിട്ട്..." ആകാംഷയോടെ അമ്മു പറഞ്ഞു.

www.kkstories.com

"... പക്ഷെ ഒരു കുഴപ്പം ഉണ്ട്..." അച്ഛൻ അത് പറയുന്നത് കേട്ട് എല്ലാരും അച്ഛനെ നോക്കി.

"...ആദിക്ക് വരാൻ പറ്റില്ല..." അത് കേട്ട് ഞാൻ ഒന്ന് ഞെട്ടി. കാരണം എനിക്ക് അന്ന് പ്രത്യേകിച്ച് പരിപാടി ഒന്നും ഇല്ലായിരുന്നു.

"...എന്താ ഏട്ടാ വരാൻ പറ്റാത്തെ..." വിഷമത്തോടെ അമ്മു എന്നെ നോക്കി.

"...അത്...അത്..."ഞാൻ ഒരു കാരണത്തിനായി പരതി

"... അവന് ഓഫീസിലെ കുറച്ചു പെന്റിങ് വർക്ക് ഉണ്ട് അത് ചെയ്യണം എന്നാ പറഞ്ഞത്..." അച്ഛൻ പറഞ്ഞതിന് ഞാൻ തലയാട്ടി.

"...ആണോടാ..." അമ്മക്ക് എന്തോ സംശയം ഉള്ളത് പോലെ എടുത്ത് ചോദിച്ചു. ഞാൻ അതിന് അതെന്ന് പറഞ്ഞു.

"...ശേ ഏട്ടൻ കൂടി ഉണ്ടങ്കിൽ ഒരു രസം ഉണ്ടായിരുന്നു..."നിരാശയോടെ അമ്മു പറഞ്ഞു.

"... ഞാനും വരുന്നില്ല അച്ഛാ..." ചാരുവും അഭിപ്രായപെട്ടു.

"... മോൾ എന്താ വരാത്തെ..." അമ്മ ചോദിച്ചു.

"... ആദി ഇവിടെ ഒറ്റക്ക് നിൽക്കുമ്പോൾ ഞാൻ എങ്ങനെയാ വരുന്നേ..."

അതോടെ എല്ലാർക്കും വിഷമമായി. അവസാനം ഞാനും ചാരുവും ഒഴികെ ബാക്കി എല്ലാരും പോവാം എന്ന് തീരുമാനിച്ചു.

"... അച്ഛൻ എന്താ അങ്ങനെ പറഞ്ഞെ..." അത്താഴം കഴിഞ്ഞ് ഉമ്മറത്ത് ഇരുന്ന അച്ഛനോട് ഞാൻ ചോദിച്ചു.

"...എങ്ങനെ..." മനസ്സിലാവാതെ അച്ഛൻ ചോദിച്ചു.

"... ഞാൻ കല്യാണത്തിന് വരുന്നില്ല എന്ന്..."

"...നിനക്ക് നിന്റെ ഭാര്യയുടെ കൂടെ കുറച്ച് നേരം ഇരിക്കാൻ ഒരു അവസരം ഉണ്ടാക്കി തന്നത് കുറ്റം ആയോ..."

"...ഏ അതിന് വേണ്ടിയാണോ ഇങ്ങനെ ചെയ്തത് 😲..."

"...അതേടാ..." അച്ഛൻ ഒന്ന് പുഞ്ചിരിച്ചു.

"... അച്ഛാ ഒരു സംശയം. ഒരുപക്ഷെ ചാരു ഞാൻ ഇല്ലാതെ നിങ്ങളുടെ കൂടെ വരാൻ തയ്യാർ ആയിരുന്നെങ്കിൽ അച്ഛൻ എന്ത് ചെയ്തേനെ..."

www.kkstories.com

"...നീ ഇല്ലാതെ അവൾ ഈ കല്യാണത്തിന് വരില്ല എന്ന് എനിക്ക് 100% ഉറപ്പ് ഉണ്ട്. കാരണം നിന്നെ അവൾക്ക് അത്രക്ക് ഇഷ്ടാ. നീ അത് മനസ്സിലാക്കാൻ വൈകി എന്നെ ഉള്ളൂ..." അച്ഛന്റെ മുഖത്ത് പിന്നയും ആ ചിരി നിഴലിച്ചു.

"... അച്ഛാ അത്..." വാക്കുകൾക്കായി ഞാൻ പരതി.

"... അതൊക്കെ പോട്ടെ. ഒരു ദിവസം മുഴുവൻ നിങ്ങൾക്ക് മുന്നിൽ ഉണ്ട്. നിങ്ങൾ തമ്മിലുള്ള എല്ലാ പ്രശ്നങ്ങളും പറഞ്ഞു തീർത്ത് പുതിയൊരു ജീവിതം തുടങ്ങ്. അച്ഛനെ കൊണ്ട് ഇത്രയൊക്കെ പറ്റൂ..." അച്ഛന്റെ കൈയിൽ ചേർത്ത് പിടിച്ച അതിൽ ഉണ്ടായിരുന്നു എന്റെ മറുപടി.

"...ദേ മനുഷ്യ നിങ്ങൾക്ക് ഉറക്കം ഒന്നും ഇല്ലേ..." അത് പറഞ്ഞു ഉമ്മറത്തേക്ക് എത്തിയ അമ്മ എന്നെയും കണ്ടു.

"... നീയും ഉണ്ടായിരുന്നോ. രണ്ടും അകത്തേക്ക് കയറിയെ എനിക്ക് വാതിൽ അടക്കണം. റൂമിൽ പോടാ ആ കൊച്ച് ഒറ്റക്ക് അവിടെ ഇരിക്കാ..."

"... കൊച്ചോ ഏത് കൊച്ച്..."

"... വേറേത് കൊച്ച് നിന്റെ ഭാര്യ തന്നെ..."

"...ഓ ആ കൊച്ചിന്റെ കാര്യം എനിക്ക് നോക്കാൻ അറിയാം. വെറുതെ അമ്മ അതിൽ ഇടപെടേണ്ട..."

"... അല്ലെ ഇപ്പൊ ഞാൻ ആയോ കുറ്റക്കാരി. ഇത്രയും നാൾ അവളുടെ കാര്യം പറയുമ്പോൾ നിനക്ക് ദേഷ്യം ആയിരുന്നല്ലോ ഇപ്പൊ എന്നാ പറ്റി..." താടിക്ക് കൈയ്യും കൊടുത്ത് അമ്മ എന്നെ ആക്കിയ ഒരു നോട്ടം.

"...നീ വെറുതെ അവനെ കളിയാക്കാതെ വാതിൽ അടച്ച വരാൻ നോക്ക്..."

അമ്മയെയും അച്ഛനെയും മുറിയിൽ ആക്കി ഞാൻ എന്റെ സഹധർമിണിയുടെ അടുത്തേക്ക് പോയി. റൂമിൽ എത്തിയപ്പോ പുള്ളിക്കാരി കട്ടിലിൽ കണ്ണടച്ച് നീണ്ടു നിവർന്നു കിടക്കുന്നുണ്ട്. വാതിൽ അടച്ച ഞാൻ കാട്ടിലിലേക്ക് പോയി. പെട്ടെന്ന് എനിക്ക് ഒരു കുസൃതി തോന്നി.

"... അങ്ങോട്ട് നീങ്ങി കിടക്ക്..." അവളുടെ അടുത്ത് കിടന്ന് ഞെരിപിളികൊണ്ട് അവളെ തള്ളി.

"...ഹാ എന്താ ആദി ഉറങ്ങാനും സമ്മതിക്കില്ലേ..." ഞാൻ തള്ളിയത് ഇഷ്ട്ടമാകാതെ അവൾ ചോദിച്ചു.

"... നീ കട്ടിലിൽ നീണ്ടു നിവർന്നു കിടന്നാൽ എനിക്ക് കിടക്കണ്ടെ..."

"... അവിടെ അത്രയും സ്ഥലം ഉണ്ടല്ലോ അവിടെ കിടന്നൂടെ..." എന്റെ അടുത്തായി ഒഴിഞ്ഞു കിടന്ന ഇടത്തേക്ക് നോക്കി അവൾ പറഞ്ഞു.

"...ഇത് എന്റെ കട്ടില എവിടെ കിടക്കണം എന്ന് ഞാൻ തീരുമാനിക്കും..." അധികാരത്തോടെ ഞാൻ പറഞ്ഞു.

www.kkstories.com

"...ഇത് വല്യ കഷ്ട്ടം ആയല്ലോ. ഇന്നാ കിടന്ന് തുലക്ക് 😡..." അവൾ ഒരു സൈഡിലേക്ക് ചോതുങ്ങി കിടന്നു. എനിക്ക് ഇതൊക്കെ കണ്ടിട്ട് ചിരി വന്നു. അവളെ കുറച്ചു കൂടി പിരി കേറ്റം എന്ന് കരുതി.

"... ചാരു.... ചാരു..." കുറച്ചു കഴിഞ്ഞപ്പോ ഞാൻ അവളെ വിളിച്ചു.

"... എന്താ😡..." പുള്ളികാരിയുടെ ദേഷ്യത്തിന് കുറവ് ഒന്നും ഇല്ല.

"... നീ എന്താ കല്യാണത്തിന് പോകാത്തെ..."

"... എനിക്ക് പോകാൻ തോന്നിയില്ല അത്ര തന്നെ..."

"... ആണോ. ഞാൻ കരുതി ഭർത്താവ് ഇല്ലാത്തോണ്ട് ഭാര്യ പോവാത്തത് ആണെന്ന്..."

"... ആവശ്യം ഇല്ലാത്ത കാര്യങ്ങൾ എന്തിനാ കരുതാൻ പോണേ. അല്ലെങ്കിൽ തന്നെ നല്ല ഭർത്താവിനെ ആണെല്ലോ എനിക്ക് കിട്ടിയത് 😏..." മൈര് ആകാശത്ത് കൂടി പോയതിനെ ഏണി വെച്ച് പിടിച്ച അവസ്ഥ ആയി.

"... ആദി ലൈറ്റ് ഓഫ് ആക്കുന്നുണ്ടോ എനിക്ക് രാവിലെ എഴുനേൽക്കാൻ ഉള്ളത..."

ഇന്ന് ഇത്രക്ക് മതി കൂടുതൽ ആയാൽ ചിലപ്പോ അവളുടെ കൈയിൽ കിട്ടുന്നത് എന്റെ തലയിൽ ഇരിക്കും. ഞാൻ ലൈറ്റ് ഓഫ് ആക്കി കിടന്നു. നിലാവ് ഉള്ളത് കൊണ്ട് മുറിയിൽ നല്ല പ്രകാശം ഉണ്ടായിരുന്നു.ഉറക്കം വരാത്തത് കൊണ്ട് അച്ഛൻ പറഞ്ഞത് ഒക്കെ ചിന്തിച്ചു കിടന്നു. കുറച്ചു കഴിഞ്ഞപ്പോ ഉറക്കത്തിൽ ചാരു എനിക്ക് നേരെ തിരിഞ്ഞു കിടന്നു. ഞാനും അവളെ നോക്കി ചരിഞ്ഞു കിടന്നു. നിലാ വെളിച്ചത്തിൽ അവൾ കൂടുതൽ സുന്ദരിയായി തോന്നി.

പാവം ഞാൻ കാരണം ഒരുപാട് വിഷമിച്ചു. ഇപ്പോഴും എനിക്ക് ദേഷ്യം ആണെന്ന കരുതിയിരിക്കുന്നെ. ഇനി ഞാൻ കാരണം നീ വിഷമിക്കരുത്. ആ കവിൾ തടങ്ങളിൽ തലോടി അറിയാതെ എന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. പതിയെ ഞാൻ ഉറക്കത്തിലേക്ക് കടന്നു.

"... മോളെ നാളെ രാവിലെ ഞങ്ങൾ നേരത്തെ ഇറങ്ങും കേട്ടോ..." ശനിയാഴ്ച രാത്രി അത്താഴം കഴിക്കുന്നതിന്റെ ഇടക്ക് അമ്മ സൂചിപ്പിച്ചു.

"...ഇവിടത്തെ കാര്യങ്ങൾ എല്ലാം മോൾ നോക്കിക്കോളും അല്ലോ..."

"... ഞാൻ നോക്കിക്കോളാം അമ്മേ..."ചാരു ചെറു പുഞ്ചിരിയോടെ ഉറപ്പ് നൽകി.

"... നിങ്ങളെ ഇവിടെ ഒറ്റക്ക് ആക്കിപ്പോവുന്നതിൽ എനിക്ക് നല്ല വിഷമം ഉണ്ട്. എല്ലാം ഈ കഴുത കാരണ..."

"... ഇതെന്തിനാ വെറുതെ ഇരിക്കുന്ന എന്റെ നെഞ്ചത്തേക്ക് കേറുന്നേ..." അമ്മ പറഞ്ഞത് ഇഷ്ടപ്പെടാതെ ഞാൻ എതിർത്തു.

www.kkstories.com

"... ആഹ് നീ ചുമ്മാതിരിക്കടി അവന് ജോലി ഉള്ളത് കൊണ്ട് അല്ലെ. പിന്നെ രണ്ടും കൊച്ചു കുട്ടികൾ ഒന്നും അല്ലല്ലോ. അവരുടെ കാര്യം അവർ നോക്കിക്കോളും. അല്ലെ മോളെ..." ചാരുവിന്റെ പുഞ്ചിരി ആയിരുന്നു അതിന് മറുപടി.

"... പിന്നെ രണ്ടും അടിപിടി ഒന്നും കൂടരുത് കേട്ടല്ലോ..." അമ്മ താകീത് നൽകി.

"...അതിന് അമ്മ ഇതുവരെ ഞങ്ങൾ അടികൂടുന്നത് കണ്ടിട്ടുണ്ടോ..."

"... അടികൂടുന്നത് ഒന്നും കണ്ടിട്ടില്ല പക്ഷെ എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടന്ന് അറിയാം..."

അമ്മ ആ പറഞ്ഞതിന് എന്റെ പക്കൽ മറുപടി ഇല്ലായിരുന്നു. ചാരുവിനെ നോക്കിയപ്പോ അവളും അതേ പോലെ എന്നെ നോക്കി. കുറച്ചു നേരം അവിടെ മൗനം തങ്ങി കിടന്നു. ആഹാര ശേഷം ബെഡിൽ കിടന്ന് ഞാൻ കാടുകയറി ചിന്തിച്ചു.

ഇവിടെ എല്ലാർക്കും ഞാനും ചാരുവും തമ്മിൽ എന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ടന്ന് അറിയാം. ഞാൻ കരുതിയത് അതെല്ലാം എന്നിലും ചാരുവിലും ഒതുങ്ങി നിൽക്കും എന്നാണ്. ഈ പ്രശ്നങ്ങൾക്ക് എല്ലാം കഴിയുന്നതും വേഗം ഒരു സൊല്യൂഷൻ കണ്ടെത്തണം. അപ്പോഴേക്കും ചാരുവും വന്ന് എന്റെ അടുക്കൽ കിടന്നു.

"...നമ്മൾ തമ്മിൽ അടുപ്പത്തിൽ അല്ല എന്ന് അമ്മ എങ്ങനെ അറിഞ്ഞു..." ഞാൻ നേരെ ചരുവിനോട് ചോദിച്ചു.

"...ഞാൻ ഒന്നും പറഞ്ഞിട്ടില്ല..." എനിക്ക് മുഖം തരാതെ ചരിഞ്ഞു കിടന്ന് ചാരു പറഞ്ഞു.

"...hmm. ഞാൻ ഒരു കാര്യം ചോദിച്ചാൽ നീ സത്യം പറയോ..." അവളുടെ ഭാഗത്ത് നിന്നും ഒരു മൂളൽ മാത്രം കേട്ടു.

"... ചാരു നീ ഇവിടെ ഹാപ്പി ആണോ..?"

അതിന് വ്യക്തമായ മറുപടിക്ക് പകരം ഏങ്ങൽ അടിയുടെ ശബ്ദമാണ് കേട്ടത്. ആ കണ്ണീർ ചുട്ടുപൊള്ളിച്ചത് എന്റെ ഹൃദയത്തെയാണ്. അവളെ ആശ്വസിപ്പിക്കണം എന്നൊക്കെ ഉണ്ട് എന്തോ എന്നെകൊണ്ട് അതിന് കഴിയുന്നില്ല.

കോപ്പ് രാവിലെ ഉറക്കം എഴുന്നേറ്റപ്പോൾ ഇച്ചിരി നേരത്തെ ആയി പോയി. അല്ലെങ്കിലും അങ്ങനെ ആണല്ലോ എങ്ങും പോകണ്ട പത്ത് മണിക്ക് ഉറക്കം എഴുന്നേറ്റാൽ മതിയെന്ന് കരുതുമ്പോൾ അതിരാവിലെ ആറു മണിക്ക് എഴുന്നേൽക്കും. എവിടേലും പോണമെങ്കിലോ കൃത്യ സമയത്ത് എഴുന്നേല്ക്കാനും പറ്റില്ല. കിടന്നിട്ട് പിന്നെയും ഉറക്കം വരാത്തത് കൊണ്ട് ബെഡിൽ നിന്നും എഴുന്നേറ്റ് പല്ല് തേയ്പ്പും മറ്റു കലാപരിപാടിയിലേക്ക് കടന്നു. ബാത്റൂമിൽ നിന്നും തിരിച്ച് ഇറങ്ങുമ്പോൾ അലമാരയും കാബോർഡും മൊത്തത്തിൽ ചികയുന്ന ചരുവിനെയാണ് കണ്ടത്.

"...എന്താ നോക്കുന്നെ..." തലതോർത്തികൊണ്ട് സംശയത്തോടെ അവളെ നോക്കി.

"...ഒന്നും ഇല്ല 😡..." അലമാര തപ്പികൊണ്ട് ഇരുന്നവൾ പെട്ടന്ന് എന്റെ ചോദ്യം കേട്ട് ഞെട്ടി. കൈയിൽ ഇരുന്നത് എന്തോ അലമാരയിൽ തിരുകി വച്ച് റൂമിൽ നിന്നും ഇറങ്ങി പോയി.

www.kkstories.com

ഇവൾ ദേഷ്യപെടാൻ മാത്രം ഞാൻ ഒന്നും ചോദിച്ചില്ലല്ലോ. വല്ലതും കാണാതായിട്ടുണ്ടെകിൽ കണ്ടുപിടിക്കാൻ സഹായിക്കാം എന്ന് കരുതിയ ഞാൻ കുറ്റക്കാരൻ ആയോ.

ടീഷർട്ട് എടുക്കാനായി അവൾ അടച്ച അലമാര തുറന്നപ്പോ ഞാൻ കാണുമെന്ന കരുതി ഒളിപ്പിക്കാൻ നോക്കിയ ആ സാധനം കണ്ണിൽ ഉടക്കി. ഒഴിഞ്ഞ പാടിന്റെ പാക്കറ്റ് ആയിരുന്നു അത്.

ഓ ഇതാണോ ഇവൾ ഞാൻ കാണാതെ ഒളിപ്പിക്കാൻ നോക്കിയത്. ഈ കവർ കാലി ആണല്ലോ. ചിലപ്പോ പാട് എടുക്കാൻ വന്നപ്പോഴായിരിക്കും തീർന്ന കാര്യം അറിഞ്ഞേ.

ആ കവർ ഇരുന്ന സ്ഥലത്ത് അതേപോലെ വച്ച് ബെഡിൽ ഇരുന്ന കോഫിയും എടുത്ത് താഴേക്ക് ഇറങ്ങവെ ആണ് അമ്മുവിന്റെ മുറിയിൽ നിന്നും ചില സംസാരം കേട്ടത്.

"... എന്റെ കൈയിലും തീർന്ന് ചേച്ചി. ചേച്ചി ഇതൊക്കെ മുന്നേ വാങ്ങി വയ്ക്കുണ്ടായിരുന്നോ..." അമ്മു ചരുവിനോട് എന്തിനെ കുറിച്ചാണ് പറയുന്നത് എന്ന് എനിക്ക് മനസിലായില്ല.

"...എന്റെ കൈയിൽ ഉണ്ടന്ന് ആണ് ഞാൻ കരുതിയെ. ഇപ്പൊ നോക്കിയപ്പോഴാ തീർന്നു എന്ന് മനസ്സിലായെ..."

"... ഇനി ഇപ്പൊ എന്താ ചേച്ചി ചെയ്യാ..."

"...ഷോപ്പ് എപ്പോഴാ തുറക്കുന്നത്..."

"... അത് ഒരു 9, 10 മണിയാകും..."

"... എന്നാൽ അപ്പൊ വാങ്ങാം മോളെ..."

പാടിനെ കുറിച്ചായിരിക്കും ഇവർ സംസാരിക്കുന്നത് എന്ന് തോന്നുന്നു. അപ്പോഴേക്കും എല്ലാരും കല്യാണത്തിന് പോവാൻ ഒരുങ്ങി ഇറങ്ങിയിരുന്നു.

"...എന്നാ ഞങ്ങൾ ഇറങ്ങട്ടെ..." അച്ഛൻ എന്നെയും ചരുവിനെയും നോക്കി ചോദിച്ചു. ഞങ്ങൾ അതിന് പുഞ്ചിരിച്ചു.

"... മോളെ പോയിട്ട് പെട്ടെന്ന് വരാട്ടോ.രണ്ടും സമയത്തിന് ആഹാരം കഴിച്ചോണം കേട്ടല്ലോ..." അമ്മ ഞങ്ങൾക്ക് താകീത് നൽകി ഇറങ്ങി കൂടെ അമ്മുവും.ഞാനും ചാരുവും അച്ഛനെയും അമ്മയെയും അമ്മുവിനെയും കൈ വീശി കാണിച്ചു യാത്രയാക്കി.

"... ആദി ഞാൻ കഴിക്കാൻ കാപ്പി എടുക്കാം..." അവരെ യാത്രയാക്കിയ ശേഷം ചാരു ഇതും പറഞ്ഞ് അടുക്കളയിലേക്ക് പോയി.

ഞാൻ അതിന് ചെറുതായി മൂളിയ ശേഷം നേരെ എന്റെ എന്റെ മുറിയിൽ പോയി ഫോൺ എടുത്തു. ഇൻസ്റ്റമാർട്ട് ഓപ്പൺ ചെയ്ത് ചരുവിന് പാടും ഒരു ഡയറിമിൽക്ക് സിൽക്കും ഓർഡർ ചെയ്തു. തിരിച്ചു താഴെ വന്ന് കഴിക്കാനായി കൈ കഴുകി. ആ സമയം കൊണ്ട് എനിക്ക് കഴിക്കാനുള്ള ഫുഡ് ചാരു പാത്രത്തിൽ വിളമ്പി കഴിഞ്ഞു.

www.kkstories.com

"... അച്ഛനൊക്കെ കഴിച്ചിട്ടാണോ ഇറങ്ങിയേ..." കൈ കഴുകി തിരിയവേ ചരുവിനോട് തിരക്കി.അവൾ അതെന്ന് പറഞ്ഞു.

"...നീ കഴിച്ചോ..." എന്റെ ആ ചോദ്യം കേട്ട് ഷോക്ക് അടിച്ചപോലെ അവൾ എന്നെ നോക്കി

"... ഇ... ഇല്ല..." ആ വാക്കുകളിൽ ഒരു പതർച്ച ഉണ്ടായിരുന്നു.

"... എന്നാ വാ ഒരുമിച്ച് കഴിക്കാം..."

"...വേണ്ട. ഞാൻ പിന്നെ കഴിച്ചോളാം..."

"... അതൊന്നും പറഞ്ഞാൽ പറ്റില്ല വന്നേ..."

അവളെ നിർബന്ധിച്ചു ചെയറിൽ ഇരുത്തി ഒരു പാത്രം അവളുടെ മുന്നിലേക്ക് വച്ച് ഞാൻ വിളിമ്പൻ തുടങ്ങി. ഞാൻ ചെയ്യുന്നത് ഒക്കെ കൗതുകത്തോടെയാണ് അവൾ നോക്കി ഇരുന്നത്. ഇത്രയും നാൾക്ക് ഇടക്ക് ഇതുവരെ അവൾ കഴിച്ചോ എന്ന് ഞാൻ തിരക്കിയിട്ടില്ല. ഇപ്പൊ അത് കേട്ടതിന്റെ അമ്പരപ്പിലാണ് കക്ഷി.

"... എന്താ നോക്കി ഇരിക്കുന്നെ കഴിക്ക്..." അവൾക്ക് വിളമ്പി കൊടുത്തതിനു ശേഷം എന്റെ കസേരയിൽ ഇരുന്ന് കഴിക്കാൻ തുടങ്ങിയപ്പോഴും പുള്ളിക്കാരി എന്നെ നോക്കി ഇരിക്ക.

പയ്യെ അവൾ കഴിച്ചു തുടങ്ങി. ഇടക്ക് ഇടക്ക് എന്നെ കള്ളനോട്ടം നോക്കുന്നുണ്ട്. പാവം എനിക്ക് വട്ടായെന്ന് വിചാരിച്ചു കാണും. അവൾ പെട്ടെന്ന് കഴിച്ചു എഴുന്നേറ്റു.

"... മതിയാക്കിയോ കുറച്ചുകൂടി കഴിക്ക് ..." ഞാൻ അവളോട് തിരക്കി.

"... വേണ്ട മതി..." അവൾ കഴിച്ച പാത്രം എടുത്ത് അടുക്കളയിലേക്ക് പോയി എന്റെ കഴിപ്പ് അപ്പോഴും തീർന്നിട്ടില്ലായിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോ കാളിങ് ബെൽ സൗണ്ട് കേട്ടു.

"...ചാരു ആരാണെന്ന് നോക്കാവോ..." അടുക്കളയിൽ നിന്ന ചരുവിനോട് ഞാൻ വിളിച്ചു പറഞ്ഞു.

അവൾ വാതിലിന്റെ തുറക്കാൻ പോയതും ഞാൻ കഴിച്ചു കഴിഞ്ഞ് പ്ലേറ്റുമായി അടുക്കളയിലേക്ക് പോയി.

"... ആദി swiggy നിന്നും വല്ലതും ഓർഡർ ചെയ്തായിരുന്നോ..." ഉമ്മറത്ത് നിന്നും ചാരു വിളിച്ചു ചോദിച്ചു.

"... ആഹ് ഓർഡർ ചെയ്തിരുന്നു. നീ അത് വാങ്ങിക്കോ..." അപ്പോഴേക്കും പാത്രവും കഴുകിവച്ച് ഞാൻ ഹാളിലേക്ക് വന്നു. കൊണ്ട് വന്ന പാക്കറ്റ് അവൾ എനിക്ക് നേരെ നീട്ടി.

"...ഇത് നിനക്ക് ഉള്ളതാ..." പുഞ്ചിരിച്ചോണ്ട് ഞാൻ പറഞ്ഞു.

കൈയിലെ പാക്കറ്റ് തുറന്ന് എന്താന്ന് നോക്കി. അതിൽ ഉണ്ടായിരുന്ന പാന്റെ പാക്കറ്റ് എടുത്ത ശേഷം എന്നെ നോക്കി. ആ കണ്ണുകൾ ചെറുതായി ഈറൻ അണിഞ്ഞു.

www.kkstories.com

"...ഇതെങ്ങനെ..." അവൾ വാക്കുകൾക്കായി പരതി.

"... ഭാര്യയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു ചെയ്യാത്ത ഒരു നീചൻ ഒന്നും അല്ല ഞാൻ..."

എന്റെ വാക്കുകൾ കേട്ടതും ചാരു ഓടി വന്ന് എന്നെ കെട്ടിപിടിച്ചു കരഞ്ഞു.ഒരു നിമിഷം ഞാൻ വല്ലാണ്ട് ആയി പോയി. എന്റെ നെഞ്ചിൽ കിടന്ന് ഏങ്ങലടിച്ചു കരഞ്ഞു. ചാരുവിനെ എന്റെ മാറോട് ചേർത്ത് പിടിച്ച് ആ നെറുകയിൽ ഞാൻ തലോടി.

"... എന്തിനാ നീ ഇപ്പൊ ഇങ്ങനെ കരയുന്നെ..." കരച്ചിലിന്റെ ആഗാദം കുറഞ്ഞപ്പോൾ ഞാൻ ചോദിച്ചു.

"...എന്നോട് ക്ഷമിക്ക് ആദി. ഞാൻ നിന്നെ ഒരുപാട് വിഷമിപ്പിച്ചു. കഷ്ടപ്പെടുത്തി..." എന്നെ വരിഞ്ഞു മുറുക്കികൊണ്ട് അവൾ പറഞ്ഞു.

"... നീ എന്തിനാ sorry ഒക്കെ പറയുന്നേ. നിന്നെ മനസ്സിലാക്കാൻ വൈകിയത് ഞാൻ അല്ലെ ക്ഷമ ചോദിക്കേണ്ടതും ഞാൻ അല്ലേ . ഇപ്പൊ കഴിഞ്ഞ കാര്യങ്ങളെ കുറിച്ചൊന്നും ചിന്തിക്കേണ്ട..." അവളെയും കൊണ്ട് ഞാൻ ഹാളിലെ സോഫയിൽ ഇരുന്നു. ഇപ്പോഴും എന്നെ കെട്ടിപിടിച്ചു ഇരിക്ക

"... ഇങ്ങനെ ഇരുന്നാൽ മതിയോ ഉച്ചക്കത്തേക്ക് വല്ലതും ഉണ്ടാക്കണ്ടേ..." സിറ്റുവേഷൻ ഒന്ന് കൂൾ ആക്കാൻ വേണ്ടി അവളോട് ചോദിച്ചു

"... വേണ്ട. ഞാൻ എത്ര നാൾ ആഗ്രഹിച്ചിട്ടുണ്ടെന്ന് അറിയോ ഇങ്ങനെ ആദിയുടെ അടുത്ത് ഇരിക്കാൻ..." എന്നെ കൂടുതൽ കെട്ടിപിടിച്ചു.

"... അപ്പൊ ഉച്ചക്ക് എന്ത് കഴിക്കും..."

"... ആഹ് എനിക്ക് അറിഞ്ഞൂടാ..." ചാരു ചിണുങ്ങി. കുറച്ചുനേരം അങ്ങനെ ഇരുന്ന ശേഷം ചാരു പെട്ടെന്ന് ചാടി എഴുന്നേറ്റു.

"... അയ്യോ. ആദിക്ക് വർക്ക് ഇല്ലേ... " ആശങ്കയോടെ ചാരു ചോദിച്ചു.

"... ഒരു വർക്കും ഇല്ല നീ ഇങ്ങു വന്നേ..." ചാരുവിനെ വീണ്ടും എന്റെ മാറോട് ചേർത്ത് അണച്ചു.

"... അതെന്താ അർജന്റ് വർക്ക് ഉണ്ടന്ന് പറഞ്ഞല്ലേ കല്യാണത്തിന് പോകാതെ ഇരുന്നത്..." ചാരു അവളുടെ സംശയം ചോദിച്ചു.

"... അതേ ചാരു വർക്ക് ഉണ്ടെന്നൊക്കെ ഞാൻ കള്ളം പറഞ്ഞതാ ..." ഞെട്ടി എഴുന്നേറ്റ് അവൾ എന്നെ നോക്കി.

"... നിന്നോട് ഫ്രീ ആയിട്ടു സംസാരിക്കാൻ വേറെ വഴിയൊന്നും കണ്ടില്ല..." ഞാൻ വെളുക്കണേ ചിരിച്ചു.

"...എന്നാലും വല്ലാത്ത ചെയ്ത്തായി പോയി അമ്മു ഒരുപാട് ആഗ്രഹിച്ചത നമ്മൾ എല്ലാരും ഒരുമിച്ച് പോകുന്നത്..."

"... ഞാനും നീയും പരസ്പരം മിണ്ടാതെ ഒരുമിച്ചു പോയിട്ടു വല്യ കാര്യം ഉണ്ടോ. ട്രിപ്പ് ഒക്കെ നമുക്ക് ഇനിയും പ്ലാൻ ചെയ്യാം ഇപ്പൊ നീ ഇങ്ങോട്ട് വന്നേ..."ചാരുവിനെ എന്റെ അടുക്കലായി ഇരുത്തി.

www.kkstories.com

സോഫയുടെ ഒരു അറ്റത്ത് ഇരുന്ന എന്റെ നെഞ്ചിൽ തല വെച്ച് സോഫയുടെ മാറുതലയ്ക്കൽ കാലും നീട്ടിവെച്ച് ചാരു കിടന്നു. ഞാൻ കൈകൾ കൊണ്ട് അവളുടെ വയറിലൂടെ ചുറ്റിപിടിച്ച് നെറുകയിൽ ചുംബിച്ചു.

"...ഇപ്പൊ വേദന ഉണ്ടോ..." ഒരു കൈകൊണ്ട് അവളുടെ വയറിൽ ഉഴിഞ്ഞു. ഇല്ലന്ന് പറഞ്ഞ് എന്റെ കൈയിൽ അവൾ ഉമ്മ നൽകി.

"... ആദിക്ക് ഇപ്പോഴും എന്നോട് ദേഷ്യം ഉണ്ടോ..." എന്റെ കൈ വിരളിലെ ഞെട്ട് ഒടിച്ചു കൊണ്ട് ചാരു ചോദിച്ചു.

"... എന്തിന്..."

"... അരുണിന്റെ വിഷയത്തിൽ..." പേടിയോടെ ചാരു ചോദിച്ചു.

"... നമുക്ക് അതിനെ പറ്റി പിന്നെ സംസാരിച്ചാൽ പോരെ..." ഞാൻ ഇങ്ങനെ ചോദിച്ചപ്പോ അവൾ ഒന്ന് മൂളിയതെ ഉള്ളു.

ഈ സന്തോഷമുള്ള നിമിഷത്തിൽ ആ പാണ്ടി കരിൻപാറ പുലയാടി മോനെ കുറിച്ച് സംസാരിക്കാൻ എനിക്ക് താല്പര്യം ഇല്ലായിരുന്നു.

"... ചാരു നിനക്ക് എപ്പോഴാ എന്നോട് ഇഷ്ട്ടം തോന്നിയെ..." അറിയാനുള്ള ആഗ്രഹം കൊണ്ട് ഞാൻ ചോദിച്ചു.

"... അങ്ങനെ ചോദിച്ച ആദ്യം കണ്ടപ്പോഴേ ചെറിയൊരു അട്രാക്ഷൻ ഉണ്ടായിരുന്നു. പിന്നെ എന്നോട് കാണിച്ച കേറിങ്ങും എന്റെ കുഞ്ഞു കുഞ്ഞു ആഗ്രഹങ്ങൾ നടത്തി തന്നപ്പോ ആ ഇഷ്ട്ടം കൂടി. പക്ഷെ അത് പ്രണയം ആണെന്ന് ഒന്നും എനിക്ക് അറിയില്ലായിരുന്നു..."

"...പിന്നെ..."

"...പിന്നെ നീ എന്നോട് മിണ്ടാതെ ഇരുന്നപ്പോ എനിക്ക് എത്രമാത്രം വിഷമം ആയെന്നോ. അപ്പോഴാ ഞാൻ എത്രമാത്രം നിന്നെ സ്നേഹിക്കുണ്ടെന്ന് മനസ്സിലായെ..." എന്റെ ചുണ്ടിൽ അപ്പോൾ ഒരു ചിരിമാത്രം നിഴലിച്ചു.

"...എന്നെ നീ അവോയ്ഡ് ചെയ്തപ്പോ ചങ്ക് പൊട്ടുന്ന വേദനയായിരുന്നു.മാത്രവുമല്ല അതിന് കൂട്ട് നിൽക്കാൻ ഗായുവും..." വിഷമത്തോടെ ചാരു പറഞ്ഞു

"...നിന്നെ വട്ട് പിടിപ്പിക്കാൻ അല്ലെ ഗായു ആാാാ... കൈ... കൈ... ആാാാ... വിടടി..." പറഞ്ഞു മുഴുവപ്പിക്കുന്നതിന് മുമ്പ് എന്റെ കൈ അവൾ കടിച്ചു പറിച്ചു.

"... ഇനി എന്നോട് ഇങ്ങനെ വല്ലതും ചെയ്യുന്നതിന് മുമ്പ് ഇത് ഓർമ വേണം കേട്ടല്ലോ..." കത്തുന്ന കണ്ണുകളോടെ ചാരു എനിക്ക് താകീത് നൽകി.

കുരിപ്പിന്റെ പല്ല് മുഴുവൻ കൈയിൽ പതിഞ്ഞിട്ടുണ്ട്. വേദന ഇപ്പോഴും മാറിയിട്ടില്ല.ഞാൻ നിർത്താതെ തടവികൊണ്ടിരുന്നു.

www.kkstories.com

"...വിട് കടിച്ചു പറിച്ചിട്ടു തടവാൻ വരുന്നോ..." കടി കൊണ്ട ഭാഗത്ത് തൊടാൻ വന്ന ചാരുവിനെ ഞാൻ അതിന് സമ്മതിച്ചില്ല.

"... Sorry 🥺..." ആ കണ്ണുകളിലെ കുറുമ്പിനു മുന്നിൽ ഞാൻ തോൽവി സമ്മതിച്ചു. കടിച്ച ഭാഗത്ത് തടവിയും ഉമ്മവച്ചും വേദനയെ ഷമിപ്പിച്ചു. പിന്നെ ഓരോ കാര്യങ്ങൾ സംസാരിച്ചു സമയം പോയത് അറിഞ്ഞില്ല.

"... ആദി വിശക്കുന്നു..." ഉച്ച ആയപ്പോഴേക്കും കുഞ്ഞു പിള്ളേരെ പോലെ വയറും തടവി ചാരു പറഞ്ഞു.

"...എന്നാ പോയി ചോർ എടുത്ത് കഴിച്ചോ..."

"... കളിക്കല്ലേ നിനക്ക് അറിയാലോ ഒന്നും ഉണ്ടാക്കിയില്ല എന്ന്..."

"... ഞാൻ പറഞ്ഞോ ഒന്നും ഉണ്ടാക്കാതെ ഇരിക്കാൻ..." മാക്സിമം ചിരി വരാതിരിക്കാൻ ഞാൻ ശ്രെമിച്ചു.

"... ദുഷ്ട്ടൻ 😠..." എന്നെ തള്ളിമാറ്റി ചാരു അടുക്കളയിലേക്ക് പോയി.

എനിക്ക് ഇതൊക്കെ കണ്ടപ്പോ ചിരി വന്നു. ഫോൺ എടുത്ത് രണ്ട് ബിരിയാണി ഓർഡർ ചെയ്ത് നേരെ അടുക്കളയിലേക്ക് വിട്ടു. ചാരു ചോർ ഉണ്ടാക്കാനുള്ള അരി എടുക്കുന്ന തിരക്കിലായിരുന്നു. ഞാൻ പിന്നിൽ ചെന്ന് അരയിലൂടെ കൈയിട്ടു കെട്ടി പിടിച്ചു.

"... വിട്. തിന്നാൻ വല്ലതും ഉണ്ടാക്കട്ടെ..." പുള്ളിക്കാരി ഇച്ചിരി കലിപ്പിൽ ആണ്.

"... എന്താ ഉണ്ടാക്കുന്നെ..." തല അവളുടെ തോളിൽ വച്ച് ഞാൻ ചോദിച്ചു.

"... ആദിക്ക് അതൊന്നും അറിയണ്ടല്ലോ ഡെയിനിങ് ടേബിളിൽ ഇരിക്കുമ്പോൾ ആഹാരം കിട്ടിയാൽ പോരെ..."

"... ആണോ എന്നാ എന്റെ മോൾ പോയി ഡയനിംഗ് ടേബിളിൽ ഇരുന്നോ ഫുഡ് ഒക്കെ എത്തിക്കോളും..."

എന്താ കാര്യം എന്ന് മനസ്സിലാവാതെ തല ചരിച്ചു എന്നെ നോക്കി ഇരുന്ന ചാരുവിന്റെ കൈയിൽ നിന്നും അരി വാങ്ങി തിരിച്ചു വച്ച് അവളെയും കൂട്ടി ഡയനിംഗ് ടേബിളിൽ എത്തി. അരി കഴുകുന്നതിന് മുമ്പ് ചെന്നത് നന്നായി ഇല്ലങ്കിൽ കളി കാര്യം ആയേനെ. അപ്പൊ തന്നെ കാളിങ് ബെല്ലും മുഴങ്ങി. എന്താ ടൈമിംങ്. ഞാൻ പോയി ഓർഡർ ചെയ്ത ബിരിയാണിയും വാങ്ങി ചരുവിന്റെ പക്കൽ എത്തി. രണ്ടുപേരും കഴിക്കാൻ ആരംഭിച്ചു ഞാൻ ഒരു പിടി വാരി അവൾക്കായി നീട്ടി നിറ കണ്ണുകളോടെ അവൾ അത് കഴിച്ചു. അപ്പോൾ എന്റെ ഫോൺ ശബ്ദിക്കാൻ തുടങ്ങി.

"... ഹലോ എന്താ അമ്മേ വിളിച്ചേ..." ഫോൺ കാൾ എടുത്ത് സ്പീക്കർ ഇട്ടു.

"...ഒന്നും ഇല്ല രണ്ടും എന്ത് ചെയ്യാണെന്ന് അറിയാൻ വിളിച്ചതാ..."

"... പ്രത്യേകിച്ച് എന്നാ ചെയ്യാനാ..." ചാരുവിനെ നോക്കി ഞാൻ കണ്ണടച്ചു കാണിച്ചു.

www.kkstories.com

"... നിങ്ങൾ കഴിച്ചാരുന്നോ..."

"... കഴിക്കുവാ അമ്മേ..."

"... ചാരു മോൾ എന്തിയെ അവളും നിന്റെ ഒപ്പം ഉണ്ടോ..."

"... അവളും എന്റെ കൂടെ ഇരുന്ന് കഴിക്കാ. അവൾക്ക് ഞാൻ ഫോൺ കൊടുക്കാം ..." അത് പറഞ്ഞു ഒരു ഉരുള ചരുവിന് വാരി കൊടുത്തു.

"... പറയ് അമ്മേ..." ഞാൻ കൊടുത്ത ഉരുള ചവച്ചു കൊണ്ട് മറുപടി കൊടുത്തു.

"... മോളെ നീ ആഹാരം കഴിക്കയല്ലേ. അവൻ നിന്നെ വഴക്ക് ഒന്നും പറഞ്ഞില്ലല്ലോ അല്ലെ..."

"...ഏയ്യ് ഇല്ല അമ്മേ.അമ്മ കഴിച്ചോ..? നിങ്ങൾ എപ്പോഴാ തിരിച്ചു വരുന്നേ..."

"... ഞങ്ങൾ കഴിച്ചു. ഇപ്പൊ ഇവിടന്ന് ഇറങ്ങാൻ പോവാ വൈകുന്നേരത്തോടെ അവിടെ എത്തും..."

"... പയ്യെ വന്നാൽ മതി കേട്ടോ അമ്മേ..."എന്റെ മറുപടി കേട്ട് ചാരു എന്നെ നോക്കി ഒരു കള്ള ചിരി ചിരിച്ചു.

അമ്മ ഫോൺ വച്ചതും പിന്നെ പരസ്പരം കഴിക്കലും ഊട്ടലുമായി ബിരിയാണി തീർന്നത് അറിഞ്ഞില്ല. ചാരു വേസ്റ്റ് ഒക്കെ മാറ്റുന്ന തിരക്കിലായിരുന്നു. സഹായിക്കാൻ ചെന്ന എന്നെ അതിന് സമ്മതിക്കാതെ പറഞ്ഞു വിട്ടു. റൂമിൽ ചെന്ന് ഫോണിൽ ഓരോ റീലും കണ്ട് കിടക്കുമ്പോഴാണ് അലച്ചു തല്ലി ഒരു സാധനം എന്റെ ദേഹത്തേക്ക് വീഴുന്നത്.

"...എന്താ പെണ്ണെ മനുഷ്യനെ കൊല്ലോ.."

"... ആഹ് കൊല്ലും..."

ഒന്നുകൂടി എന്റെ നെഞ്ചിലേക്ക് കേറി കിടന്നുകൊണ്ടായിരുന്നു മറുപടി. ഫോൺ വച്ച് ചരുവിനെ കെട്ടിപിടിച് ചെറിയൊരു ഉച്ച മയക്കം പാസ്സാക്കി. വൈകിട്ട് ഉറക്കം ഉണർന്നപ്പോൾ കുളിച്ചു കണ്ണാടിക്ക് മുന്നിൽ നിന്നും കണ്ണ് എഴുതുവാ ചാരു. പിന്നിലൂടെ അവളെ കെട്ടിപിടിച്ചു.

"... എഴുന്നേറ്റോ കള്ളൻ..."

"... കുളിച്ചൊരുങ്ങി എങ്ങോട്ടാ..."

"... എങ്ങോട്ടും ഇല്ല.എങ്ങനെ ഉണ്ട്..." കണ്ണെഴുതി തീർന്ന് പുരികം പൊക്കി അവൾ ചോദിച്ചു.

"... എന്തോ ഒരു കുറവ് ഉണ്ടല്ലോ..."

ഞാൻ എന്താ അങ്ങനെ പറഞ്ഞത് എന്ന് മനസ്സിലാവാതെ മൊത്തത്തിൽ കണ്ണാടിൽ ചാരു ഒന്ന് കണ്ണോടിച്ചു. അടുത്ത് ഉണ്ടായിരുന്ന കുങ്കുമ ചെപ്പിൽ നിന്നും സിന്ദൂരം എടുത്ത് ഞാൻ അവളുടെ നെറുകയിൽ ചാർത്തി.

"... ഇപ്പൊ സുന്ദരി ആയി..." ഞാൻ അത് പറഞ്ഞപ്പോ നാണത്താൽ ചാരു മുഖം താഴ്ത്തി.

"... എന്താ ഇങ്ങനെ നോക്കുന്നെ..."

"... എന്റെ കെട്ടിയോൾ എനിക്ക് കാണാൻ വേണ്ടിയല്ലേ ഇങ്ങനെ ഒരുങ്ങി നിൽക്കുന്നെ അപ്പൊ എനിക്ക് നോക്കിക്കൂടെ..."

"... ഈ നോട്ടം അത്ര ശെരിയല്ലല്ലോ മോനെ.റെഡ് സിഗ്നൽ ആണ് മറക്കണ്ട..." എന്റെ ദുരുദേശം മനസ്സിലാക്കിയവൾ എനിക്ക് മുന്നറിയിപ്പ് നൽകി.

"...ഒരു മുത്തം തരേണ്ടന്ന് ഒന്നും ആരും പറഞ്ഞിട്ടില്ലല്ലോ..." കിളിച്ചുണ്ടൻ മാമ്പഴത്തിലെ ഡയലോഗ് അടിച്ച് അവളെ എനിക്ക് നേരെ നിർത്തി.

"... വേണ്ട ആദി ഒരു ഉമ്മയിൽ ഒന്നും ഇത് നിൽക്കില്ല..." അവളുടെ ശബ്ദത്തിന് ഒരു വാശീകത ഉണ്ടായിരുന്നു.

"... അപ്പൊ ഒരു ഉമ്മ ഒക്കെ അനിവാര്യം ആണ് അല്ലെ..." മറുപടി പറയാൻ ഒരുങ്ങിയ അവളുടെ ചുണ്ടിൽ ചൂണ്ടുവിരൽ കൊണ്ട് തടഞ്ഞു.

www.kkstories.com

ഇടുപ്പിലൂടെ കൈയിട്ടു ചാരുവിനെ എന്നോട് ചേർത്ത് നിർത്തി. ആ മിഴികൾ പിടച്ചു ചുണ്ടുകൾ തുടിച്ചു. അവളിലെ ചുടുശ്വാസം എന്റെ മുഖത്ത് പതിച്ചു. ചാരുവിനെ ഇത്രക്ക് അടുത്ത് കാണുന്നത് ഇതാദ്യമാണ്. മറുകൈ കൊണ്ട് കവിളിൽ തലോടി ആ ചെഞ്ചുണ്ട് ഞാൻ നുണഞ്ഞു. പറഞ്ഞറിയിക്കാൻ കഴിയാത്ത സ്വാദാണ് അവളുടെ ഉമിനീരിന്. വേണ്ടുവോളം ഞാൻ അത് നുകർന്നു. ആദ്യത്തെ ഭയം മാറിയതും ചാരുവും എന്നോട് സഹകരിച്ചു. പിന്നെ ഒരു മത്സരം തന്നെ നടന്നു. സ്വർഗ്ഗത്തിലെ കട്ടുറുമ്പ് എന്നപോലെ വീട്ടിലെ കാളിങ് ബെൽ മുഴങ്ങി.

"...ആദി മാറ് ആരോ വന്നു..." അധരങ്ങൾ മോചിപ്പിച്ച് ചാരു പറഞ്ഞു.

"...ആരും ഇവിടെ ഇല്ല എന്ന് കരുതി ബെൽ അടിക്കുന്നവർ പൊയ്ക്കോളും. നീ ഇവിടെ നിൽക്ക്..." ചാരുവിനെ വീണ്ടും ചേർത്ത് പിടിച്ചു ഞാൻ പറഞ്ഞു.

"... അമ്മ ആയിരിക്കും വിട് ആദി ഞാൻ നോക്കിയിട്ട് വരാം. എന്റെ ചക്കര അല്ലെ..." ഞാൻ വിടില്ല എന്ന് ഉറപ്പായപ്പോ പുള്ളിക്കാരി അടുത്ത അടവ് എടുത്തു ആ കൊഞ്ചലിൽ ഞാൻ വീണു.ചാരുവിനെ പോകാനായി അനുവദിച്ചു.

"...വേഗം പോയി വാതിൽ തുറന്ന് കൊടുത്തിട്ട് വാ കേട്ടോ ..." മുറിയുടെ വാതിലിലേക്ക് നീങ്ങിയ അവളോട് ഞാൻ പറഞ്ഞു.

"... അയ്യടാ നോക്കി ഇരുന്നോ ഞാൻ ഇപ്പോഴൊന്നും വരില്ല. മനുഷ്യന്റെ ചുണ്ട് മുറിയാറായി..." ചുണ്ടിലൂടെ ഒന്ന് വിരലോടിച്ച് എന്നെ കൊഞ്ഞനം കുത്തി കാട്ടി അവൾ താഴേക്ക് ഓടി.

www.kkstories.com

ഇതെല്ലാം കണ്ട് എനിക്ക് ചിരി വന്നു. ഞാൻ പോയി കുളിച്ചു വന്നപ്പോ അമ്മ കല്യാണ വിശേഷങ്ങൾ ചരുവിനോട് വിവരിച്ചു പറയുന്ന തിരക്കിലായിരുന്നു. ഞാൻ അവളുടെ പക്കൽ പോയി ഇരുന്നു. അമ്മ കാണാതെ അവളെ തൊട്ടും തലോടിയും ഇരുന്നു. പുള്ളിക്കാരി അമ്മ കാണും എന്ന് പറഞ്ഞു എന്നെ കണ്ണുരുട്ടി പേടിപ്പിച്ചു. രാത്രി വരെ അമ്മയുടെ വാലിൽ തൂങ്ങി നടപ്പായിരുന്നു പെണ്ണ്. ഒറ്റക്ക് എങ്ങാനും എന്റെ കൈയിൽ പെട്ടാൽ ഞാൻ വല്ലതും ചെയ്താലോ എന്നുള്ള പേടി കാരണമായിരിക്കും. നമ്മൾ വിടൊ അമ്മ കാണാതെ ഞാൻ ഓരോ കുസൃതി കാണിക്കും. ചരുവിന് പീരീഡ്സ് ആയത് കാരണം വലിയ സഹതത്തിന് ഒന്നും ഞാൻ മുതിർന്നില്ല. തൊട്ടും തലോടിയും സ്നേഹിച്ചും ഞങ്ങൾ ദിവസങ്ങൾ തള്ളി നീക്കി.

"...എന്താടി ഇന്ന് ഒരു സ്നേഹ പ്രകടനം..." രാവിലെ ഓഫീസിൽ പോവാൻ ഒരുങ്ങാൻ തുടങ്ങിയ എന്റെ ഷർട്ടിന്റെ ബട്ടൻസ് ഇട്ടു തരുന്ന ചരുവിനോട് ഞാൻ കാര്യം തിരക്കി.

"... അതേ ഇന്ന് നേരത്തെ വരോ..." ഷർട്ടിന്റെ ബട്ടൺ ചൂണ്ടുവിരൽ കൊണ്ട് കറക്കി കറക്കി ചോദിച്ചു.

"... എന്ത് പറ്റി എവിടേലും പോണോ..."

"...ഇന്ന് തൊട്ട് ഗ്രീൻ സിഗ്നൽ ആണ്..." നാണത്താൽ അവൾ മൊഴിഞ്ഞു.

"... ആണോ. എന്നാ ഇന്ന് ഞാൻ ലീവ്..." കൈയിലെ ബാഗ് ബെഡിലേക്ക് എറിഞ്ഞു.എനിക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. എന്നാൽ ആ സന്തോഷത്തിന് അധികം ആയുസ്സ് ഇല്ലായിരുന്നു.

"... അയ്യടാ മോൻ ഇപ്പൊ അങ്ങനെ ലീവ് ഒന്നും എടുക്കണ്ട. വൈകിട്ട് നേരത്തെ എത്തിയാൽ മതി..."എന്റെ ആഗ്രഹത്തെ മുളയിലേ നുള്ളി

അവളോട് എന്റെ അടവ് ഒന്നും നടന്നില്ല.എന്നെ ഉന്തി തള്ളി താഴെ എത്തിച്ച് കാപ്പി വിളമ്പി തന്നു. കഴിക്കുന്നതിന്റെ ഇടക്ക് എന്നെയും നോക്കി അടുത്ത് ഇരുന്ന ചരുവിനും ഒരു ഉരുള നൽകി. ചുറ്റിനും ആരും ഇല്ല എന്ന് ഉറപ്പിച്ച ശേഷം അവൾ കഴിച്ചു. വീണ്ടും ഇന്ന് പോണോ എന്ന് ചോദിച്ചപ്പോ കക്ഷി പോയെ പറ്റൂ എന്ന് കട്ടായം പറഞ്ഞു. കൈ കഴുകുന്ന നേരം ചാരു ടവലുമായി എന്റെ പക്കൽ തന്നെ നിന്നു. അവളുടെ തോളിൽ കിടന്ന ടവലിൽ കൈ തുടക്കവേ ചുറ്റുപാടും ഞാൻ ഒന്ന് വീക്ഷിച്ചു. അമ്മ മുറ്റം തൂക്കുന്ന ശബ്ദം കേൾക്കാം അച്ഛൻ പാത്രം വയ്ക്കുകയായിരിക്കും. അമ്മു പഠിക്കാൻ പോയി. പെട്ടെന്ന് ചാരുവിനെ അടുത്തുള്ള ചുവരിനോട് ചേർത്ത് നിർത്തി ആ അധരങ്ങൾ ചപ്പി വലിച്ചു. എന്റെ പരാക്രമം കണ്ട് കക്ഷി പേടിച്ചു പോയി.

"...വൈകുന്നേരം വരെ പിടിച്ചു നിക്കണ്ടേ പൊന്നെ അതിനാ. ഞാൻ തിരികെ വരുമ്പോൾ റെഡി ആയി ഇരുന്നോണം കേട്ടല്ലോ..." ഇപ്പോഴും അവളുടെ അമ്പരപ്പ് മാറിയില്ല.

ചരുവിന്റെ കവിളിൽ ഒരു ഉമ്മയും നൽകി ഞാൻ ഉമ്മറത്തേക്ക് ഇറങ്ങി. വാതിൽക്കൽ എത്തി തിരിഞ്ഞു നോക്കിയപ്പോഴും പുള്ളിക്കാരി അതേ നിൽപ്പാണ്. ഞാൻ ഒന്ന് കണ്ണ് ചിമ്മി കാണിച്ച് ബൈക്കുമായി ഓഫീസിലേക്ക് തിരിച്ചു. അച്ഛൻ കാർ സർവീസിന് കൊടുത്തത് കൊണ്ട് ഇപ്പൊ ബൈക്ക് ആണ് ശരണം. ഓഫീസിൽ ഇരുന്നിട്ട് എനിക്ക് ഇരിക്ക പൊറുതി കിട്ടുന്നുണ്ടായിരുന്നില്ല. എങ്ങനേലും ചരുവിന്റെ അടുത്ത് എത്തിയാൽ മതി എന്നൊരു അവസ്ഥയായിരുന്നു. ഉച്ചക്ക് ചാരുവിനെ വിളിച്ചു സംസാരിച്ചു. രാവിലെ കാണിച്ച കുരുത്തകേടിന് നല്ലപോലെ വഴക്ക് കേട്ടു. പിന്നെ ഇതൊക്കെ ഒരു രസമല്ലേ 🫣.

"...നീ ഇത്ര നേരത്തെ എവിടെ പോകുന്നു..." പതിവിലും നേരത്തെ ഓഫീസ് വിട്ട് ഇറങ്ങിയ എന്നോട് കാർത്തി തിരക്കി.

www.kkstories.com

"... വീട്ടിൽ കുറച്ചു അത്യാവശ്യം ഉണ്ടടാ..."

"... അത്യാവശ്യകാരിയുടെ പേര് ചാരു എന്നാണോ..." ഞാൻ അതിന് ഒന്ന് ചിരിച്ചു കാണിച്ചു.

"... അയ്യടാ നല്ല പഷ്ട്ട് ചിരി. കണവൻ ചെല്ല് കെട്ടിയോൾ കാത്തിരിക്കുന്നുണ്ടാവും..." ഇതിനുള്ള മറുപടി എന്റെ പക്കൽ ഉണ്ടായിരുന്നെങ്കിലും സമയം ഇല്ലാത്തത് കൊണ്ട് വേണ്ടന്ന് വച്ചു.

ചെന്ന ഉടനെ അവളെയും കൂട്ടി ഒന്ന് അമ്പലത്തിൽ പോവാം. കുറെ നാൾ ആയി പോയിട്ടു. വഴിയിൽ നിന്നും ഒരു മുഴം മുല്ലപൂക്കളുമായി വീട്ടിലേക്ക് തിരിച്ചു.

"... എന്താ മോളെ ആലോചിച്ചു ഇരിക്കുന്നെ..." താലി മാലയും പിടിച്ചു ചിന്തയിൽ ആഴ്ന്നിരുന്ന ചരുവിനോട് അമ്മ തിരക്കി.

"... ഒന്നും ഇല്ല അമ്മ ഞാൻ വെറുതെ..."

"... മനസ്സിലാവുന്നുണ്ട്. നിന്റെ മുഖത്ത് ഇപ്പൊ നല്ല സന്തോഷം കാണുന്നുണ്ട്. അവൻ ഇപ്പൊ നിന്നെ കാര്യമായി നോക്കുന്നുണ്ട് എന്ന് എനിക്ക് അറിയാം. ഞങ്ങൾ എല്ലാരേയും ആഗ്രഹിച്ചതും അതാണ്..." അമ്മയുടെ വാക്കുകളെ നിറ പുഞ്ചിരിയോടെയാണ് ചാരു വരവേറ്റത്.

"... ഹലോ.ചാരു ആണോ..." ചരുവിന് വന്ന ഫോൺ കാൾ എടുത്തതും മറുതലയ്ക്കൽ നിന്നും ചോദ്യം ഉയർന്നു.

"... അതേ ആരാ സംസാരിക്കുന്നെ..."

"...ആദിയുടെ റിലേറ്റീവ് ആണോ..."

"... ആദിയുടെ വൈഫ് ആണ്. എന്താ കാര്യം..."

"... ആദി സഞ്ചരിച്ചിരുന്ന ബൈക്ക് ആക്സിഡന്റ് ആയി ഇപ്പൊ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കിയിട്ടുണ്ട്. എത്രയും പെട്ടെന്ന് ഒന്ന് എത്താവോ..."

"... Helo... Helo... കേൾക്കുന്നുണ്ടോ..."

"...ഞാൻ ഉട... ഉടനെ... എത്താം..." അത് പറയുമ്പോൾ എന്റെ തൊണ്ട ഇടറി

എനിക്ക് എന്താ സംഭവിക്കുന്നത് എന്ന് ഒരു പിടിയും ഇല്ല. കണ്ണൊക്കെ തനിയെ നിറഞ്ഞു. ദേഹമാസകലനം വിയർക്കാൻ തുടങ്ങി. ശരീരം മൊത്തത്തിൽ തളരുന്ന പോലെ സോഫയിൽ ഞാൻ അറിയാതെ ഇരുന്നു പോയി.

"...എന്താ മോളെ എന്ത് പറ്റി ആരാ വിളിച്ചേ..." ചോദ്യങ്ങൾ കൊണ്ട് അമ്മ എന്നെ വീർപ്പുമുട്ടിച്ചു

"...അമ്മേ... ആദിക്ക്... ആദിക്ക് ആക്സിഡന്റ് ആയി ഹോസ്പിറ്റൽ അഡ്മിറ്റ് ചെയ്തേക്കാണ്..." എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

എന്നെക്കാൾ കഷ്ടമായിരുന്നു അമ്മയുടെ അവസ്ഥ. ഞങ്ങളുടെ കരച്ചിൽ കേട്ട് അച്ഛൻ വന്ന് കാര്യം തിരക്കി. എല്ലാം കേട്ട ശേഷം അച്ഛൻ ധൃതിയിൽ വേഷം മാറി ഹോസ്പിറ്റലിൽ പോകാനായി ഒരുങ്ങി.

"... എനിക്ക് എന്റെ കുഞ്ഞിനെ കാണണം ഞങ്ങളും ഉണ്ട് നിങ്ങളുടെ കൂടെ..." നിറക്കണ്ണുകളോടെ അമ്മ പറഞ്ഞു

"... നിങ്ങൾ വരണ്ട ഞാൻ പോയി നോക്കിയിട്ട് കാര്യങ്ങൾ വിളിച്ച് പറയാം..."

"...ഞാനും വരുന്നു അച്ഛാ. ആദിയെ നേരിൽ കാണാതെ എനിക്ക് ഒരു സമാധാനവും കിട്ടില്ല അച്ഛാ പ്ലീസ്..."

അച്ഛന് എന്റെ നിർബന്ധത്തിന് വഴങ്ങേണ്ടി വന്നു. അമ്മയും കൂടെ വരാൻ ഇറങ്ങി എങ്കിലും എല്ലാരും കൂടെ വന്നാൽ അവിടെ ഉള്ളവർക്ക് ബുദ്ധിമുട്ട് ആവും എന്ന് പറഞ്ഞു ഒഴിവാക്കി. സർവീസ് കഴിഞ്ഞു വന്ന കാറുമായി അച്ഛൻ എന്നെയും കൂട്ടി ഹോസ്പിറ്റലിലേക്ക് പാഞ്ഞു. പോകും വഴി അച്ഛൻ കാർത്തിക്കിനെ വിളിച്ച് കാര്യങ്ങൾ എല്ലാം പറഞ്ഞു. ആദിക്ക് എന്താ പറ്റിയത് എന്ന് അറിയാതെ നെഞ്ച് പട പടാന്ന് ഇടിക്കാൻ തുടങ്ങി. ഹോസ്പിറ്റലിലേക്കുള്ള യാത്രയിൽ ആദിയുമായുള്ള ഓരോ നിമിഷങ്ങളും ഓർമകളും മനസ്സിൽ മിന്നിമറഞ്ഞു അതനുസരിച്ച് മിഴികളും നിറഞ്ഞൊഴുകി. കഴിയുന്നതിലും പെട്ടെന്ന് തന്നെ ഹോസ്പിറ്റലിൽ എത്തി.തിരക്കിയപ്പോൾ ആദി അത്യാഹിത വിഭാഗത്തിൽ ആണെന്ന് അറിയാൻ കഴിഞ്ഞു. പിന്നെ അങ്ങോട്ട് ഒരു ഓട്ടം ആയിരുന്നു. ആദിക്ക് ഒന്നും പറ്റരുതേ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ചാണ് നീങ്ങിയത്. അവസാനം ആദിക്ക് അടുക്കൽ ഞങ്ങൾ എത്തിപ്പറ്റി. കാലിൽ പ്ലാസ്റ്റർ ഇട്ട് കിടക്കുന്ന ആ കാഴ്ച അധിക സമയം കണ്ട് നിൽക്കാൻ എനിക്ക് സാധിച്ചില്ല.

www.kkstories.com

"... ആദി... എന്താ... പറ്റിയെ..." ആദിയുടെ ശരീരം മുഴവൻ ഉഴിഞ്ഞു കൊണ്ട് ഞാൻ തിരക്കി.

"... എനിക്ക് ഒന്നും ഇല്ല. ചെറിയ ഒരു ആക്സിഡന്റ്..." ചെറു പുഞ്ചിരിയോടെ ആദി പറഞ്ഞു.

"...ചെറിയ ആക്സിഡന്റ് ആയിട്ടാണോ കാൽ ഒക്കെ പ്ലാസ്റ്റർ ഇട്ടേക്കുന്നെ..." എന്റെ വിഷമം എനിക്ക് അടക്കാൻ കഴിഞ്ഞില്ല.

"...എനിക്ക് ഒന്നും ഇല്ലടി ഇത്ര അല്ലെ പറ്റിയുള്ളൂ..."

"...മോനെ ഞാൻ ഡോക്ടറെ കണ്ട് സംസാരിക്കട്ടെ. പിന്നെ നിന്റെ അമ്മയെ വിളിച്ച കാര്യങ്ങളും പറയണം. ഇപ്പൊ തന്നെ ഇരിക്ക പൊറുതി കാണില്ല ആ പാവത്തിന്..."

"...ഞാനും വരാം അച്ഛാ..."

"... വേണ്ട മോൾ ഇവിടെ ഇരുന്നോ ഞാൻ പോയിട്ട് വരാം..."ഞാൻ വരാം എന്ന് പറഞ്ഞത് നിരസിച്ച അച്ഛൻ പുറത്തേക്ക് പോയി.

"...ഒരുപാട് പേടിച്ചോ..." എന്റെ കവിളിൽ തലോടികൊണ്ട് ആദി പുഞ്ചിരിയോടെ തിരക്കി.

"...പിന്നെ പേടിക്കില്ലേ. മനുഷ്യന്റെ നല്ല ജീവൻ അങ്ങ് പോയി. ആ വിളിച്ച സ്ത്രീ എന്താ ഏതാ എന്നൊന്നും ഒന്നും പറഞ്ഞില്ല ആദിക്ക് ആക്സിഡന്റ് പറ്റി എന്ന് മാത്രമേ പറഞ്ഞുള്ളൂ. ഇപ്പൊ നേരിൽ കണ്ടപ്പൊഴാ എന്റെ ശ്വാസം നേരെ വീണത്..."

"... പേടിക്കണ്ടട്ടോ അത്ര പെട്ടെന്ന് ഒന്നും നിന്നെ ഒറ്റക്ക് ആക്കി ഞാൻ പോവില്ല..." എന്റെ കവിളിലൂടെ ഒഴുകിയ കണ്ണുനീർ തുടച്ചുകൊണ്ട് ആദി പറഞ്ഞു.

"... ദേ ആവശ്യം ഇല്ലാത്ത ഓരോന്ന് പറഞ്ഞാൽ ഉണ്ടല്ലോ ഞാൻ നല്ല കുത്ത് വച്ച് തരും😡..." ആദിയുടെ വാക്കുകൾ എന്നിൽ കൂടുതൽ ദേഷ്യം ഉളവാക്കി.

"... എന്തുവാടേ നോക്കിയും കണ്ടും വണ്ടി ഒട്ടിച്ചൂടെ..." അച്ഛന്റെ ഒപ്പം വന്ന കാർത്തി ചോദിച്ചു.

"... കഷ്ടകാലം അല്ലാതെ എന്ത് പറയാനാ അളിയാ..."

"... അച്ഛ ഡോക്ടർ എന്ത് പറഞ്ഞു..." ഞാൻ ചോദിച്ചു.

"... വേറെ കുഴപ്പം ഒന്നും ഇല്ല. കുറച്ചു ടെസ്റ്റ് എടുക്കാൻ ഉണ്ട് ഇന്ന് ഇത്ര സമയം ആയത് കൊണ്ട് നാളയെ പറ്റൊള്ളൂ അത് കഴിഞ്ഞ് ഡിസ്ചാർജ് ചെയ്യാം എന്ന് പറഞ്ഞു..."

"...അപ്പൊ ഇന്ന് ഇവിടെ കിടക്കണം അല്ലെ കോപ്പ്..." ആദിയുടെ നിരാശപെട്ടു.

www.kkstories.com

"... ഓരോന്ന് ഒപ്പിച്ച് വച്ചിട്ട് ഇനി പറഞ്ഞിട്ട് എന്താ കാര്യം. ഇവിടെ ആരെങ്കിലും നിക്കണ്ടേ അങ്കിളേ..." കാർത്തി തിരക്കി.

"...ഞാൻ അതെ പറ്റി ചോദിച്ചപ്പോ ഇവന്റെ കൂടെ ഒരാൾക്കേ നിക്കാൻ കഴിയു എന്നാ പറഞ്ഞെ ..." അച്ഛൻ പറഞ്ഞു.

"... എന്നാ ഞാൻ നിൽക്കാം അച്ഛാ. അച്ഛൻ പോയിട്ട് നാളെ വന്നാൽ മതി അപ്പൊ നമുക്ക് ഒരുമിച്ച് വീട്ടിൽ പോവാലോ..." ഞാൻ അഭിപ്രായപെട്ടു

"... അത് വേണ്ട ചാരു. രാത്രി വല്ല അത്യാവശ്യം വന്നാൽ നിനക്ക് അത് വലിയ ബുദ്ധിമുട്ട് ആവും. ഞാൻ ഇവിടെ നിൽക്കാം നിങ്ങൾ പോയിട്ട് രാവിലെ വന്നാൽ മതി..." കാർത്തി പറഞ്ഞു.

"... അതാ നല്ലത്. ഇവൻ ഇവിടെ നിന്നോളും നിങ്ങൾ പൊയ്ക്കൊ..." ആദിയും അതിന് ശരി വച്ചതോടെ അതിനൊരു തീരുമാനം ആയി.പിന്നെ രാത്രിവരെ ആദിയുടെ കൂടെ ഇരുന്നു. ആദിക്കുള്ള ഭക്ഷണവും വാങ്ങി നൽകി ഞാനും അച്ഛനും വീട്ടിലേക്ക് തിരിച്ചു.

"...നീ ചരുവിനെയും ആലോചിച്ചു കിടക്കാണോ..." അച്ഛനെയും ചരുവിനെയും യാത്രയാക്കി വന്ന കാർത്തി എന്നോട് ചോദിച്ചു.

"... നിനക്ക് എങ്ങനെ മനസിലായി..." അതിശയത്തോടെ ഞാൻ ചോദിച്ചു.

www.kkstories.com

"...നിന്റെ മുഖത്തെ കള്ള ചിരി കണ്ട അറിഞ്ഞൂടെ മോനെ..."

"...അതേടാ ചാരു പാവമാ. എന്നെ എന്ത് ഇഷ്ട്ടാണെന്നോ..."

"... അതെനിക്ക് ഇന്ന് മനസിലായി. നിനക്ക് ആക്സിഡന്റ് പറ്റിയെന്ന പറഞ്ഞു വല്യ കരച്ചിൽ ആയിരുന്നെന്ന അങ്കിൾ പറഞ്ഞെ. നിന്റെ ഭാഗ്യമാ അവളെപ്പോലെ നല്ലൊരു കൊച്ചിനെ കിട്ടിയില്ലേ..."

"... അതും ശരിയാ. നമ്മൾ ഒന്ന് സെറ്റ് ആയി വന്നതാ അപ്പോഴാ പണ്ടാരം അടങ്ങാൻ..." ഒടിഞ്ഞ കാലിൽ നോക്കി ഞാൻ സ്വയം പഴിച്ചു.

"... ചിലപ്പോ ഇതെല്ലാം നല്ലതിനായിരിക്കും.അതൊക്കെ പോട്ടെ എങ്ങനാ കപ്പ് എടുത്തത്..."

"... ഓ അതൊന്നും പറയണ്ട അളിയാ ചരലിൽ സ്കിട് ആയത. കഷ്ടകാലത്തിന് ബൈക്ക് വീണത് കാലിൽ കൂടി ആയിപ്പോയി. പിന്നെ ആരൊക്കെയോ പൊക്കി ഇവിടെ എത്തിച്ചു..." ഞാൻ ഒരു ദീർഘ നിശ്വാസം വിട്ടു.

"...നീ ഈ പറഞ്ഞ ആക്സിഡന്റ് കഥ സത്യം തന്നെയല്ലേ..."

"...അതെന്താടാ നിനക്ക് ഒരു വിശ്വാസം ഇല്ലാത്തപോലെ..."

"... ഏയ്യ് ഒന്നും ഇല്ല..."

അപ്പൊ തന്നെ ദിയ വിളിച്ചു. അവളോട് കുറച്ചു നേരം കത്തി വച്ചശേഷം കാർത്തി ഫോണുമായി പുറത്തേക്ക് പോയി. ചാരു വീട്ടിൽ എത്തിയ വിവരം പറയാൻ അവൾ വിളിച്ചു.കുറച്ചു സമയം അമ്മയുടെ കൂടെ സംസാരിച്ചു.സമയത്തിന് ഉറങ്ങിക്കോണം എന്ന് രാജകല്പനയും നൽകി അമ്മയും പോയി. കാർത്തി എന്റെ അടുത്തുള്ള ബെഡിൽ കിടന്നു. ഞാനും അവനും പണ്ടത്തെ ഓരോ കാര്യങ്ങൾ പറഞ്ഞു പതിയെ ഉറങ്ങി.

"... ആ എഴുന്നേറ്റോ. ഇപ്പൊ എങ്ങനെ ഉണ്ട്..." രാവിലെ ആര്യയുടെ സൗണ്ട് കേട്ടാണ് ഉണർന്നത്.

"... ഗുഡ് മോർണിങ്..."

"... വരവ് വച്ചിരിക്കണു. കൂടെ ആരും ഇല്ലേ..."

"...ആ പോത്ത് പോലെ കിടന്ന് ഉറങ്ങുന്നവനെ കണ്ടോ. അതാണ് എന്റെ കൂടെ നിൽക്കാൻ വന്നത്..." സ്ഥലകാല ബോധം ഇല്ലാതെ ഉറങ്ങുന്ന കാർത്തിയെ ചൂണ്ടി പറഞ്ഞു. അവന്റെ കിടപ്പ് കണ്ട് അവൾ ചിരിക്കാനും തുടങ്ങി.

"... ഇന്നലെ പിന്നെ ഇങ്ങോട്ട് കണ്ടില്ലല്ലോ..."

"... അതെന്താ മാഷേ എനിക്ക് ഡ്യൂട്ടി കഴിഞ്ഞു വീട്ടിലൊന്നും പോണ്ടേ..." ഞാൻ അതിന് ഒന്ന് വെളുക്കനേ ചിരിച്ചു.

"... ഇപ്പൊ ബുദ്ധിമുട്ട് ഒന്നും ഇല്ലല്ലോ. ഞാൻ ഡ്യൂട്ടി ഡോക്ടറുടെ കൂടെ വരാം. അപ്പോഴേക്കും ഫുഡ് ഒക്കെ കഴിച്ചു സെറ്റ് ആയി ഇരിക്ക്..." എന്റെ സുഖ വിവരങ്ങൾ ഒക്കെ തിരക്കി അവൾ പോയി. ഇപ്പൊ അത് ആരാണെന്ന് മനസിലായി കാണും അല്ലോ ആര്യ ഇവിടത്തെ നേഴ്സ് ആണ്. ഒരു സുന്ദരി കുട്ടി😁.

"... ടാ പുല്ലേ എഴീക്കട നേരം വെളുത്തു..." ഒരു തലയണ എടുത്ത് അവനുനേരെ എറിഞ്ഞു.

"... ഇപ്പൊ ബെഡ് കോഫി വേണ്ട കുറച്ചു കഴിയട്ടെ..."

"... നിനക്ക് കോഫി അല്ലടാ ഹോർലിക്സ് കലക്കി തരാം..." ചീത്തയും വിളിച്ചു അവനെ വിളിച്ചുണർത്തി.

പിന്നെ അവൻ എഴുനേറ്റ് അടുത്തുള്ള വീൽ ചെയറിൽ എന്നെയും കൂട്ടി ബാത്‌റൂമിലേക്ക് പോയി. ഇച്ചിരി ബുദ്ധിമുട്ടി. അപ്പോഴേക്കും അവൻ പേസ്റ്റ് ആയി വന്നു. പല്ലൊക്കെ തേച്ചു തിരിച്ചു ബെഡിലേക്ക് എത്തിച്ചു.ചാരുവും അച്ഛനും വന്ന് ഡോക്ടർ പറഞ്ഞ ടെസ്റ്റ് എല്ലാം എടുത്തു. ശേഷം ചാരു എനിക്കും കർത്തിക്കും കൊണ്ടുവന്ന ഫുഡ് കഴിച്ചു ഡോക്ടറുടെ വരവിനായി കാത്തിരുന്നു.

"... കുഴപ്പം ഒന്നും ഇല്ല കുറച്ചുനാൾ റസ്റ്റ് എടുക്കണം. കാലിൽ വെള്ളം വീഴാതെ നോക്കണം. ഇനി അടുത്ത മാസം വന്നൊന്ന് കാണിക്ക് കേട്ടോ..." X-ray നോക്കി ഇതെല്ലാം പറഞ്ഞു പുള്ളി പോയി കൂട്ടത്തിൽ ആര്യയും ഉണ്ടായിരുന്നു.

അച്ഛനും കാർത്തിയും മരുന്നൊക്കെ വാങ്ങി വന്ന ശേഷം എന്നെ വീൽ ചെയറിലേക്ക് എടുത്തിരുത്തി കാറിന്റെ അരികിലേക്ക് നീങ്ങി.

"...ഹാ നിങ്ങൾ ഇറങ്ങിയോ..."റൗണ്ട്സ് കഴിഞ്ഞു വന്ന ആര്യ തിരക്കി.

www.kkstories.com

"... അതേല്ലോ. താൻ റൗണ്ട്സിൽ ആയോണ്ടാ പറയാൻ പരാതിരുന്നേ..."

"... അത് സാരമില്ല. മരുന്നൊക്കെ സമയത്തിന് കഴിക്കണം. കാലിനു അധികം സ്ട്രെയിൻ കൊടുക്കരുത്..." ഇതാരാ വൈഫ് ആണോ ചാരുവിനെ നോക്കി ആര്യ ചോദിച്ചു.

"...അതെ. എന്നാ അടുത്ത വരവിനു കാണാം കേട്ടോ

"... ഓ ആയിക്കോട്ടെ..." അവളോട് ഒരു ബൈ പറഞ്ഞു നേരെ വീട്ടിലേക്ക്.

"... മോനെ ഇപ്പൊ എങ്ങനെ ഉണ്ടടാ. വേദന ഉണ്ടോ..." വീട്ടിൽ എത്തി കാറിൽ നിന്നും ഇറങ്ങാവെ അമ്മയുടെ അന്വേഷണം എത്തി.

"... കുഴപ്പം ഇല്ല അമ്മ..." കാറിൽ നിന്നും ഇറങ്ങി അമ്മയുടെ തോളിൽ കൈയിട്ടുകൊണ്ട് പറഞ്ഞു.

"...ഞാൻ വിഷമിക്കും എന്ന് കരുതി നീ അങ്ങനെ അല്ലെ പറയു..." എന്നെ മൊത്തത്തിൽ നോക്കി അമ്മ പറഞ്ഞു.

"... ഡോക്ടർ പറഞ്ഞതാ കുഴപ്പം ഒന്നും ഇല്ലന്ന്. അമ്മക്ക് സംശയം ഉണ്ടങ്കിൽ ദേ അച്ഛനോട് ചോദിക്ക്..."പിന്നെ അമ്മ ഒന്നും ചോദിച്ചില്ല. അമ്മയും അച്ഛനും എന്നെ താങ്ങി ഹാളിലെ സോഫയിൽ ഇരുത്തി.

"... എടാ എന്നാ ഞാൻ ഇറങ്ങട്ടെ..." കാർത്തി വീട്ടിൽ പോവാനായി ഇറങ്ങി.

www.kkstories.com

"... എന്നാ ശെരിയാടാ നീ വിട്ടോ ഞാൻ വിളിച്ചോളാം..." അവൻ എല്ലാരോടും യാത്ര പറഞ്ഞു ഇറങ്ങി.

"... ചാരു എനിക്ക് ഒന്ന് കിടക്കണം ഹെൽപ് ചെയ്യടി..." ഞാൻ ചരുവിനോട് പറഞ്ഞു.

"...വാ അമ്മുവിന്റെ റൂമിലേക്ക് പോവാം..." അമ്മ ഓടി എന്റെ അടുക്കൽ വന്നു പറഞ്ഞു.

"... അങ്ങോട്ട് എന്തിനാ പോണേ... "

"... നിനക്ക് കാൽ വയ്യാത്തത് അല്ലെ. അത് ശെരിയാവും വരെ അവളുടെ മുറിയിൽ കിടക്കാം..."

"... അതൊന്നും വേണ്ട. എനിക്ക് എന്റെ മുറിയിൽ തന്നെ കിടക്കണം..." അമ്മയോട് അടിയുണ്ടാക്കി അവസാനം എന്റെ മുറിയിൽ തന്നെ പൊക്കോളാൻ സമ്മതം കിട്ടി.

"... നിന്റെ മുഖം എന്താടി കടന്നൽ കുത്തിയപോലെ ഇരിക്കണേ..." ചരുവിന്റെ തോളിൽ കൈയിട്ടു മുറിയിലേക്കുള്ള പടി കയറവേ ഞാൻ ചോദിച്ചു.

"... ഒന്നുമില്ല..."

ആ പറച്ചിലിൽ ഒരു സുഖക്കുറവ്. എന്നെ ബെഡിൽ കിടത്തി സാധനങ്ങൾ ഒക്കെ ഒതുക്കി പറക്കി വയ്ക്കുകയാണ് ചാരു. പക്ഷെ പുള്ളികാരി ഇപ്പോഴും മൂഡോഫ് ആണ്. കാര്യം എന്താണെന്ന് ഒരു പിടിത്തവും ഇല്ല. ഞാൻ

ഓരോന്ന് ചോദിച്ചിട്ടും അവളുടെ പക്കൽ നിന്നും തൃപ്തികരമായ മറുപടി ഒന്നും വന്നില്ല. ബെഡ് ഒക്കെ നേരെ ആക്കി ചാരു താഴേക്ക് പോകാൻ ഒരുങ്ങി. ഇങ്ങനെ വിട്ടാൽ പറ്റില്ലല്ലോ.

"... ആാ അയ്യോ ആആഹ്..." പ്ലാസ്റ്റർ ഇട്ട കാലിൽ പിടിച്ചുകൊണ്ടു ഞാൻ നിലവിളിച്ചു

"... എന്താ എന്ത് പറ്റി..." വാതിലിൽ എത്തിയ ചാരു പേടിയോടെ എന്റെ അടുത്തേക്ക് ഓടി വന്നു

വെപ്രാളത്തോടെ എന്റെ ശരീരം മുഴുവൻ കൈകൾ കൊണ്ട് ഉഴിയാൻ തുടങ്ങി. പെട്ടെന്ന് അവളെ പിടിച്ചു എന്റെ നെഞ്ചിലേക്ക് ഇട്ട് കെട്ടിപിടിച്ചു.

"... എന്താടി നിനക്ക് ഒരു ജാട..."

"...എനിക്ക് ജാട ഒന്നും ഇല്ല.വിട് എനിക്ക് പോണം..." ഇത് എന്റെ അടവാണെന്ന് മനസ്സിലാക്കിയതും കെട്ടിപ്പിടിത്തത്തിൽ നിന്നും രക്ഷപെടാൻ ചാരു ഞെരിപിളി കൊള്ളാൻ തുടങ്ങി.

"...ഹാ അടങ്ങി കിടക്കടി ഞാൻ ചോദിക്കട്ടെ..." പുള്ളിക്കാരി ഇപ്പൊ ഒന്ന് അടങ്ങി.

"... ഇനി പറ എന്താ എന്റെ സ്നേഹ നിധിയായ ഭാര്യക്ക് പറ്റിയെ..."

"... ആരാ അവൾ..." കുറച്ചു നേരം കൊഞ്ചിച്ചപ്പോ കക്ഷി ചോദിച്ചു.

www.kkstories.com

"... ഏതവൾ..."

"... ആ ഹോസ്പിറ്റലിലെ..."

"... ആര് ആര്യയോ..."

"... ആ കുര്യ തന്നെ 😒..."

"... അവളെ അവിടെ വച്ചു പരിചയപെടുന്നേ . ആൾ ഫുൾ കമ്പനി ആണ്. അവൾ ഉള്ളതുകൊണ്ട് സമയം പോയത് അറിഞ്ഞില്ല..."

"... എന്നാ പിന്നെ അവളുകൂടെ പോയി ഇരിക്ക് ഞാൻ പോണു..."

"... ഹാ പിണങ്ങല്ലേ. നീ അല്ലെ ഇപ്പൊ എന്റെ കമ്പനി. നിന്റെ കൂടെ ഒറ്റക്ക് ഇരിക്കാൻ അല്ലെ അമ്മയോട് അടിയുണ്ടാക്കി നമ്മുടെ മുറിയിലേക്ക് വന്നത്..." അത് കേട്ടതും പെണ്ണിന്റെ കവിളൊക്കെ ചുമന്നു.

"... മുഖത്ത് നോക്കടി..." ചരുവിന്റെ താടിയിൽ പിടിച്ചുയർത്തി

"... ഒരുപാട് പേടിച്ചോ..."

"...ആദിക്ക് ആക്സിഡന്റ് ആയെന്ന് ഫോൺ വന്നപ്പോ എന്റെ ജീവൻ പോണ പോലെയാ തോന്നിയെ. ശെരിക്കും പേടിച്ചു..." തിരികെ അവൾ എന്നെ കെട്ടിപിടിച് എന്റെ നെഞ്ചിൽ തലവെച്ചു. ചാരു തന്റെ പരിഭവങ്ങൾ എല്ലാം പറഞ്ഞു.

"... സത്യം പറഞ്ഞാൽ ആക്സിഡന്റ് പറ്റിയത് നന്നായി..."

"... എന്താ ആദി ഇങ്ങനെ ഒക്കെ പറയണേ..."

"... ഇനി ഇപ്പൊ കുറച്ചുകാലം നിന്റെ ഒപ്പം ഇരിക്കാലോ..."

"... ഒന്ന് പോ ആദി ചുമ്മാ കളിയാക്കാതെ..." എന്റെ നെഞ്ചിൽ പതിയെ ഇടിച്ചുകൊണ്ട് അവൾ പറഞ്ഞു.

"... മോളെ ഒന്ന് വന്നേ..." താഴെ നിന്ന് അമ്മ ചാരുവിനെ വിളിച്ചു.

"...വിട് ആദി അമ്മ വിളിക്കുന്നു. ഞാൻ താഴേക്ക് ചെല്ലട്ടെ..."

"... ഒരു ഉമ്മ തന്ന വിടാം..." അവളെ ഒന്നുകൂടി മുറുക്കെ കെട്ടിപിടിച്ചോണ്ട് പറഞ്ഞു.

"... ആദി ദേ ചുമ്മാ കളിക്കല്ലേ. ഞാൻ പോയി വന്നിട്ട് തരാം..."

"...അയ്യടാ ആ അടവ് അങ്ങ് മനസ്സിൽ വച്ചാൽ മതി. ഇന്നലെ ഇതുപോലെ പോയിട്ട് വരാം എന്ന് പറഞ്ഞിട്ട് നിന്റെ പൊടിപോലും കണ്ടില്ല. ഇന്ന് അത് നടക്കില്ല മോളെ..."

"... വിട് ആദി. ദേ എന്നെ കണ്ടില്ലെങ്കിൽ അമ്മ ഇങ്ങോട്ട് വരും കേട്ടോ. നമ്മളെ ഇങ്ങനെ കണ്ടാൽ ആകെ നാണക്കേട..."

"... എനിക്ക് ഒരു നാണക്കേടും ഇല്ല. പിന്നെ ഞാൻ നിന്നെ വിടില്ല എന്നൊന്നും പറഞ്ഞില്ലല്ലോ. ഞാൻ ചോദിച്ചത് തന്നാൽ നിനക്ക് ഇപ്പൊ പോവാം..."

"... ശോ. ഇത് എന്തൊരു കഷ്ട്ട. ഒരെണ്ണമേ തരു. പിന്നെ ചോദിക്കരുത്..." ആ ഉടമ്പടിക്ക് സമ്മതം കൊടുത്തതും മിന്നായം പോലെ കവിളൊരു ഉമ്മ കിട്ടി.

"... അയ്യേ ഇത് എന്ത് ഉമ്മ. ഇത് ആർക്ക് വേണം ഞാൻ മുമ്പേ പറഞ്ഞതാ കവിളിലേ ഉമ്മ ഒന്നും വരവ് വയ്ക്കില്ല എന്ന്..."

"...പ്ലീസ് ആദി ഞാൻ പോട്ടെ..."

"... ഞാൻ പറഞ്ഞല്ലോ ഞാൻ ചോദിച്ചത് കിട്ടിയാൽ നിനക്ക് പോവാം..." ഒരു വിട്ടുവീഴ്ചക്കും ഞാൻ തയാറല്ലായിരുന്നു.

"... എന്നാ കണ്ണടക്ക്..."

www.kkstories.com

മറുത്തൊന്നും പറയാതെ ഞാൻ കണ്ണടച്ചു. അവളുടെ ആ അദരങ്ങൾക്കായി ഉള്ളൊന്ന് പിടച്ചു. പക്ഷെ ആ പിടച്ചിൽ അധികം നേരം നീണ്ടു നിന്നില്ല. മനസ് ഒന്ന് ചഞ്ചലപെട്ടപ്പോ കൈകൾ അയഞ്ഞു ആ സമയം കൊണ്ട് ചാരു എന്റെ കൈയിൽ നിന്നും വഴുതിപോയി.പിന്നെ പറയണ്ടല്ലോ പഴയതുപോലെ എന്നെ കൊഞ്ഞനം കുത്തി ചിരിച്ചോണ്ട് അമ്മക്ക് അരികിലേക്ക് ഓടി. പിന്നെ കക്ഷി ഉച്ചക്കുള്ള ചോറും മരുന്നുകളുമായാണ് വന്നത്. എന്നെ പറ്റിച്ചേ എന്നുള്ള ഒരു കള്ളച്ചിരി ആ മുഖത്ത് കാണാം. അവളെ മൈന്റ് ചെയ്യാതെ ഞാൻ പതിയെ കൊന്തി കൊന്തി പോയി കൈ കഴുകി വന്നു. പുള്ളിക്കാരി കാര്യമായി എന്നെ നോക്കുന്നുണ്ട് ഞാൻ അതിന് വലിയ ശ്രദ്ധ കൊടുക്കാൻ പോയില്ല.

"... പിണക്കമാണോ എന്നോട്..." ഞാൻ ചോർ കഴിക്കവേ ചെറുപുഞ്ചിരിയോടെ ചാരു തിരക്കി.

അവൾ പറയുന്നത് ഒന്നും വലിയ വില കൊടുക്കാതെ ചോർ കഴിക്കുന്നതിൽ ശ്രദ്ധ കൊടുത്തു. സത്യം പറഞ്ഞ ഇങ്ങനൊരാൾ ഇവിടില്ല എന്ന മാട്ടിലായിരുന്നു എന്റെ പെരുമാറ്റം. ഞാൻ മൈന്റ് ചെയ്യുന്നില്ല എന്ന് കണ്ടപ്പോ ചരുവിന്റെ മുഖം വാടി. എന്നെ വിഷമത്തോടെ നോക്കി നിൽക്കാനേ അവൾക്ക് ആയോള്ളൂ.

"... ഞാൻ പിടിക്കാം..." കഴിച്ചു കഴിഞ്ഞ് കൈ കഴുകാൻ എഴുനേൽക്കവേ ചാരു പറഞ്ഞു.

വേണ്ടന്ന് പറഞ്ഞു ഞാൻ തനിയെ വീണ്ടും കൊന്തി കൊന്തി പോയി കൈ കഴുകി തിരികെ ബെഡിൽ വന്ന് കിടന്ന് ഫോൺ കുത്താൻ തുടങ്ങി. ഒളിക്കണ്ണിട്ട് ചാരുവിനെ നോക്കിയപ്പോ. ഇവിടെ ഇപ്പൊ എന്താ ഉണ്ടായേ എന്നമട്ടിൽ കണ്ണൊക്കെ നിറഞ്ഞു നിൽക്കാണ് പെണ്ണ്. സത്യം പറഞ്ഞ അ കാഴ്ച എന്റെ ചങ്ക് തകർക്കുന്നത് ആയിരുന്നു.ഇമോഷൻസ് സ്വയം അടക്കി ഞാൻ കിടന്നു.

"... എന്താ പോണില്ലേ. അമ്മ തിരക്കും വേഗം ചെല്ല്..." കളിയാക്കുന്ന മട്ടിൽ ഞാൻ പറഞ്ഞു.

www.kkstories.com

തിരിച്ചൊരു അടിയോ നല്ലൊരു മറുപടിയൊ പ്രതീക്ഷിച്ച എനിക്ക് തെറ്റി. കണ്ണുകൾ തുടച്ച് ഞാൻ കഴിച്ച പാത്രവുമായി താഴേക്ക് പോയി. ചെയ്തത് ഇച്ചിരി കൂടിപ്പോയോ എന്നൊരു സംശയം. കുറച്ചു കഴിയുമ്പോൾ വരുവല്ലോ അപ്പൊ എല്ലാം ശെരിയാക്കാം. അതൊക്കെ ചിന്തിച്ചു ഞാൻ ഉറങ്ങിപ്പോയി. പിന്നെ വൈകിട്ടാണ് എഴുന്നേറ്റത്. ഉണർന്നപ്പോൾ അമ്മ അടുത്ത് ഇരുന്ന് മുടിയിൽ തഴുകുന്നു.

"... എന്താടാ ഇങ്ങനെ നോക്കണേ..." അമ്മയെ നോക്കി കിടന്ന എന്നോട് അമ്മ ചോദിച്ചു.

"... എന്റെ അമ്മക്കുട്ടിക്ക് കുറച്ചു സൗന്ദര്യം കൂടിയോ എന്നൊരു ഡൌട്ട് അത് നോക്കുവായിരുന്നു..."

"...പോടാ കള്ള ചുമ്മാ മനുഷ്യനെ വട്ട് ആക്കാൻവേണ്ടി..."

"... ചുമ്മാ പറഞ്ഞത് അല്ല അമ്മേ സത്യമായിട്ടും. ഇപ്പൊ ഒരു 10 വയസ് കുറഞ്ഞപോലെ ഉണ്ട്..."

"... ഉവ്വ് ഉവ്വേ..."ഞാൻ അമ്മയുടെ കൈ പിടിച്ചു ഒരു ഉമ്മ കൊടുത്തു.

"...അതൊക്കെ പോട്ടെ ചാരു എവിടെ..." അമ്മയുടെ വാലുപോലെ നടക്കുന്നവളെ ഒപ്പം കാണാത്തതുകൊണ്ട് ഞാൻ ചോദിച്ചു.

"... ആ പെണ്ണിന് എന്തോ പറ്റി. അവിടെ വിഷമിച്ചിരിക്കുന്നുണ്ട്. നീ വഴക്ക് വല്ലതും പറഞ്ഞോ..."

"... ഒരു ചെറിയ ഡോസ് കൊടുത്തിട്ടുണ്ട്..." അമ്മയെ നോക്കി ഞാൻ കണ്ണിറുക്കി.

"...ചുമ്മാതല്ല. എന്തിനാടാ ആ കൊച്ചിനെ വിഷമിപ്പിക്കുന്നെ..."

"... ഇതൊക്കെ ഒരു രസം അല്ലെ..."

"... അവന്റെ ഒരു രസം. നിനക്ക് കുറച്ച് കൂടുന്നുണ്ട്..."

പിന്നെയും ഞാനും അമ്മയും കുറെ സമയം സംസാരിച്ചു. അമ്മ താഴേക്ക് പോവാനായി ഒരുങ്ങിയതും വാതിൽക്കൽ ഒരു അനക്കം കണ്ടു.ആൾ ആരാണെന്ന് എനിക്ക് മനസിലായി. അമ്മ പോയതും പുള്ളിക്കാരിഅകത്തേക്ക് വന്നു എന്നെ മൈൻഡ് ചെയ്യാതെ മുറിയുടെ അവിടേയും ഇവിടേയും തൊട്ടും തലോടിയും നിന്നും. ഇതൊക്കെ കണ്ട് എനിക്ക് ചിരി വന്നു.

"...എനിക്ക് ഒന്ന് കുളിക്കണമായിരുന്നു..." ആരോടെന്നില്ലാതെ ഞാൻ പറഞ്ഞു. എന്നിട്ടും പുള്ളികാരി എന്നെ നോക്കിയില്ല. ഞാൻ പതിയെ എഴുന്നേറ്റ് നടക്കാൻ തുടങ്ങി. വെറുതെ വീഴാൻ പോകുന്നപോലെ അഭിനയിച്ചതും. പെട്ടെന്ന് ഒരു പിടിവന്നു.

"... വയ്യങ്കിലും അഹങ്കാരത്തിന് ഒരു കുറവും ഇല്ല 😡..." എന്നെ താങ്ങി ബാത്ത്റൂമിലേക്ക് പോകവേ ചാരു പറഞ്ഞു. ഞാൻ ഉള്ളിൽ ചിരിച്ചു.

"...നീ കുളിച്ചായിരുന്നോ..." ബാത്ത്റൂമിൽ എത്തിയതും ഞാൻ തിരക്കി.

www.kkstories.com

"...ചുമ്മാ കിന്നരിക്കാതെ കുളിക്കാൻ നോക്ക്..." കാൽ വെള്ളം നനയാതെ പ്ലാസ്റ്റിക് കവർ കൊണ്ട് കെട്ടിവെയ്ക്കവേ ചാരു പറഞ്ഞു.

"...ചോദിച്ചതിന് മറുപടി പറയ്..."

"... ഇല്ല എന്തെ..."

"... എന്നാ പോയി കതക് അടച്ചിട്ടു വാ നമുക്ക് ഒരുമിച്ച് കുളിക്കാം..." വഷളൻ ചിരിയോടെ ഞാൻ പറഞ്ഞു.

"... അയ്യേ വൃത്തികെട്ടവൻ. ഒറ്റക്ക് അങ്ങ് കുളിച്ചാൽ മതി ഞാൻ പോണ്..." ചാരു ബാത്ത്റൂമിൽ വാതിലും ചാരി പുറത്തേക്ക് പോയി.

പെണ്ണിന് നാണം കാണും. പതിയെ എല്ലാം മാറ്റിയെടുക്കാം സമയം ഉണ്ടല്ലോ. അങ്ങനെ ഓരോന്ന് ആലോചിച്ച കുളിയും കഴിഞ്ഞ് തിരിച്ച മുറിയിൽ എത്തി.

"... എന്താ ആദി ഇത് റൂമിലേക്ക് വരുമ്പോൾ എന്നെ വിളിക്കായിരുന്നല്ലോ..."

"... നിനക്ക് ഒരു ബുദ്ധിമുട്ട് ആവണ്ട എന്ന് കരുതി..."

"... എന്നാലേ ഇനി അങ്ങനെ ഒന്നും കരുതണ്ട..."

"... കരുതാതെ പിന്നെ നമ്മൾ എന്തെങ്കിലും പറഞ്ഞാൽ അനുസരിക്കാൻ വല്യ ഡിമാൻഡ് അല്ലെ..."

"... എന്തിനാ ആദി എന്നെ എപ്പോഴും ഇങ്ങനെ വേദനിപ്പിക്കണേ. അറിയാതെ എന്തെങ്കിലും തെറ്റ് ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ എന്നോട് ക്ഷമിക്ക്. അതോ പഴയതിനൊക്കെ എന്നോട് പക തീർക്കണോ..." ഏങ്ങൽ അടിച്ച കരഞ്ഞു പെണ്ണ് ആകെ ചളമാക്കി.

"... അയ്യേ ഞാൻ ചുമ്മാ തമാശക്ക് ചെയ്യുന്നത് അല്ലെ ഇതൊക്കെ അതിന് നീ ഇങ്ങനെ കരഞ്ഞാൽ എങ്ങനെയാ..."

"... ആദി തമാശക്ക് ചെയ്യുന്നത് ആവും. എന്നാൽ എനിക്ക് അത് എത്രമാത്രം വേദനിക്കും എന്ന് ചിന്തിച്ചിട്ടുണ്ടോ..." അവളുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്റെ കൈവശം ഇല്ല.

"...കഴിഞ്ഞത് ഒക്കെ കഴിഞ്ഞു അതിന്റെ പേരിൽ ഇനി കരയണ്ട. നീ വന്നേ എന്നെ ഒന്ന് ബാൽക്കണിയിൽ ആക്കി താ. ഈ മുറിയിൽ ഇരുന്ന് മടുത്തു..."

അവളുടെ തോളിൽ കൈയിട്ടു കൊന്തി കൊന്തി ബാൽക്കണിയിൽ പോയി ഇരുന്നു. ചായ കൊണ്ട് വരാം എന്ന് പറഞ്ഞു ചാരു താഴേക്ക് പോയി. ഞാൻ തമാശക്ക് ചെയ്യുന്നത് ഇവൾക്ക് ഇത്രമാത്രം ഹർട്ട് ആവും എന്ന് കരുതിയില്ല. മോശം ആയിപ്പോയി. ചാരു ചായ കൊണ്ടുവന്ന് എനിക്ക് തന്നു. മഴ പെയ്തു തോർന്നത് കൊണ്ട് നല്ല തണുപ്പ് ആ സമയത്ത് ചൂട് ചായ ഊതി ഊതി കുടിക്കുമ്പോൾ കിട്ടുന്ന സുഖം. ആഹാ അന്തസ്. എനിക്ക് ഒപ്പം ഇരുന്ന് ചാരുവും ചായ കുടിക്കുവാ. അച്ഛന് ആണെങ്കിൽ പണ്ടത്തെപോലെ തീരെ ഉത്തരവാദിത്തം ഇല്ല ഒന്നുമില്ലെങ്കിലും സ്വന്തം മകന്റെ കാൽ ഒടിഞ്ഞിരിക്കയല്ലേ അപ്പൊ ചായകുടിക്കുമ്പോൾ കഴിക്കാൻ കടി വല്ലതും വാങ്ങണ്ടേ. ഇതിപ്പോ ശേ മോശം മോശം. തന്തപടിയേ ഉപദേശിക്കേണ്ടിരിക്കുന്നു.

"... എടൊ സോറി. ഞാൻ ചെയ്തത് ഒക്കെ തനിക്ക് ഇത്രക്ക് ഹർട്ട് ആവും എന്ന് കരുതിയില്ല..." എന്റെ കൈയിൽ നിന്നും ഒഴിഞ്ഞ ചായ കപ്പ് വാങ്ങാൻ വന്ന ചരുവിനോട് ഞാൻ പറഞ്ഞു.

"...എന്തിനാ ആദി എന്നോട് sorry ഒക്കെ പറയുന്നേ. അപ്പോഴത്തെ വിഷമത്തിൽ ഞാൻ എന്തൊക്കെയോ പറഞ്ഞെന്ന് കരുതി..."

"... എന്നാലും..."

"... ഒരു എന്നാലുമില്ല. ഞാൻ വേഗം പോയി ചായ കപ്പ് വച്ചിട്ട് വരാട്ടോ. ഞാൻ ഒപ്പം ഇരിക്കുന്നില്ല എന്നല്ലേ ഈ കള്ളന്റെ പരാതി..." എന്റെ മൂക്കിൽ പിടിച്ച ആട്ടിയിട്ട് ചാരു ചായ കപ്പുമായി താഴേക്ക് പോയി. തിരിച്ച വന്നവൾ എന്റെ അടുത്തിരുന്നു. കുറച്ച സമയത്തേക്ക് ഞങ്ങൾക്ക് ഇടയിൽ മൗനം നിലനിന്നു.

"... ആദി ഞാൻ ഒരു കാര്യം ചോദിക്കട്ടെ..." എന്നോട് ചേർന്നിരുന്ന് എന്റെ ഒരു കൈ കെട്ടിപിടിച്ച തോളിൽ തല ചായ്ച്ച് അവൾ തിരക്കി.

"... എന്താടി വല്ലാത്തൊരു സ്നേഹം കിഡ്നി വല്ലതും വേണോ..."

www.kkstories.com

"... ഒന്ന് പോ ആദി എപ്പോഴും ഇങ്ങനെയാ. ഞാൻ ഒന്നും ചോദിക്കണില്ല😡..." എന്റെ കൈ തട്ടിമറ്റി അവൾ മുഖം തിരിച്ചു.

"... പിണങ്ങല്ലേ. ഇനി ഞാൻ കളിയാക്കില്ല എന്താ നിനക്ക് ചോദിക്കാൻ ഉള്ളെ ..." ചാരുവിന്റെ കൈപിടിച്ചു നേരത്തെ ഇരുന്നപോലെ വച്ചു.

"...അതെ ആദിക്ക് എപ്പോഴാ എന്നെ ഇഷ്ടയെ..."

"... ഇതാണോ വല്യ കാര്യം. ഹ്മ് സത്യം പറയണോ കള്ളം പറയണോ..." ഒന്ന് ആലോചിച്ചോണ്ട് ചോദിച്ചു.

"... സത്യം പറയ്..." എന്റെ തോളിൽ തല ചായ്ച്ച് ചാരു പറഞ്ഞു.

"... എന്ന പറയാം. ആദ്യം നിന്നെ കണ്ടപ്പോ എനിക്ക് ഒട്ടും ഇഷ്ട്ടമല്ലായിരുന്നു..."

"... അതെന്താ എന്നെ ഇഷ്ട്ടപെടാത്തെ എന്താ എനിക്ക് ഒരു കുറവ് 😡..." ചാരു എന്നെ അടിക്കാനും പിച്ചാനും തുടങ്ങി.

"... ഹഹാ പറയട്ടെ. അമ്മയും നിന്റെ വീട്ടുകാരും തമ്മിലുള്ള പിണക്കം ആയിരുന്നു പ്രധാന കാരണം. പിന്നെ നിന്നോട് കൂടുതൽ ഇടപഴകിയപ്പോ ഒരു ഇഷ്ട്ടം തോന്നി. അത് എങ്ങനെ പ്രണയം ആയെന്ന് ഒന്നും എനിക്ക് അറിയാൻ മേല..."

www.kkstories.com

"... കൊച്ചു കള്ളൻ ഇതൊക്കെ മനസ്സിൽ വച്ചോണ്ട് നടക്കാതെ അപ്പോഴേ പ്രൊപോസൽ ചെയ്യണ്ടേ ..."

"...ആരു പറഞ്ഞു പ്രൊപ്പോസ് ചെയ്തില്ല എന്ന്. കോളേജിൽ ഓണ പരിപാടിക്ക് നീ അണിഞ്ഞൊരുങ്ങി വന്നപ്പോ എന്ത് സുന്ദരി ആയിരുന്നെന്നോ. നിന്നെ കണ്ട നിമിഷം എന്റെ കിളിയെല്ലാം പോയി എത്രയും പെട്ടന്ന് എന്റെ ഇഷ്ട്ടം തുറന്ന് പറഞ്ഞു നിന്നെ സ്വന്തം ആക്കണം എന്ന് തോന്നി .അന്ന് നിന്നെ പ്രൊപ്പോസ് ചെയ്യാൻ വേണ്ടിയാ നിന്റെ ക്ലാസ്സിലേക്ക് വന്നേ പക്ഷെ..." എന്റെ മുഖഭാവം മാറുന്നത് കണ്ട് ചാരു എന്റെ കയ്യിൽ ഒന്നുകൂടി അമർത്തി പുൽകി.

"... അന്ന് നടന്നതിനു മുഴുവൻ കാരണകാരി ഞാനാ. ആദിക്ക് അറിയാലോ ഞാൻ കോളേജിൽ ലേറ്റ് അഡ്മിഷൻ ആയിരുന്നു അതുകൊണ്ട് തന്നെ എല്ലാരുമായി അത്രപെട്ടെന്ന് സിങ്ക് ആവാൻ പറ്റിയില്ല. എന്നെ പോലെ ഒരു ഗപ്പിന് ശേഷം കോളേജിലേക്ക് വന്നതാ അരുണും. അതുകൊണ്ട് തന്നെ എക്സ്പീരിമെന്റ് ഗ്രൂപ്പിൽ എന്നെയും അവനെയും ഒരുമിച്ച് ആക്കി. പതിയെ പതിയെ ഞങ്ങൾ നല്ല ഫ്രണ്ട്സ് ആയി മാറി..." ഞാൻ ഇതെല്ലാം മൂളി കേട്ടു.

"...ക്ലാസ്സിലെ എന്റെ ഏറ്റവും നല്ല ഫ്രണ്ട് ആയിരുന്നു അവൻ. അങ്ങനെയുള്ള ഒരുത്തനെ യാതൊരു പ്രകോപനവും കൂടാതെ നീ വന്ന് ഇടിച്ചപ്പോ ഞാൻ പ്രതികരിച്ചു. ഇടി കൊണ്ടിട്ടും അരുൺ നിന്നോട് ദേഷ്യപ്പെടാതെ സോറി പറയുകയാ ചെയ്തേ അപ്പോഴും നിന്റെ ദേഷ്യം അടങ്ങുന്നമില്ല. ആ ഒരു സമയത്ത് തെറ്റൊന്നും ചെയ്യാത്ത അവന്റെ കൂടെ നിൽക്കണം എന്ന് തോന്നി. അതാ ഞാൻ അങ്ങനെ പെരുമാറിയത്..."

"... അവൻ കോളേജിൽ എങ്ങനാ കുറെ കാലം വരാതിരുന്നത് എന്ന് നീ തിരക്കിയില്ലേ..."

"... അന്ന് നീ എന്നോട് വഴക്കുണ്ടാക്കി പോയതിന് ശേഷം. അരുൺ എന്നോട് ഒരുപാട് sorry പറഞ്ഞു അവൻ കാരണം നമ്മൾ തമ്മിൽ തെറ്റിയതിനെ ചൊല്ലി. ഞാൻ ചോദിച്ച നിങ്ങൾ തമ്മിലുള്ള പ്രശ്നം..."

"... അവൻ അപ്പൊ എന്തോ പറഞ്ഞു 😏..."

"...നിന്റെ ക്ലാസ്സിലെ പെങ്കൊച്ചിനെ പ്രൊപ്പോസ് ചെയ്യതത് ഇഷ്ടപ്പെടാതെ നീ ഇടിച്ചെന്ന പറഞ്ഞെ..."

"... ആ നായിന്റെമോൻ അത്രയേ പറഞ്ഞോളോ..."അതിന് ചാരു മൂളിയതെ ഉള്ളു.

"... നിന്നോട് ഇതെപ്പറ്റി സംസാരിക്കാൻ ഞാൻ എന്തോരം ശ്രെമിച്ചെന്നോ. എന്നാൽ എന്റെ ഒരുവാക്ക് പോലും കേൾക്കാൻ നീ തയാറായില്ല. അന്ന് രാത്രി നീ കുടിച്ചിട്ട് വന്നതിന്റെ കാരണക്കാരി ഞാൻ ആണെന്ന് മനസ്സിലായപ്പോ എനിക്ക് എത്രമാത്രം വേദനിച്ചെന്നോ. പോരാത്തതിന് അമ്മയുടെ പക്കൽ നിന്നും തല്ലും കിട്ടി. ആ സമയങ്ങളിൽ എന്റെ വിഷമം മനസ്സിലാക്കാനോ പറയനോ ആരും ഉണ്ടായിരുന്നില്ല..." ചാരു എന്റെ തോളിൽ ചാരി കരയാൻ തുടങ്ങി. ഞാൻ അവളെ അശ്വസിപ്പിച്ച.

"... കോളേജിൽ ഒരു ഉണർവും ഇല്ലാതെ വിഷമിച്ച നടന്ന എന്നോട് എന്ത് പറ്റിയെന്ന ചോദിക്കാൻ ആരും ഉണ്ടായിരുന്നില്ല. ഉള്ളുതുറന്ന് സംസാരിക്കാൻ പോലും നല്ലൊരു ഫ്രണ്ട് ഇല്ലാത്ത അവസ്ഥ. അ സമയത്ത് എന്നോട് സംസാരിച്ച എന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി ഇതിനൊരു പരിഹാരം കാണാം എന്ന് ഉറപ്പ് തന്നത് അരുൺ ആയിരുന്നു. അവൻ കാരണം ഉണ്ടായ പ്രശനം അല്ലെ അപ്പൊ അവൻ തന്നെ സഹായിക്കാം എന്ന് പറഞ്ഞു..."

"... എനിക്ക് ഉറപ്പുണ്ടായിരുന്ന നിന്നോട് മനസുതുറന്ന സംസാരിച്ചാൽ തീരാവുന്ന പ്രശ്നങ്ങളെ നമുക്ക് ഇടയിൽ ഉള്ളുവെന്ന്. എന്നാൽ നീ എന്നെ കാണുമ്പോൾ ഒഴിഞ്ഞുമാറുന്നത് മൂലം അതിന് പറ്റിയില്ല. അങ്ങനെ ഇരിക്കയാ എനിക്ക് തമിഴ്നാട്ടിൽ എക്സാം വന്നത്. അമ്മയോട് പറഞ്ഞു എന്നോടൊപ്പം വരാൻ ഇരുന്ന അച്ഛന് പകരം നിന്നെയും കൂട്ടി പോകാം എന്ന് നിർബന്ധം പിടിച്ചപ്പോ നിന്റെ അമ്മ അതിന് സമ്മതിച്ച. ആ യാത്രയിൽ നിന്നോട് സംസാരിച്ച എല്ലാം ക്ലിയർ ചെയ്യാനായിരുന്ന എന്റെ ഉദ്ദേശം അതിന് ഫുൾ സപ്പോർട്ട് തന്നത് അരുൺ ആയിരുന്നു. അന്നത്തെ ദിവസം ഇടക്ക് ഇടക്ക് എന്തായി കാര്യങ്ങൾ എന്ന് അറിയാൻ അവൻ എന്നെ വിളിച്ചോണ്ട് ഇരുന്നു. പ്രശ്നങ്ങൾ എല്ലാം പറഞ്ഞു ഒതുക്കി എന്റെ ഇഷ്ട്ടം നിന്നോട് പറയാൻ ഇരുന്നപ്പോഴാ ഗായുവിന്റെ കാൾ നിനക്ക് വന്നത്. നിങ്ങളുടെ സംസാരം കേട്ടപ്പോ ഒരുപക്ഷെ നിങ്ങൾ തമ്മിൽ ഇഷ്ടത്തിൽ ആണോ എന്നെനിക്ക് തോന്നി. അതെ പറ്റി അപ്പോൾ തന്നെ നിന്നോട് ചോദിച്ച പക്ഷെ നീ വ്യക്തമായ ഉത്തരം തന്നില്ല. അത് എന്നെ ആകെ തളർത്തി എനിക്ക് ഏറ്റവും വിലപ്പെട്ട എന്തോ ഒന്ന് എന്നെ വിട്ടുപോകുന്ന ഫീൽ ആയിരുന്നു. ആ ഒരു അവസ്ഥയിൽ എന്താ സംസാരിക്കേണ്ടത് എങ്ങനാ സംസാരിക്കേണ്ടത് എന്ന് പിടിയും കിട്ടിയില്ല. എന്നിൽ നിന്നും നീ അകലുന്നത് എനിക്ക് ഒരിക്കലും ചിന്തിക്കാൻ കഴിയാത്തതാണ്. അതോർത്തു അന്ന് അ രാത്രി മുഴുവൻ ഞാൻ കരഞ്ഞു..." എന്തൊക്കെയാ ഇവൾ പറയുന്നേ എന്നൊരു അവസ്ഥയിൽ ആയിരുന്നു ഞാൻ.

www.kkstories.com

"...ആ ട്രെയിൻ യാത്രക്ക് ശേഷം നീ എന്റെ ആവും എന്ന് കരുതിയ എനിക്ക് തെറ്റി. നീ മറ്റൊരാൾക്ക് സ്വന്തം ആണെന്നുള്ള തിരിച്ചറിവ് എന്നെ ആകെ തകർത്തു. എന്നാലും നിന്നെ മറക്കാനോ വെറുക്കാനോ എനിക്ക് ആയില്ല. ദൂരത്ത് നിന്നായാലും നിന്റെ ജയത്തിലും സന്തോഷത്തിലും പങ്കുചേരണം എന്നെ ആഗ്രഹിച്ചിട്ടുള്ളു..." ചാരുവിനെ തോളിലൂടെ കൈയിട്ടു ചേർത്ത് നിർത്താനെ എനിക്ക് കഴിഞ്ഞുള്ളു.

"... ആ ഇടക്ക് മറ്റൊരു കോളേജിൽ വച്ച നടന്ന നിന്റെ ബോക്സിങ് മാച്ച് കാണാൻ എനിക്ക് വല്ലാത്ത ആഗ്രഹം തോന്നി. എന്നാൽ ദൂരം കൂടുതൽ ആയത് കൊണ്ട് എന്റെ ഒപ്പം വരാൻ ആരും തയാറായില്ല. എന്റെ അവസ്ഥ കണ്ട അരുൺ എന്റെ ഒപ്പം വരാൻ തയ്യാറായി. അന്ന് റിങ്ങിൽ വച്ച് എന്നെ കണ്ടതിനുശേഷം ഒരു ദയാദാക്ഷണ്യവും

ഇല്ലാതെ എതിരാളിയെ നീ ഇടിച്ചതിൽ നിന്നും എന്നോട് എന്ത്മാത്രം വെറുപ്പ് ഉണ്ടന്ന് മനസിലായി. പിന്നെ അവിടെ അധികനേരം നിൽക്കാൻ തോന്നിയില്ല..."

"... ഞാൻ ഒരുപാട് വൈകിപ്പോയി ഇനി ഒരു തുറന്നുപറച്ചിൽ ഉൾകൊള്ളാൻ ആദിക്ക് കഴിയില്ലെന്ന ബോധം ഉടലെടുത്തു. പക്ഷെ അപ്പോഴും അരുൺ ഫുൾ സപ്പോർട്ട് ആയിരുന്നു.അന്ന് വീട്ടിൽ റെക്കോർഡ് വാങ്ങാൻ വന്നപ്പോഴാണ് അരുണിന്റെ സ്വഭാവത്തിൽ എനിക്ക് ചെറിയ സംശയം തോന്നി. ആ നിമിഷം എനിക്ക് അറിയേണ്ടിയിരുന്നത് ആദിയും അരുണും തമ്മിൽ ഉണ്ടായ യഥാർത്ഥ പ്രശ്നം ആയിരുന്നു. പിറ്റേന്ന് ദിയയിൽ നിന്നും എല്ലാ കാര്യങ്ങളും അറിഞ്ഞു. അതെ പറ്റി അരുണിനോട് ചോദിക്കാൻ പോകവേ അവന്റെ കൂട്ടുകാരനോട് നിന്നെ പറ്റി അവൻ പറയുന്നത് ഞാൻ കേട്ടു. ദിയയുമായി ഉണ്ടായ പ്രശ്നത്തിൽ ആദിയോട് നല്ല പക ഉണ്ടായിരുന്നു. പക്ഷെ നേരിട്ട് തല്ലി തോല്പിക്കാൻ അവനെക്കൊണ്ട് കഴിയില്ല. ആ സമയത്ത് നിനക്ക് എതിരെ കിട്ടിയ വജ്രായുധമായിരുന്നു ഞാൻ. ഇതും പോരാഞ്ഞിട്ട് നമ്മുടെ അമ്മുവിനെ വച്ച് എന്തൊക്കെയോ പ്ലാൻ ചെയ്യുന്നുണ്ടായിരുന്നു. എന്നെയും നിന്നെയും തമ്മിൽ അടുപ്പിക്കാം എന്ന് പറഞ്ഞവൻ സത്യത്തിൽ നമ്മളെ തമ്മിൽ അടിപ്പിക്കയാണ് ചെയ്തത്. ഞാൻ നല്ലൊരു ഫ്രണ്ട് ആയി കരുതിയവൻ കൂടെനിന്ന് ചതിക്കാണെന്ന് തിരിച്ചറിഞ്ഞപ്പോ സഹിക്കാൻ കഴിഞ്ഞില്ല. അപ്പൊ തന്നെ അവന്റെ കരണം നോക്കി ഒന്ന് കൊടുത്ത് ഞാൻ അവിടെന്ന് ഇറങ്ങി പോയി. അതിനു ശേഷം ഈ നിമിഷം വരെ ഒരുവാക്ക് പോലും ഞാൻ അവനോട് മിണ്ടിയിട്ടില്ല. സത്യത്തിൽ ഞാൻ ഒരു മണ്ടിയ എന്നെ ഒരാൾ മുതലെടുക്കുന്നത് പോലും മനസ്സിലാക്കാൻ കഴിവില്ലാത്തവൾ..." ചാരു പൊട്ടി കരഞ്ഞു.

"... പിന്നീടുള്ള എന്റെ ജീവിതം ഒരു തരം മടിപ്പായിരുന്നു. അതിൽ ഏറ്റവും എന്നെ വിഷമിപ്പിച്ചത് നിന്റെ അകൽച്ചയാണ്. അറിഞ്ഞോ അറിയാതയോ നിന്നോട് ചെയ്ത എല്ലാത്തിനും മാപ്പ് പറയാൻ കഴിയാത്ത കുറ്റബോധത്തിൽ നീറി നീറി ജീവിക്കായിരുന്നു.ഒരു ഘട്ടത്തിൽ ജീവിക്കുന്നത് തന്നെ എന്തിനാണെന്ന് തോന്നിപോയി. പുതിയൊരു ജീവിതം തുടങ്ങാനോ നിന്നെ മറക്കാനോ എനിക്ക് സാധിച്ചില്ല. ജീവിക്കാൻ വീണ്ടും ഒരു പ്രതീക്ഷ തന്നത് നമ്മുടെ വിവാഹ കാര്യം പറയുമ്പോഴാ. ആദിക്ക് അറിയോ നീ ഈ വിവാഹത്തിന് സമ്മതിക്കാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കാത്ത ദൈവങ്ങൾ ഇല്ല. അപ്പോഴും എനിക്ക് ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തമായി ഒരു അടിമയെ നിന്റെ കാൽച്ചുവട്ടിൽ ജീവിച്ചു തീർക്കുക കാരണം അത്രക്ക് ഇഷ്ട്ടം എനിക്ക് നിന്നെ..." ചരുവിന്റെ തുറന്നു പറച്ചിൽ കേട്ട് അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി

www.kkstories.com

"... നീ ഇത്രമാത്രം സഹിക്കുന്നുണ്ടെന്ന് എനിക്ക് അറിയില്ലായിരുന്നു. അറിയാൻ ശ്രമിച്ചില്ല എന്നതാ സത്യം. ഒരുപക്ഷെ നിന്നെ കേൾക്കാൻ ഞാൻ തയ്യാർ ആയിരുന്നെങ്കിൽ ഇങ്ങനെ ഒന്നും സംഭവിക്കില്ലായിരുന്നു..." ഏങ്ങൽ അടിച്ചു കരഞ്ഞ ചാരുവിനെ ചേർത്തുപിടിച്ചു നെറുകയിൽ ചുംബിച്ചു.
കുറെ സമയം ഞങ്ങൾ അങ്ങനെ തന്നെ ഇരുന്നു. മനസ്സിലെ വിഷമങ്ങളും വേദനകളും മാറുന്നവരെ. രാത്രി ആയതോടെ എന്നെ അവൾ റൂമിലേക്ക് എത്തിച്ച് ചാരു താഴേക്ക് പോയി. എന്റെ മനസ്സ് ആകെ അസ്വസ്ഥമായിരുന്നു എത്ര വിചാരിച്ചിട്ടും ചാരു പറഞ്ഞ കാര്യങ്ങൾ മനസ്സിൽ നിന്നും മായുന്നില്ല.
സത്യത്തിൽ ഞാൻ അവളെ സ്നേഹിച്ചിട്ടുണ്ടോ എന്ന് പോലും തോന്നിപോയി. രാത്രി ആയപ്പോ ചാരു എനിക്കുള്ള ചോറുമായി വന്നു. അവൾ എന്നെ താങ്ങി കൈ കഴുകാൻ കൊണ്ട് പോയി കഴിക്കുന്ന വേളയിലും ഞാൻ മൗനം ആയിരുന്നു. കഴിച്ചു കഴിഞ്ഞ് വീണ്ടും അവളുടെ സഹായത്തോടെ കൈ കഴുകി തിരിച്ചു ബെഡിൽ എത്തി അവൾ തന്ന മരുന്ന് കഴിച്ചു.
"... എന്താ ആദി എന്നോട് ഒന്നും മിണ്ടാത്തെ..." മരുന്ന് കഴിച്ചു കുനിഞ്ഞിരുന്ന എന്നോട് അവൾ ചോദിച്ചു.
"... അയ്യേ എന്റെ ചെക്കൻ കരയണോ..." ഇരു കൈകൊണ്ടും.എന്റെ കവിളിൽ താങ്ങി അവൾക്ക് നേരെ മുഖം ഉയർത്തി.
"...എന്നോട് ക്ഷമിക്ക് ചാരു. ഞാൻ ഒരിക്കൽ പോലും നിന്നെ മനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല. നീ എന്നെ സ്നേഹിച്ചത് വച്ച് നോക്കുമ്പോൾ ഞാൻ നിനക്ക് വേദനകൾ മാത്രമേ നൽകിയിരുന്നുള്ളു. എനിക്ക് എന്നോട് തന്നെ അറപ്പ് തോന്നുന്നു. എന്നോട് ക്ഷമിക്ക് ചാരു..." അവളുടെ ആരയിലൂടെ കെട്ടിപ്പിടിച്ച് ഞാൻ പൊട്ടി കരഞ്ഞു.

"... നീ തന്നയല്ലേ പറഞ്ഞെ പഴയതിനെ കുറിച്ച് ഒന്നും ഓർക്കരുത് ഇത് നമ്മുടെ പുതിയ ജീവിതം ആണെന്ന്. എന്നിട്ട് നീ തന്നെ ഇങ്ങനെ കരഞ്ഞാൽ എങ്ങനെയാ..." അവളെ കെട്ടിപിടിച്ചിരുന്ന എന്റെ തലയിൽ തലോടികൊണ്ട് ചാരു പറഞ്ഞു.
"...നിന്റെ കണ്ണിൽ നിന്നും വീഴുന്ന ഓരോ തുള്ളി കണ്ണുനീരും നിന്നെക്കാൾ വേദനിപ്പിക്കുന്നത് എന്നെയ..." രണ്ട് കൈകൾ കൊണ്ടും എന്റെ മുഖം ഉയർത്തി തള്ളവിരലുകളാൽ എന്റെ എന്റെ കണ്ണീർ തുടച്ചു.
"...മരുന്ന് കഴിച്ചത് അല്ലെ ക്ഷീണം കാണും. വേണ്ടാത്തത് ആലോചിച്ചു മനസ്സ് വിഷമിപ്പിക്കാതെ കിടന്നോ. പാത്രം ഒക്കെ കഴുകി വച്ച് ഞാൻ വേഗം വരാം കേട്ടോ..." എന്റെ നെറുകയിൽ ഒരു മുത്തവും തന്ന് പ്ലാസ്റ്റർ ഇട്ട കാൽ ബെഡിൽ എടുത്ത് വച്ച് എന്നെ കിടത്തിയ ശേഷം പാത്രവുമായി ചാരു താഴേക്ക് പോയി.
"... എന്താ മോളെ മുഖം വല്ലാണ്ടിരിക്കുന്നെ.ആദി വഴക്ക് വല്ലതും പറഞ്ഞോ..." പാത്രവുമായി താഴെയെത്തിയ എന്നോട് അമ്മ ചോദിച്ചു.
"...ഏയ്യ് അങ്ങനെ ഒന്നും ഇല്ല അമ്മ..."
"... എന്നാ കൊള്ളാം. നീ വാ ചോർ കഴിക്കാം..."
അമ്മ എനിക്കും ചോർ എടുത്തു. അച്ഛനും അമ്മയും അമ്മുവിനൊപ്പവും ഇരുന്ന് ചോർ കഴിച്ചു. എത്രയും പെട്ടെന്ന് കഴിച്ചു കഴിഞ്ഞ് ആദിക്ക് അരികിലേക്ക് എത്താൻ എന്റെ ഉള്ളു കൊതിച്ചു. സാധാരണ കഴിക്കുന്നതിലും നേരത്തെ ഞാൻ കഴിച്ചു കഴിഞ്ഞു. അപ്പോഴും ബാക്കിയുള്ളവർ കഴിച്ചു കഴിഞ്ഞില്ല.
"... അമ്മേ പായ വല്ലതും ഉണ്ടോ..."
"... പായ എന്തിനാ മോളെ..." മനസ്സിലാവാതെ അമ്മ ചോദിച്ചു.
"... ആദിക്ക് കാൽ വയ്യാതിരിക്കയല്ലേ ഒപ്പം കിടന്ന് അറിയാതെ എന്റെ കാലോ മറ്റോ തട്ടി വല്ലതും സംഭവിച്ചാലോ..." ഞാൻ എന്റെ ഭയം തുറന്ന് കാട്ടി.
"...എന്ന ചേച്ചി എന്റെ ഒപ്പം കിടക്ക്. വെറുതെ എന്തിനാ തറയിൽ കിടക്കണേ..." അമ്മു തിരക്കി.
"... നിന്റെ ചേട്ടൻ മുകളിൽ ഒറ്റക്ക് അല്ലെ ഞാൻ നിന്റെ ഒപ്പം കിടന്നാൽ രാത്രി വല്ല അത്യാവശ്യത്തിനു അവിടെ ആരാ..."
"...ഈ പാവം കൊച്ചിനെ വെറുതെ ബുദ്ധിമുട്ടിക്കാൻ ആയിട്ട് അവനോട് നൂറുവട്ടം പറഞ്ഞതാ അമ്മുവിന്റെ മുറിയിൽ കിടക്കാൻ അപ്പൊ അവന് അതിന് വയ്യ..." അമ്മ പിറുപിറുത്തു.
"...നിക്ക് മോളെ ഞാൻ ഇപ്പൊ എടുത്ത് തരാം..."
"... അയ്യോ അമ്മ കഴിച്ചോ. പായ എവിടെ ഇരിക്കുന്നു എന്ന് പറഞ്ഞാൽ മതി ഞാൻ എടുത്തോളാം..." പാതിയിൽ കഴിപ്പ് നിർത്തി എഴുനേൽക്കാൻ തുനിഞ്ഞ അമ്മയെ തടഞ്ഞു.
അമ്മ പറഞ്ഞ പ്രകാരം അമ്മയുടെ മുറിയിൽ ഇരുന്ന പായും തലയണയും എടുത്ത് മുറിയിലേക്ക് പോയി. വാതിൽ തുറന്നപ്പോ ആദി ഉറക്കം ആയി. പാവം ക്ഷീണം കാണും. കൊണ്ടുവന്ന പായ തട്ടികുടഞ്ഞു നിലത്ത് വിരിച്ചു.
"...എന്താ നീ കാണിക്കുന്നേ..." പായ കുടയുന്ന സൗണ്ട്കേട്ട് ആദി ഉണർന്ന് എന്നോട് ചോദിച്ചു.
"...താഴെ കിടക്കാൻ പായ വിരിക്കുകയാ..."
"... മാറി കിടക്കാൻ എനിക്ക് പകർച്ചവ്യാധി ഒന്നും ഇല്ല. ഇങ്ങനെ മാറി കിടക്കാൻ ആയിരുന്നെങ്കിൽ അ ഹോസ്പിറ്റലിൽ തന്നെ കിടന്നാൽ മതിയായിരുന്നല്ലോ😡..."
"... ആദിക്ക് കാൽ വയ്യാതിരിക്കയല്ലേ രാത്രി എന്റെ കാലോ മറ്റോ തട്ടി ഒരു ബുദ്ധിമുട്ട് ഉണ്ടാവേണ്ട എന്ന് കരുതിയ താഴെ കിടക്കാം എന്ന് വച്ചേ..."
"...നീ ഒപ്പം കിടന്ന് വല്ലതും ഉണ്ടാവുന്നെങ്കിൽ ഞാൻ അങ്ങ് സഹിച്ചു..."
"... എന്റെ പൊന്നോ ഇതിന്റെ പേരിൽ ഇനി ഒരു പ്രശ്നം ഉണ്ടാക്കണ്ട. ഞാൻ താഴെ കിടക്കുന്നില്ല പോരെ..."
പായും തലയണയും സൈഡിലേക്ക് മാറ്റിവച്ചു കട്ടിലിൽ ആദിയെ കെട്ടിപ്പിടിച്ച് ആ നെഞ്ചിൽ തല വെച്ച് കിടന്നു. ആദി എന്റെ നെറുകയിൽ തലോടികൊണ്ടിരുന്നു.
"... എന്തിനാടി ചിരിക്കണേ..." ആദിയെ കെട്ടിപിടിച്ചു കിടന്ന ഞാൻ കുണുങ്ങി ചിരിക്കുന്നത് മനസ്സിലാക്കി അവൻ ചോദിച്ചു.
"... അല്ല ചില മനുഷ്യരുടെ മാറ്റം ആലോചിച്ചു ചിരിച്ചത. പണ്ട് അറിയാതെ പോലും തന്റെ ദേഹത്ത് തൊടരുത് എന്ന് പറഞ്ഞവർ ഇപ്പൊ എന്റെ ചൂട് പറ്റാതെ ഉറങ്ങാൻ പറ്റില്ല എന്നായി..." അതിന് ആദി എന്നെ ഒന്നുകൂടി ചേർത്ത് പിടിച്ചു മൂർദ്ധാവിൽ ചുംബനം നൽകി.

www.kkstories.com

"... ചാരു നീ ഉറങ്ങിയോ..." ഏറെ നേരത്തിന് ശേഷം ആദി ചോദിച്ചു. ഞാൻ അതിന് ഇല്ല എന്ന് മൂളി.
"... എന്താ നീ ആലോചിക്കുന്നേ..." ആദി പിന്നയും തിരക്കി.
"...ഞാൻ ഇപ്പൊ ഒന്നിനെ പറ്റിയും ആലോചിക്കുന്നില്ല. ഇപ്പൊ എന്റെ മനസ് ശൂന്യമാണ്. ഞാൻ ഏറെ കൊതിച്ചതാ ഇതുപോലെ ആദിയുടെ ഹൃദയസ്പന്ദനവും കേട്ട് കിടക്ക എന്നുള്ളത്. അത് നടന്നതിന്റെ സന്തോഷത്തിലാ ഞാൻ..." പിന്നെ ആദി ഒന്നും ചോദിച്ചില്ല. ആദിയുടെ നെഞ്ചിൽ തലവെച്ച് ഉറക്കത്തിലേക്ക് വീണു.
ഇന്ന് ചാരുവാണ് എന്നെ വിളിച്ചെഴുനേൽപ്പിച്ചത്. ഓഫീസിൽ ഒന്നും പോണ്ടല്ലോ സുഖായിട്ട് ഉറങ്ങാം എന്ന് വിചാരിച്ച സമ്മതിക്കണ്ടേ. പല്ലുതേപ്പും കാപ്പി കുടിയും മരുന്നും കഴിഞ്ഞ് വീണ്ടും കട്ടിലിൽ തന്നെ ഇരുപ്പായി.
"... നീ ഇത് എവിടെ പോയതാ. മനുഷ്യൻ ഇവിടെ ഒറ്റക്ക് ഇരുന്ന് മടുത്തു..."
"...താഴെ പണി ഉണ്ടായിരുന്നു. അതുമാത്രമല്ല എപ്പോഴും ആദിയുടെ കൂടെ തന്നെ ഇരുന്നാൽ അമ്മ എന്ത് പറയും..."
"... എനിക്ക് എന്റെ അമ്മയെ കുറിച്ച് നല്ലപോലെ അറിയാം അമ്മ ഒന്നും പറയില്ല. അതോ ഞാൻ അമ്മയുടെ അടുത്ത് സംസാരിക്കാണോ..."
"... അയ്യോ വേണ്ടേ. ഞാൻ എപ്പോഴും ഇവിടെ കാണും പോരെ..." തൊഴു കൈയോടെ ചാരു എന്നെ നോക്കി പറഞ്ഞു.
"... ഇങ്ങോട്ട് വന്നത് അബദ്ധം ആയെന്ന് തോന്നുന്നു. താഴെ അമ്മുവിന്റെ മുറിയിൽ തന്നെ കിടന്നാൽ മതിയായിരുന്നു..."
"... ആരെങ്കിലും നിർബന്ധിച്ചോ..." പുറത്തേക്ക് വന്ന ചിരി അടക്കിപിടിച്ച ചാരു പറഞ്ഞു.
"... എടി ദുഷ്ടേ. അല്ലെങ്കിലും എനിക്ക് ഇത് തന്നെ കിട്ടണം. ഞാൻ കൂടുതൽ ഒന്നും പറയുന്നില്ല..."
"... ഞാൻ എപ്പോഴും ആദിയുടെ കൂടെ തന്നെ ഇല്ലേ. പിന്നെ അമ്മ താഴെ ഒറ്റക്ക് എല്ലാ പണിയും ചെയ്യണ്ടേ ഞാൻ ഇവിടെ ഉള്ളപ്പോ ആ പാവത്തിനെ എന്തിനാ കഷ്ടപ്പെടുത്തുന്നെ..." ഇതിനുള്ള മറുപടി എന്റെ പക്കൽ ഇല്ലായിരുന്നു. ഉച്ചവരെ ഞങ്ങൾ ഓരോ കാര്യങ്ങളും കഥകളും പറഞ്ഞിരുന്നു. ഉച്ചക്ക് പുള്ളികാരി പോയി ചോറുമായി വന്നു.
"...നീ എപ്പോഴാ ആഹാരം കഴിക്കണേ..." ചോർ കൈ കഴുകാൻ പോകവേ ഞാൻ അവളോട് തിരക്കി.
"...ആദി കഴിച്ച് കഴിഞ്ഞ് ഞാൻ താഴെ പോയി കഴിക്കും..."
"...ഓ അങ്ങനെ ആണല്ലേ..."
"... അആഹ് അയ്യോ.... അമ്മേ... അആഹ്..." കഴിക്കാൻ ഇരുന്നപ്പോ വലതുകൈയിൽ പിടിച്ച ഞാൻ നിലവിളിച്ചു.
"... അയ്യോ എന്താ പറ്റിയെ..." ചാരു പേടിയോടെ ഓടി എന്റെ അടുക്കൽ എത്തി.
"... കൈക്ക് വല്ലാത്ത വേദന. കൈ തളരുന്നപോലെ തോന്നുന്നു..."
"... അയ്യോ എന്താ ഇപ്പൊ ഇങ്ങനെ പറ്റാൻ. ഞാൻ അച്ഛനെ വിളിക്കാം നമുക്ക് ഹോസ്പിറ്റലിൽ പോവാം..."
"... അതൊന്നും വേണ്ട ഇത് കുറച്ച് കഴിയുമ്പോൾ മാറും. പക്ഷെ അതുവരെ വിശന്നിരിക്കണ്ടേ..." താടിക്ക് കൈയും കൊടുത്ത് വിഷമത്തോടെ ചാരുവിനെ നോക്കി.
"... മോനെ ആദി കുട്ടാ നിന്റെ അടവ് ഒക്കെ എനിക്ക് മനസിലായി കേട്ടോ..." ഞാൻ വെളുക്കനെ ചിരിച്ചു.
ചാരു പോയി കൈകഴുകിവന്ന് എനിക്ക് ചോർ വാരി തരാൻ തുടങ്ങി ഞാൻ സ്നേഹത്തോടെയുള്ള ആ ഓരോ ഉരുളയും കഴിച്ചു. ഇടക്ക് അവളെയും നിർബന്ധിപ്പിച്ചു കഴിപ്പിക്കാൻ തുടങ്ങി. ആദ്യം എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും പിന്നെ അവളും കഴിച്ചു തുടങ്ങി. പുള്ളിക്കാരി പ്ലേറ്റ് അടുക്കളയിൽ പോയി കഴുകി വച്ചിട്ട് തിരിച്ച എന്റെ അടുക്കൽ വന്നു.
"... ഇപ്പൊ എങ്ങനെ ഉണ്ട് കൈ ശരിയായോ..."
"... ആഹ് ഇപ്പൊ കുഴപ്പം ഇല്ല. ചിലപ്പോ രാത്രി വീണ്ടും ഇതുപോലെ ആവൻ സാധ്യത ഉണ്ട്..." കൈ ഒന്ന് കുടഞ്ഞു കൊണ്ട് ഞാൻ പറഞ്ഞു.
"... അച്ചോടാ ഇനിയും ഇങ്ങനെ വരുവാണെങ്കിൽ നമുക്ക് ഡോക്ടറെ കാണിക്കാം കേട്ടോ..."
"...ഡോക്ടറെ ഒന്നും കാണിക്കണ്ട ഇതുപോലെ ഓരോ ഹെൽപ്പ് ചെയ്ത് തന്നാൽ മതി..."
അതിനു ശേഷം എന്നും എനിക്ക് വാരി തരുന്നത് അവളാണ്. കൂട്ടത്തിൽ അവളെയും ഞാൻ കഴിപ്പിക്കും. ദിവസങ്ങൾ അങ്ങനെ ഇഴഞ്ഞു നീങ്ങി. ഫുൾ ടൈം ചരുവിന്റെ കൂടെ തന്നെയാ ചിലവഴിക്കുന്നെ. മുകളിലെ മുറി ആയത് കൊണ്ട് അച്ഛനും അമ്മയും അധികം ഇങ്ങോട്ട് കയറി വരാറില്ല. അതോ ഇനി സ്വർഗ്ഗത്തിലെ കട്ടുറുമ്പ്

www.kkstories.com

ആവണ്ട എന്ന് കരുതി ആണോ ആവോ. ഈ ദിവസങ്ങളിൽ ചാരുവിനെ കൂടുതൽ അടുത്ത് അറിയാൻ പറ്റി അത് എനിക്ക് അവളോടുള്ള മതിപ്പും സ്നേഹവും കൂടികൊണ്ട് ഇരുന്നു. എന്റെ എല്ലാ കുറുമ്പിനും കൂട്ട് നിൽക്കും. ഇപ്പോ എനിക്ക് ഒരു ലക്ഷ്യമേ ഉള്ളു ചരുവിന്റെ മുഖത്ത് എപ്പോഴും ആ പുഞ്ചിരി ഉണ്ടാവണം. ഭർത്താവ് എന്ന നിലക്ക് അത് എന്റെ കടമ അല്ലെ.

"... ആഹാ ഇവൻ എപ്പോഴും ഭാര്യയെയും കെട്ടിപ്പിടിച്ച് റൂമിൽ അട ഇരിക്കാണോ..." മുറിയിലെ ഞങ്ങളുടെ പ്രണയ നിമിഷത്തിലേക്ക് ക്ഷണിക്കപെടാത്ത രണ്ട് അതിഥികൾ വന്നെത്തി. വേറെ ആര് കാർത്തിയും ദിയയും തന്നെ.

"... കണ്ടവന്റെ ഭാര്യയുടെ കൂടെ അല്ലല്ലോ സ്വന്തം ഭാര്യയുടെ കൂടെ അല്ലേടാ ഇരിക്കുന്നെ..." കാർത്തിയെ നോക്കി ഞാൻ പുച്ഛിച്ചു.

"... സ്നേഹം ഉള്ളവർ അങ്ങനെയ. അല്ലാതെ നിന്നെപ്പോലെ ആണെന്ന് കരുതിയോ..."കാർത്തിക് ദിയയുടെ വകയും ഒരു കുത്തും കിട്ടി. അവർ ഞങ്ങൾക്ക് അരികിലേക്ക് വന്നു.

"... നിങ്ങൾ സംസാരിച്ചിരിക്ക് ഞാൻ കുടിക്കാൻ വല്ലതും കൊണ്ട് വരാം..." നാണം മറയ്ക്കാനായി ഇതൊരു കാരണമാക്കി ചാരു താഴേക്ക് ഓടി.

"... എന്തിനാ കാർത്തി നീ ഇവരെ കളിയാക്കിയെ അതോണ്ടല്ലേ ചാരു പോയത്..." ദിയ വീണ്ടും കാർത്തിയെ കുറ്റപ്പെടുത്തി.

"... അതൊന്നും കുഴപ്പം ഇല്ലടാ ചാരു ഇപ്പൊ വരും..."

"... പിന്നെ എങ്ങനെ ഉണ്ടടാ തടങ്കൽ ജീവിതം..."

"... സത്യം പറഞ്ഞാൽ ബോർ അടിച്ചു മരിച്ചു. പിന്നെ ചാരു ഉള്ളത് കൊണ്ട് അങ്ങനെ പോണു..."

"... അത് ഞങ്ങൾക്ക് മനസിലായി..." അതിന് ഞാൻ വെളുക്കനെ ചിരിച്ചു.

കുറച്ചു കഴിഞ്ഞപ്പോ ചാരു കുടിക്കാൻ വെള്ളവുമായി വന്നു. ഞങ്ങൾ ഓരോ കാര്യങ്ങൾ സംസാരിച്ചോണ്ട് ഇരുന്നു.

"... നിങ്ങളുടെ കല്യാണം എന്നാ..." അറിയാൻ ആകാംഷയോടെ ചാരു ചോദിച്ചു.

"...അതൊക്കെ എന്തിനാ പറയുന്നേ. ഇപ്പൊ കെട്ടാൻ വേണമെങ്കിലും ഞാൻ തയ്യാറാ സാറിനാണ് വല്യ ഡിമാൻഡ്..." പുച്ഛത്തോടെ ദിയ പറഞ്ഞു.

"...എനിക്ക് അല്ല പ്രശ്നം ഇവളുടെ തന്തക്ക് ആണ് പ്രശ്നം. ഞാൻ അവരുടെ സ്റ്റാറ്റസിന് ഒത്ത പയ്യൻ അല്ലെന്ന പറയുന്നേ..."

"...ഞാൻ ഇവനോട് പറഞ്ഞതാ രജിസ്റ്റർ മാരേജ് ചെയ്യാം എന്ന് അപ്പൊ അത് പറ്റില്ല..." പുച്ഛത്തോടെ ദിയ പറഞ്ഞു.

"...എന്തൊക്കെ പറഞ്ഞാലും ഇവളെ കഷ്ട്ടപ്പെട്ട് വളർത്തിയത് ഇവളുടെ വീട്ടുകാർ അല്ലെ. അപ്പൊ ഇവളുടെ കല്യാണത്തിനെ കുറിച്ച് അവർക്കും ചില സ്വപ്നങ്ങൾ കാണില്ലേ. വെറുതെ എന്തിനാ അതൊക്കെ ഞാൻ ആയിട്ട് തുലക്കുന്നെ..."

"... ആണോ എന്നാ വീട്ടുകാർ പറയുന്ന പയ്യനെ ഞാൻ കെട്ടാം. അപ്പൊ നിന്റെ ആഗ്രഹ പ്രകാരം എന്റെ വീട്ടുകാരുടെ സ്വപ്നം നടക്കും അവർക്ക് സന്തോഷവും ആവും . എന്താ അത് മതിയോ ..." ദിയ പറയുന്നത് കേട്ട് എനിക്കും ചാരുവിനും ചിരി അടക്കാൻ പറ്റിയില്ല.

"... നീ കുറച്ചു നാൾ കൂടി ക്ഷമിക്ക്. എന്നിട്ടും നിന്റെ അച്ഛൻ എതിരാണെങ്കിൽ നീ പറയുന്നപോലെ ചെയ്യാം..." തൊഴുകൈയോടെ കാർത്തി ദിയയെ നോക്കി പറഞ്ഞു.

"...ഞങ്ങളുടെ കാര്യം അവിടെ നിക്കട്ടെ നിങ്ങൾക്ക് എന്നാ അടുത്ത അപ്ഡേഷൻ..." ദിയ എന്താ ഉദ്ദേശിച്ചത് എന്ന് എനിക്കും ചരുവിനും മനസിലായില്ല.

"... മനസ്സിലായില്ലേ അത് തന്നെ ..." ദിയ കൈകൊണ്ട് വയർ വീർക്കുന്ന പോലെ കാണിച്ചു.

"... ഓ അതാണോ. കാൽ ഒന്ന് ശെരിയാവട്ടെ നമുക്ക് പരിഹാരം ഉണ്ടാക്കാം അല്ലേടി..." ഞാൻ ചാരുവിനെ നോക്കി.

"... ഒന്ന് പോ ആദി..." നാണത്താൽ ചാരു പൂത്തുലഞ്ഞു.

അവർ അന്ന് വൈകുനേരം വരെ ഞങ്ങളോട് കൂടെ ചിലവഴിച്ചു. മുറിയിൽ തന്നെ അടഞ്ഞിരുന്ന എനിക്ക് ശെരിക്കും ഒരു ആശ്വാസം ആയിരുന്നു അവരുടെ വരവ്. ഉച്ചക്ക് ചോറും വൈകിട്ട് ചായയും കുടിച്ചാണ് രണ്ടും മടങ്ങിയത്. ചാരു പെട്ടെന്ന് തന്നെ അവരോട് മിങ്കിൾ ആയി.

"...കാർത്തിയും ദിയയും വളരെ സ്നേഹം ഉള്ളവർ ആണല്ലേ..." രാത്രി എന്റെ നെഞ്ചിൽ തലവച്ചു കിടന്നത്കൊണ്ട്

www.kkstories.com

ചാരു ചോദിച്ചു.
"... രണ്ടും പാവങ്ങള. ഒരു കുഴപ്പമേ ഉള്ളു എപ്പോ കണ്ടാലും കീരിയും പാമ്പിനെയും പോലെയാ. ഇന്ന് തന്നെ കണ്ടില്ലേ കാർത്തി ഒന്ന് പറഞ്ഞ അവൾ രണ്ട് പറയും. പക്ഷെ രണ്ട് പേർക്കും പരസ്പരം ജീവന..." ചരുവിന്റെ നെറുകയിൽ തലോടികൊണ്ട് ഞാൻ പറഞ്ഞു.
"... ഞാൻ അത് ചോദിക്കാൻ ഇരിക്കായിരുന്നു. പരസ്പരം കണ്ടാൽ തല്ലുകൂടുന്നവർ എങ്ങനെയാ സെറ്റ് ആയത്..."
"...അവരുടെ ലോവ്സ്റ്റോറി കോമഡിയ. അതിന്റെ ഇടയിലെ ബലിയാട് ഞാനും..." ചിരിയോടെ ഞാൻ ചരുവിനോട് പറഞ്ഞു.
"... എന്നാ പറയ് ആദി..." ആകാംഷയോടെ ചാരു തിരക്കി.
"...കോളേജിൽ വച്ച് രണ്ടും തമ്മിൽ കണ്ടാൽ അപ്പൊ ഒന്നും രണ്ടും പറഞ്ഞു അടിയാകും. ചിലപ്പോഴൊക്കെ ഇതിന്റെ ഇടയിൽ പെട്ട് പോകുന്നത് ഞാൻ ആണ്. അങ്ങനെ ഇരിക്കയാ കോളേജിൽ ടൂർ വന്നത്. ക്ലാസ്സിലെ ആക്റ്റീവും ചുറുചുറുക്കുമുള്ള പയ്യൻ ഞാൻ ആയോണ്ട് എല്ലാരുംകൂടി ടൂർ കോർഡിനേറ്ററായി എന്നെ പ്രഖ്യാപിച്ചു..." നമ്മുടെ ജയറാമേട്ടനെപോലെ ആറ്റിട്യൂട് ഇട്ട് പറഞ്ഞു.
"... അയ്യടാ ഒരു ചുറു ചുറുക്കുള്ള പയ്യൻ വന്നേക്കുന്നു. ചുമ്മാ തള്ളാതെ ആദി..."
"... എന്താടി നിനക്ക് ഒരു പുച്ഛം. എനിക്ക് ചുറുചുറുക്ക് ഉണ്ടോ ഇല്ലയോ എന്ന് കാൽ ശെരിയാവുമ്പോൾ കാണിച്ചുതരാം..." ചാരുവിനെ ഒന്നുകൂടി ചേർത്ത്പിടിച്ചു കഴുത്തിൽ ഉമ്മകൾ നൽകികൊണ്ട് ഞാൻ പറഞ്ഞു.
"...ആദി... ചുമ്മാതിരിക്ക്... എനിക്ക് ഇക്കിളി ആവുന്നു... ബാക്കി പറയ് ആദി..." എന്നെ സമാധാനിപ്പിച്ച് ബാക്കി കേൾക്കാനായി ചാരു കാതോർത്തു.
"...നിന്നോട് ഉടക്ക് ഉണ്ടായി ഇരുന്ന സമയം ആയത്കൊണ്ട്. എല്ലാത്തിൽ നിന്നും റിലീഫ് കിട്ടാൻ ആ യാത്ര സഹായിക്കും എന്ന് കരുതി. പിന്നെ ഉത്തരവാദിത്തം കൂടുമ്പോൾ പലതും മറക്കാൻ കഴിയോലോ..." അറിയാതെ ഞാൻ പഴയ കയ്പ്പേറിയ ഓർമകളിലേക്ക് സഞ്ചരിച്ചു. അത് മനസ്സിലാക്കിയ ചാരു കവിളിൽ ചുംബനം നൽകി എന്നെ തിരികെ കൊണ്ടുവന്നു.
ആദിക്ക് അറിയാവുന്നത് അവൻ ചരുവിനോട് പറയട്ടെ. ഇത് കാർത്തിയുടെയും ദിയയുടേയും കഥ അല്ലെ അപ്പൊ നിങ്ങളോട് അവർ പറയുന്നത് അല്ലെ അതിന്റെ ശെരി 😉.
ട്രിപ്പിന്റെ ചുമതല ആദിക്ക് ആയത് കൊണ്ട് അവൻ നല്ല തിരക്കിലായിരുന്നു. അവന്റെ ആവശ്യങ്ങൾക്ക് കട്ടക്ക് ഞാനും കൂടെ കൂടെ. ഉച്ചയോടെ ഞങ്ങൾ പുറപ്പെട്ടു. പാട്ടും ഡാൻസുമായി എല്ലാരും നല്ല ആവേശത്തിലായിരുന്നു. കുറെ ദൂരം കഴിഞ്ഞപ്പോ ദിയ ശർദ്ധിച്ചു ആകെ സീൻ. ടാബ്ലറ്റ് കൊടുത്ത് ഒരുവിധം പുള്ളി ഓക്കെ ആയി. രാത്രിയോടെ ഞങ്ങൾ അവിടെ എത്തി ഒരു ഹോട്ടലിൽ സ്റ്റേ അടിച്ചു. പിറ്റേന്ന് രാവിലെ അവിടെ മുഴുവൻ കറങ്ങാൻ ആയിരുന്നു പ്ലാൻ.
"... എന്താടാ ഒരു ടെൻഷൻ..." രാവിലെ പുറത്ത് പോയി വന്ന ആദിയുടെ ഇരുപ്പ് കണ്ട് ഞാൻ ചോദിച്ചു.
"... എടാ ഒരു പണി കിട്ടി. ദിയക്ക് സുഖം ഇല്ലടാ. ഇന്നലെ ഫുൾ ശർദിച്ചത്കൊണ്ട് അവൾ ആകെ ടൈഡ് ആണ്. ഈ അവസ്ഥയിൽ അവളെയും കൊണ്ട് പോവാനും പറ്റില്ല..."
"... എന്ത് ചെയ്യാനാ നിന്റെ പ്ലാൻ..." ഞാൻ ചോദിച്ചു.
"...അവളെ ഇവിടെ ഒറ്റക്ക് ആക്കി പോവാനും പറ്റില്ല. കൂടെ ആരെയെങ്കിലും നിർത്താം എന്ന് വച്ചാൽ നമുക്ക് ആരെയും നിർബന്ധിക്കാൻ പറ്റില്ലല്ലോടാ അവരും ഒരുപാട് ആശിച്ചല്ലേ ടൂറിനു വന്നത്. അതാ എന്ത് ചെയ്യും എന്ന് ആലോചിക്കുന്നേ..."
"...ഞാൻ അവളുടെ കൂടെ ഇരുന്നാൽ മതിയോ..." കുറച്ചുനേരത്തെ ആലോചനക്ക് ശേഷം ഞാൻ ചോദിച്ചു.
"...നീ കാര്യമായിട്ട് പറഞ്ഞതാണോ..."
"... അതേടാ. ഇത് നീ പ്ലാൻ ചെയ്ത ടൂർ ആണ് അപ്പൊ ഒരു തരത്തിലും കുഴപ്പം ഉണ്ടാവാൻ പാടില്ല. ഞാൻ അവളുടെ കൂടെ ഇരുന്നോളാം നിങ്ങൾ പോയിട്ട് വാ..." ചെറിയ ചിരിയോടെ ഞാൻ പറഞ്ഞു.
"... താങ്ക്സ് അളിയാ. കോർഡിനേറ്റർ ഞാൻ ആയത്കൊണ്ട് എനിക്ക് പോവാതിരിക്കാൻ പറ്റില്ല. അതാ കുഴപ്പം..." എന്നെ കെട്ടിപിടിച്ച് ആദി പറഞ്ഞു.
ഞാൻ ഫ്രഷ് ആയി എല്ലാരേയും യാത്രയാക്കി നേരെ ദിയയുടെ റൂമിലേക്ക് പോയി. അവൾ ഇപ്പോഴും ഉറക്കത്തിലാണ്. മുഖത്ത് ഇപ്പോഴും ക്ഷീണം കാണാം. അവിടെ ഉണ്ടായിരുന്ന ഒരു ചെയറിൽ ഇരുന്നു ഞാൻ റീൽ കാണാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോ ബെഡിലെ അനക്കം കേട്ട് നോക്കിയപ്പോ ദിയ ഉണർന്നു.

www.kkstories.com

"... ആഹ് ഗുഡ് മോർണിംഗ് ഉറക്കം എഴുന്നേറ്റൊ. ക്ഷീണം തോന്നുന്നുണ്ടോ..." അവളുടെ അടുത്തേക്ക് ചെന്നിരുന്ന ഞാൻ ചോദിച്ചു.
"... കുഴപ്പം ഇല്ല. എന്നാലും എന്തോ ഒരു വയ്യായിക..."
"...ഒരുപാട് ദൂരം യാത്ര ചെയ്തതിന്റെ ആയിരിക്കും. പനിയൊന്നും ഇല്ല..." അവളുടെ തൊട്ടുനോക്കി അവൾ ചെറുതായി ഒന്ന് ഞെട്ടി.
"... അവരെല്ലാം എവിടെ..." ചുറ്റിനും നോക്കി ദിയ ചോദിച്ചു.
"... അവരെല്ലാം പോയി..."
"... കാർത്തി പോയില്ലേ..."
"...പോയെങ്കിൽ ഇവിടെ കാണോ. ഇന്ന് നിന്നെ നോക്കേണ്ട ഡ്യൂട്ടി എനിക്കാണ്..."
"...ഞാൻ കാരണം കാർത്തിക്ക് ഇടങ്ങേർ ആയല്ലേ..."
"... അതേലോ. അത് പ്രേത്യേകം ചോദിക്കണോ..."അത് പറഞ്ഞപ്പോ അവളുടെ മുഖം വാടി.
"...നീ എഴുന്നേറ്റ് ഫ്രഷ് ആവ്വം. ഞാൻ റിസപ്ഷനിൽ പോയി ഫുഡ് എന്തൊക്കെ ഉണ്ടെന്ന് നോക്കിയിട്ട് വരാം..."
ദിയയെ അവിടെ ആക്കി ഞാൻ റിസപ്ഷനിൽ പോയി ഫുഡ് ഓർഡർ ചെയ്ത് അവിടെ വെയിറ്റ് ചെയ്തു. അവൾക്ക് ഫ്രഷ് അവൻ സമയം കൊടുക്കണമല്ലോ. ഫുഡ് കിട്ടിയതും അതുമായി അവളുടെ മുറിയിൽ എത്തി. പിന്നെ അവൾക്ക് ഫുഡ് വിളമ്പിക്കൊടുത്ത് ഞാനും കഴിച്ചു. ഉച്ച വരെ ഞങ്ങൾ ഓരോ കാര്യങ്ങൾ സംസാരിച്ചോണ്ട് ഇരുന്നു. എന്ത് പറ്റിയെന്ന് അറിയില്ല ഇന്നത്തെ ദിവസം ഞങ്ങൾ അടി ഉണ്ടാക്കിയതെയില്ല. രണ്ടുപേരും കാര്യമായി തന്നെ സംസാരിച്ചു. ഉച്ചക്ക് ചോർ കഴിച്ച കഴിഞ്ഞപ്പോ ദിയക്ക് ചെറിയ തലവേദന എടുക്കുന്നു എന്ന് പറഞ്ഞു. ഞാൻ അവൾക്ക് പാരസെറ്റമോൾ നൽകി. അത് കഴിച്ച ദിയ ഉറങ്ങുനായി കിടന്നു. അവിടെ ഉണ്ടായിരുന്ന ഒരു ബുക്ക് വായിച്ച കസേരയിൽ ഇരുന്ന് ഞാൻ ഉറങ്ങിപ്പോയി. കൊക്കയിലേക്ക് വീഴുന്ന സ്വപ്നം കണ്ടാണ് ഉറക്കം എഴുന്നേറ്റത്. കട്ടിലിലേക്ക് നോക്കിയപ്പോ കഴുത്തറ്റം പുതപ്പും മൂടി ദിയ ഇപ്പോഴും ഉറക്കത്തിൽ തന്നെ.
ജനൽ വഴി അടിക്കുന്ന പൊൻകിരണങ്ങളിൽ അവൾ കൂടുതൽ സുന്ദരിയായി തോന്നി. ഞാൻ ആ അഴകിൽ ലയിച്ചിരുന്നുപോയി. കുറച്ച നേരം കഴിഞ്ഞപ്പോ അവൾ കണ്ണുതുറന്നു എന്നെ നോക്കി. ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഉടക്കി. എന്തോ എനിക്ക് ആ കണ്ണിൽ നിന്നും കണ്ണെടുക്കാൻ തോന്നുന്നില്ല. ഞങ്ങൾ എത്രനേരം കണ്ണും കണ്ണും നോക്കി ഇരുന്നെന്ന് ഒരു പിടിയും ഇല്ല. ഇടക്ക് ഞെട്ടി ഞാൻ സോബോധത്തിലേക്ക് വന്നു കൂടെ അവളും.
"... ഞാൻ... ഞാൻ... കോഫി എടുത്തിട്ടു വരാം..." വിക്കി വിക്കി എങ്ങനെയോ പറഞ്ഞൊപ്പിച്ച മുറിക്ക് പുറത്തേക്ക് പോയി.
എന്താ ഇപ്പൊ ഉണ്ടായേ. അവളുടെ കണ്ണുകളിലെ ആകർഷണം. എനിക്ക് എന്താ പറ്റിയെ ആലോചിച്ചിട്ട് ഒരു പിടിയും ഇല്ല. കോഫിയുമായി തിരിച്ച് അവളുടെ മുറിയിലേക്ക് പോയി. എന്തോ അവളുടെ മുഖത്തേക്ക് നോക്കാൻ പറ്റുന്നില്ല. മുമ്പ് എങ്ങും ഇല്ലാത്ത ഒരു ഫീൽ. കോഫി കുടിക്കഴിഞ്ഞു അവൾ എന്തൊക്കെയോ പറയുന്നുണ്ട് എനിക്ക് ഒന്നിലും ശ്രെദ്ധ കേന്ദ്രീകരിക്കാൻ പറ്റുന്നില്ല വല്ലാതെ വീർപ്പുമുട്ടുന്ന പോലെ. അവൾ കുളിക്കാൻ പോയതും ഉള്ള ജീവനുംകൊണ്ട് എന്റെ മുറിയിലേക്ക് ഓടി. പിന്നെ ഞാൻ എന്റെ മുറിയിൽ തന്നെ ഇരുന്നു ആദി തിരിച്ച വന്നപ്പോഴാണ് ഞാൻ ഓക്കെ ആയത്.
"... രോഗിയെ നോക്കാൻ ഏൽപ്പിച്ചിട്ട് നീ ഇവിടെ അട ഇരിക്കുവാണോ... "
"... ഇല്ലടാ ഇപ്പൊ ഇങ്ങോട്ട് വന്നതേ ഉള്ളു. ഇത്രയും നേരം ഞാൻ അവിടെയ ഇരുന്നേ..."
"... ഞാൻ അവളെ കണ്ടായിരുന്നു ഇപ്പൊ കുഴപ്പം ഒന്നും ഇല്ലെന്ന പറഞ്ഞെ. മോൻ വേഗം റെഡി ആവൻ നോക്ക് ക്യാമ്പ് ഫയർ ഉള്ളതാ..."
"... മം എങ്ങനെ ഉണ്ടായിരുന്നടാ ട്രിപ്പ്..."
"...കൂടെ ഉള്ളവർ എല്ലാരും എൻജോയ് ചെയ്തടാ നിങ്ങൾ രണ്ടു ഇല്ലാത്തോണ്ട് എനിക്ക് ആകെ ബോർ ആയിരുന്നു. ഇവിടെ റേഞ്ച് ഇല്ലാത്ത കാരണം നിങ്ങളെ വിളിക്കാനും പറ്റിയില്ല. രണ്ടും തല്ലുകൂടി ചത്തോ എന്ന് അറിയില്ലല്ലോ..."
"...ഒന്ന് പോടാ ഞങ്ങൾ എന്താ കൊച്ചു പിള്ളേർ ആണോ അടി ഉണ്ടാക്കികൊണ്ട് ഇരിക്കാൻ..."
"...കൊച്ചു പിള്ളേരെക്കാൾ കഷ്ട്ട രണ്ടിന്റെയും കാര്യം ഞാൻ കാണുന്നത് അല്ലെ. രാവിലെ എൻജോയ് ചെയ്യാൻ പറ്റിയില്ല രാത്രി നമുക്ക് തകർക്കണം. ദിയയും വരാം എന്ന് പറഞ്ഞിട്ടുണ്ട് പൊളിക്കാം..."
രാത്രി ഞാൻ ഒരു ബ്ലൂ ജീൻസും യെല്ലോ ഹൂടിയുമാണ് ഇട്ടത്. ഞങ്ങൾ നേരെ ക്യാമ്പ് ഫയർ നടക്കുന്ന ഇടത്തേക്ക്

www.kkstories.com

പോയി. രാവിലെ വരാൻ കഴിയാത്ത എന്റെ അവസ്ഥയെ കുറിച്ച് എല്ലാരുടെയും പരിതാപവും ദുഃഖവും അറിയിച്ചു. പുല്ല് കേട്ട് കേട്ട് മനുഷ്യന്റെ ഉള്ള മൂഡ് പോയി. ഇതിന്റെ ഇടക്കാണ് കൂട്ടുകാരികളുടെ കൂടെ ദിയ വരുന്നത് കണ്ടത്. ലോക സിനിമയിലെ കല്യാണിയുടെ വൈറ്റ് ഡ്രസ്സ് ഇല്ലേ ഏകദേശം അതുപോലുള്ള വെള്ള വസ്ത്രം. ആ ബാക്ക്ഗ്രൗണ്ട് മ്യൂസിക് പോലെതന്നെ എന്റെ കിളി എല്ലാം പോയി. ദൈവമേ ഇവൾക്ക് ഇത്രയും സൗന്ദര്യം ഉണ്ടായിരുന്നോ. ഞാൻ വാ തുറന്ന് അവളെ നോക്കി നിന്നു. ഓരോരുത്തരായി അവളുടെ സുഖ വിവരങ്ങൾ അന്വേഷിക്കുന്നുണ്ട്. എന്നാൽ അവർക്ക് മറുപടി കൊടുക്കുമ്പോഴും ആ കണ്ണുകൾ ആരെയോ പരതി നടന്നു. അവസാനം ആ മിഴികൾ എന്നിൽ വന്ന് പതിച്ചു. അതെ സമയം ആ ചുണ്ടിൽ ഒരു പുഞ്ചിരി തിളങ്ങി ഞാനും ചിരിച്ചു.

എല്ലാരും ക്യാമ്പ് ഫയറിനു ചുറ്റും വട്ടത്തിൽ ഇരുന്ന് കഥകളും പാട്ടുകളും പാടി സന്തോഷം പങ്കിട്ടു ഞാനും ദിയയും ക്ലോക്ക് സമയം 12:20 ആ പൊസിഷനിലാണ് ഇരുന്നത്. ഞാൻ ആണെങ്കിൽ തീ ജ്വാലയിൽ മിന്നി തിളങ്ങുന്ന ദിയയെ തന്നെ നോക്കി ഇരുന്നു. എനിക്ക് ചുറ്റിനും നടക്കുന്നത് എന്താണെന്ന് പോലും തിരിച്ചറിയാൻ കഴിഞ്ഞില്ല. ഇടക്ക് അവൾ എന്നെ നോക്കുമ്പോൾ ഞാൻ നോട്ടം മാറ്റും ഈ ഒളിച്ചു കളി തുടർന്നുകൊണ്ടിരുന്നു. ഓരോരുത്തരായി അവരുടെ കാല പ്രകടനം കാഴ്ചവെച്ചു. അവസാനം ദിയയുടെ അവസരം വന്നെത്തി. കോളേജിൽ അത്യാവശ്യം അവൾ നന്നായി പാടും. ഇന്ന് വയ്യാത്തത് കൊണ്ട് പാട്ടിൽ നിന്നും ഒഴിഞ്ഞു മാറാൻ നോക്കി. എന്നാൽ എല്ലാരുടെയും നിർബന്ധത്തിന് വഴങ്ങി അവസാനം പാടാം എന്ന് സമ്മതിച്ചു. അവളുടെ പാട്ടിനു ഈണം നൽകാൻ ഞങ്ങൾക്കിടയിലെ കലാകാരനും ഗിത്താറിസ്റ്റ് ആയ അർജുൻ തായാർ ആയി. പുലിവാൽ കല്യാണം സിനിമയിലെ ഏതാനും വരികളാണ് അവൾ പാടിയത്.

[Youtube :- aaru paranju cover song by anarkali marikar please hear the song for best experience ]

"...നിൻ ചുംബന ചെമ്പക പൂവിരിച്ചു
അതിൽ അനുരാഗ തേൻ നിറച്ചു...
നിന്നെ കാണാതെ കാണാതെ ഞാൻ അലഞ്ഞു
നീ എൻ ആത്മാവിൻ ഉള്ളിൽ മയങ്ങി...
പൂവായി നീ കരളിൽ പൂമഴയായി മധുമാധുരി തേടി അലഞ്ഞൊരു വണ്ടായി ഞാൻ ഉണർന്നു. അന്നാദ്യം പാടിയ ഗാനം സ്വരമർമരമായി.
ആരു പറഞ്ഞു ആരു പറഞ്ഞു ഞാൻ കണ്ടത് രാക്കനവാണെന്ന് ആരു പറഞ്ഞു...
എഴുനിറം കൊണ്ട് എഴുതിയത് എല്ലാം മഴവില്ല് വിരിഞ്ഞത് പോലെന്ന് ആരു പറഞ്ഞു..."

എന്റെ മോനെ ഫുൾ വരികളും എന്റെ കണ്ണിൽ നോക്കിയാണ് അവൾ പാടിയത്. എന്നോട് എന്തൊക്കെയോ പറയാതെ പറയുന്ന പോലെ. പാടി കഴിഞ്ഞതും മറ്റുള്ളവരുടെ കൈയ്യടി കേട്ടാണ് ഞാൻ സോബോധത്തിലേക്ക് വന്നത്. എല്ലാരും അഭിനന്ദിച്ചു അതിനിടയിലും ദിയ പാളി എന്നെ നോക്കി.

"... അളിയാ ഒന്ന് വന്നെടാ ഫുഡിന്റെ കാര്യം ഒന്ന് സെറ്റ് ചെയ്യാൻ ഉണ്ട്..." ഇടക്ക് ആദി വന്ന് എന്നെ വിളിച്ചോണ്ട് പോയി.

ആദിയെ സഹായിക്കുമ്പോഴും ഉള്ളിൽ മഞ്ഞു വീഴുന്ന അവസ്ഥയായിരുന്നു. എന്റെ ശ്രദ്ധ ഇവിടെ എങ്ങും ആയിരുന്നില്ല. അതിന്റെ ഫലം ഞാൻ ചെയുന്ന ജോലിയിലും കണ്ടു അതിന് ആദി എന്നെ ചീത്തവിളിച്ചു എയറിൽ കയറ്റി. എല്ലാം സെറ്റ് ചെയ്തതും ബൊഫെ ആയിരുന്നു. ഓരോരുത്തരായി വന്ന് ഫുഡ് എടുത്ത് കഴിക്കാൻ തുടങ്ങി. ഏറെ സമയമായിട്ടും ദിയ ഫുഡ് കഴിക്കാനായി എത്തിയില്ല. കൂട്ടുകാരികളോട് തിരക്കിയപ്പോൾ അവൾക്ക് വേണ്ടന്ന് പറഞ്ഞതായി അറിഞ്ഞു. ആദിയോട് പറഞ്ഞിട്ട് ഞാൻ രണ്ട് പ്ലേറ്റിൽ ഫുഡുമായി ഒറ്റക്ക് വിദൂരതയിലേക്ക് നോക്കി ഇരിക്കുന്ന ദിയയുടെ അരികിലേക്ക് പോയി ഒരു പ്ലേറ്റ് അവൾക്ക് നൽകി.

"... എനിക്ക് കഴിക്കാൻ വേണ്ട വിശപ്പില്ല..."

"... മരുന്ന് കഴിക്കാനുള്ളത് അല്ലെ എന്തെങ്കിലും കഴിക്ക്..." എന്റെ നിർബന്ധതിന് വഴങ്ങി അവൾ ഫുഡ് കഴിക്കാൻ തുടങ്ങി. ഞങ്ങൾക്ക് ഇടയിൽ മൗനം തളം കെട്ടി കിടന്നു.

"... പാട്ട് നന്നായിരുന്നു..." മൗനം ഭേദിച്ച് ഞാൻ പറഞ്ഞു.

"... താങ്ക്സ്..."

"... സാധാരണ നീ love song പാടത്തത് ആണല്ലോ. ഇന്ന് എന്ത് പറ്റി..."

www.kkstories.com

"... എന്തോ പാടാൻ തോന്നി..." പ്ലേറ്റിൽ വിരൽ കൊണ്ട് ചിത്രം വരച്ച് അവൾ പറഞ്ഞു.
"... രണ്ടും എന്നെ വിളിക്കാതെ കഴിക്കാണല്ലേ..." ഒരു പ്ലേറ്റിൽ ഫുഡുമായി ആദി നമുക്ക് അരികിൽ വന്നിരുന്നു.
"... അയ്യോ നിന്റെ കാര്യം മറന്നട..." വിഷമത്തോടെ ദിയ പറഞ്ഞു.
"... മറക്കും മറക്കും. സുഖമില്ലാത്ത നിനക്ക് ആരാ ചിക്കൻ തന്നത്..." അത് പറഞ്ഞ് അവളുടെ പ്ലേറ്റിലെ ചിക്കൻ ആദി കൈക്കലാക്കി അതിന്റ പേരിൽ രണ്ടും തല്ലുകൂടി കഴിച്ചു. അവസാനം എല്ലാരും ഡാൻസ് കളിയൊക്കെ കഴിഞ്ഞു കിടക്കാനായി പോയി. പിറ്റേന്ന് ദിയ ഫുൾ ഓൺ ആയി ബസിൽ ഡാൻസും പാട്ടൊക്കെ ആയി ഒരേ പൊളി വൈബ്. തലേ ദിവസം ഞാൻ ഇല്ലാത്തത് കൊണ്ട് ഇന്ന് പയ്യന്മാർ ഫുൾ ടൈം എന്റെ കൂടെ തന്നായിരുന്നു. അത്കൊണ്ട് ദിയയുടെ അടുത്തേക്ക് പോകാനെ കഴിഞ്ഞില്ല. പിറ്റേന്ന് ഓരോ സ്ഥലങ്ങളിൽ കറങ്ങി നടക്കുന്നതിന്റെ ഇടക്ക് ദിയ ഒറ്റക്ക് നിക്കുന്നത് കണ്ടു. അടുത്തുള്ള കടയിൽ നിന്നും തീയിൽ പൊള്ളിച്ച ചോളവും വാങ്ങി അവൾക്ക് അരികിലേക്ക് പോയി.
"... എന്താ ഒറ്റക്ക് നിക്കുന്നത്..."
"... ഏയ്യ് ഒന്നുമില്ല. അവളുമാർ ആ മല കയറാൻ പോയി എനിക്ക് പോകാൻ ഒരു മടി അതുകൊണ്ട് ഇവിടെ നിക്കാം എന്ന് കരുതി..." എന്റെ കൈയിൽ ഇരുന്ന ചോളം അവൾക്ക് നേരെ നീട്ടി.
"...ഞാൻ ഇപ്പൊ വാങ്ങണം എന്ന് വിചാരിച്ചതെ ഉള്ളു. കാർത്തിക് എങ്ങനെ അറിയാം എനിക്ക് ചോളം ഇഷ്ടമാണെന്നു..." അതിന് ഞാൻ ഒന്ന് പുഞ്ചിരിച്ചു.
"... എടാ ദുഷ്ട ഞാൻ ഒരു ഐസ്ക്രീം വാങ്ങി തരാൻ പറഞ്ഞപ്പോ നിന്റെ കൈയിൽ പൈസ ഇല്ല അല്ലെ. ഇത് വാങ്ങാൻ എവിടന്നാട പൈസ..." ആദി ഞങ്ങൾക്ക് അരികിലേക്ക് വന്ന് ദിയയുടെ കൈയിൽ ഇരുന്ന ചോളം വാങ്ങിക്കൊണ്ടു ചോദിച്ചു.
"... ഈ തണുപ്പത്ത് ആണോടാ ഐസ്ക്രീം കേറ്റുന്നത്..."ഞാനും വിട്ടു കൊടുത്തില്ല.
"... നീ ഹിൽ സ്റ്റേഷനിലേക്ക് വരുന്നില്ലേ..."
"... ഇല്ലടാ കാലിൽ ഉളുക്ക് വീണെന്ന് തോന്നുന്നു. നീ പോയിട്ട് വാ..." പാതി ചോളവും ഓടിച്ചെടുത്ത് ആദി ബാക്കി പയ്യന്മാരുടെ കൂടെ ഹിൽ സ്റ്റേഷനിലേക്ക് ഓടി
"...കാലിന് എന്താ പറ്റിയെ..." ആദി പോയതും ദിയ ചോദിച്ചു.
"...ഇപ്പൊ നടന്നു വന്നപ്പോ ഉളുക്കിയതാ..."
"... വേദന ഉണ്ടോ..? ഏത് കാല ഉളുക്കിയത്..."
"...വേദന ഒന്നും ഇല്ല. ഇടത്തെ കാല ഉളുക്കിയത്..." പക്ഷെ പിടിച്ചത് വലത്തേ കാലിൽ ആയി പോയി അത് കണ്ടതും ദിയ ആക്കിയ ചിരി ചിരിച്ചു.
"... പറഞ്ഞത് മാറി പോയതാ. സത്യമായിട്ടും കാൽ ഉളുക്കിയിട്ട പോവാത്തേ 😁..."
"... ഉവ്വ് ഉവ്വ മനസിലായി. വാ നമുക്ക് അവിടെ പോയി ഇരിക്കാം..." ബാക്കി ചോളവും കഴിച്ച് ഞങ്ങൾ ഒഴിഞ്ഞൊരിടത്ത് ഇരുന്നു.
വൈകുനേരത്തോടെ തിരിച്ചു നാട്ടിലേക്ക് യാത്ര തിരിച്ചു. സ്മോക്കും ഫുൾ ലൈറ്റ് ഓൺ ആക്കി ഡാൻസ് തന്നായിരുന്നു എല്ലാരും. സത്യം പറഞ്ഞാൽ എല്ലാരും വേറെ ലെവൽ. കുറെ കഴിഞ്ഞപ്പോ ഓരോരുത്തരായി ഓരോ സീറ്റ് പിടിച്ചു തുടങ്ങി. ഞാൻ എവിടെ ഇരിക്കും എന്ന് ചുറ്റിലും നോക്കിയപ്പോ ദിയ എന്നെ അവളുടെ അടുത്തേക്ക് വിളിച്ചു. ഞാനും അവിടെ പോയി ഇരുന്നു.
"... നല്ല ഡാൻസ് ആയിരുന്നല്ലോ..."
"... ഇപ്പോഴല്ലേ എൻജോയ് ചെയ്യാൻ പാറ്റൊള്ളു അപ്പൊ അത് മാക്സിമം ഉപയോഗിക്കണം..."
"... ഇതാ വെള്ളം കുടിക്ക്..." അവളുടെ കൈയിൽ ഇരുന്ന ബോട്ടിലിൽ നിന്നും വെള്ളം കുടിച്ചു അടുത്ത റൗണ്ട് ഡാൻസിനായി ഞാൻ ഇറങ്ങി ഇത്തവണ അവളെയും എന്റൊപ്പം കൂട്ടി.
പാട്ടും കൂത്തൊക്കെ ആയി വെളുപ്പിനാണ് തിരിച്ചു കോളേജിൽ എത്തിയത്. നേരെ എഴുന്നേറ്റ് നിൽക്കാൻ പറ്റാത്തവിധം എല്ലാരും അവശനായി. പിന്നെ ശനിയും ഞായറും കഴിഞ്ഞാണ് കോളേജിൽ പോയത്. ഇപ്പൊ പണ്ടത്തെ പോലെ എനിക്ക് ദിയയെ കളിയാക്കാനോ അടിപിടി കൂടാനോ കഴിയുന്നില്ല. തക്കം കിട്ടുമ്പോഴെല്ലാം കണ്ണുകൾ കൊണ്ട് ഞങ്ങൾ കഥകൾ കൈമാറി അങ്ങനെ ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം വൈകിട്ട് ഞാനും ആദിയും ഗ്രൗണ്ടിൽ ഇരിക്കുമ്പോൾ ദിയ ഞങ്ങൾക്ക് അരികിലേക്ക് വന്നു.
"... എന്താടി നിനക്ക് വീട്ടിൽ ഒന്നും പോണ്ടേ..." ആദി അവളോട് തിരക്കി.

www.kkstories.com

"... എടാ ഒരു കാര്യം പറയാൻ വന്നതാ..." ടെൻഷനോടെ അവൾ അവൾ പറഞ്ഞു.

"... എടാ നമ്മുടെ അർജുൻ ഇല്ലേ അവൻ എന്നെ പ്രൊപോസൽ ചെയ്തു..." അത് കേട്ടപ്പോ ഉള്ളിൽ എവിടെയോ ഒരു വേദന പോലെ.

"... ഇതിനാണോ നീ ഇത്ര ടെൻഷൻ അടിച്ചത്. ആണുങ്ങൾ ആവുമ്പോൾ പെൺപിള്ളേരോട് ഇഷ്ട്ടം തോന്നും അത് തുറന്ന് പറഞ്ഞെന്നും വരും അതിന് പേടിക്കാൻ ഒന്നും ഇല്ല. എന്നിട്ട് നീ എന്ത് പറഞ്ഞു..."

"... നാളെ പറയാം എന്നാ പറഞ്ഞെ. എന്നാലും എനിക്ക് ഒരു ടെൻഷൻ ഞാൻ ഇപ്പൊ എന്താ അവനോട് പറയാ..."

"... പേടിക്കാൻ ഒന്നും ഇല്ല നിനക്ക് ഇഷ്ട്ടം ആണെങ്കിൽ ആണെന്ന് പറയ് ബാക്കി നമുക്ക് വരുന്നിടത്തു വച്ച് കാണാം. അല്ലേടാ..." ആദി എന്റെ അഭിപ്രായം തേടി.

"... ആ... അതെ..."എനിക്ക് ഒന്നും സംസാരിക്കാൻ തോന്നിയില്ല.

"... ആദി എനിക്ക് ഒരിടം പോണം. നമുക്ക് വിട്ടാലോ..."

"... നീ അല്ലെ എങ്ങും പോവാൻ ഇല്ല വീട്ടിൽ പോയ ബോർ ആണെന്ന് പറഞ്ഞ് എന്നെ പിടിച്ചു ഇവിടെ ഇരുത്തിയത്..."

"... അത്.. അത് ഞാൻ ഇപ്പോഴാ ഓർത്തത് അച്ഛന് എവിടെ പോണം എന്ന് പറഞ്ഞായിരുന്നു ഞാൻ കൂടെ ചെല്ലാം എന്ന് ഏറ്റിരുന്നു നമുക്ക് ഇറങ്ങാം..."

വീട്ടിലേക്കുള്ള യാത്രയിൽ ആദിയുടെ ബൈക്കിന് പിന്നിൽ ഇരിക്കുമ്പോഴും മനസ്സിൽ ഓരോ ചിന്തകൾ കൂടികൊണ്ടിരുന്നു.

"... അവർ തമ്മിൽ നല്ല ചേർച്ച ആയിരിക്കും അല്ലേടാ..."ബൈക്ക് ഓടിക്കവേ ആദി തിരക്കി.

"... ഏ എന്താടാ..." ഞാൻ ചിന്തയിൽ നിന്നും ഉണർന്ന് ആദിയോട് ചോദിച്ചു.

"... അല്ല ദിയയും അർജുനും നല്ല ചേർച്ച ആയിരിക്കുമെന്ന്. അവൾ നന്നായി പാടും അവൻ ആണെങ്കിൽ ഗിത്താറിസ്റ്റും. അവരുടെ കുടുംബങ്ങളും നല്ലപോലെ ഒത്തുപോകും..."

"... ഹ്മ്..." ആദി പറഞ്ഞതൊക്കെ ആലോചിച്ചപ്പോ അറിയാതെ എന്റെ കണ്ണ് നിറഞ്ഞു.

എന്നെ വീട്ടിലാക്കി അവൻ പോയി. വീട്ടിൽ ഇരുന്നിട്ട് എനിക്ക് ഇരിപ്പുറക്കുന്നുണ്ടായിരുന്നില്ല. ആകെ ഒരു പരവേശവും ആവലാതിയും. ഉടനെ ഫോൺ എടുത്ത് ആദിയെ വിളിച്ചുവരുത്തി ബാറിലേക്ക് പോയി.

"... എന്തിനാടാ എന്നെയും വിളിച്ചോണ്ട് ഇങ്ങോട്ട് വന്നേ. നമ്മൾ ഇത് വേണ്ടന്ന് വെച്ചതല്ലേ..." രണ്ട് പെഗ് ഓർഡർ ചെയ്ത എന്നോട് ആദി ചോദിച്ചു.

"... പറ്റുന്നില്ലടാ. നിന്നോട് എങ്കിലും പറഞ്ഞില്ലെങ്കിൽ ഞാൻ ചത്തുപോകും..." കൊണ്ട് വച്ച പെഗ് വെള്ളം തൊടാതെ അകത്താക്കി ഉള്ളിലെ വിഷമം കണ്ണീരായി പുറത്തേക്ക് വന്നു.

"... ഇത് എന്ത് പറ്റി സിമ്മ മെയിൽ കരയുന്നോ. ചുമ്മാ ഇരുന്ന് മോങ്ങാതെ കാര്യം പറയടാ..."

"... പോയടാ എല്ലാം പോയി. ദിയ അവൾ അവനോട് ഇഷ്ടമാണെന്ന് പറയാൻ പോവാ..."

"... അതിന് നിനക്ക് എന്താടാ മൈരേ ..." മനസ്സിലാവാതെ ആദി ചോദിച്ചു.

"... എനിക്ക് എന്താ കുഴപ്പം അല്ലെ. എനിക്ക് ഇഷ്ട്ട അവളെ. ഇഷ്ട്ടം എന്ന് പറഞ്ഞാൽ ഒരുപാട് ഇഷ്ട്ട..." ഞാൻ ഓരോ പെഗായി ആകാത്താക്കികൊണ്ടിരുന്നു .

"... നമ്മൾ ടൂർ പോയ സമയത്ത് അവൾക്ക് വയ്യാതിരുന്നപ്പോ ഞാൻ അല്ലേടാ അവളെ നോക്കിയേ. അവളെ എന്തോരം കെയർ ചെയ്തു. ഞാൻ കരുതി അതെല്ലാം അവൾക്ക് മനസിലായികാണും എന്ന് എവിടെ..."

"...നീ അല്ലേടാ പറഞ്ഞെ ഇഷ്ട്ടം തോന്നിയ അത് തുറന്ന് പറയണം എന്ന്. എന്നിട്ട് നീ അവളോട് പറഞ്ഞോ..."

"... ഇനി പറഞ്ഞിട്ട് എന്തിനാടാ എല്ലാം കൈവിട്ട് പോയില്ലേ..."

"... ഒന്നും പോയിട്ടില്ല. നീ പോയി അങ്ങ് പറഞ്ഞെച്ച മതി..."

"... വേണ്ടടാ. നീ പറഞ്ഞ പോലെ അവർ തമ്മിൽ നല്ല മാച്ച് ആണ്. ഒരാൾ പാട്ടുകാരി അടുത്തയാൾ ഗിത്താറിസ്റ്റ് അതിന്റെ ഇടയിലേക്ക് ഞാൻ ഇല്ല..." എന്നാലും ഉള്ള് നീറി പുകയുന്നുണ്ടായിരുന്നു.

ബോധം ഇല്ലാതെ പിച്ചും പേയും പറഞ്ഞോണ്ടിരുന്ന എന്നെ ആദി എങ്ങനെയൊക്കെയോ വീട്ടിൽ എത്തിച്ചു. പിറ്റേന്ന് രാവിലെ കോളേജിൽ വരുന്നില്ല എന്ന് പറഞ്ഞ എന്നെ ആദി വീട്ടിൽ വന്ന് കുത്തിപ്പൊക്കി കൊണ്ട് പോയി. വഴിയിൽ ഉടനീളം എന്നോട് അവൻ ഒന്നും മിണ്ടിയില്ല ഞാനും മിണ്ടിയില്ല. ക്ലാസ്സ്‌മുറിയിൽ ദിയയെ കണ്ടെങ്കിലും കാണാത്തപോലെ ഞാൻ ഇരുന്നു. ഇന്റർബെല്ലിന് കോളേജ് ഗ്രൗണ്ടിൽ ഇരുന്ന എന്റെയും

www.kkstories.com

ആദിയുടെയും അടുത്തേക്ക് ദിയ വന്നു.
"...നിങ്ങളെ ഞാൻ എവിടെയെല്ലാം നോക്കിയെന്നോ..." വന്ന പാടെ അവൾ ചോദിച്ചു.
"...എന്താടി കാര്യം..."
"... എടാ ഞാൻ ഒരുപാട് ചിന്തിച്ച് അർജുനോട് യെസ് പറഞ്ഞാലോ എന്ന് ആലോചിക്ക. നിങ്ങൾക്ക് എന്ത് തോന്നുന്നു..."
"...നിനക്ക് അങ്ങനെ തോന്നുവാണെങ്കിൽ അങ്ങനെ ചെയ്യ്..." ആദി അവന്റെ അഭിപ്രായം പറഞ്ഞു.
